ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ജൂലൈ - സെപ്റ്റംബർ 2025 പുസ്തകം 6 ലക്കം 3

ഇന്ത്യയിലെ പൊതുധനകാര്യ മേഖല - ഒരു പുനർവിചിന്തനം : ജെ. സി കുമരപ്പയുടെ വീക്ഷണത്തിലൂടെ

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ റവന്യൂ വരുമാനം : വളർച്ചയുടെ രീതിയും പ്രവണതകളും - ഒരു അവലോകനം

എൻഡോസൾഫാൻ ദുരിതബാധിതരുടെ രോഗാവസ്ഥയും സാമൂഹ്യ, സാമ്പത്തിക ദുരിതവും

ഇന്ത്യയിലെ വളരുന്ന ഗിഗ് സമ്പദ്ഘടന - ഒരു അവലോകനം

വ്യാവസായിക വളർച്ചയിൽ വിദേശനിക്ഷേപവും വിനിമയനിരക്കും ചെലുത്തുന്ന സ്വാധീനം

കേരളത്തിലെ ഭിന്നശേഷിക്കാരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ

ജി എസ് ടി : പ്രധാന നടപടികൾ

GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം**


എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ
അശ്വതി റേച്ചൽ വർഗീസ്
യു പി അനിൽകുമാർ

ഉപദേശക സമിതി

| | |
|---|---|
| എ വി ജോസ് | സി ബാലഗോപാൽ |
| ഡി നാരായണ | ഡി ഷൈജൻ |
| കെ എൻ ഹരിലാൽ | സിദ്ദിഖ് റാബിയാത്ത് |
| കെ രവിരാമൻ | സക്കറിയാ സിദ്ദിഖി |
| തങ്കം അരുൺ | അനൂപ് എസ് കുമാർ |
| രാജേശ്വരി എസ് റൈന | താരാ എസ് നായർ |

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ



വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in



Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT



Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Time Offset, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

**പേജ് നമ്പർ**

1. **ഇന്ത്യയിലെ പൊതുധനകാര്യ മേഖല – ഒരു പുനർവിചിന്തനം : ജെ. സി കുമരപ്പയുടെ വീക്ഷണത്തിലൂടെ** 3
ജോസ് ചാത്തുകുളം

2. **കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ റവന്യു വരുമാനം : വളർച്ചയുടെ രീതിയും പ്രവണതകളും – ഒരു അവലോകനം** 24
ഭദ്ര വിനീത്, സുമലത ബി. എസ്

3. **എൻഡോസൾഫാൻ ദുരിതബാധിതരുടെ രോഗാവസ്ഥയും സാമൂഹ്യ, സാമ്പത്തിക ദുരിതവും** 46
ലിനി ജി. ആർ, ഐശ്വര്യ പി. വി

4. **ഇന്ത്യയിലെ വളരുന്ന ഗിഗ് സമ്പദ്ഘടന – ഒരു അവലോകനം** 64
അനഘ റോയ്

5. **വ്യാവസായിക വളർച്ചയിൽ വിദേശനിക്ഷേപവും വിനിമയനിരക്കും ചെലുത്തുന്ന സ്വാധീനം** 74
റോയ് സ്കറിയ, അഞ്ജന സി. എം

6. **കുടുംബങ്ങളിലെ ധനകൈകാര്യ രീതികളും യുവാക്കളുടെ സാമ്പത്തിക സാക്ഷരതയും** 89
രമാദേവി വി.എൻ

7. **GST updates** 108
Vidya V Devan

8. **New studies on Kerala** 122
Young scholars' forum, GIFT.

9. **What is new(s) from GIFT** 133

10. **Call for Papers: Kerala Economy Journal** 142

11. **KTR Advertisement** 145

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 3*
*ജൂലൈ– സെപ്റ്റംബർ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഇന്ത്യയിലെ പൊതുധനകാര്യ മേഖല – ഒരു പുനർവിചിന്തനം : ജെ. സി കുമരപ്പയുടെ വീക്ഷണത്തിലൂടെ

ജോസ് ചാത്തുകുളം

**സംഗ്രഹം**

*ജെ. സി കുമരപ്പ മുന്നോട്ട് വച്ച പൊതുധനകാര്യത്തെ കുറിച്ചുള്ള ആശയങ്ങൾ ആധുനിക കാലഘട്ടത്തിലെ ധനകാര്യ വിദഗ്ദർ കാര്യമായി തന്നെ പരിഗണിക്കേണ്ട ഒന്നാണ്. 2047 ൽ ഇന്ത്യ ഒരു വികസിത രാജ്യമായി മാറുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഇന്ത്യയിലെ പൊതുധനകാര്യ മേഖലയെ കുറിച്ച് ഒരു പുനർവിചിന്തനം ആവശ്യമാണ്. ഗാന്ധി–കുമരപ്പ മോഡൽ പരിഗണിക്കുക എന്നത് ഇത്തരത്തിലുള്ള പുനർവിചിന്തനത്തിന് അടിസ്ഥാനമായി മാറേണ്ട ഒന്നാണ്. നിർമിത ബുദ്ധി (എ ഐ) അടക്കമുള്ള സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി, പൊതുധനകാര്യത്തെ കുറിച്ചുള്ള കുമരപ്പയുടെ ആശയങ്ങൾ അവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. ഇതിന്റെ ആദ്യഭാഗത്ത് പൊതുധനകാര്യ രംഗത്തെ കുമരപ്പ മോഡലിനെ വിലയിരുത്തുന്നുണ്ട്. അതിന് അദ്ദേഹത്തിന്റെ 'പബ്ലിക് ഫൈനാൻസ് ആൻഡ് അവർ പോവെർട്ടി', 'ഇക്കോണമി ഓഫ് പെർമനൻസ്', 'എ സർവേ ഓഫ് മത്താർ താലൂക്ക' എന്നീ ഗ്രന്ഥങ്ങളെയാണ് ആധാരമാക്കിയിട്ടുള്ളത്. മൂന്ന് ഭാഗങ്ങളായാണ് ഈ ലേഖനത്തെ തിരിച്ചിരിക്കുന്നത്. ആദ്യഭാഗത്ത് കുമരപ്പയുടെ വീക്ഷണങ്ങളും ആധുനിക പൊതുധനകാര്യവും തമ്മിലുള്ള താരതമ്യ വിശകലനം നടത്തുമ്പോൾ, പൊതുധനകാര്യ വിദഗ്ധരുടെയും ഗാന്ധിയൻ ചിന്തകരുടെയും കുമരപ്പ മോഡലിനെ കുറിച്ചുള്ള അഭിപ്രായങ്ങൾ രണ്ടാം ഭാഗത്ത് ചർച്ച ചെയ്യുന്നു. കുമരപ്പ മുന്നോട്ട് വച്ച സാമ്പത്തിക വ്യവസ്ഥയെ വളർച്ചാ മുരടിപ്പിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് മൂന്നാം ഭാഗത്ത്. പഠനത്തിന്റെ അന്തിമ നിഗമനങ്ങൾ തുടർന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്.*

***പ്രധാന വാക്കുകൾ :*** *കുമരപ്പ, ധാർമിക സമ്പദ്ഘടന, ഗാന്ധിയൻ സമ്പദ്ഘടന, കോളനിവാഴ്ചക്കാലത്തെ പൊതുധനകാര്യം, പൊതുധനകാര്യത്തെ കുറിച്ചുള്ള പുനർവിചിന്തനം, സ്ഥിരതയാർന്ന സമ്പദ്ഘടന, വളർച്ചാ മുരടിപ്പ്.*

**ആമുഖം**

ഗാന്ധിയൻ സാമ്പത്തിക ചിന്തകളുടെ കാര്യത്തിൽ വിദഗ്ദനായിരുന്ന ജോസഫ് ചെല്ലദുരൈ കുമരപ്പ, കൊളോണിയൽ ഘട്ടത്തിലെ പൊതുധനകാര്യ സമീപനങ്ങളുടെ കടുത്ത വിമർശനകനുമായിരുന്നു. തമിഴ്നാട്ടിലെ തഞ്ചാവൂരിൽ 1892 ജനുവരി നാലിനായിരുന്നു അദ്ദേഹത്തിന്റെ ജനനം. ദേവ്ടാൻ സ്കൂളിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. കുറച്ചുകാലം ബ്രിട്ടനിൽ ചാർട്ടേഡ് അക്കൗണ്ടന്റായി അദ്ദേഹം ജോലി ചെയ്തു. പ്രശസ്തമായ സൈറാക്യൂസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദം കരസ്ഥമാക്കിയ ശേഷം ഇ. ആർ. എ സെലീഗ്മാന്റെ കീഴിൽ സാമ്പത്തിക ശാസ്ത്രത്തിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കി. 1929 ൽ മഹാത്മാഗാന്ധിയെ കണ്ടുമുട്ടിയ അദ്ദേഹത്തോട് ഗുജറാത്തിലെ ഖേദ ജില്ലയിൽ ഉൾപ്പെടുന്ന മാത്തർ താലൂക്കിനെ കുറിച്ച് ഒരു സർവേ നടത്താൻ ഗാന്ധിജി ആവശ്യപ്പെട്ടു. ഇത് 1931 ൽ 'എ സർവേ ഓഫ് മാത്തർ താലൂക്ക്' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 'ഇക്കോണമി ഓഫ് പെർമോൻസ്'എന്ന പുസ്തകം അടക്കം പിന്നീട് പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ പല ഗ്രന്ഥങ്ങൾക്കും ഈ സർവേ ഒരു അടിസ്ഥാനമായി വർത്തിച്ചിട്ടുണ്ട്.

കൊളംബിയ സർവകലാശാലയിൽ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ സെലീഗ്മാന്റെ മേൽനോട്ടത്തിൽ അദ്ദേഹം സമർപ്പിച്ച പി എച്ച് ഡി തിസീസിന്റെ തലക്കെട്ട്'പബ്ലിക് ഫൈനാൻസ് ആൻഡ് ഇന്ത്യാസ് പോവർട്ടി' എന്നായിരുന്നു. ഇന്ത്യയിലെ സാമ്പത്തിക ചിന്തകളെ കുറിച്ചും ഗാന്ധിയൻ സാമ്പത്തിക ചിന്തകളെ കുറിച്ചുമുള്ള ഒരു സുപ്രധാന പഠനമായിരുന്നു ഇത്. ഇതിൽ അദ്ദേഹം, ഇന്ത്യയിലെ ദാരിദ്ര്യം കൂടുതൽ അധികരിക്കുന്നതിന് ബ്രിട്ടീഷ് ഭരണം നടപ്പാക്കിയ പൊതുധനകാര്യ സംവിധാനം എപ്രകാരം പങ്ക് വഹിച്ചു എന്നത് വിമർശനാത്മകമായി പരിശോധിക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ റവന്യൂ വരുമാനം, നികുതി രീതികൾ, അവരുടെ ചെലവഴിക്കൽ മുൻഗണനകൾ തുടങ്ങിയ കാര്യങ്ങൾ ഇന്ത്യയുടെ ക്ഷേമം എന്നതിനുപരിയായി സാമ്രാജ്യത്വ താല്പര്യങ്ങൾക്ക് എപ്രകാരം സഹായകമായി എന്നത് ഈ പ്രബന്ധത്തിൽ ഊന്നി പറയുന്നുണ്ട്. തുടർന്നുള്ള ആദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ഒരു അടിസ്ഥാനമായി മാറി ഈ ഗവേഷണ പ്രബന്ധം. ബ്രിട്ടീഷുകാർ ഇന്ത്യയുടെ വികസനത്തെക്കാൾ ഇന്ത്യയുടെ സമ്പത്തുകൾ ചോർത്തിയെടുക്കുന്ന തരത്തിലുള്ള ധനകാര്യ സംവിധാനത്തിനാണ് രൂപം നൽകിയത്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ വാദമുഖങ്ങൾ അവതരിപ്പിച്ചത് 'പബ്ലിക് ഫൈനാൻസ് ആൻഡ് അവർ പോവർട്ടി : ദി കോണ്ട്രിബ്യൂഷൻ ഓഫ് പബ്ലിക് ഫൈനാൻസ് ടു ദി പ്രസെന്റ് ഇക്കണോമിക് സ്റ്റേറ്റ് ഓഫ് ഇന്ത്യ' എന്ന ഗ്രന്ഥത്തിലൂടെയാണ്.

പൊതുധനകാര്യത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ധാർമികതയിൽ വേരൂന്നിയതും വളരെ ആഴത്തിലുള്ളവയുമായിരുന്നു. കുമരപ്പയുടെ അഭിപ്രായത്തിൽ ഒരു രാജ്യത്തിന്റെ പൊതുധനകാര്യ വ്യവസ്ഥ അതിന്റെ ധാർമികമായ നിലപാടുകളെ വ്യഞ്ജിപ്പിക്കുന്നതാണ്. ബജറ്റ്, നികുതി, ചെലവഴിക്കൽ എന്ന നിലയിലുള്ള ഇന്നത്തെ ചിന്താഗതികൾക്ക് ഇണങ്ങുന്ന തരത്തിലുള്ളതായിരുന്നില്ല അത്. ഇത് കൂടുതൽ വ്യക്തമാക്കുന്നതിന് ആലങ്കാരികമായ പല പ്രയോഗങ്ങളും അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, പബ്ലിക് ഫൈനാൻസ് ആൻഡ് അവർ പോവർട്ടി എന്ന പുസ്തകത്തിൽ പരജീവി സമ്പദ്ഘടന, കവർച്ച ചെയ്യുന്ന സമ്പദ്ഘടന തുടങ്ങിയ പൊതുവെ ഉപയോഗിച്ചിട്ടില്ലാത്ത പല പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുള്ളതായി കാണാം. സ്വാതന്ത്ര്യത്തിന് മുൻപ് ഇന്ത്യയുടെ ദേശീയ ആസൂത്രണ സമിതിയിൽ അംഗമായിരുന്ന

ഏക ഗാന്ധിയൻ സാമ്പത്തിക വിദഗ്ദൻ കുമരപ്പയായിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം കോൺഗ്രസ് നിയോഗിച്ച കാർഷിക പരിഷ്കരണ കമ്മറ്റിയുടെ അധ്യക്ഷനായിരുന്നു അദ്ദേഹം . അതിന്റെ ഭാഗമായി 'കുമരപ്പ റിപ്പോർട്ട് ഓൺ അഗ്രികൾച്ചർ' അദ്ദേഹം തയ്യാറാക്കി (തങ്കരാജ്–2018). ഓൾ ഇന്ത്യ വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ പ്രവർത്തനങ്ങളിലും അദ്ദേഹം ഒരു പ്രധാന പങ്ക് വഹിക്കുകയുണ്ടായി. ഉപ്പ് സത്യാഗ്രഹ ഘട്ടത്തിൽ (1930–31) 'യങ് ഇന്ത്യ' എന്ന പത്രത്തിന്റെ പത്രാധിപരായും അദ്ദേഹം സേവനമനുഷ്ഠിച്ചു. പ്രമുഖ ചരിത്രകാരൻ രാമചന്ദ്ര ഗുഹ കുമരപ്പയെ വിശേഷിപ്പിക്കുന്നത് ആദ്യത്തെ ഗാന്ധിയൻ പരിസ്ഥിതിവാദി എന്നാണ്. ഒരു 'ഹരിത ഗാന്ധിയൻ' എന്ന പ്രയോഗത്തിലൂടെയാണ് ഗുഹ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത് (ഗുഹ – 1994). ജനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സാമ്പത്തിക വാദമുഖങ്ങൾക്കാണ് കുമരപ്പ പ്രാമുഖ്യം നൽകിയത്. സാമ്പത്തിക വികേന്ദ്രീകരണം, ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത, സുസ്ഥിര വികസനം തുടങ്ങിയ ആശയങ്ങളായിരുന്നു അതിന്റെ കാതൽ.

'പബ്ലിക് ഫൈനാൻസ് ആൻഡ് അവർ പോവർട്ടി' എന്ന പുസ്തകത്തിൽ അദ്ദേഹം പറയുന്നത്, ബ്രിട്ടീഷ് ഭരണകാലത്ത് പൊതുധനകാര്യ മേഖലയെ ദുരുപയോഗം ചെയ്യുകയായിരുന്നുവെന്നും ഇന്ത്യയിൽ ദാരിദ്ര്യത്തിന് അടിസ്ഥാനമായത് ഇതാണെന്നുമാണ്. ബ്രിട്ടന്റെ ധനകാര്യ മോഡൽ തന്നെ ചൂഷണത്തിൽ അധിഷ്ഠിതമായിരുന്നു. ഒട്ടും പുരോഗമനപരമല്ലാത്ത ഭൂനികുതി, ഉപ്പ് നിർമാണത്തിന്റെ കുത്തകവൽക്കരണം തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം എടുത്തു പറയുന്നുണ്ട് . അതുപോലെ സൈന്യത്തിന് വേണ്ടി നടത്തിയ ഭീമമായ ചെലവുകൾ, ഗ്രാമീണ വികസനത്തെയും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളെ പാടെ അവഗണിക്കൽ, തുടങ്ങിയ തെറ്റായ നയങ്ങൾ കുമരപ്പ ചൂണ്ടിക്കാട്ടുന്നുണ്ട് . 1700 കാലഘട്ടത്തിൽ ആഗോള സമ്പദ്ഘടനയിൽ ഇന്ത്യയുടെ സംഭാവന 23 ശതമാനമായിരുന്നെങ്കിൽ 1947 ൽ ബ്രിട്ടീഷുകാർ ഇന്ത്യ വിടുമ്പോൾ അത് 4 ശതമാനത്തിൽ താഴെയായി ചുരുങ്ങി (തരൂർ–2015, 2016). ബ്രിട്ടീഷുകാർ ഇന്ത്യയിലെത്തുന്നതിന് മുൻപ് ടെക്സ്റ്റൈൽ, ഉരുക്ക്, കപ്പൽ നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ ലോകത്തെ എണ്ണം പറഞ്ഞ ഉല്പാദകരായിരുന്നു ഇന്ത്യ. എന്നാൽ കോളനിവാഴ്ചയുടെ ഘട്ടത്തിൽ ഉയർന്ന നികുതി നിരക്കുകൾ, ഉല്പാദന നിരോധന അടക്കമുള്ള നടപടികൾ വഴി ബ്രിട്ടീഷുകാർ തദ്ദേശീയ വ്യവസായങ്ങളെ മുച്ചൂടും തകർത്തു. പരുത്തി, നീലം, കറുപ്പ് തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ കയറ്റുമതിക്കാർ മാത്രമായി ഇന്ത്യ മാറി. പകരം, ബ്രിട്ടനിൽ നിന്നും വില കൂടിയ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്ന വിപണിയായി ഇന്ത്യ മാറി.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്നും വൻതോതിൽ സ്വർണ്ണം, വിലപിടിച്ച കല്ലുകൾ, കലാവസ്തുക്കൾ, പ്രകൃതി വിഭവങ്ങൾ തുടങ്ങിയ നിരവധി സാധനങ്ങൾ കൊള്ളയടിച്ചുകൊണ്ടുപോയി. കുമരപ്പ പറയുന്നത്, ഇന്ത്യ ഉൾപ്പടെയുള്ള കോളനി രാജ്യങ്ങളിൽ നിന്നും യാതൊരു മര്യാദയും പാലിക്കാതെ സമ്പത്ത് കൊള്ളയടിച്ച കമ്പനിയാണ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി എന്നാണ്. ഇതിനെല്ലാം പുറമെ തികച്ചും അധാർമികമായ ഒരു വ്യാപാര സംവിധാനത്തിലൂടെ ബ്രിട്ടന്റെ ഉത്പന്നങ്ങൾ ഇന്ത്യയിൽ വിറ്റഴിക്കുകയും അസംസ്കൃത വസ്തുക്കൾ കടത്തികൊണ്ട് പോവുകയും ചെയ്തു. വ്യാപാരം കുത്തകവത്കരിക്കുക എന്ന സമീപനമാണ് ബ്രിട്ടൻ സ്വീകരിച്ചത്. സാമ്രാജ്യത്വ സർക്കാരിനെയും അതിന്റെ നയങ്ങളെയും പിന്തുണക്കുന്ന തരത്തിലുള്ള ഒരു കോളനി സമ്പദ്വ്യവസ്ഥയായി ഇന്ത്യയെ അവർ മാറ്റി തീർത്തു. ചുരുക്കത്തിൽ ബ്രിട്ടൻ ഇന്ത്യയിൽ

അവശേഷിപ്പിച്ചത്, ദാരിദ്ര്യവും വികസന രംഗത്തെ മുരടിപ്പുമാണെന്ന് കാണാം. അതിൽ നിന്നും ഒരു മോചനം ഇനിയും രാജ്യത്തിന് സാധ്യമായിട്ടില്ലെന്നതാണ് ഇന്ത്യ നേരിടുന്ന പ്രധാന പ്രതിസന്ധി.

കുമരപ്പയെ സംബന്ധിച്ചിടത്തോളം പൊതുധനകാര്യം എന്നത് കേവലം കണക്കുകൾ ബാലൻസ് ചെയ്യലോ, മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഒന്നോ അല്ല. അത് സ്വാശ്രയത്വം, സുസ്ഥിരത, ഗ്രാമീണ മേഖലയെ കേന്ദ്രീകരിച്ചുള്ള ബജറ്റിംഗ് തുടങ്ങിയ ആശയങ്ങളാണ്. സാങ്കേതിക വിദഗ്ദരാലും ഉദ്യോഗസ്ഥ പ്രമാണിമാരാലും നയിക്കുന്ന നയപരമായ തീരുമാനങ്ങളുമല്ല. പരിസ്ഥിതി സൗഹൃദമായ ഒരു പൊതുധനകാര്യ സമീപനമാണ് അദ്ദേഹത്തിന്റെ മനസിലുണ്ടായിരുന്നത്. അതുവഴി നീതിയിലധിഷ്ഠിതവും സുസ്ഥിരവുമായ ബജറ്റിംഗിന് ധാർമിക അടിത്തറ പകർന്നു നൽകുകയും ചെയ്തു. മഹാത്മാ ഗാന്ധിയുടെ കടുത്ത അനുയായി ആയിരുന്ന അദ്ദേഹം ഗ്രാമസ്വരാജ് വഴിയായുള്ള ധനപരമായ അധികാര വികേന്ദ്രീകരണത്തിന് വേണ്ടി ശക്തമായി വാദിക്കുകയും ചെയ്തു. പ്രാദേശിക തലങ്ങളിൽ സ്കൂളുകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് സഹായകമായ തരത്തിലുള്ള അധികാര വികേന്ദ്രീകരണമാണ് അദ്ദേഹം വിഭാവന ചെയ്തത് . അതുപോലെ ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും ആളുകൾക്ക് എളുപ്പത്തിൽ ലഭ്യമാകുന്ന തരത്തിലുള്ള ചികിത്സാ, ആരോഗ്യ സംവിധാന ങ്ങൾക്ക് വേണ്ടിയും അദ്ദേഹം ശക്തമായി വാദിക്കുകയുണ്ടായി. അടിസ്ഥാനതലത്തിലുള്ള വികസനത്തെ കേന്ദ്രീകരിച്ചുള്ളതാണ് കുമരപ്പ മോഡൽ. അവസാന ഗ്രാമത്തിലെ അവസാനത്തെ പൗരന്റെ പ്രശ്നങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ളതാകണം ബജറ്റ് (കുമരപ്പ–1931). ബ്രിട്ടീഷ് ഭരണത്തിൽ ഉണ്ടായിരുന്ന നികുതി ഘടനയും ചെലവഴിക്കുന്നതിനുള്ള നയങ്ങളും ഗ്രാമങ്ങളിൽ നിന്നും മിച്ചം കണ്ടെത്തി ചൂഷണം ചെയുകയും അത് സാമ്രാജ്യത്വ ഭരണകൂടത്തെയും യുദ്ധങ്ങളെയും ഫണ്ട് ചെയ്യുന്നതിന് വേണ്ടി വിനിയോഗിക്കുന്ന തരത്തിലുള്ളതായിരുന്നു എന്ന് 'പബ്ലിക് ഫിനാൻസ് ആൻഡ് അവർ പോവർട്ടി' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറഞ്ഞു വയ്ക്കുന്നുണ്ട്.

ഇതേ പുസ്തകത്തിൽ തന്നെ അദ്ദേഹം പറയുന്നു, പൊതുധനകാര്യം എന്ന ആശയം കേവലം വരുമാനവും ചെലവും മാത്രമല്ല. അതിൽ ഉടനീളം അദ്ദേഹം പൊതുധനകാര്യത്തിന്റെ ധാർമിക വശങ്ങളെ കുറിച്ച് ഊന്നി പറയുന്നുണ്ട്. പണം എങ്ങനെ കണ്ടെത്തുന്നു, എങ്ങനെ ചെലവഴിക്കുന്നു എന്നത് ധാർമികമായ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നത് കൂടിയാണ്. ഒരു സർക്കാരിന്റെ മുൻഗണനകൾ വ്യക്തമാക്കുന്നതാണ് അത്. 'നമ്മൾ ഏതുരീതിയിലാണ് നികുതി സമാഹരിക്കുന്നത്, എങ്ങനെയാണ് ചെലവഴിക്കുന്നത് ഇക്കാര്യങ്ങൾ ഒരു ഭരണകൂടത്തിന്റെ അടിസ്ഥാന സ്വഭാവം വ്യക്തമാക്കുന്നതാണ് ' , അദ്ദേഹം പറയുന്നു (കുമരപ്പ – 1930). പൊതുധനകാര്യം എന്നത് പൊതുനന്മയെ ലാക്കാക്കിയുള്ള ഒരു സേവനം കൂടിയാണ്. കോളനി ഭരണം പൊതുധനകാര്യത്തെ ചൂഷണത്തിനുള്ള ഉപാധി എന്ന നിലയിൽ ഉപയോഗിച്ചു. ബ്രിട്ടീഷ് ഇന്ത്യയിൽ പൊതുധനകാര്യം സാമൂഹ്യക്ഷേമത്തിന് ഉതകുന്ന ഒരു ഉപകാരണമായിരുന്നില്ല, മറിച്ച് കൊള്ളയടിക്കുന്നതിനുള്ള ഒരു ആയുധമായിരുന്നു (കുമരപ്പ–1930). റെയിൽവേ ഒരു ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്. 'ഭൂമിശാസ്ത്രപരമായി ഇന്ത്യയെ യോജിപ്പിക്കുകയായിരുന്നില്ല റെയിൽവേ നിർമ്മാണത്തിന്റെ ലക്ഷ്യം. മറിച്ച്, അസംസ്കൃത വസ്തുക്കൾ തുറമുഖങ്ങളിലേക്ക് കൊണ്ട് പോകുന്നതിനും കലാപങ്ങൾ

അടിച്ചമർത്തുന്നതിന് സൈന്യത്തെ വിന്യസിപ്പിക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു (കുമരപ്പ – 1930).

അസമത്വത്തെ ന്യായീകരിക്കുന്ന തരത്തിലുള്ള പാശ്ചാത്യ സാമ്പത്തിക മാതൃകകളിൽ നിന്നും വ്യത്യസ്തമായി ഗാന്ധിയൻ ചിന്തകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികേന്ദ്രീകരണം എന്ന ആശയത്തിന് വേണ്ടിയാണ് വാദിച്ചത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പുരോഗമനോന്മുഖമായ നികുതി രീതികളെയും വരുമാനത്തെയുമാണ് അദ്ദേഹം മുന്നോട്ട് വച്ചത്. കോളനിവാഴ്ചക്കാലത്തെ മുൻഗണനകളെ കുറിച്ച് അദ്ദേഹം പബ്ലിക് ഫിനാൻസ് ആൻഡ് അവർ പോവർട്ടി എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. പ്രത്യേകിച്ച് പാവപ്പെട്ടവരിൽ നിന്നും ശേഖരിക്കുന്ന നികുതി സൈനീകവശ്യങ്ങൾക്കും മറ്റും വേണ്ടി ചെലവാക്കുന്നതിനെ കുറിച്ച്. ദാരിദ്ര്യം ഇന്ത്യയിൽ ഒരു സ്വാഭാവിക പ്രതിഭാസമല്ല, മറിച്ച് അത് കരുതിക്കൂട്ടിയുള്ള നയങ്ങളുടെ ഫലമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. ആയുധങ്ങൾക്ക് വേണ്ടി ശതകോടികൾ ചെലവഴിക്കുമ്പോൾ ലക്ഷക്കണക്കിനാളുകൾ ഭക്ഷണമില്ലാതെ വലയുന്നത് മാനവികതയോടുള്ള കടുത്ത വഞ്ചനയാണ് (കുമരപ്പ–1930). ഒരു രാജ്യത്ത് ദാരിദ്ര്യം പ്രകടമാകുന്നത് ആ രാജ്യത്ത് സമ്പത്തിന്റെ അഭാവത്തെയല്ല കാണിക്കുന്നത്, മറിച്ച് അത് തലതിരിഞ്ഞ മുൻഗണനകളുടെ ഫലമാണ് (കുമരപ്പ–1930). ധാർമികതയിൽ ഊന്നിയുള്ള ഭരണനിർവഹണം, താഴെ തട്ടിൽ നിന്നുള്ള വികസനം തുടങ്ങിയ കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ ഊന്നൽ അദ്ദേഹത്തെ ഗാന്ധിജിയുടെ സാമ്പത്തിക ചിന്തകളോട് ചേർത്ത് നിർത്തുന്നു.

ഗ്രാമീണ വികസനം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, അധികാര വികേന്ദ്രീകരണം തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന ദേശീയ ബജറ്റാണ് കുമരപ്പ വിഭാവനം ചെയ്തത്. ജനാധിപത്യവത്കരണമാണ് സാമ്പത്തിക ആസൂത്രണത്തിന്റെ കാതൽ എന്നതാണ് കുമരപ്പ മോഡലിന്റെ അടിസ്ഥാനം. ജനങ്ങളുടെ സാമൂഹ്യ ആവശ്യങ്ങളെ അടിസ്ഥാനമാക്കി വേണം വിഭവങ്ങളുടെ നീക്കിവയ്പ്പ് . ഒരു മാതൃക ദേശീയ ബജറ്റ് എന്നത് പങ്കാളിത്തപരമായിരിക്കണം. അത് പ്രാദേശികാവശ്യങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ളത് കൂടിയാകണം. അദ്ദേഹം പറയുന്നു, ബജറ്റ് എന്നത് കേവലം വരുമാനവും ചെലവും രേഖപ്പെടുത്തുന്ന ഒരു രേഖമാത്രമല്ല, അത് ധാർമികമായ മാനങ്ങളുള്ള ഒരു രേഖയാണ് (കുമരപ്പ–1930). ഒരു രാജ്യത്തിൻറെ ആത്മാവിന്റെ പ്രതിബിംബമാണ് ബജറ്റ്, ആത്മാവ് ഇരുണ്ടതാണെങ്കിൽ അത് തന്നെയേ ബജറ്റിലും പ്രതിഫലിക്കൂ '(കുമരപ്പ–1930). മാതൃകാപരമായ ഒരു പൊതുധനകാര്യ സംവിധാനത്തെ കുറിച്ച് പബ്ലിക് ഫിനാൻസ് ആൻഡ് അവർ പോവർട്ടി എന്ന ഗ്രന്ഥത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണം, ഗ്രാമീണ വ്യവസായവൽക്കരണം, ധാർമികത, സുസ്ഥിരത തുടങ്ങിയ തൂണുകളിലാണ് അത് ഊന്നി നിൽക്കുന്നത്. ജനങ്ങളെ കേന്ദ്രീകരിക്കുന്നതും പാരിസ്ഥിതികമായ ബാലൻസ് പുലർത്തുന്നതുമായ ഒന്ന്. അങ്ങനെ നോക്കുമ്പോൾ കുമരപ്പയുടെ ഈ മോഡൽ ഗാന്ധിജിയുടെ സ്വരാജ് എന്ന ആശയത്തിലാണ് ഊന്നി നിൽക്കുന്നത് എന്നത് വ്യക്തമാകുന്നുണ്ട്.

അദ്ദേഹത്തിന്റെ 'എ സർവേ ഓഫ് മത്താർ താലൂക്ക്' (1931) എന്ന പുസ്തകം ഗുജറാത്തിലെ കൈറാ എന്ന താലൂക്കിലെ 54 ഗ്രാമങ്ങളെ കുറിച്ചുള്ള ആഴത്തിലുള്ള ഒരു പഠനമാണ്. അവിടത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം, വിളകൾ, ജലസേചന സൗകര്യങ്ങൾ, ജനങ്ങളുടെ കടബാധ്യത, വരുമാനം, ചെലവ് തുടങ്ങിയ വിവിധ കാര്യങ്ങളിലെ വളരെ വിശദമായ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമത്തിന്റെ മൊത്തത്തിലുള്ള വിവരങ്ങളും

വ്യക്തിഗതമായ വിവരങ്ങളും ഇതിലുണ്ട്. തെരഞ്ഞെടുക്കപെട്ട ഗ്രാമങ്ങളിലെ ഭൂമിയിൽ നിന്നുള്ള വരുമാനം, കടത്തിന്റെ വിവരങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഈ സർവേയിൽ ലഭ്യമാണ്. കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾ, വിളകളുടെ പരാജയം, ജലസേചന സൗകര്യങ്ങളുടെ പരിമിതി, അമിതമായ നികുതികൾ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങളും ഇതിൽ കാണാം. സഹകരണ സ്ഥാപനങ്ങളുടെയും സർക്കാർ ബാങ്കുകളുടെയും കടന്നുവരവ് പരമ്പരാഗത വട്ടിപലിശക്കാരുടെ പിടിമുറുക്കത്തിന് അയവ് വരുത്തിയതായും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സാമ്പത്തിക കാര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്ന ഈ സർവേ ഗ്രാമീണ വ്യവസായങ്ങൾക്കും സാമ്പത്തിക വ്യവസ്ഥയുടെ സ്വാശ്രയത്വത്തിനും കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. പൊതുധനകാര്യ രംഗത്തിന്റെ യഥാർത്ഥ സ്ഥിതി മനസിലാക്കുന്നതിന് കുമരപ്പ വ്യാപകമായ ഫീൽഡ് സർവേ നടത്തുകയുണ്ടായി. 1936 ൽ അദ്ദേഹം ബീഹാർ സെൻട്രൽ എർത്ത് ക്വയ്ക്ക് റിലീഫ് കമ്മറ്റിയുടെ ഉപദേശകനായി പ്രവർത്തിക്കുകയുണ്ടായി. ഭൂകമ്പ ബാധിത മേഖലകൾക്ക് ഫണ്ടുകൾ അനുവദിക്കൽ, അക്കാര്യത്തിൽ സുതാര്യത ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളുടെ മേൽനോട്ടമാണ് അദ്ദേഹം നടത്തിയത് (ലിൻഡ്‌ലെ–2007).

മഹാത്മാഗാന്ധിയുടെ ഏറ്റവും അടുത്ത അനുയായി ആയിരുന്നുവെങ്കിലും ഈ കമ്മറ്റിയുമായി ബന്ധപ്പെട്ട മഹാത്മാഗാന്ധിയുടെ ചെലവുകൾ അനുവദിക്കുന്നതിനുള്ള ബിൽ അനുവദിക്കാൻ അദ്ദേഹം തയാറായില്ല (അണ്ണാമലൈ–2017). അദ്ദേഹത്തിന്റെ ചെലവുകൾ നിർദിഷ്ട പരിധി ലംഘിക്കുന്നതായി കണ്ടെത്തിയാണ് അനുമതി നിഷേധിച്ചത്. സാമ്പത്തികമായ അച്ചടക്കത്തിന്റെ കാര്യത്തിലുള്ള അദ്ദേഹത്തിന്റെ കടുംപിടുത്തം ഇതിൽ നിന്നും വളരെ വ്യക്തമാണ്. സുതാര്യമായ അക്കൗണ്ടിംഗ് രീതികളിലുള്ള അദ്ദേഹത്തിന്റെ നിർബന്ധബുദ്ധിയാണ് ഇത് വെളിവാക്കുന്നത് (അണ്ണാമലൈ–2017). ഇന്നത്തെ പൊതുധനകാര്യ വിദഗ്ദർ പൊതുവെ ടെക്സ്റ്റ് ബുക്ക് രീതികളെ ആസ്പദമാക്കി പ്രവർത്തിക്കുന്നതായി കാണാം. എന്നാൽ വൈകാതെ അവർ ഫീൽഡിൽ നിന്നുള്ള യഥാർത്ഥ വിവരങ്ങളിലേക്ക് മടങ്ങേണ്ടതായി വരും എന്ന കാര്യം ഉറപ്പാണ്.

**ഭാഗം 1 – കുമരപ്പയുടെ പൊതുധനകാര്യ മോഡലും ആധുനിക ഇന്ത്യയിലെ പൊതുധനകാര്യ രംഗവും**

ലളിത ജീവിതം, വികേന്ദ്രീകൃതമായ സാമ്പത്തിക ശാക്തീകരണം, പാരിസ്ഥിതികമായ സംതുലനത്തെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണം എന്നിവയാണ് കുമരപ്പ മുന്നോട്ട് വച്ച പൊതുധനകാര്യത്തിന്റെ ആണിക്കല്ലുകൾ. എന്നാൽ ആധുനിക പൊതു ധനകാര്യമാകട്ടെ വളർച്ചയെ ആധാരമാക്കിയുള്ളതും ആഗോളതാല്പര്യങ്ങൾക്ക് ഇണങ്ങുന്നതും ഉപഭോക്തൃ താല്പര്യങ്ങളാൽ നയിക്കപ്പെടുന്നതുമാണ്. വളർച്ച, വികസനം എന്നീ കാര്യങ്ങളിലെ ലക്ഷ്യങ്ങളെ അലോസരപ്പെടുത്താതെയുള്ള നയപരമായ തീരുമാനങ്ങൾ മാത്രമാണ് ഇതിന്റെ ഭാഗമായി വരുന്നത്. സാമ്പത്തിക ശാസ്ത്രത്തെ കേവലം സാങ്കേതികമായ ഒരു ഉപകരണം മാത്രമായാണ് അത് കാണുന്നത്. കുമരപ്പയുടെ മോഡലാകട്ടെ, ഗാന്ധിജി മുന്നോട്ട് വച്ച ധാർമികത, സാമൂഹ്യ മുന്നേറ്റത്തിനുള്ള ആശയങ്ങൾ തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതിൽ ഗ്രാമീണക്ഷേമം, സ്വയംപര്യാപ്തത തുടങ്ങിയയവയുടെ ഒരു പ്രായോജകർ മാത്രമാണ് സർക്കാർ. ആധുനിക കാലഘട്ടത്തിലേക്ക് വരുമ്പോൾ പരമാവധി കുറഞ്ഞ തോതിലുള്ള ഭരണകൂടം (നവലിബറൽ കാഴ്ചപ്പാട്) എന്നത് മുതൽ ക്ഷേമ സർക്കാർ (കെയ്ൻസിന്റെ സാമ്പത്തിക സിദ്ധാന്തങ്ങൾ)

എന്ന തലത്തിലേക്ക് വഴി മാറുന്നതായി കാണാം. ജി ഡി പി കേന്ദ്രീകൃതമായ, കോർപറേറ്റുകൾ നയിക്കുന്ന മോഡലിന്റെ നിശിത വിമർശകനാണ് അദ്ദേഹം. ഗ്രാമീണ സമ്പദ്ഘടനകളെ ശക്തിപ്പെടുത്തുക വഴി പാവപ്പെട്ടവർക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുക എന്നതാണ് പൊതുധനകാര്യ പ്രവർത്തനങ്ങളുടെ അടിസ്ഥാന ദൗത്യമെന്ന് അദ്ദേഹം പറഞ്ഞു വച്ചു. യഥാർത്ഥത്തിലുള്ള സംതൃപ്തിയുടെ അളവുകോൽ ജി ഡി പി ആണെന്ന വാദത്തെ അദ്ദേഹം നിരാകരിക്കുകയാണ്.

പ്രതിരോധ മേഖല, അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായങ്ങൾക്കുള്ള സബ്സിഡികൾ തുടങ്ങിയവയ്ക്ക് കൂടുതൽ പണം നീക്കിവയ്ക്കുക വഴി ഗ്രാമീണ മേഖലയുടെ വികസനമാണ് തടസപ്പെടുന്നതെന്ന് അദ്ദേഹം പറഞ്ഞു. സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലുള്ളവർക്ക് കൂടുതൽ നികുതി എന്ന തരത്തിലുള്ള നികുതി ഘടന സൃഷ്ടിക്കുന്നതിനൊപ്പം പരോക്ഷ നികുതികൾ ഒഴിവാക്കുകയാണ് വേണ്ടതെന്നും കുമരപ്പ പറഞ്ഞു. കാരണം പരോക്ഷ നികുതികൾ പാവപ്പെട്ടവരെയാണ് കൂടുതൽ ബാധിക്കുക. ആധുനിക ധനകാര്യത്തിലേക്ക് വരുമ്പോൾ ഉയർന്ന വരുമാനക്കാർക്ക് കൂടുതൽ ആദായ നികുതി എന്നതിനെ അംഗീകരിക്കുന്നുണ്ടെങ്കിലും ജി എസ് ടീയും മറ്റു പരോക്ഷ നികുതികളും ചെറുകിട ഉല്പാദകരെയും പാവപ്പെട്ടവരെയും ദോഷകരമായി ബാധിക്കുന്നുണ്ട്. കൂടുതൽ ദാരിദ്ര്യം സൃഷ്ടിക്കുകയും ഏതാനും പേർക്ക് സുഖലോലുപരായി വാഴുകയും ചെയ്യാൻ കഴിയുന്ന തരത്തിലുള്ള ഒരു ധനകാര്യ സംവിധാനത്തെ ന്യായീകരിക്കാൻ കഴിയുന്നതല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു സംവിധാനം ദാരിദ്ര്യത്തെ കുറച്ചു കൊണ്ട് വരുന്നില്ലെങ്കിൽ ധാർമ്മികമായി അത് ഒരു കടക്കെണിയിലാണ് (കുമരപ്പ–1930). മനുഷ്യത്വപരമായ കാഴ്ചപ്പാടിലൂടെ പരിശോധിക്കുമ്പോൾ ജി എസ് ടീയുടെ ചില വശങ്ങളെ അദ്ദേഹം ന്യായീകരിക്കുന്നതിന് സാധ്യതയുണ്ട് . ബിസിനസിന്റെ വളർച്ചക്ക് അത് സഹായകമാണ് എന്നതാണ് പ്രധാന കാരണം. എന്നാൽ ജി എസ് ടി സംവിധാനം വഴി അധികാരങ്ങൾ കേന്ദ്ര സർക്കാരിൽ കേന്ദ്രീകൃതമാകുന്നതിനെ അദ്ദേഹം എതിർക്കുന്നതിന് നല്ല സാധ്യതകളുണ്ട്. ഇത് സംസ്ഥാന, പ്രാദേശിക സർക്കാരുകൾക്ക് ദോഷകരമായ ഒന്നാണ്. മാത്രവുമല്ല, പ്രാദേശികമായ സമ്പദ്ഘടനകളെയും ഗ്രാമീണ വ്യവസായത്തെയും അത് തകർത്തെറിയുന്നതിനും സാധ്യതയുണ്ട് [1].

ജി എസ് ടി നടപ്പാക്കുന്ന കാര്യത്തിൽ ആധുനിക സാമ്പത്തിക വിദഗ്ധരും പൊതുധകാര്യ വിദഗ്ധരും ആശങ്ക പങ്കു വയ്ക്കുന്നുണ്ട്. സംസ്ഥാനങ്ങൾ ജി എസ് ടി കൗൺസിലിന്റെ വെറും ഏജന്റുമാർ മാത്രമായി മാറുന്നു എന്ന വിമർശനം ശക്തമാണ്. സംസ്ഥാനങ്ങളുടെ വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി തനതായ നികുതി നയങ്ങൾ ആവിഷ്കരിക്കുന്നതിന് അവയ്ക്ക് കഴിയാതെ പോകുന്നു. പതിന്നാലാം ധനകാര്യ കമ്മീഷൻ അംഗവും പ്രമുഖ പൊതുധനകാര്യ വിദഗ്ധനുമായ എം. ഗോവിന്ദറാവു ഇന്ധനം, ഊർജം തുടങ്ങിയ സാധനങ്ങൾ കൂടി ജി എസ് ടീയുടെ പരിധിയിൽ കൊണ്ടുവരണമെന്നാണ് വാദിച്ചത് (ദി ഹിന്ദു, 12 നവംബർ, 2021). ജി എസ് ടി പോലുള്ള പരോക്ഷ നികുതികൾ പാവപ്പെട്ടവർക്ക് മേൽ കൂടുതൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്നു എന്നാണ് പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞൻ പ്രഭാത് പട്നയിക്ക് അഭിപ്രായപ്പെടുന്നത് (പട്നായിക്, 2017). റിസർവ് ബാങ്കിന്റെ മുൻ ഗവർണ്ണർ വൈ. വി റെഡ്ഢിയുടെ അഭിപ്രായത്തിൽ സംസ്ഥാനങ്ങളുടെ വിശ്വാസം ആർജിക്കുന്ന കാര്യത്തിൽ ജി എസ് ടി സംവിധാനം പരാജയമാണ്. ജി എസ് ടി ഭരണസംവിധാനവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്കിടയിൽ

വിശ്വാസക്കുറവ് പ്രകടമാകുന്ന സാഹചര്യമുണ്ട് എന്നും അദ്ദേഹം പറയുന്നു (ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, 4 ഏപ്രിൽ, 2019).

പൊതുകടം വർധിച്ചു വരുന്നതിനെയും കടം തിരിച്ചടക്കുന്നതിന് കൂടുതൽ ബാധ്യത വരുത്തുന്നതിനും കുമരപ്പ തെല്ലും അനുകൂലമായിരിക്കില്ല. കാരണം, അത്തരമൊരു സാഹചര്യം അപകട സാധ്യതകളും വെല്ലുവിളികളും നിറഞ്ഞതാണ്. വലിയ കോർപറേറ്റുകൾക്കും ഭൂവുടമകൾക്കും കൂടുതൽ നികുതി ഏർപ്പെടുത്തുന്നത്തിന് അദ്ദേഹം അനുകൂലമായിരിക്കും. ഇന്ത്യയിൽ നികുതി – ജി ഡി പി അനുപാതം താഴ്ന്ന നിലയിലാണ് (11 ശതമാനം). ഒരു രാജ്യത്തിൻറെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ എത്രമാത്രം നികുതി ശേഖരിക്കാൻ കഴിയുന്നു എന്നതാണ് നികുതി – ജി ഡി പി അനുപാതം (പാണിഗ്രാഹി–2024). ഉയർന്ന തോതിലുള്ള സാമ്പത്തിക അസമത്വമാണ് കുറഞ്ഞ തോതിലുള്ള നികുതി – ജി ഡി പി അനുപാതത്തിന് കാരണം. സമ്പത്ത് ധനികരുടെ കയ്യിൽ കുമിഞ്ഞു കൂടുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ജനങ്ങളുടെ ധനപരമായ ശേഷിക്കുറവിനെയും ഇത് വക്തമാക്കുന്നു. സ്വാഭാവികമായും പൊതുസേവന മേഖലകളിലും ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിയുമുള്ള നിക്ഷേപം കുറയുകയും ചെയ്യുന്നു.

കുമരപ്പയെ പോലെ പ്രമുഖ ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനായ മാൽകം എസ്. ആദിശേഷയ്യയും ബജറ്റിൽ പ്രതിരോധച്ചെലവുകൾ കുത്തനെ ഉയർത്തുന്നതിന് നിശിതമായി വിമർശിച്ചിട്ടുണ്ട്. മനുഷ്യരുടെ വികസനത്തെയാണ് ഇത് പ്രതികൂലമായി ബാധിക്കുക. വികസനത്തിന് മുൻതൂക്കം നൽകുന്ന ബജറ്റുകളെയാണ് അദ്ദേഹം അനുകൂലിച്ചിരുന്നത്. ധനികരുടെ ഉപഭോഗ തൃഷ്ണക്ക് ബദലായി ദേശീയ വികസന കാഴ്ചപ്പാടാണ് പൊതുധനകാര്യ സമീപനം മുന്നോട്ട് വയ്ക്കേണ്ടത് എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം (ആദിശേഷയ്യ – 1970, 1985). അനുചിതമല്ലാത്ത മുൻഗണകളാണ് പലപ്പോഴും ഇന്ത്യയിലെ ബജറ്റുകൾ മുന്നോട്ട് വയ്ക്കുന്നത് (ആദിശേഷയ്യ – 1970). പുരോഗമനപരമായ നികുതിഘടനയെ അദ്ദേഹം ശക്തമായി പിന്താങ്ങിയിരുന്നു. പരോക്ഷ നികുതികൾക്ക് പകരം ആദായ, സ്വത്ത് നികുതികൾ പോലുള്ള പ്രത്യക്ഷ നികുതികൾക്കാണ് പ്രാധാന്യം നൽകേണ്ടത് എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. അസമത്വത്തെ വർധിപ്പിക്കുന്നതിന് പകരം അത് ഇല്ലാതാക്കുന്നതിന് സഹായകമായ നികുതി നയങ്ങളാണ് രാജ്യം ആവിഷ്കരിക്കേണ്ടത് (ആദിശേഷയ്യ – 1988).

എം.ജെ. കെ തേവരാജ്, ജി. തിമ്മയ്യ തുടങ്ങിയ പൊതുധനകാര്യ വിദഗ്ദർ പറഞ്ഞത് ഇന്ത്യയുടെ നികുതി ഘടന അതിന്റെ ഡിസൈനിൽ പ്രോഗ്രസീവാണ് എന്ന് തോന്നുമെങ്കിലും ഫലത്തിൽ പിന്നോക്കം പോകുന്നതാണ് എന്നാണ്. ഇന്ത്യയിലെ നികുതി ഘടന സമ്പത്തിന്റെ പുനർവിഭജനം സാധ്യമാക്കുന്ന കാര്യത്തിൽ പരാജയമാണ് എന്ന വിലയിരുത്തലാണ് തേവരാജ് പങ്ക് വയ്ക്കുന്നത് (തേവരാജ് – 1975). പരോക്ഷ നികുതിയെ കൂടുതലായി ആശ്രയിക്കുന്നത് പാവപ്പെട്ടവർക്ക് മേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ളതാണ്. ഇന്ത്യയിലെ ബജറ്റുകൾ പൊതുവെ ഫലങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയല്ല. പൊതുമൂലധനത്തെ സൃഷ്ടിക്കുക എന്നതിനുപരിയായി ഉപഭോഗം, പണം കൈമാറൽ തുടങ്ങിയ കാര്യങ്ങളിലേക്ക് ബജറ്റിന്റെ ഫോക്കസ് മാറുന്ന സ്ഥിതിയുണ്ടായി (തേവരാജ് – 1975, 1978).

പൊതുചെലവുകളുടെ കാര്യത്തിലുള്ള അപാകതകളെ കുറിച്ച് ചില ആശങ്കകൾ തിമ്മയ്യ ഉയർത്തിയിരുന്നു. പ്രത്യേകിച്ച് വികാസനോന്മുഖമല്ലാത്ത ചെലവുകൾ ഉയരുന്ന സാഹചര്യം

(തിമ്മയ്യ–1979). സാമൂഹ്യമായ നേട്ടങ്ങൾ കാര്യമായി ഇല്ലാത്ത തരത്തിലുള്ള പൊതുചെലവുകൾ ഉയർത്തുന്ന രീതി ഉദാഹരണമായി അദ്ദേഹം ഉയർത്തികാട്ടുന്നുണ്ട്. ഗ്രാമീണ വികസന രംഗത്തും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കുറഞ്ഞ തോതിലുള്ള ഫലം മാത്രമാണ് ഇതുളവാക്കുന്നതെന്നതാണ് കാര്യമായ പ്രശ്നം. ധനകമ്മിയുടെ കാര്യത്തിലും അദ്ദേഹം മുന്നറിയിപ്പ് നൽകുന്നുണ്ട്. റവന്യൂ കമ്മി നികത്തുന്നതിനായി കടമെടുക്കുന്നത് തുടരുന്നതിനെ നിശിതമായി അദ്ദേഹം വിമർശിക്കുന്നുണ്ട്. ഇത്തരം നടപടികൾ രാജ്യത്തെ ഒരു കടക്കെണിയിലേക്ക് നയിച്ചേക്കാമെന്ന മുന്നറിയിപ്പും ആദ്ദേഹം നൽകുന്നുണ്ട് (തിമ്മയ്യ–1979). രണ്ടു പേരും സുതാര്യതയുടെ കുറവ്, പൊതുജനപങ്കാളിത്തത്തിലെ കുറവ്, പ്രകടനത്തിന്റെ വിലയിരുത്തലിന്റെ പരിമിതി തുടങ്ങിയ കാര്യങ്ങൾ ഇന്ത്യയിലെ ബജറ്റ് നടപടികളിലെ പ്രധാന പോരായ്മയായി ചൂണ്ടിക്കാട്ടുന്നു. കുമരപ്പയുടെ പഠനങ്ങളിലും ഈ ആശയങ്ങളുടെ സ്വാധീനം പ്രകടമായി കാണാവുന്നതാണ്.

ഗ്രാമീണ മേഖലയുടെ വികസനം, ആരോഗ്യം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പൊതുചെലവുകൾ ഉയർത്തണമെന്ന അഭിപ്രായമാണ് കുമരപ്പയ്ക്കുള്ളത്. എന്നാൽ ആധുനിക പൊതുധനകാര്യ രീതികളിൽ മുൻതൂക്കം ലഭിക്കുന്നത് പ്രതിരോധം, അടിസ്ഥാന സൗകര്യങ്ങൾ, ക്ഷേമ പദ്ധതികൾ, സബ്സിഡി തുടങ്ങിയ കാര്യങ്ങൾക്കാണ്. ഇന്ത്യയിലെ ബജറ്റുകളിൽ ഏറ്റവും പ്രാമുഖ്യം ലഭിക്കുന്ന രംഗമായി വരുന്നത് പ്രതിരോധമാണ്. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം (എം ജി എൻ ആർ ഇ ജി എസ്), സ്വച്ച് ഭാരത് അഭിയാൻ (എസ് ബി എം), പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന (പി എം ജി കെ വൈ), ഗാൽവനൈസിംഗ് ഓർഗാനിക് ബയോ അഗ്രോ റിസോർസ് ധൻ (ജി ഒ ബി എ ആർ – ധൻ) തുടങ്ങിയ പദ്ധതികൾ ഗ്രാമീണ മേഖലയുടെ മുന്നേറ്റത്തിന് ഉതകുന്ന പദ്ധതികളായതിനാൽ കുമരപ്പ അവയെ പിന്തുണക്കുന്നതിന് സാധ്യതയുണ്ട്.

ഗ്രാമങ്ങളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണവും ബജറ്റിംഗുമാണ് കുമരപ്പയുടെ സാമ്പത്തിക ആശയങ്ങളുടെ അടിസ്ഥാനം. ഇന്ത്യൻ ഭരണഘടന ധനപരമായ ഫെഡറലിസത്തെ കുറിച്ച് വ്യക്തമായി പറയുന്നുണ്ടെങ്കിലും അധികാരങ്ങൾ കേന്ദ്ര സർക്കാരിൽ കേന്ദ്രീകരിക്കുകയാണ്. സ്വാഭാവികമായും സംസ്ഥാന സർക്കാരുകൾക്ക് ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലാതെ വരുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ (എഴുപത്തിമൂന്നാം ഭരണഘടന ഭേദഗതി) കാര്യത്തിൽ കുമരപ്പയുടെ ആശയങ്ങൾ പ്രതിഫലിക്കുന്നത് കാണാം. പ്രാദേശിക ഭരണകൂടങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ നൽകുന്ന കാര്യത്തിലും ഇത് കാണാവുന്നതാണ്. എന്നാൽ, വികേന്ദ്രീകൃത ആസൂത്രണം അതിന്റെ ശരിയായ തനിമയിൽ ഇന്ത്യയിൽ കാണുന്നില്ല എന്നത് ഒരു പ്രശ്നമാണ്. അതുകൊണ്ട് തന്നെ സ്വയംഭരണം, ഗ്രാമങ്ങളെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ആസൂത്രണം തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമല്ലെന്നതും ശ്രദ്ധേയമാണ്.

ആധുനിക പൊതുധനകാര്യം ആക്ടീവിസത്തിൽ ഊന്നി നിൽക്കുമ്പോൾ കുമരപ്പ പറയുന്നത് ധാർമികത, ആത്മീയത തുടങ്ങിയ കാര്യങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള വളർച്ചയാണ്. ഇത് ഇപ്പോഴത്തെ സമീപനങ്ങളിൽ ഇല്ല എന്നതാണ് പ്രശ്നം. അദ്ദേഹത്തിന്റെ ആശയങ്ങൾ ധാർമികത, സമത്വം, വികേന്ദ്രീകരണം, സുസ്ഥിരത തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ്. വളർച്ചയെ മാത്രം ആധാരമാക്കിയുള്ള സമീപനങ്ങൾക്ക് നേർവിപരീതമാണ് ഇത്. കാര്യക്ഷമതായാണ് ആധുനിക പൊതുധനകാര്യ സമീപനങ്ങളിലെ ഊന്നൽ. കുമരപ്പ

പക്ഷെ നീതി, വികേന്ദ്രീകരണം, സുസ്ഥിര വികസനം എന്നിവയെയാണ് ഇതിന് ബദലായി നിർദേശിക്കുന്നത്. അസമത്വം, ദാരിദ്ര്യം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രതിസന്ധികൾ ഇന്ത്യയിൽ പെരുകുന്ന ഘട്ടത്തിൽ കുമരപ്പയുടെ ആശയങ്ങളും വീക്ഷണവും വികസനം, ബജറ്റിംഗ് തുടങ്ങിയ കാര്യങ്ങളിൽ പുതിയ കാഴ്ചപ്പാട് നൽകുന്നതാണ്.

**ഭാഗം 2 – കുമരപ്പയുടെ മോഡലിനെ കുറിച്ച് ധനകാര്യ വിദഗ്ധരും ഗാന്ധിയൻ ചിന്തകരും**

വി. എം ഗോവിന്ദു, ദീപക് മാൽഖാൻ എന്നിവർ 'ബിൽഡിങ് എ ക്രെയേറ്റീവ് ഫ്രീഡം : ജെ. സി കുമരപ്പ ആൻഡ് ഹിസ് ഇക്കണോമിക് ഫിലോസഫി' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ആധുനിക മാക്രോ ഇക്കണോമിക് ചിന്തകൾക്ക് അടിസ്ഥാനപരമായ ബദൽ നിർദേശിക്കാൻ കുമരപ്പക്ക് കഴിഞ്ഞു എന്നാണ്. പാരിസ്ഥിതികമായ തലത്തിലുള്ള പൊതുധനകാര്യ ആശയങ്ങൾ ആദ്യമായി അവതരിപ്പിക്കുന്നതും അദ്ദേഹമാണെന്ന് അവർ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രാദേശിക സ്വയംഭരണം, ധാർമികമായ അടിത്തറ എന്നീ ആശയങ്ങൾക്കാണ് ഊന്നൽ നൽകുന്നത് (ഗോവിന്ദു, മാൽഖാൻ–2005).

'ജെ. സി കുമരപ്പ : മഹാത്മാഗാന്ധിയുടെ സാമ്പത്തിക ശാസ്ത്രജ്ഞൻ' എന്ന പുസ്തകത്തിൽ മാർക്ക് ലിൻഡ്ലെ, ഗാന്ധിജിയുടെ സാമ്പത്തിക ചിന്തകൾക്ക് രൂപം നൽകുന്ന കാര്യത്തിൽ കുമരപ്പ വഹിച്ചിട്ടുള്ള പങ്കിനെ കുറിച്ച് വ്യക്തമാക്കുന്നുണ്ട്. പൊതുധനകാര്യത്തെ ധാർമികതയിലൂന്നിയുള്ള ഒരു വിഷയമായാണ് കുമരപ്പ അവതരിപ്പിച്ചിരിക്കുന്നത്. ബജറ്റ് എന്നത് സാമ്പത്തികമായ ഒരു നടപടി എന്നതിലുപരിയായി അതിന്റെ മൗലികമായ ഘടകം ധാർമ്മികതയാണ് (ലിൻഡ്ലെ – 2007). അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ ആധുനിക മുതലാളിത്ത പൊതുധനകാര്യത്തിൽ നിന്നും തികച്ചും വേറിട്ട് നിൽക്കുന്നു എന്നാണ് അദ്ദേഹം പറയുന്നത്. പ്രത്യേകിച്ച് പ്രതിരോധം, സൈനീക ചെലവുകൾ, ഭൂനികുതി, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ.

ബി. സക്കറിയ, 'ഡെവലപ്പിംഗ് ഇന്ത്യ : ആൻ ഇന്റലക്ചൽ ആൻഡ് സോഷ്യൽ ഹിസ്റ്ററി, 1930 – 1950 ' എന്ന പുസ്തകത്തിൽ പറയുന്നത്, സാമ്പത്തികമായി ഒരു കോളനി വിമുക്ത ആശയത്തിന് വേണ്ടിയാണ് കുമരപ്പ ശ്രമിച്ചത് എന്നാണ്. ഗ്രാമങ്ങളുടെ റിപ്പബ്ലിക്കുകൾ, സഹകരണാധിഷ്ഠിതമായ ജീവിതശൈലി, വികേന്ദ്രീകൃത പൊതുധനകാര്യം തുടങ്ങിയ മാർഗ്ഗങ്ങൾക്കാണ് കോളനിവിമുക്ത സാമ്പത്തിക പ്രവർത്തനങ്ങളിൽ അദ്ദേഹം മുൻതൂക്കം നൽകിയത് (സക്കറിയ–2005). 'റിലീജിയൻ ആൻഡ് ഇക്കോ – ഇക്കണോമിക്സ് ഓഫ് ജെ. സി കുമരപ്പ' എന്ന ഗ്രന്ഥത്തിൽ സോളമൻ വിക്ടസ് പറയുന്നത് കുമരപ്പയുടെ ക്രിസ്ത്യൻ പശ്ചാത്തലവും ഗാന്ധിയൻ ആത്മീയ ചിന്തകളുമാണ് സാമ്പത്തിക നീതിക്കും നികുതി ഘടനയിലെ അഹിംസാ ചിന്തക്കും ഒപ്പം പാരിസ്ഥിതികമായ സുസ്ഥിരതക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങൾക്ക് രൂപം നൽകിയത് എന്നാണ്. അദ്ദേഹത്തിന്റെ ഇത്തരം ചിന്തകൾ പൊതുധനകാര്യ രംഗത്തെ വിശ്വാസം, മൂല്യങ്ങൾ എന്നിവയിൽ ഊന്നിയുള്ള ഇക്കോ – തിയോളജിക്ക് രൂപം നൽകുകയുണ്ടായി (വിക്ടസ് – 2018).

ജെ. സി കുമരപ്പ മുന്നോട്ട് വച്ച മറ്റൊരു ശ്രദ്ധേയമായ ആശയമാണ് 'ഇക്കോണമി ഓഫ് പെർമോൻസ്. പ്രകൃതിയുമായി ചേർന്നുള്ള ഒരു സാമൂഹിക വികസനമാണ് ഇതിന്റെ കാതൽ. പുനരുപയോഗ സാധനങ്ങളുടെ ഉപയോഗം, സുസ്ഥിര വികസന മാർഗ്ഗങ്ങൾ തുടങ്ങിയ മേഖലകളിലാണ് ഇത് കൂടുതലായി ഫോക്കസ് ചെയ്യുന്നത് (ചാത്തുകുളം–2018). ഇതോടൊപ്പം ദീൻദയാൽ ഉപാധ്യായ മുന്നോട്ട് വയ്ക്കുന്ന സമഗ്ര മാനവികത എന്ന

ആശയവും സമഗ്ര വികസനം, സാമൂഹ്യക്രമം, ജീവിതത്തിന്റെ ഒരു പുതിയ ഉപനിഷത്ത് തുടങ്ങിയ കാര്യങ്ങളിലേക്ക് നയിക്കുന്നതായി കാണാം. സാമൂഹ്യമായ ചിന്തകൾ, പരിണാമം തുടങ്ങിയ വിഷയങ്ങളിൽ പുതിയ ചക്രവാളങ്ങളിലേക്ക് കടക്കുന്നതിനും ഇത് സഹായകമാകുന്നു (ചാത്തുകുളം–2018).

**ഭാഗം 3 – വളർച്ചയെ പരിഗണിക്കാത്ത വീക്ഷണം**

ടിം ജാക്സന്റെ 'പ്രോസ്പിരിറ്റി വിതൗട്ട് ഗ്രോത്ത്' എന്ന പുസ്തകവും കുമരപ്പയുടെ 'ഇക്കോണമി ഓഫ് പെർമോൺസും' ഒരു പോലെ ജി ഡി പിയെ വികസനത്തിന്റെയും പുരോഗതിയുടെയും അളവുകോലായി വിലയിരുത്തുന്നതിനെ നിരാകരിക്കുന്നത് കാണാം (കുമരപ്പ–1931, ജാക്സൺ–2009). കോളനിവൽക്കരണം വഴിയുള്ള ചൂഷണത്തെയും വ്യവസായവൽക്കരണത്തെയും കുമരപ്പ നഖശിഖാന്തം എതിർക്കുമ്പോൾ, ഉപഭോക്തൃ മുതലാളിത്തത്തെയും അതിന്റെ പാരിസ്ഥിതിക ആഘാതത്തെയും ജാക്സൺ നിശിതമായി വിമർശിക്കുന്നു. ഗാന്ധിജിയുടെ അഹിംസാ വാദവും ക്രിസ്ത്യൻ മതത്തിന്റെ സേവനമനോഭാവവുമാണ് കുമരപ്പയെ ഏറെ സ്വാധീനിച്ചിരിക്കുന്നത്. സാമൂഹ്യനീതി, പാരിസ്ഥിതിക ധാർമികത എന്നിവയ്ക്കാണ് ജാക്സൺ മുൻതൂക്കം നൽകുന്നത്. ഇക്കാര്യത്തിൽ ഗാന്ധിജിയുടെയും കുമരപ്പയുടെയും ചിന്തകൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചരിക്കുന്നതായി കാണാം.

ജാസൺ ഹിക്കൽ രചിച്ച പ്രശസ്തമായ ഒരു പുസ്തകമാണ് 'ലെസ്സ് ഈസ് മോർ : ഹൌ ഡിഗ്രോത്ത് വിൽ സേവ് ദി വേൾഡ് '. അതിൽ അദ്ദേഹം മുതലാളിത്ത സമ്പദ്വ്യവസ്ഥയെയും കോളനിവൽക്കരണത്തെയും ശക്തമായ വിമർശനമാണ് ഉന്നയിക്കുന്നത്. പകരം പരിസ്ഥിതി സംതുലനത്തിലും നീതിയിലും ധാർമിക മൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു വ്യവസ്ഥയെ അവതരിപ്പിക്കുന്നു. കോളനിവൽക്കരണം, പൊതുധനകാര്യ രംഗത്തെ കെടുകാര്യസ്ഥത തുടങ്ങിയ വസ്തുതകളെ ആധാരമാക്കി ഏറെക്കുറെ ഇതേ വിമർശനങ്ങൾ തന്നെയാണ് കുമരപ്പയും മുന്നോട്ട് വയ്ക്കുന്നത്.

കോഹി സൈറ്റോയുടെ 'സ്ലോ ഡൌൺ : ഹൌ ഡിഗ്രോത്ത് കമ്യൂണിസം ക്യാൻ സേവ് ദി എർത്ത്' എന്ന ഗ്രന്ഥം പരിശോധിക്കുമ്പോൾ അദ്ദേഹവും കുമരപ്പയും സമാനമായ ആശയങ്ങൾ പങ്ക് വയ്ക്കുന്നതായി കാണാം. പ്രത്യേകിച്ച് ധാർമികതയിലൂന്നിയ സാമ്പത്തികശാസ്ത്രം, ധാർമിക സമ്പദ്ഘടന തുടങ്ങിയ ആശയങ്ങളുടെ കാര്യത്തിൽ. പാരിസ്ഥിതിക സുസ്ഥിര വികസനത്തിന്റെ രംഗത്തും ഈ സമാനതകൾ നമുക്ക് ദർശിക്കാൻ കഴിയും. സാമ്രാജ്യത്വ വളർച്ചയുടെ ഒരു ഉപോല്പന്നമാണ് കൊളോണിയൽ പൊതുധനകാര്യം എന്ന ആശയം കുമരപ്പ മുന്നോട്ട് വയ്ക്കുമ്പോൾ, സാമ്രാജ്യത്വ ചൂഷണമാണ് മുതലാളിത്തത്തിന്റെ പിറവിക്കും വളർച്ചക്കും കാരണമെന്നാണ് സൈറ്റോയുടെ വാദം. അഹിംസ, ഗ്രാമീണ വ്യവസായങ്ങളുടെ വികാസം എന്നിവയുടെ അടിസ്ഥാനത്തിലുള്ള സുസ്ഥിരമായ സമ്പദ്ഘടനയാണ് കുമരപ്പയുടെ പ്രധാന ആശയം. എന്നാൽ വളർച്ചാരാഹിത്യത്തോടെയുള്ള കമ്യൂണിസം, കൂട്ടുടമസ്ഥാവകാശം, കുറഞ്ഞ ജോലി സമയം, പരിസ്ഥിതി – സാമൂഹ്യ സംതുലനം തുടങ്ങിയ കാര്യങ്ങളാണ് സൈറ്റോ മുന്നോട്ട് വയ്ക്കുന്നത്.

സാമ്പത്തിക ജീവിതക്രമത്തിന്റെ സാമൂഹ്യമായ ഉൾച്ചേരലാണ് കാൾ പോലായനിയുടെ 'ദി ഗ്രേറ്റ് ട്രാൻസ്ഫർമേഷൻ' (1944) എന്ന പുസ്തകത്തിൽ കാണാൻ കഴിയുന്നത്. ഇതും കുമരപ്പയുടെ ആശയങ്ങളുമായി ചേർന്നു പോകുന്നതാണ്. ധാർമികത ഇരുവരുടെയും

ചിന്തകളുടെ പൊതുസമീപനമാണ്. രണ്ടുപേരും സുസ്ഥിര വികസനത്തിനും മനുഷ്യ കേന്ദ്രീകൃതമായ സമ്പദ്ഘടനക്കും കാര്യമായ പ്രാധാന്യം നൽകുന്നതായി കാണാം. കുമരപ്പ മുന്നോട്ട് വച്ച ആശയങ്ങൾക്ക് ഇന്നത്തെ ലോകത്ത് സവിശേഷമായ പ്രാധാന്യമുണ്ട്. കാലാവസ്ഥാ വ്യതിയാനം, ഗ്രാമീണ മേഖലയിലുളവാകുന്ന അശാന്തി തുടങ്ങിയ സാഹചര്യങ്ങളിൽ പ്രത്യേകിച്ച് (ബന്ധു – 2018). പാരിസ്ഥിതിക സാമ്പത്തികശാസ്ത്രത്തിന്റെ പുരോഗമികളിലൊരാളാണ് കുമരപ്പ. അദ്ദേഹത്തിന്റെ ആശയങ്ങൾ വളർച്ചാരാഹിത്യം, സുസ്ഥിര വികസനം തുടങ്ങിയ ഇന്നത്തെ ലോകത്തിന്റെ വേറിട്ട ചിന്താഗതികളുമായി ഒത്തുപോകുന്നവയുമാണ്.

ആഗോള സാമ്പത്തിക സംവിധാനങ്ങളുടെയും ഉപഭോക്തൃ തൃഷ്ണയുടെയും കടുത്ത വിമർശകരാണ് സൈറ്റോ, ഉൾറിച്ച് ബ്രാൻഡ്, മർകസ് വിസ്സൻ തുടങ്ങിയ ചിന്തകർ. അവർ പറയുന്നത് ഉത്തരാർദ്ധ ഗോളത്തിലെ ജീവിത രീതികളും മറ്റും പകർത്താനുള്ള ശ്രമം ദക്ഷിണാർദ്ധ ഗോളത്തിലെ രാജ്യങ്ങളിൽ വ്യാപകമായ പ്രകൃതി ചൂഷണത്തിനും തൊഴിൽ ചൂഷണത്തിനും കാരണമാകുന്നുണ്ട് എന്നാണ്. ഇതാണ് ബ്രാൻഡ്, വിസ്സൻ എന്നിവരുടെ 'ഇമ്പീരിയൽ മോഡ് ഓഫ് ലിവിങ്' എന്നതിന്റെ കേന്ദ്രബിന്ദു. അവർ പറയുന്നത്, വിഭവങ്ങളുടെ ചൂഷണത്തിലും പാരിസ്ഥിതികമായ സുസ്ഥിരമല്ലാത്ത തരത്തിലുമുള്ള ഉത്തരാർദ്ധ ഗോളത്തിലെ ജീവിതരീതികൾ, ദക്ഷിണാർദ്ധ ഗോളത്തിലെ ഊർജ, പ്രകൃതി വിഭവസ്രോതസുകളുടെ കാലഹരണത്തിന് കാരണമാകുന്നുണ്ട് എന്നാണ്.

ഗാന്ധിയൻ സാമ്പത്തിക ദർശനങ്ങളെ ആസ്പദമാക്കിയുള്ള പഠനങ്ങളിൽ കുമരപ്പ പാശ്ചാത്യ രീതിയിലുള്ള വികസനത്തെയും ഉപഭോഗ തൃഷ്ണയെയും നിശിതമായി വിമർശിക്കുന്നുണ്ട്. വികേന്ദ്രീകരണം, സ്വയംപര്യാപ്തത, പാരിസ്ഥിതിക സുസ്ഥിരത തുടങ്ങിയ കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ ബ്രാൻഡ്, വിസ്സൻ, സൈറ്റോ തുടങ്ങിയവരുടെ ചിന്തകളിലും പ്രതിഫലിക്കുന്നുണ്ട്. ഈ ചിന്തകരെല്ലാം മുന്നോട്ട് വയ്ക്കുന്ന ആശയങ്ങൾ പരിശോധിക്കുമ്പോൾ ആഗോള സമ്പദ്ഘടനകളും ഉപഭോഗ രീതികളും പാരിസ്ഥിതിക സുസ്ഥിരതയും തമ്മിലുള്ള അതിസങ്കീർണ്ണമായ ബന്ധം കാണാൻ കഴിയും. സാമ്പത്തിക വളർച്ച, വികസനം തുടങ്ങിയ കാര്യങ്ങളിലും പ്രകൃതിയെ കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകളിലും ഒരു പുനർ വിചിന്തനം ഇത് അനിവാര്യമാക്കുകയാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വെല്ലുവിളികൾ നേരിടുന്നതിന് കൂടുതൽ സംതുലിതവും സമഗ്രവുമായ സമീപനം ആവശ്യമാണ് എന്ന് ഇത് വ്യക്തമാക്കുകയാണ്.

പ്രകൃതി വിഭവങ്ങളുടെ അമിതമായ ചൂഷണത്തെ കുറിച്ച് കുമരപ്പ ആവർത്തിച്ചു തന്നെ പറയുന്നുണ്ട് (ചാത്തുകുളം, ജോസഫ് – 2023, 2024). അദ്ദേഹത്തിന്റെ 'വൈ ദി വില്ലേജ് മൂവ്മെന്റ് ' എന്ന പുസ്തകത്തിലെ ഒരു ഭാഗം നോക്കാം : ഖനികളും ക്വാറികളും മനുഷ്യന്റെ നിധിശേഖരങ്ങളാണ്. അമിതമായ ചൂഷണം വഴി ഇത് തീരുക സ്വാഭാവികമാണ്. അതുകൊണ്ട് ഇവയുടെ ഉപയോഗത്തിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. കൂടുതൽ പേർക്ക് തൊഴിൽ നല്കാൻ കഴിയുന്ന മേഖലകൾ കൂടിയാണ് ഇവ. നമ്മുടെ രാജ്യത്ത് നിന്നും അയിരുകൾ കയറ്റുമതി ചെയ്യുമ്പോൾ നമ്മുടെ പൈതൃകം കൂടിയാണ് കയറ്റി അയയ്ക്കപെടുന്നത് എന്ന കാര്യം നാം ഓർക്കണം. ഈ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മികച്ച ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനുള്ള അവകാശം നമ്മുടെ ജന്മാവകാശം കൂടിയാണ്. ഇന്ന് ഇന്ത്യയിൽ നിന്നും അയിരുകൾ കയറ്റുമതി ചെയ്യുകയാണ്. അതുവഴി ജനങ്ങൾക്ക് തൊഴിൽ നഷ്ടമുണ്ടാവുകയാണ്. ധാതുലവണങ്ങളും മറ്റു അസംസ്കൃത വസ്തുക്കളും മൂല്യവർധിത ഉപഭോക്തൃ ഉത്പന്നങ്ങളാക്കി മാറ്റാൻ കഴിയണം. ഏതെങ്കിലും സർക്കാർ അസംസ്കൃത

സാധനങ്ങൾ കയറ്റുമതി ചെയ്യുണ്ടെങ്കിൽ അത് ആ രാജ്യത്തോട് ചെയ്യുന്ന വലിയ പാതകം തന്നെയാണ് (കുമരപ്പ, 1936, പേജ് 111).

ആസൂത്രിതമായ കടന്നുകയറ്റമാണ് കോളനിവത്കരണത്തിലേക്കും തുടർന്ന് നിയോ കൊളോണിയൽ ചൂഷണത്തിലേക്കും നയിച്ചതെന്നാണ് ആൽബർട്ടോ അക്കോസ്റ്റ അഭിപ്രായയപ്പെടുന്നത്. ഇത്തരത്തിലുള്ള കടന്നുകയറ്റം ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും സംഭവിച്ചതായി കാണാം. ഇത് വ്യവസായങ്ങളുടെ വളർച്ചക്ക് സഹായകമാകുന്ന വിധത്തിൽ അസംസ്കൃത വസ്തുക്കളുടെ വൻതോതിലുള്ള ചൂഷണത്തിലേക്ക് നയിക്കുകയായിരുന്നു. ഉത്തരാർദ്ധ ഗോളത്തിലെ രാജ്യങ്ങളുടെ പുരോഗതിയിൽ ഇത് സുപ്രധാന ഘടകമായി മാറുകയുണ്ടായി. ദക്ഷിണാർദ്ധ ഗോളത്തിലെ രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ തകർച്ചക്ക് ഇത് കാരണമായി മാറുകയും ചെയ്തു (അക്കോസ്റ്റ, 2013).

ഒരു ക്രിസ്ത്യൻ, ഗാന്ധിയൻ സോഷ്യലിസ്റ്റ് എന്ന നിലയിലാണ് പലരും കുമരപ്പയെ വിലയിരുത്തിയിട്ടുള്ളത്. കാരണം, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു സാമ്പത്തിക മോഡലിന്റെ അടിസ്ഥാനം പ്രകൃതി, നീതി എന്നിവയിലാണ്. അത് സ്ഥിരതയാർന്നതും വികേന്ദ്രീകൃതവും ധാർമികമായി ശരിയുമായതായിരിക്കണം (മൂലക്കാട്ട്, 2022). ഗാന്ധി, കുമരപ്പ, എം. എഫ് ഷുമാക്കർ എന്നിവരുടെ അഭിപ്രായത്തിൽ കലുഷിതമായ ഒരു സമ്പദ്ഘടന എന്നതിനുപരിയായി സ്ഥിരതയാർന്ന ഒരു സമ്പദ്ഘടനയാണ് ഉണ്ടാകേണ്ടത് (നായർ, മൂലക്കാട്ട്, 2017). ഷുമാക്കരുടെ 'സ്മാൾ ഈസ് ബ്യൂട്ടിഫുൾ' എന്ന ഗ്രന്ഥാവും കുമരപ്പയുടെ 'ഇക്കോണമി ഓഫ് പെർമോൻസും' ഒരേ ആശയമാണ് പങ്ക് വയ്ക്കുന്നത് (നായർ, മൂലക്കാട്ട്, 2017).

2011 ൽ ഗാഡ്ഗിൽ റിപ്പോർട്ട് എന്നറിയപ്പെടുന്ന പശ്ചിമഘട്ട ഇക്കോളജി പാനൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. എല്ലാവരെയും ഉൾക്കൊള്ളുന്ന ജനാധിപത്യത്തിലും വികേന്ദ്രീകൃത അടിസ്ഥാനത്തിലുള്ളതുമായ ഒരു പാരിസ്ഥിതിക നിയന്ത്രണമാണ് ഈ റിപ്പോർട്ടിൽ മുന്നോട്ട് വയ്ക്കുന്നത്. ഗാന്ധിയുടെയും കുമരപ്പയുടെയും ഗ്രാമീണ റിപ്പബ്ലിക് എന്ന ആശയത്തെ പിൻപറ്റുന്ന തരത്തിലുള്ളതാണ് ഈ റിപ്പോർട്ട് എന്ന് കാണാം (നായർ, മൂലക്കാട്ട്, 2017).

വി. കെ. ആർ. വി റാവു ഇത്തരത്തിലുള്ള ധാർമികതയിലൂന്നിയ കാര്യങ്ങളിലും ഗ്രാമീണ മേഖലയെ ഫോക്കസ് ചെയ്യുന്നതുമായ ആശയങ്ങളോട് യോജിപ്പ് പ്രകടമാക്കിയിരുന്നു. 'ഗാന്ധിയൻ ആൾട്ടർനേറ്റീവ് ടു വെസ്റ്റേൺ സോഷ്യലിസം' (1970) എന്ന പുസ്തകത്തിലാണ് അദ്ദേഹം ഈ അഭിപ്രായം പ്രകടമാക്കുന്നത്. എന്നാൽ, വികേന്ദ്രീകരണം എന്ന ആശയത്തോട് പ്രത്യേകിച്ച് അതിന്റെ പ്രായോഗിക വശങ്ങളോട് അദ്ദേഹം തന്റെ വിയോജിപ്പ് പ്രകടമാക്കുന്നുണ്ട് (റാവു, 1970). കുമരപ്പയെ അദ്ദേഹം തുറന്നെതിർക്കുന്നില്ലെങ്കിലും വ്യാവസായിക മേഖലയുടെ ആസൂത്രണം, പൊതുമേഖലയുടെ മുന്നേറ്റം, മൂലധനത്തിന് പ്രാമുഖ്യം നൽകുന്ന ആധുനികവല്കരണം തുടങ്ങിയ അദ്ദേഹത്തിന്റെ ആശയങ്ങൾ ഗ്രാമങ്ങളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക അടിത്തറയിൽ നിന്നും അകലം പാലിക്കുന്ന തരത്തിലുള്ളതാണ്. മൂല്യങ്ങൾക്ക് റാവു പ്രാധാന്യം കല്പിക്കുന്നുണ്ടെങ്കിലും സാമ്പത്തിക യാഥാർഥ്യങ്ങൾക്കാണ് അദ്ദേഹം കൂടുതൽ പ്രാധാന്യം കല്പിച്ചതെന്ന് കാണാം. മൂലധനത്തെയും വ്യവസായത്തെയും അടിസ്ഥാനമാക്കിയുള്ള മാതൃകകൾക്കാണ് അദ്ദേഹത്തിന്റെ പിന്തുണ. അദ്ദേഹത്തിന്റെ 'ഇന്ത്യയുടെ ദേശീയ വരുമാനം 1950 – 1980' എന്ന ഗ്രന്ഥത്തിലും മറ്റു രചനകളിലും ഇത് വ്യക്തമാണ്.

പ്രാദേശികമായ യാഥാർഥ്യങ്ങളെ ഉൾക്കൊള്ളുന്നതും ഒപ്പം ജനങ്ങളുടെ അനുഭവങ്ങളുമാണ്

കുമരപ്പയുടെ സാമ്പത്തിക ആശയലോകമെന്ന് കാണാം. കൊളോണിയൽ, കാപിറ്റലിസ്റ്റ് ആശയങ്ങളെ വെല്ലുവിളിക്കുന്നതിനുള്ള കരുത്ത് അദ്ദേഹം സ്വാംശീകരിക്കുന്നത് ഇതിലൂടെയാണ് (ഗിരീശൻ, 2018). കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രതിസന്ധി, സാമൂഹ്യവും സാമ്പത്തികവുമായ അസമത്വം, ഗ്രാമീണ മേഖലയിലെ വികസന മുരടിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നതിന് ഇന്ത്യയിലെ പൊതുധനകാര്യ വിദഗ്ദർ കുമരപ്പയുടെ ആശയങ്ങൾ പ്രയോഗികമാക്കേണ്ടത് ആവശ്യമാണ് (ഗിരീശൻ, 2018). അത് ഇന്നത്തെ ഇന്ത്യയിൽ പൊതുധനകാര്യ രംഗത്തെ ഇടപെടലിന് ധാർമികവും പരിസ്ഥിതികവുമായ അടിത്തറ പാകുന്നതാണ്. ഗാന്ധിയൻ സാമ്പത്തിക മോഡലിന്റെ അംബാസഡർ എന്നാണ് ശിവാനന്ദ ഷെട്ടാർ തന്റെ 'ജെ. സി കുമരപ്പ : ദി എഡ്യൂക്കേഷണൽ ആൻഡ് കൾച്ചറൽ അംബാസഡർ ഓഫ് ഗാന്ധിയൻ മോഡൽ ഓഫ് ഡെവലപ്മെന്റ്" എന്ന പ്രബന്ധത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത് (ഷെട്ടാർ, 2018).

ബ്രിട്ടീഷ് ഇന്ത്യയിലും തുടർന്നും ഇന്ത്യയിലെ ഒരു വിഖ്യാതനായ സാമ്പത്തിക വിദഗ്ദനായിരുന്നു പി. ജെ തോമസ്. അദ്ദേഹവും ഗ്രാമീണ മേഖലയിലെ ആസൂത്രണം, പൊതുധനകാര്യം, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ രംഗങ്ങളിൽ കുമരപ്പയുടേതുമായി സാമ്യമുള്ള ചിന്തകൾ പങ്ക് വയ്ക്കുന്നുണ്ട് (തോമസ്, 2021). 'ജെ .സി കുമരപ്പ' എന്ന പേരിൽ പുറത്തിറക്കിയ പുസ്തകത്തിൽ ജോൺ മൂലക്കാട്ട് പറയുന്നത് ഗാന്ധിജിയും ഇ. എം. എസ് നമ്പൂതിരിപ്പാടും മുന്നോട്ട് വച്ച അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള ആശയങ്ങൾ തൊണ്ണൂറുകളുടെ മധ്യത്തിൽ ജനകീയ ആസൂത്രണം പദ്ധതിയിലൂടെ സ്വാർഥകമാക്കാൻ കഴിഞ്ഞുവെങ്കിലും കുമരപ്പയുടെ ശ്രമങ്ങൾ പ്രായേണ പിന്തള്ളപ്പെടുകയായായിരുന്നു എന്നാണ് (മൂലക്കാട്ട്, 2022). ഒരു ജനകീയൻ എന്ന പരിവേഷമുണ്ടാക്കാൻ അദ്ദേഹം തുനിഞ്ഞിരുന്നില്ല എന്നതാണ് ഇതിന് കാരണം. ഗാന്ധിജി, നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, അംബേദ്കർ തുടങ്ങിയ പ്രമുഖരുടെ ബയോപിക്കുകളും ഡോകുമെന്ററികളും നിർമ്മിക്കപ്പെട്ടപ്പോൾ കുമരപ്പയുടെ കാര്യത്തിൽ അത് ഉണ്ടായില്ല. എന്നാൽ അദ്ദേഹത്തിന്റെ ആശയങ്ങൾ ലഗാൻ, സ്വേഡ്, പീപ്ലി ലിവ്, ജയ് ഭീം തുടങ്ങിയ ബോളിവുഡ് സിനിമകളിൽ പരാമർശിക്കപ്പെടുന്നുണ്ടെന്നാണ് എ. എം ജോസ് അഭിപ്രായപ്പെടുന്നത്.[2]

അക്കാദമിക് വൃത്തങ്ങളിലും വേണ്ടത്ര പരിഗണന കുമരപ്പക്ക് ലഭിച്ചിട്ടില്ലെന്നത് വ്യക്തമാണ്. ഗാന്ധിയൻ സ്റ്റഡീസ്, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ പഠനത്തിൽ ഇന്ത്യയിലും വിദേശത്തും അദ്ദേഹത്തിന്റെ സംഭാവനകൾക്ക് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള യുവ പ്രഫസർമാർക്ക് പോലും കുമരപ്പയുടെ സംഭാവനകളെ കുറിച്ച് കാര്യമായ ധാരണയില്ല. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (2020) ഭാഗമായി സാമ്പത്തികശാസ്ത്രം എന്ന വിഷയത്തിന് കാര്യമായ പ്രാമുഖ്യം ലഭിച്ചിട്ടുണ്ട്. അത് കരിക്കുലത്തിന്റെയും സിലബസിന്റെയും ഭാഗമാണ്. പക്ഷെ ഇത്തരത്തിൽ സിലബസ് രൂപപ്പെടുത്തുമ്പോൾ കുമരപ്പയുടെ ചിന്തകൾ അതിൽ ഉൾപ്പെടുത്തുന്നതിന് വിദഗ്ദർ അത്ര താല്പര്യം പ്രകടമാക്കുന്നില്ല . അതിന് അവർ പറയുന്ന ന്യായം, കുമരപ്പയുടെ സംഭാവനകളെ കുറിച്ച് അവർക്ക് പോലും കാര്യമായ ഗ്രാഹ്യം ഇല്ലെന്നതാണ്. അംബേദ്കർ യൂണിവേഴ്സിറ്റി പോലെ ഗാന്ധിയൻ സ്റ്റഡീസിന് നല്ല പ്രാധാന്യം നൽകുന്ന സർവകലാശാലകളിൽ പോലും കുമരപ്പയുടെ സംഭാവനകളെ കുറിച്ച് ഒരു പേപ്പർ പോലും പഠിക്കാനില്ലെന്നതാണ് വസ്തുത.

ഇത് കുമരപ്പയുടെ മാത്രം കാര്യമല്ല. റൊമേഷ് കെ. ദിവാൻ, മാർക്ക് ലുറ്റ്സ്, അമ്ലൻ ദത്ത,

മാർക്ക് ലിൻഡ്‌ലെ, നരേന്ദർ പാനി, ജെ .ഡി സേഥി, ബി. എൻ ഘോഷ്, അമൃതാനന്ദ ദാസ് തുടങ്ങിയ പ്രശസ്തരായ ഗാന്ധിയൻ പണ്ഡിതരുടെയും സ്ഥിതി ഇത് തന്നെയാണ്. തുടർ വായനക്ക് ഉൾപ്പെടുത്തുന്ന പുസ്തകങ്ങളുടെ കൂട്ടത്തിൽ പോലും ഇവരുടെ പുസ്തകങ്ങൾ ഇടം പിടിക്കുന്നില്ലെന്നതാണ് ദൗർഭാഗ്യകരം. ദിവാൻ, ലുറ്റ്സ് എന്നിവർ സംയുക്തമായി തയ്യാറാക്കിയ ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തെ കുറിച്ചുള്ള പ്രബന്ധങ്ങൾ (1987) ദിവാന്റെ ഗാന്ധിയൻ ഇക്കണോമിക്സ് : ഇന്ഫന്സ് ആസ് റിയൽ വെൽത്ത് (1979), ജെ. ഡി സേഥിയുടെ ട്രസ്റ്റീഷിപ്പ് : ഗാന്ധിയൻ ആൾട്ടർനേറ്റീവ് (1986), അമ്‍ലൻ ദത്തയുടെ ദി ഗാന്ധിയൻ വേ (1986) മാർക്ക് ലിൻഡ്‌ലിയുടെ ഗാന്ധി ഓൺ ഹെൽത്ത് (2019) ബി. എൻ ഘോഷിന്റെ ബിയോണ്ട് ഗാന്ധിയൻ ഇക്കണോമിക്സ് : ട്യുവേഴ്സ് എ ക്രിയേറ്റിവ് ഡീക്കൺസ്ട്രക്ഷൻ (2013), നരേന്ദ്ര പാനിയുടെ ഇന്‌ലക്ലൂസിവ് ഇക്കണോമിക്സ് : ഗാന്ധിയൻ മേത്തോട് ആൻഡ് കണ്ടമ്പററി പോളിസി (2001), അമൃതാനന്ദ ദത്തയുടെ ഫൗണ്ടേഷൻ ഓഫ് ഗാന്ധിയൻ ഇക്കണോമിക്സ് (1979) എന്ന് തുടങ്ങിയ വളരെ പ്രധാനപ്പെട്ട പുസ്തകങ്ങളൊന്നും തന്നെ വായിക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ട പുസ്തകങ്ങളുടെ കൂട്ടത്തിൽ പോലുമില്ല.

പലപ്പോഴും ഗാന്ധിജിയെ കുറിച്ചുള്ള പഠനങ്ങളിലും സാമ്പത്തികശാസ്ത്രത്തെ കുറിച്ചുള്ള പഠനങ്ങളിലും അടിക്കുറിപ്പ് എന്ന നിലയിലാണ് കുമരപ്പയുടെ പഠനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. 'ജെ. സി കുമരപ്പ : ഗാന്ധിയുടെ സാമ്പത്തിക ശാസ്ത്രജ്ഞൻ' എന്ന പുസ്തകത്തിൽ മാർക്ക് ലിൻഡ്‌ലെ എഴുതുന്നു, രണ്ടു വിദഗ്ദർ എന്നോട് പറഞ്ഞിട്ടുണ്ട് കുമരപ്പയെ ഒരിക്കലും ഗാന്ധിയുടെ സാമ്പത്തിക വിദഗ്ദൻ എന്ന് വിളിക്കരുതെന്ന്. 1988 ൽ കേരളത്തിൽ നിന്നുള്ള ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ പറഞ്ഞത് കുമരപ്പ ഒരു നല്ല മനുഷ്യനായിരുന്നു, പക്ഷെ നല്ല സാമ്പത്തിക വിദഗ്ധനല്ല. ഹംഗറി, തുർക്കി എന്നീ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന അമേരിക്കയിൽ നിന്ന് പഠനം പൂർത്തിയാക്കിയ ഒരു പ്രഫസർ എന്നോട് പറഞ്ഞത്, ഒരു സാമ്പത്തിക ചിന്തകൻ എന്നതിന് ഉപരിയായി ഒരു ഗാന്ധിയൻ എന്ന് മാത്രമേ അദ്ദേഹത്തെ വിശേഷിപ്പിക്കേണ്ടതുള്ളൂ എന്നാണ് (ലിൻഡ്‌ലെ–2007). ധാർമികതയിലൂന്നിയ സാമ്പത്തിക സിദ്ധാന്തം എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സംഭാവനകളെ പ്രത്യേകമായി പരിഗണിക്കുന്നതിന് പകരം ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തിന്റെ അനുബന്ധം എന്ന നിലയിലാണ് പല ചിന്തകരും അദ്ദേഹത്തെ വീക്ഷിച്ചിരുന്നത്.

**ചർച്ച, ഉപസംഹാരം**

പൊതുചെലവുകളുടെ കാര്യത്തിൽ ഉണ്ടാകേണ്ട ധാർമികതയും ഉയർന്ന ഗുണമേന്മയുമാണ് പൊതുധനകാര്യത്തെ കൂടുതൽ പ്രസക്തമാക്കുന്നത്. എന്നാൽ ഇന്ത്യയിൽ ഇത്തരം ഘടകങ്ങൾക്ക് സാമ്പത്തിക വിദഗ്ധരും നയരൂപീകരണ കർത്താക്കളും കാര്യമായ പ്രാധാന്യം നൽകുന്നില്ല എന്നതാണ് ഖേദകരമായ വസ്തുത (ചാത്തുകുളം, 2024, കർണ്ണം, 2022). ഇവിടെയാണ് ഇന്ത്യയിലെ പൊതുധനകാര്യ രംഗത്തെ ഘടനയും അതിന്റെ ചരിത്രപരമായ പ്രവണതകളും വിലയിരുത്തിക്കൊണ്ട് കുമരപ്പ തന്റെ ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. ചെലവഴിക്കുന്നതിനുള്ള തീരുമാനങ്ങളെ സ്വാധീനിക്കുന്ന രാഷ്ട്രീയമായ ഘടകങ്ങളും മികച്ച പ്രവർത്തന രീതികളും പ്രയോജനപ്പെടുത്തി രാജ്യത്തിന്റെ പൊതുധനകാര്യ രംഗത്ത് തിരുത്തലുകൾ വരുത്താൻ കഴിയുന്നതാണ് (ചാത്തുകുളം, 2024). കുമരപ്പയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ നിഗമനങ്ങളത്രയും യഥാർത്ഥ സ്ഥിതിയെ

കുറിച്ചുള്ള പഠനങ്ങളെ ആധാരമാക്കിയുള്ളതാണ്. എന്നാൽ ഇന്ന്, നയരൂപീകരണ കർത്താക്കളും വിദഗ്ധരും തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിൽ പൊതുവെ ആശ്രയിക്കുന്നത് ദ്വിതീയ, ത്രിതീയ വിവരങ്ങളെയാണ്. നേരിട്ട് ശേഖരിക്കുന്ന വിവരങ്ങൾ പൊതുവെ കുറവാണെന്ന് കാണാം. അതുകൊണ്ടുള്ള പ്രശ്നം പൊതുധനകാര്യ മേഖലയെ ഒരു പ്രഫഷനായി കാണുന്ന പലർക്കും അടിസ്ഥാന തലത്തിലുള്ള യാഥാർഥ്യങ്ങളെ കുറിച്ച് ധാരണകൾ കുറവാണ് എന്നതാണ്. ഗാന്ധി – കുമരപ്പ മോഡൽ മുന്നോട്ട് വയ്ക്കുന്നത് സാംസ്കാരികവും സാമൂഹ്യവുമായ ഒരു അഴിച്ചുപണിയാണ്. അത് കേവലം സാമ്പത്തിക നീക്കുപോക്കുകളല്ല (നാദ്കർണി, 2018). തന്റെ 'ഇക്കോണമി ഓഫ് പെർമോൻസ്' എന്ന ഗ്രന്ഥത്തിലൂടെ കുമരപ്പ പാരിസ്ഥിതികവും ധാർമികവും സുസ്ഥിരതയാർന്നതുമായ ഒരു മാറ്റം മുന്നോട്ട് വയ്ക്കുകയാണ്.

ധാർമികതയെ അടിസ്ഥാനമാക്കി കുമരപ്പ മുന്നോട്ട് വയ്ക്കുന്ന സാമ്പത്തിക വികസനം ചില പ്രധാന ഘടകങ്ങളെ ആധാരമാക്കുന്നുണ്ട്. പാരസൈറ്റിക് ഇക്കോണമി, പ്രിഡേറ്ററി ഇക്കോണമി, എന്റർപ്രൈസ് ഇക്കോണമി, ഗ്രിഗറിയാസ് ഇക്കോണമി, സേവാ ഇക്കോണമി എന്നിവയാണ് അവ. ആധുനിക പൊതുധനകാര്യം ചില കാര്യങ്ങളിൽ പാരാസൈറ്റിക്, പ്രിഡേറ്ററി ഇക്കോണമികളുമായി ചേർന്ന് പോകുന്നവയാണെന്ന് കാണാം. എന്നാൽ എന്റർപ്രൈസ് ഇക്കോണമി എന്ന നിലയിലാണ് പൊതുവിൽ അത് വിവക്ഷിക്കപ്പെടുന്നത്. ഇന്ത്യയിലെ പൊതുധനകാര്യ മേഖലക്ക് കുമരപ്പ മഹത്തായ സംഭാവനകളാണ് നല്കിയിട്ടുള്ളതെങ്കിലും അതിനെ അംഗീകരിക്കുന്നവർ ചുരുക്കം ചിലർ മാത്രമാണ്. ബദൽ വികസന ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്ന ധനകാര്യ വിദഗ്ദർ പോലും ഗാന്ധി – കുമരപ്പ മോഡലിനെ ഉൾക്കൊള്ളുന്ന കാര്യത്തിൽ പരാജയമായി മാറുകയായിരുന്നു (റേ,2024). ലോകത്തെ എല്ലാ രാജ്യങ്ങളും 2030 ഓടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള തീവ്രയത്നത്തിലാണ്. ഗാന്ധി – കുമരപ്പ വീക്ഷണത്തെ കാര്യമായി പരിഗണിക്കുക വഴിയായി ഇന്ത്യക്ക് മറ്റു രാജ്യങ്ങളുടെ മുൻപേ ഗമിക്കുവാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയുന്നതാണ്.

ഗാന്ധി – കുമരപ്പ മോഡൽ ഇന്നത്തെ സാഹചര്യത്തിൽ പൂർണ്ണമായി നടപ്പാക്കുക എന്നത് പ്രായേണ അപ്രായോഗികമായ ഒന്നാണെന്ന് നമുക്ക് മനസിലാക്കാം. എന്നാൽ സാമൂഹ്യമായ പ്രതിബദ്ധതയിൽ ഊന്നി നിൽക്കുന്ന ബദൽ മോഡലുകൾ സാധ്യമാക്കേണ്ടതുണ്ട്. പാവപ്പെട്ടവരുടെയും അരികുവൽക്കരിക്കപ്പെട്ടവരുടെയും കണ്ണിലൂടെ കാണുന്ന സാമ്പത്തിക വിദഗ്ധരെയും പൊതുധനകാര്യ വിദഗ്ദരെയുമാണ് ഇന്നത്തെ ഇന്ത്യക്ക് ആവശ്യം. പൊതുധനകാര്യമാണ് ശക്തമായ ഒരു രാജ്യത്തെ സൃഷ്ടിക്കുന്നതെന്ന് പറയാം. അത് ദുരുപയോഗം ചെയ്യുന്ന നിലയുണ്ടായാൽ സാമ്പത്തികമായി മികച്ച നില നേടിയ ആളുകളെ പോലും അപകടത്തിലാക്കുന്ന സ്ഥിതിയുണ്ടാകും. മറ്റേത് ശക്തമായ ഉപാധികളെന്ന പോലെ ഈ ശാസ്ത്രവും നന്മക്കും തിന്മക്കും വേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും. അതുകൊണ്ട് നന്മ കാംക്ഷിക്കുന്നവർ വേണം ഇത് കൈകാര്യം ചെയ്യുവാൻ എന്നാണ് 'പബ്ലിക് ഫിനാൻസ് ആൻഡ് അവർ പോവർട്ടി' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ കുമരപ്പ പറയുന്നത് (കുമരപ്പ – 1930).

ഗാന്ധിജിയുടെ ചിന്തകൾ തന്നെയാണ് കുമരപ്പയുടെ ആശയങ്ങൾക്ക് ഊടും പാവും പകർന്നിരിക്കുന്നത്. ഗാന്ധിജി പറയുന്നു– 'നാം കണ്ടുമുട്ടുന്നവരിൽ ഏറ്റവും ദരിദ്രനായ ആളുടെ മുഖം മനസിലോർമിക്കുക. താൻ എടുക്കുന്ന നടപടി ആ വ്യക്തിക്ക് എന്തെങ്കിലും

പ്രയോജനം ഉണ്ടാക്കുമോ എന്ന് മനസിൽ ചോദിക്കുക. അതുകൊണ്ട് എന്തെങ്കിലും നേട്ടം അയാൾക്ക് അല്ലെങ്കിൽ അവൾക്ക് ഉണ്ടാകുമോ? ആ വ്യക്തിയുടെ ജീവിതത്തിലും ലക്ഷ്യത്തിലും അത് ഏതെങ്കിലും നേട്ടം കൈവരുത്തുമോ? മറ്റൊരു വിധത്തിൽ പറഞ്ഞാൽ അത് ലക്ഷങ്ങളുടെ വിശപ്പ് മാറ്റുവാൻ പര്യാപ്തമാകുമോ? അപ്രകാരമായാൽ നമ്മുടെ സംശയങ്ങൾക്ക് അത് കൃത്യമായ ഉത്തരം നൽകും.' (പ്യാരേലാൽ –1958).

പ്രകൃതി വിഭവങ്ങളുടെ ചൂഷണം എന്ന വാക്ക് കുമരപ്പ പ്രയോഗിച്ചിട്ടില്ല. പക്ഷെ കോളനിവൽക്കരണ ഘട്ടത്തിലെ കൊള്ളയെ കുറിച്ചാണ് അദ്ദേഹം സംസാരിച്ചിട്ടുള്ളത്. പിന്നീട് ഇത്തരത്തിൽ ചൂഷണം ചെയ്യുന്നതിന് പല മാർഗ്ഗങ്ങൾ പരീക്ഷിക്കപ്പെട്ടു.[3] ഇന്നത്തെ പൊതുധനകാര്യ ചിന്തകളിൽ ഇത് കാര്യമായി ചർച്ച ചെയ്യപ്പെടുന്നില്ല എന്നതാണ് അത്ഭുതപ്പെടുത്തുന്ന വസ്തുത.[4] അതിനാധാരമായി വർത്തിക്കുന്ന രാഷ്ട്രീയ പരിസരം പുതിയ കാലത്തേ ചിന്തകളിൽ ഇടം പിടിക്കുന്നില്ല എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനെ (ഗിഫ്റ്റ്) പോലുള്ള ചില സ്ഥാപനങ്ങൾ പൊതുധനകാര്യ രംഗത്തെ പ്രവണതകളെ കുറിച്ച് ഗൗരവതരമായ ചർച്ചകൾ നടത്തുന്നു എന്നത് ആശ്വാസകരമായ ഒന്നാണ്. 2025 മാർച്ച് 19 മുതൽ 21 വരെ ഗിഫ്റ്റ് 'റീതിങ്കിങ് പബ്ലിക് ഫിനാൻസ് ഫോർ എമേർജിങ് ഡെവലപ്മെന്റ് ചലഞ്ചേസ്' എന്ന വിഷയത്തെ അധികരിച്ച് ഒരു ത്രിദിന അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. ഗൗരവതരമായ ചർച്ചകൾക്ക് ഈ സമ്മേളനം വേദിയായി.

'റെലവൻസ് ഓഫ് ഇക്കോണോമിക് ഐഡിയാസ് ആൻഡ് ഐഡിയൽസ് ഓഫ് മഹാത്മാ ഗാന്ധി ആൻഡ് ജെ. സി കുമരപ്പ ഇൻ ടുഡേയ്സ് കോൺടാക്സ്റ്റ് ഓഫ് ഡി സെൻട്രലൈസേഷൻ ആൻഡ് ഡെവലപ്മെന്റ്' എന്ന പ്രബന്ധത്തിൽ പി. പി പിള്ള പറയുന്നത്, ഗാന്ധിജിയെ കുറിച്ച് അല്പമെങ്കിലും സ്നേഹമോ , കരുതലോ, ബഹുമാനമോ ഇന്ത്യക്കാർക്ക് ഉണ്ടെങ്കിൽ ഗാന്ധിജി, കുമരപ്പ എന്നിവരുടെ വികസന രംഗത്തെ ആശയങ്ങൾ പരിഗണിക്കപ്പെടാതെ പോകരുത് എന്നാണ് (പിള്ള – 2018).

**കടപ്പാട്**

ഈ പ്രബന്ധം തയാറാക്കുന്നതിന് സഹായകമായ നിർദേശങ്ങൾ നൽകിയ പ്രഫസർ ജോൺ എസ്. മൂലക്കാട്ട്, സീനിയർ ഫെലോ, ഐ സി എസ് എസ് ആർ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് മഹാത്മാഗാന്ധി സർവകലാശാല, ഡോ. എ. എം ജോസ്, പ്രഫസർ ആൻഡ് ഹെഡ്, അമിറ്റി സ്കൂൾ ഓഫ് ഇക്കോണോമിക്സ് എന്നിവരോടുള്ള കടപ്പാട് അറിയിക്കുന്നു. ഈ ലേഖനത്തിലെ അഭിപ്രായങ്ങളും ആശയങ്ങളും ലേഖകന്റേത് മാത്രമാണ്. ഇതിൽ വന്നു ചേർന്നിട്ടുള്ള തെറ്റുകൾക്ക് ലേഖകൻ മാത്രമായിരിക്കും ഉത്തരവാദി.

■

(ബംഗളുരുവിലെ ഇൻസ്റ്റിട്യൂട്ട് ഓഫ് സോഷ്യൽ ആൻഡ് ഇക്കോണോമിക് ചേഞ്ച് എന്ന സ്ഥാപനത്തിലെ ശ്രീ രാമകൃഷ്ണ ഹെഗ്ഡെ ചെയർ പ്രഫസറാണ് ജോസ് ചാത്തുകുളം. കോട്ടയത്തെ സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് (സി ആർ എം) എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ കൂടിയാണ് അദ്ദേഹം).

## Endnotes

[1] The author has developed'AI-driven analysis within the framework of Transhumanism' to Kumarappa's philosophical and economic ideas on public finance on July 15, 2025. The aim is to provide insights into his likely position on GST, had he been alive to consider the issue.

[2] A. M. Jose is the Professor and Head, Amity School of Economics, Amity Business School, Amity University, Haryana, India (Interviewed on July 17, 2025

[3] Extrativism refers to large scale extraction of natural resources, often driven by external economic interests with significant environmental and social impacts. The economy's reliance on exporting raw materials driven by entrenched economic interests and rent -seeking behavior, perpetuates a pattern of limited value addition and unsustainable development (Acosta, 2013).

[4] Neo- extrativism is a newer form of extractivism characterized by state -led or state captured resource extraction, often with promises of more equitable and better environmental management. Empirical evidence suggests that the promises of development are often rhetorical, and the process is instead characterized by rent -seeking behavior, which undermines the potential benefits of policy initiatives (Acosta, 2013).

## References

Acosta, A. (2013). Extractivism and Neoextractivism: Two Sides of the Same Curse. In MiriamLang and DuniaMokrani (eds.), *Beyond Development: Alternative Visions from Latin America,* 61-86. Quito: Rosa Luxemburg Foundation and Amsterdam: Transnational Institute.

Adiseshiah, M.S. (1970). Let My Country Awake: The Human Role in Development, Thoughts on the Next Ten Years, UNESCO.

Adiseshiah, M.S. (1985). Some Thoughts on the Seventh Five Year Plan, 1985-1990. Dialogue Publishers.

Adiseshiah, M.S. (1988). *Economics of Environment.* New Delhi: Lancer International.

Annamalai, S. (2017, January 4). An economist with eyes of the poor, *The Hindu.*

Bandhu, P. (2018). Exploring Gandhian Ideas on Political and Economic Decentralization as Peace-Keeping Forces, *Gandhi Marg,* 39 (4), 301-310.

Brand, U., & Wissen , M. (2021). The Imperial Mode of Living. Everyday Life and the Ecological Crisis of Capitalism. Verso.

Chathukulam, J and Joseph, M. (2024). Rethinking and Transforming Critiques of Political Economy: Gandhi-Kumarappa Pathways. In Anant Kumar Giri (Ed), *Contemporary Contributions to Critiques of Political Economy: Mapping Alternative Planetary Futures* (pp.187-200). Routledge.

Chathukulam, J. (2024). Decoding the trends and composition of public expenditure in India. *Indian Public Policy Review,* 5(5 (Sep-Oct)), 148-152. https://doi.org/10.55763/ippr.2024.05.05.005

Chathukulam, J., Joseph, M. (2023). Making of a Climate Smart Village: A Study on Meenangadi Gram Panchayat in Kerala (India). In Nautiyal, S., Gupta, A.K., Goswami, M., Imran Khan, Y.D. (eds) *The Palgrave Handbook of Socio-ecological Resilience in the Face of Climate Change.* Palgrave Macmillan, Singapore. https://doi.org/10.1007/978-981-99-2206-2_17

Chathukulam, J., Kumar, J and Gireesan, K. (2018). Special Issue on Gandhi-Kumarappa Perspective on Decentralisation and Development, *Gandhi Marg,* 39 (4).

Chathukulam, Jos and Joseph, Manasi. (2023). "Making of a Climate Smart Village: A Study on Meenangadi Gram Panchayat in Kerala (India)". In: Nautiyal, S., Gupta, A.K., Goswami, M., Imran Khan, Y.D. (eds) *The Palgrave Handbook of Socio-ecological Resilience in the Face of Climate Change* (pp.277-298). Palgrave Macmillan, Singapore. https://doi.org/10.1007/978-981-99-2206-2_17

Chathukulam, Jos., Joseph, Manasi., Rekha, V., Balamurali, C.V and Thilakan, T.V. 2021). Mission Antyodaya: Well Envisioned but Poorly Understood, *Gandhi Marg,* 43 (2): 151-186.

Dutta, Amlan.(1986), *The Gandhian Way,* North-Eastern Hill University Publication

Gireesan, K. (2018). Contemporary Discourse on Sustainable Development: Revisiting the Perspectives of Kumarappa, *Gandhi Marg,* 39 (4), 345 -346.

Govindu, V.M., and Malghan, D. (2005). Building a Creative Freedom: J C Kumarappa and His Economic Philosophy, *Economic and Political Weekly,* 40 (52), 5477 -5485.

Guha, R. (1994). Gandhi the Environmentalist? *Seminar,* No. 413, New Delhi.

Hickel, J. (2020). Less is *More: How Degrowth Will Save the World.* William Heinemann.

Jackson, T. (2009). *Prosperity Without Growth: Foundations for the Economy of Tomorrow.* Routledge.

Karnam, G. (2022). *Public Expenditure in India: Policies and Development Outcomes,* Oxford University Press, Oxford.

Kumarappa, J. C. (1930). *Public Finance and our Poverty. The Contribution of Public Finance to the Present Economic State of India.* Ahmedabad: Navajivan Publishing House.

Kumarappa, J. C. (1936). *Why the Village Movement.* Wardha: All India Village Industries Association.

Kumarappa, J. C. (1945). *Economy of Permanence.* Varanasi: SarvaSeva Sangh Prakashan.

Kumarappa, J.C. (1931). A Survey of Matar Taluka: Kaira District. Gujarat Vidyapith.

Lindley, M. (2007). J C Kumarappa: Mahatma Gandhi's Economist, Popular Prakashan Pvt Ltd.

Lindley, M. (2019). *Gandhi on Health,* Gandhi Research Foundation

Nadkarni, M.V. (2018). An Alternative Holistic Paradigm of Development on Gandhi - Kumarappa Perspective, *Gandhi Marg,* 39 (4), 283-300.

Nair, N. V and Moolakkattu, J.S. (2017). The Western Ghats Imbroglio in Kerala: A Political Economy Perspective, Economic and Political Weekly, 52 (34), 56-65.

Nair, N.V., and Moolakkattu, J.S. (2018). Revisiting the Discourse on Protection of Western Ghats from a Gandhi-Kumarappa Perspective, *Gandhi Marg,* 39 (4), 311-330.

Moolakkattu, J. S. (2022), (Malayalam). J.C. *Kumarappa. Kottayam*: SPSS

Panigrahi, S. (2024, August 2). Surjit Bhalla says India's tax-to-GDP ratio high for a developing country; sparks debate at seminar. *The Print.*

Patnaik, P. (2017). A Dangerous Analogy, International Development Economics Associates LTD, IDEAS.

Pillai, P. P. (2018). Relevance of Economic Ideas and Ideals of Mahatma Gandhi and J C Kumarappa in Today's Context of Decentralization and Development, *Gandhi Marg,* 40 (1&2),107-112.

Polanyi, K. (1944). *The Great Transformation: The Political and Economic Origins of Our Time.* Farrar and Rinehart.

Pyarelal. (1958). *Mahatma Gandhi: The last phase* (Vol. II, p. 65). Ahmedabad: Navajivan Publishing House.

Rao, V.K.R.V. (1970). The Gandhian Alternative to Western Socialism. Bombay: Bharatiya Vidya Bhavan

Ray, S. (2024). *Birth of an Alternative Development Paradigm: Unfolding the Transformative Mode of Production. Kolkata:* Germinal Publications.

Saito, K. (2024). *Slow Down: How Degrowth Communism Can Save the Earth.* Astra House.

Schumacher, E.F. (1973). *Small is Beautiful: Economics as if People Mattered,* Blond and Briggs.

Shettar, S. (2018). J C Kumarappa: The Educational and Cultural Ambassador of Gandhian Model of Development, *Gandhi Marg,* 40 (1&2),107-112.

Tharoor, S. (2015). Shashi Tharoor-Britain Does Owe Reparations, Oxford Union Debate, YouTube.

Tharoor, S. (2016). *An Era of Darkness: The British Empire in India.* Aleph Book Company.

Thangaraj. M. (2018). A Note on J.C. Kumarappa Committee on Agrarian Reforms, *Gandhi Marg,* 40 (1&2),107-112.

Thavaraj, M.J.K. (1975). Fiscal Policies and Inflation: The Indian Experience, *Social Scientist,* 3 (6-7), 43-56.

Thavaraj, M.J.K. (1978). *Financial Management of Government.* Sultan and Sons.

The Hindu. (2021, November 12). Public finance expert M. Govinda Rao calls for inclusion of fuel, power and real estate under the ambit of GST, *The Hindu.*

The New Indian Express. (2019, April 4). Administration of GST does not command trust of states: Former RBI Governor Y V Reddy, *The New Indian Express.*

Thimmaiah, G. (1979). *Studies in Indian Public Finance.* New Delhi: Kalyani Publishing.

Thomas, E. M. (2021). *Collected Scientific Papers of the Pioneering Economist and Planner P J Thomas.* New Delhi: Academic Foundation

Upadhyay, D.(1965). Integral Humanism: An Analysis of Some Basic Elements: Bestseller Book by Deendayal Upadhyaya: Integral Humanism: An Analysis of Some Basic Elements. Prabhat Prakashan.

Victus. S. (2018). Decentralization and Inter-Generational Justice in J.C. Kumarappa's Writings, *Gandhi Marg,* 39 (4), 331-340.

Zachariah, B. (2005). *Developing India: An Intellectual and Social History,1930-1950,* Oxford University Press.

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 3*
*ജൂലൈ- സെപ്റ്റംബർ 2025*

# കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ റവന്യൂ വരുമാനം : വളർച്ചയുടെ രീതിയും പ്രവണതകളും – ഒരു അവലോകനം

ഭദ്ര വിനീത്, സുമലത ബി. എസ്

**സംഗ്രഹം**

*കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും കഴിഞ്ഞ 22 വർഷക്കാലത്തെ വരുമാനത്തിന്റെ ഘടനയും അതിന്റെ വളർച്ചയുടെ പ്രവണതകളെയും വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. 2002–03 മുതൽ 2023–24 വരെയുള്ള ഘട്ടത്തിലെ കണക്കുകളാണ് ഇതിൽ പരിശോധിക്കുന്നത്. കൺട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും ഔദ്യോഗിക വിവരങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ഈ പഠനം നികുതി, നികുതിയേതര വരുമാനങ്ങളിൽ ഉണ്ടായ ഘടനാപരമായ മാറ്റങ്ങൾ പരിശോധിക്കുകയാണ്. 2017 ൽ നടപ്പാക്കിയ ചരക്ക് –സേവന നികുതി (ജി എസ് ടി) ഉണ്ടാക്കിയ മാറ്റങ്ങളാണ് ഇതിൽ പ്രാമുഖ്യം നൽകി പരിശോധിക്കുന്നത്. ജി എസ് ടി നടപ്പിൽ വന്നതോടെ പരോക്ഷ നികുതി വരുമാന രംഗത്ത് കേന്ദ്രീകൃത സ്വഭാവം കൈവരികയും ധനകാര്യ ഫെഡറൽ ഘടനയിൽ കാര്യമായ മാറ്റങ്ങൾക്ക് അത് വഴിമരുന്നാവുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ വരുമാന ഘടനയിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചതായി ഈ പഠനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. വരുമാനത്തിനായി പ്രത്യക്ഷ നികുതിയെയും ജി എസ് ടി യെയും കേന്ദ്രം കൂടുതലായി ആശ്രയിക്കുന്ന നിലയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരുകളുടെ കാര്യത്തിൽ സമ്മിശ്രമായ ഒരു രീതിയാണ് ഉണ്ടായതെന്ന് കാണാം. കേന്ദ്ര നികുതി വിഹിതത്തെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ സംസ്ഥാനങ്ങൾക്ക് വന്നു ചേർന്നു. സംസ്ഥാന തലത്തിലുള്ള നികുതികളുടെ പ്രസക്തി പൊതുവെ കുറയുന്നതായും സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ ധനകാര്യ മേഖലയിൽ പ്രകടമായ അസമത്വം നിലനിൽക്കുന്നതാണ് പഠനത്തിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് തങ്ങളുടെ വരുമാനം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ധനകാര്യ മാനേജ്മെന്റ് രംഗത്ത് അവയ്ക്ക് കേന്ദ്രത്തിനെ കൂടുതലായി ആശ്രയിക്കേണ്ടുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങളുടെ വരുമാനം ഉയർത്തുന്നതിന് അവയുടെ ധനപരമായ ശേഷി കാര്യമായി തന്നെ ഉയർത്തേണ്ടുന്ന സ്ഥിതിയുണ്ട്. ഒപ്പം സഹകരണ ഫെഡറലിസം ശക്തിപ്പെടുത്തേണ്ടതും ഇന്നത്തെ വളരെ പ്രധാനപ്പെട്ട ആവശ്യമാണ്.*

***പ്രധാന വാക്കുകൾ:*** *വരുമാന സ്ഥാനം, സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, ഇന്ത്യ*

ധനകാര്യ രംഗത്തെ വികേന്ദ്രീകൃത ഘടനയിൽ അധിഷ്ഠിതമായ ഒന്നാണ് ഇന്ത്യയുടെ ഫെഡറൽ ഘടന. സംസ്ഥാനങ്ങളുടെയും കേന്ദ്ര സർക്കാരിന്റെയും ചുമതലകൾ ഭരണഘടന തന്നെ ക്ലിപ്തപ്പെടുത്തിയിട്ടുള്ളതാണ് (വൈദ്യ, ശ്രീവാസ്തവ–2023). ധനപരമായ ഘടനയുടെ അടിസ്ഥാനമെന്നത് വരുമാനം തന്നെയാണ്. വായ്പ ഒഴികെയുള്ള ധനാഗമ മാർഗ്ഗങ്ങൾ തന്നെയാണ് ഇതിൽ ഏറ്റവും പ്രധാനം. നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന ഈ വരുമാന മാർഗ്ഗങ്ങൾ തന്നെയാണ് വികസന പദ്ധതികൾക്ക് അടിസ്ഥാനമായി മാറുന്നത്. ധനപരമായ അച്ചടക്കം, മാക്രോ ഇക്കോണോമിക്സ് സുസ്ഥിരത തുടങ്ങിയ കാര്യങ്ങളിലും വരുമാനം തന്നെയാണ് നിർണ്ണായകമായി മാറുന്നത് (സിങ്–2019). എന്നാൽ ധനപരമായ സ്വയംഭരണവും വരുമാനവും സംസ്ഥാനങ്ങൾക്കിടയിൽ ഒരേ രീതിയിലല്ല ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ആദായ നികുതി (കാർഷിക ആദായ നികുതി ഒഴികെ), കോർപറേറ്റ് നികുതി, കസ്റ്റംസ് തീരുവ തുടങ്ങിയ വലിയ തോതിൽ വരുമാനം സമാഹരിക്കാൻ കഴിയുന്ന നികുതികൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ് . മുദ്രവില (സ്റ്റാമ്പ് ഡ്യൂട്ടി), വില്പന നികുതി, വാഹന നികുതി തുടങ്ങിയ ഇനങ്ങളാണ് സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്നത്. അതുകൊണ്ട് ധനകാര്യ കമ്മീഷൻ വഴിയായി നൽകപ്പെടുന്ന ധനസഹായങ്ങൾ (ഗ്രാന്റ് ഇൻ എയ്ഡ്) അടക്കമുള്ള ധനാഗമ വഴികളെ കൂടുതലായി ആശ്രയിക്കേണ്ടുന്ന നില സംസ്ഥാനങ്ങൾക്ക് വന്നു ചേരുകയാണ്. പ്രത്യേകിച്ച്, പ്രത്യേകം തരം തിരിച്ചരിക്കുന്ന സംസ്ഥാനങ്ങളുടെ (എസ് സി എസ്) കാര്യത്തിൽ.

2017 ൽ ജി എസ് ടി നടപ്പാക്കിയത് ഇന്ത്യയുടെ നികുതി സമ്പ്രദായത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവാണ്. കേന്ദ്ര, സംസ്ഥാന തലങ്ങളിൽ നടപ്പാക്കിയിരുന്ന ഒരു പറ്റം നികുതികൾ ഇതോടെ ഇല്ലാതായി. നികുതി ഘടന കൂടുതൽ സുതാര്യവും ലളിതവുമാക്കുക എന്നതായിരുന്നു ഈ മാറ്റത്തിന്റെ ലക്ഷ്യമെങ്കിലും കേന്ദ്ര – സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ കാര്യമായ അഴിച്ചുപണിക്ക് ജി എസ് ടി കാരണമായി മാറി. ജി എസ് ടി കൗൺസിൽ എന്ന സംവിധാനം വഴിയായി നികുതി കാര്യങ്ങളിൽ കേന്ദ്രവും സംസ്ഥാനങ്ങളും സഹകരിച്ചുള്ള തീരുമാനങ്ങൾക്ക് ഇത് സഹായകമായി (ശർമ്മ–2021). ഈ പശ്ചാത്തലത്തിൽ കേന്ദ്രത്തിന്റെ മൊത്തം വരുമാനവും സംസ്ഥാനങ്ങളുടെ മൊത്തം വരുമാനവും തമ്മിലുള്ള ഒരു താരതമ്യമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. 2002 മുതൽ 2024 വരെയുള്ള ഘട്ടത്തിലെ മൊത്തം നികുതി, നികുതിയേതര വരുമാനത്തിന്റെ ഘടനയും വളർച്ചയുടെ രീതികളും പഠന വിധേയമാക്കുകയാണ് ഈ ലേഖനത്തിൽ.

**2. പഠനങ്ങളുടെ വിലയിരുത്തൽ**

ആസ്തിവകകളുടെ വില്പന, വായ്പയെടുക്കൽ എന്നീ കാര്യങ്ങൾ ഒഴിവാക്കി കൊണ്ടുള്ള വരുമാനത്തെയാണ് കേന്ദ്ര സർക്കാരിന്റെ വരുമാനം എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. പ്രധാനമായും ഇതിൽ രണ്ടു ഭാഗങ്ങളുണ്ട്, നികുതി, നികുതിയേതര വരുമാനം (ഖണ്ഡരെ, മെഹബൂബ്–2019; അമർജ്യോതി, അഴകാരാജ–2013). ഒരു പൊതുസ്ഥാപനം അതിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് ഏർപ്പെടുത്തുന്ന നിർബന്ധിത ചാർജിനെയാണ് നികുതി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് (സിങ്–2019; വൈദ്യ, ശ്രീവാസ്തവ–2023). ഏതെങ്കിലും സർക്കാർ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്, പലിശ ഇനത്തിൽ ലഭിക്കുന്ന വരുമാനം തുടങ്ങിയ ഇനങ്ങളിലായി ലഭിക്കുന്ന വരുമാനമാണ് നികുതിയേതര വരുമാനം (അമർജ്യോതി, അഴകാരാജ–2013). കേന്ദ്ര സർക്കാരിനെ

സംബന്ധിച്ചിടത്തോളം ആദായ നികുതി, കോർപറേറ്റ് നികുതി, സി ജി എസ് ടി, എക്സൈസ് തീരുവ തുടങ്ങിയ ഇനങ്ങളിലായാണ് നികുതി വരുമാനം വന്നു ചേരുന്നത് (ശർമ്മ–2021; ഖണ്ഡരെ, മെഹബൂബ്–2019). പലിശ ഇനത്തിലുള്ള വരുമാനം, ലാഭവിഹിതം, ലാഭം, രെജിസ്ട്രേഷൻ ഇനത്തിലുള്ള വരുമാനം, ലൈസൻസ് ഫീസ്, ധനസഹായങ്ങൾ, സംഭാവന തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നതാണ് നികുതിയേതര വരുമാനം (അമർജ്യോതി, അഴകാരാജ – 2013). സംസ്ഥാനങ്ങളുടെ കാര്യം വരുമ്പോൾ കാർഷിക ആദായ നികുതി, വില്പന നികുതി, സംസ്ഥാന എക്സൈസ് തീരുവകൾ, എസ് ജി എസ് ടി, വാഹനനികുതി തുടങ്ങിയ ഇനങ്ങളിൽ നിന്നാണ് നികുതി വരുമാനം ലഭിക്കുന്നത്.

എന്നാൽ സംസ്ഥാനത്തിന്റെ തനത് പരോക്ഷ നികുതികൾ, കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നതാണ് നികുതിയേതര വരുമാനം (വൈദ്യ, ശ്രീവാസ്തവ–2023). ഇത്തരത്തിൽ സമാഹരിക്കുന്ന വരുമാനം വിവിധ പദ്ധതികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമായി ചെലവഴിക്കുന്നു (ശർമ്മ–2021; സിങ്–2019).

2017 ൽ ഇന്ത്യയിൽ ജി എസ് ടി നടപ്പാക്കിയത് ഒരു നിർണ്ണായക വഴിത്തിരിവാണ്. പരോക്ഷ നികുതിയുടെ കാര്യത്തിൽ നിലനിന്നിരുന്ന അതിസങ്കീർണമായ ഒരു അവസ്ഥക്ക് ഇതോടെ പരിഹാരമായി എന്ന് പറയാം. നികുതി വരുമാനത്തിന്റെ കാര്യത്തിൽ സുതാര്യതയും ഇത് കൊണ്ട് വന്നു. നികുതി വരുമാനത്തിന്റെ കുത്തനെയുള്ള വർധനക്ക് കാരണമായി മാറി. 2016–17 സാമ്പത്തിക വർഷത്തിൽ 68.6 ശതമാനമായിരുന്ന നികുതി വരുമാനം 2017–18 ൽ 73.7 ശതമാനമായി ഉയർന്നു. ഇതും 2010 നു ശേഷം നടന്ന വിവിധ നികുതി പരിഷ്കാരങ്ങളും സുതാര്യത ഉയർത്തുകയും നികുതി അടിത്തറ ശക്തമാകുന്നതിന് സഹായകമാവുകയും ചെയ്തു. നികുതി സംവിധാനത്തിന്റെ ഡിജിറ്റൽവൽക്കരണം ഉൾപ്പടെയുള്ള വിവിധ നടപടികൾ നികുതിദായകരെ കുറിച്ച് കൃത്യമായ വിവരങ്ങൾ സർക്കാരിന് ലഭിക്കുന്നതിന് സഹായകമാവുകയും ചെയ്തു. നികുതി വെട്ടിപ്പ് ഉൾപ്പടെയുള്ള തെറ്റായ പ്രവണതകൾ തടയുന്നതിന് ഇത് ഏറെ സഹായകരമായി. നികുതി വരുമാനത്തിൽ കൂടുതൽ ഊന്നുന്ന തരത്തിലുള്ള ഒരു ധനകാര്യ അടിത്തറക്ക് ഇത് രൂപം നൽകിയതായി കാണാം. വരുമാനം വർധിപ്പിക്കുന്നതിന് നികുതികൾ കൂടുതൽ പിരിക്കുക എന്നതിലേക്ക് ഇത് നയിച്ചു. നികുതിയേതര വരുമാനം താരതമ്യേന സ്ഥിരമല്ലാത്ത സാഹചര്യത്തിൽ നികുതി ഘടന ശക്തമാക്കുന്ന തരത്തിലേക്കുള്ള നടപടികളിലേക്ക് സർക്കാർ കടന്നു. സർക്കാരുകളുടെ മൊത്തം വരുമാനത്തിൽ നികുതിയുടെ പങ്ക് ഉയരുന്നതിന് ഇത് കാരണമായി മാറി (ഖണ്ഡരെ, മെഹബൂബ്–2019).

നികുതി സംബന്ധിച്ച നയങ്ങളുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ കൂടുതൽ അധികാരം കയ്യാളുന്നതായി കാണാം, പ്രത്യേകിച്ച് ജി എസ് ടി നടപ്പാക്കിയതിന് ശേഷം. സംസ്ഥാനങ്ങൾ വരുമാനത്തിനായി കേന്ദ്രത്തെ കൂടുതലായി ആശ്രയിക്കേണ്ടുന്ന സ്ഥിതി ഇത് സംജാതമാക്കി. ഇത്തരത്തിലുള്ള ഘടനാപരമായ അസമത്വം ധനകാര്യ മേഖലയിൽ പ്രകടമായ പ്രതിസന്ധിക്ക് വഴി വയ്ക്കുകയുണ്ടായി. സംസ്ഥാനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ വന്നു ചേരുമ്പോൾ അവയുടെ വരുമാന സ്രോതസുകൾ കുറയുന്ന അവസ്ഥയുണ്ടായി (ശർമ–2021; മാത്യു–2003). ഇത്തരത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുള്ള സംവിധാനമാണ് ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഭരണഘടനാപരമായി തന്നെ രൂപീകരിക്കുന്ന (ആർട്ടിക്കിൾ–280) ധനകാര്യ കമ്മീഷനുകൾ.

ധനസഹായങ്ങൾ, നികുതി വിഹിതം പങ്ക് വയ്ക്കൽ, സംസ്ഥാനങ്ങൾ തമ്മിലുള്ള ധനപരമായ അസമത്വം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദേശിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ശുപാർശകൾ സമർപ്പിക്കുന്നത് കമ്മീഷനാണ്. പതിന്നാലാം ധനകാര്യ കമ്മീഷന്റെ ഘട്ടം മുതൽ ഇപ്രകാരം സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കുന്ന നികുതി വിഹിതം ഉയർത്തുന്നുണ്ട്. 42 ശതമാനം എന്ന നിലയിലേക്കാണ് ഇത് വർധിപ്പിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളുടെ ഫണ്ടുകൾ വർധിപ്പിക്കുന്നതിനും അവ തമ്മിൽ നിലനിൽക്കുന്ന ധനപരമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും ഇത് വളരെ നിർണായകമായ പങ്കാണ് വഹിക്കുന്നത്.

നികുതി നയരൂപീകരണ കാര്യത്തിൽ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന അധികാരങ്ങൾ ജി എസ് ടി വന്നതോടെ വലിയൊരളവോളം ഇല്ലാതായിട്ടുണ്ട്. തൽഫലമായി വരുമാനത്തിനായി കേന്ദ്രത്തെ കൂടുതൽ ആശ്രയിക്കേണ്ടുന്ന നില ഉളവായി. സംയോജിത ചരക്ക് സേവന നികുതിയുടെ (ഐ ജി എസ് ടി) കാര്യത്തിലും ചരക്ക് സേവന നികുതി ശ്രിംഖലയുടെ (ജി എസ് ടി എൻ) കാര്യത്തിലും വിപുലമായ അധികാരങ്ങളാണ് കേന്ദ്രത്തിനുള്ളത്. അതുകൊണ്ട് ജി എസ് ടി കേവലം ഒരു നികുതി പരിഷ്കരണം മാത്രമല്ല, മറിച്ച് ധനപരമായി അടിത്തറയെ ആകെ അഴിച്ചു പണിയുന്ന ഒരു പ്രക്രിയ കൂടി ആയിരുന്നു. കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്നു നികുതി സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിനുള്ള വേദിയായി ജി എസ് ടി കൗൺസിൽ മാറി. എന്നിരുന്നാലും നയപരമായ കാര്യങ്ങളിലും നികുതി നിരക്കുകളുടെ കാര്യത്തിലും കേന്ദ്രത്തിന് അപ്രമാദിത്വം ലഭ്യമാകുന്ന സ്ഥിതിയുണ്ടായി. ഇതിന്റെ ഫലമായി പരോക്ഷ നികുതിയുടെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ പല അധികാരങ്ങളും അടിയറ വയ്ക്കേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടു. സംസ്ഥാനങ്ങളുടെ ധനസമാഹരണ രംഗത്ത് നിർണ്ണായകമായ പങ്ക് ഇത് വഹിച്ചിരുന്നു എന്നോർക്കണം. മൂല്യവർധിത നികുതി (വാറ്റ്), എക്സൈസ് തീരുവ, സേവന നികുതികൾ, എൻട്രി ടാക്സ് തുടങ്ങിയ നിരവധി നികുതി ഇനങ്ങൾ ജി എസ് ടി വന്നതോടെ ഇല്ലാതാവുകയായിരുന്നു. ഈ പരിഷ്കരണം വഴിയായി ഇന്ത്യയിലെ നികുതി വരുമാനം, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെ മൊത്തം വരുമാനം തുടങ്ങിയ പല കാര്യങ്ങളിലും അടിമുടി മാറ്റം സംഭവിക്കുകയായിരുന്നു.

### 3. വിവരശേഖരണ സ്രോതസുകൾ

2002–03 മുതലുള്ള 22 വർഷക്കാലത്തെ വിവരങ്ങൾ പരിശോധിച്ചാണ് ഈ പഠനം പൂർത്തിയാക്കിയിരിക്കുന്നത്. കേന്ദ്ര സർക്കാരിന് ലഭ്യമായ വരുമാനത്തിന്റെ കണക്കുകൾ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ (സി ജി എ) റിപ്പോർട്ടുകളിൽ നിന്നുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നികുതി, നികുതിയേതര വരുമാനത്തിന്റെ വിശദമായ കണക്കുകൾ ഇതിലുണ്ട്. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും വരുമാനത്തിന്റെ കണക്കുകൾക്ക് ആധാരമാക്കിയിട്ടുള്ളത് റിസർവ് ബാങ്കിന്റെ സംസ്ഥാന ധനകാര്യത്തെ കുറിച്ചുള്ള വാർഷിക പ്രസിദ്ധീകരണമായ 'സ്റ്റേറ്റ് ഫൈനാൻസസ്:എ സ്റ്റഡി ഓഫ് ബഡ്ജറ്റ്സ്' എന്ന രേഖയിൽ നിന്നാണ്.

### 4. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വരുമാനം : ഒരു താരതമ്യം

കഴിഞ്ഞ രണ്ടു ദശകങ്ങളിലായി കേന്ദ്ര സർക്കാരിന്റെ റവന്യു വരുമാനത്തിന്റെ ഘടനയിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുകയുണ്ടായി. 2002–03 മുതൽ 2023–24 വരെയുള്ള ഡേറ്റ

പരിശോധിക്കുമ്പോൾ മൊത്തം വരുമാനത്തിൽ നികുതി വരുമാനത്തിന്റെ പങ്ക് കുതിച്ചുയർന്നതായി കാണാം. 2002–03 സാമ്പത്തിക വർഷത്തിൽ നികുതി ഇനത്തിലുള്ള വരുമാനം മൊത്തം വരുമാനത്തിന്റെ 53.4 ശതമാനമായിരുന്നെങ്കിൽ 2023–24 ൽ അത് 75.6 ശതമാനമായി ഉയർന്നു. പൊതുധനകാര്യ രംഗത്ത് വരുമാനത്തിന്റെ കാര്യത്തിൽ നികുതി ഒരു പ്രധാന സ്രോതസായി കേന്ദ്ര സർക്കാർ ഉപയോഗിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. നികുതിയേതര വരുമാനം ഗണ്യമായി കുറഞ്ഞു എന്നതാണ് ഇതിന്റെ മറുവശം. ഇത് 46 ശതമാനത്തിൽ നിന്നും 24.3 ശതമാനമായി കുറഞ്ഞു. എന്നാൽ ഗ്രാന്റ് ഇൻ എയ്ഡ്, സംഭാവന തുടങ്ങിയ വരുമാന മാർഗ്ഗങ്ങൾ ഏറെക്കുറെ സ്ഥിരത പുലർത്തുകയും ചെയ്തു. കേന്ദ്രത്തിന്റെ ധനകാര്യ രംഗത്ത് അടിസ്ഥാനപരമായ ചില മാറ്റങ്ങൾ സംഭവിച്ചതായി ഇത് വ്യക്തമാക്കുകയാണ്. ലാഭവിഹിതം, പലിശ, ഫീസിനങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങൾ വഴിയുള്ള നികുതിയേതര വരുമാനം പ്രായേണ കുറഞ്ഞു വരികയാണെന്ന് വ്യക്തം (**പട്ടിക 1**).

**Table 1:** Revenue components of the Union Government (in percentages)

| Year | Tax Revenue to total revenue | Non-tax revenue to total revenue | Grants-in-Aid and Contributions to Total Revenue | Total |
|---|---|---|---|---|
| 2002-03 | 53.4 | 46.0 | 0.6 | 100 |
| 2003-04 | 55.6 | 43.8 | 0.6 | 100 |
| 2004-05 | 60.1 | 39.3 | 0.7 | 100 |
| 2005-06 | 63.1 | 36.2 | 0.7 | 100 |
| 2006-07 | 67.2 | 32.3 | 0.5 | 100 |
| 2007-08 | 68.0 | 31.6 | 0.4 | 100 |
| 2008-09 | 68.1 | 31.5 | 0.4 | 100 |
| 2009-10 | 65.2 | 34.3 | 0.4 | 100 |
| 2010-11 | 61.5 | 38.2 | 0.3 | 100 |
| 2011-12 | 69.6 | 30.1 | 0.3 | 100 |

2017 ജൂലൈ മാസത്തിൽ ജി എസ് ടി നടപ്പാക്കിയതിന് ശേഷം കേന്ദ്ര സർക്കാരിന്റെ നികുതി ഘടനയിൽ പ്രകടമായ മാറ്റം സംഭവിച്ചതായി രണ്ടാം പട്ടികയിൽ നിന്നും വ്യക്തമാകുന്നുണ്ട്. ജി എസ് ടി നടപ്പാക്കുന്നതിന് മുൻപ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തിന്റെ സിംഹഭാഗവും ലഭിച്ചിരുന്നത് ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും നികുതിയിൽ നിന്നായിരുന്നു. 2002–03 ൽ ഇത് 53 ശതമാനത്തിന് മുകളിലായിരുന്നു. എന്നാൽ പിന്നീട് ഇത് പടി പടിയായി കുറയുകയായിരുന്നു. 2016–17 ആകുമ്പോൾ ഇത് 20.7 ശതമാനമായി. ജി എസ് ടി വന്നതിന് ശേഷം 2017–18 ൽ ഇത് 29.4 ശതമാനമായി ഉയർന്നു. 2023–24 ആകുമ്പോൾ 26.5 ശതമാനമായി താഴ്ന്നു. എന്നാൽ വ്യക്തിഗത ആദായ നികുതി, കോർപറേറ്റ് ടാക്സ് തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുള്ള വരവ് ഏറെക്കുറെ സ്ഥിരത പുലർത്തിയതായി കാണാം. ഇത് മൊത്തം വരുമാനത്തിന്റെ 47 മുതൽ 51 ശതമാനം വരെയായിരുന്നു. വസ്തു

നികുതി, മൂലധനനേട്ട നികുതി തുടങ്ങിയ ഇനങ്ങളിലെ വരുമാനം രണ്ടു ശതമാനത്തിൽ താഴെയായി നിലനിന്നു. ആദായ നികുതി അടക്കമുള്ള വരുമാനം ഏറെക്കുറെ സ്ഥിരത പുലർത്തിയപ്പോൾ ജി എസ് ടി വരുമാനത്തിൽ കേന്ദ്രം കാര്യമായി ഊന്നുന്ന ഒരു നില ഉണ്ടായതായി കാണാം (പട്ടിക 2).

**Table 2:** Components of Tax Revenue of the Union government (in percentages)

| Year | GST to tax revenue | Taxes on Income and Expenditure to Tax Revenue | Taxes on Property, Capital and Other Transactions to Tax Revenue | Taxes on Commodities and Services other than GST to Tax Revenue | Total |
|---|---|---|---|---|---|
| 2002-03 | 0.0 | 38.3 | 0.1 | 61.6 | 100 |
| 2003-04 | 0.0 | 40.6 | 0.1 | 59.4 | 100 |
| 2004-05 | 0.0 | 42.1 | 0.3 | 57.6 | 100 |
| 2005-06 | 0.0 | 43.3 | 1.2 | 55.6 | 100 |
| 2006-07 | 0.0 | 46.5 | 1.5 | 51.9 | 100 |
| 2007-08 | 0.0 | 50.3 | 2.2 | 47.5 | 100 |
| 2008-09 | 0.0 | 54.3 | 1.4 | 44.2 | 100 |
| 2009-10 | 0.0 | 57.4 | 1.8 | 40.9 | 100 |
| 2010-11 | 0.0 | 53.4 | 1.4 | 45.2 | 100 |
| 2011-12 | 0.0 | 53.0 | 1.0 | 46.1 | 100 |
| 2012-13 | 0.0 | 51.7 | 0.8 | 47.5 | 100 |
| 2013-14 | 0.0 | 55.4 | 0.7 | 43.9 | 100 |
| 2014-15 | 0.0 | 53.4 | 0.9 | 45.7 | 100 |
| 2015-16 | 0.0 | 48.7 | 0.9 | 50.4 | 100 |
| 2016-17 | 0.0 | 46.0 | 0.8 | 53.2 | 100 |
| 2017-18 | 29.4 | 48.9 | 1.0 | 20.7 | 100 |
| 2018-19 | 28.9 | 50.3 | 0.9 | 19.9 | 100 |
| 2019-20 | 30.7 | 47.2 | 0.9 | 21.2 | 100 |
| 2020-21 | 26.2 | 39.4 | 1.2 | 33.2 | 100 |
| 2021-22 | 24.8 | 47.1 | 1.3 | 26.7 | 100 |
| 2022-23 | 27.8 | 47.8 | 1.2 | 23.2 | 100 |
| 2023-24 | 26.5 | 51.0 | 1.5 | 21.0 | 100 |

*Source: Finance Accounts, 2002-2003 to 2023-2024, Controller General of Accounts, Government of India*

കേന്ദ്ര ജി എസ് ടിക്ക് (സി ജി എസ് ടി) ലഭിക്കുന്ന പ്രാമാണ്യം പട്ടിക മൂന്നിൽ നിന്നും മനസിലാക്കാം. 2017–18 സാമ്പത്തിക വർഷത്തിൽ സി ജി എസ് ടി യിൽ നിന്നുള്ള വരവ് ജി എസ് ടിയിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ 52.8 ശതമാനമായിരുന്നു. 2023–24 ൽ ഇത് 77.1 ശതമാനമായി ഉയർന്നു. എന്നാൽ 2017–18 ൽ 30 ശതമാനമായിരുന്ന ഐ ജി എസ് ടി വരുമാനം പിന്നീട് കുറയുകയായിരുന്നു. ഇത് റവന്യു സെറ്റിൽമെന്റ് അടക്കമുള്ള പല ക്രമീകരണങ്ങൾ മൂലം നെഗറ്റീവ് വളർച്ചയിലേക്കും നീങ്ങി. ജി എസ് ടി നഷ്ടപരിഹാര സെസ്സ് 2017–18 ൽ 17.1 ശതമാനമായിരുന്നത് 2023–24 ൽ 22.8 ശതമാനമായി. നഷ്ടപരിഹാര സെസ്സ് ഉയരുന്ന തോത് കണക്കിലെടുക്കുമ്പോൾ അത് നിർത്തലാക്കിയത് മൂലം സംസ്ഥാനങ്ങൾക്ക് ഉണ്ടായ നഷ്ടം ഭീമമാണെന്ന് വ്യക്തമാക്കുന്നുണ്ട്. സി ജി എസ് ടീയിലെ പ്രകടമായ വർധന വെളിവാക്കുന്നത് റവന്യു വരുമാനം എത്ര ശക്തമായാണ് കേന്ദ്രത്തിൽ കുമിഞ്ഞു കൂടുന്നത് എന്നതാണ് (പട്ടിക 3).

**Table 3 :** Components of GST of the Union Government (in percentages)

| Year | Central GST to GST | Union Territory GST to GST | Integrated GST to GST | GST Compensation Cess to GST | Total |
|---|---|---|---|---|---|
| 2017-18 | 52.8 | 0.4 | 29.7 | 17.1 | 100 |
| 2018-19 | 70.7 | 0.7 | 3.7 | 24.9 | 100 |
| 2019-20 | 74.2 | 0.7 | 2.2 | 22.9 | 100 |
| 2020-21 | 74.6 | 0.7 | 1.9 | 22.7 | 100 |
| 2021-22 | 75.3 | 0.9 | 0.5 | 23.3 | 100 |
| 2022-23 | 76.9 | 0.8 | 0.8 | 21.5 | 100 |
| 2023-24 | 77.1 | 0.9 | -0.8 | 22.8 | 100 |

*Source: Finance Accounts, 2002-2003 to 2023-2024, Controller General of Accounts, Government of India*

ആദായ നികുതിയിലും കോർപറേറ്റ് നികുതിയിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ചില അസന്തുലിതാവസ്ഥ പ്രകടമായി കാണാം. പട്ടിക–4 ഇത് വ്യക്തമാക്കുന്നുണ്ട്. 2002–03 സാമ്പത്തിക വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ കോർപറേറ്റ് നികുതി വരുമാനം 66.6 ശതമാനവും ആദായ നികുതി ഇനത്തിലെ വരുമാനം 33.4 ശതമാനവുമാണ്. 2010–11 ൽ കോർപറേറ്റ് നികുതി 69.4 ശതമാനമാണ്. 2023–24 എത്തുമ്പോൾ ഇത് 48 ശതമാനമായി താഴ്ന്നു. ആ വർഷം ആദായ നികുതി 52 ശതമാനമായി കൂടി. അതായത് കോർപറേറ്റ് നികുതിയിൽ നിന്നും ആദായ നികുതിയിലേക്കുള്ള ഈ മാറ്റം ശ്രദ്ധേയമായ ഒന്നാണ്. ശമ്പളത്തിന് പുറമെയുള്ള ആനുകൂല്യങ്ങളുടെ (ഫ്രിഞ്ച് ബെനിഫിറ്റ്) നികുതി, പലിശയിന്മേലുള്ള നികുതി എന്നിവ പൂർണ്ണമായും ഇല്ലാതാക്കി. നികുതി ഘടനയിൽ ഉണ്ടായ അടിസ്ഥാനപരമായ ചില മാറ്റങ്ങളാണ് ഇത് വ്യക്തമാക്കുന്നത്. പലിശയിന്മേലുള്ള നികുതി, ചെലവിനത്തിലെ നികുതി തുടങ്ങിയ ഇനങ്ങൾ 2002–03, 2003–04 എന്നീ സാമ്പത്തിക വർഷങ്ങളിൽ നെഗറ്റീവായതായി കാണാം. മറ്റിനങ്ങളിൽ നിന്നുള്ള നികുതി വരുമാനം 2018–19 ൽ നെഗറ്റീവായി മാറിയിട്ടുണ്ട് (പട്ടിക 4).

**Table 4:** Components of Taxes on Income and Expenditure of the Union Government (in percentages)

| Year | Corporation Tax to Taxes on Income and expenditure | Taxes on Income other than Corporation to Taxes on Income and expenditure | Hotel Receipts Tax in Taxes to Taxes on Income and expenditure | Interest Tax to Taxes on Income and expenditure | Fringe Benefit Tax to Taxes on Income and expenditure | Other Taxes on Income and Expenditure to Taxes on Income and expenditure | Total |
|---|---|---|---|---|---|---|---|
| 2002-03 | 55.1 | 45.2 | 0.0 | -0.4 | 0.0 | 0.1 | 100 |
| 2003-04 | 59.8 | 40.2 | 0.0 | -0.1 | 0.0 | 0.1 | 100 |
| 2004-05 | 63.3 | 36.6 | 0.0 | 0.1 | 0.0 | 0.0 | 100 |
| 2005-06 | 63.9 | 32.0 | 0.0 | 0.0 | 4.1 | 0.0 | 100 |
| 2006-07 | 64.9 | 31.8 | 0.0 | 0.0 | 3.2 | 0.0 | 100 |
| 2007-08 | 65.1 | 31.7 | 0.0 | 0.0 | 3.2 | 0.0 | 100 |
| 2008-09 | 66.5 | 30.2 | 0.0 | 0.0 | 3.3 | 0.0 | 100 |
| 2009-10 | 67.0 | 32.1 | 0.0 | 0.0 | 0.9 | 0.0 | 100 |
| 2010-11 | 69.4 | 30.6 | 0.0 | 0.0 | 0.1 | 0.0 | 100 |
| 2011-12 | 66.2 | 33.8 | 0.0 | 0.0 | 0.1 | 0.0 | 100 |
| 2012-13 | 65.2 | 34.8 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2013-14 | 63.2 | 36.8 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2014-15 | 64.1 | 35.9 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2015-16 | 63.4 | 36.6 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2016-17 | 56.8 | 40.2 | 0.0 | 0.0 | 0.0 | 3.0 | 100 |
| 2017-18 | 59.8 | 38.4 | 0.0 | 0.0 | 0.0 | 1.8 | 100 |
| 2018-19 | 60.1 | 40.2 | 0.0 | 0.0 | 0.0 | -0.2 | 100 |
| 2019-20 | 52.2 | 47.8 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2020-21 | 49.3 | 50.8 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2021-22 | 52.0 | 48.0 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2022-23 | 50.6 | 49.4 | 0.0 | 0.0 | 0.0 | 0.0 | 100 |
| 2023-24 | 48.0 | 52.0 | 0.0 | 0.0 | 0.0 | 0.0 | 100 |

*Source: Finance Accounts, 2002-2003 to 2023-2024, Controller General of Accounts, Government of India*

സ്വത്ത് നികുതി, മൂലധനനേട്ട നികുതി, മറ്റിനങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനമാണ് പട്ടിക അഞ്ചിൽ കാണുന്നത്. ഇതിൽ തന്നെ സെകുരിറ്റി ഇടപാടുകളിലെ നികുതിയാണ് (എസ് ടി ടി) മുന്നിട്ട് നിൽക്കുന്നത്. 2004–05 വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ എസ് ടി ടി ഇതിന്റെ 80.3 ശതമാനം സംഭാവനയർപ്പിച്ചിട്ടുണ്ട്. 2023–24 ലാകട്ടെ ഇത് 98.8 ശതമാനമായി ഉയർന്നു. സ്വത്ത് നികുതി, ഗിഫ്റ്റ് നികുതി, ഭൂമിയിൽ നിന്നുള്ള വരുമാനത്തിനുള്ള നികുതി തുടങ്ങിയ ഇനങ്ങളിൽ നിന്നുള്ള വരവ് നാമമാത്രമായി ചുരുങ്ങുകയും പല നികുതികളും പിന്നീട് നിർത്തലാക്കുകയും ചെയ്തു. 2015 ലെ യൂണിയൻ ബജറ്റിൽ സ്വത്തിന്മേലുള്ള നികുതി പൂർണ്ണമായും ഒഴിവാക്കി. 2016–17 ൽ എസ് ടി ടി 100 ശതമാനത്തിന് മുകളിൽ വളർച്ച കൈവരിക്കുകയുണ്ടായി. മൂലധന വിപണി വലിയ നേട്ടങ്ങൾ കൊയ്തതാണ് ഇതിന് കാരണം. 1985 ൽ തന്നെ എസ്റ്റേറ്റ് നികുതി ഒഴിവാക്കിയിട്ടുള്ളതാണ്. എന്നാൽ ധനകാര്യ അക്കൗണ്ടുകളിൽ ഇത് ഇപ്പോഴും ഇടം പിടിക്കുന്നുണ്ട്. ഈ ഇനത്തിൽ വരുമാനം ഇല്ലെന്നോ നെഗറ്റീവാണെന്നോ ആണ് കണക്കുകളിൽ കാണിക്കുന്നത്. ചില ക്രമീകരണങ്ങളും റീഫണ്ടും മറ്റും ഈ ഇനത്തിൽ അവശേഷിക്കുന്നതാണ് ഈ ഹെഡ് തുടരുന്നതിന് കാരണം (പട്ടിക 5).

ജി എസ് ടി നടപ്പാക്കുന്നതിന് മുൻപ് എക്സൈസ് തീരുവ, കസ്റ്റംസ്, സേവന നികുതി തുടങ്ങിയ ഇനങ്ങളിൽ നിന്ന് സർക്കാരിന് നല്ല വരുമാനം ലഭ്യമായിരുന്നു. 2000 ത്തിന് ശേഷം സേവന നികുതിയിൽ നിന്നുള്ള വരുമാനം കൂടിയതായി കാണാമെങ്കിലും 2017 മുതൽ ഇത് ജി എസ് ടീയുടെ ഭാഗമായി മാറിയതോടെ കുറയുന്ന സ്ഥിതിയുണ്ടായി. എക്സൈസ് തീരുവയുടെ കാര്യത്തിൽ താൽക്കാലികമായി മുന്നേറ്റം പ്രകടമായിരുന്നു. എന്നാൽ വരുമാനത്തിന്റെ കാര്യത്തിൽ ഇതിന്റെ പ്രാധാന്യം കുറയുന്നതായി കാണാം. 2023–24 ആകുമ്പോഴേക്ക് ഒട്ടു മിക്ക പരോക്ഷ നികുതികളുടെയും പ്രസക്തി പ്രായേണ ഇല്ലാതാകുന്ന സ്ഥിതിവിശേഷമുണ്ടായി. ജി എസ് ടി നിലവിൽ വന്നതോടെ ഉണ്ടായ ഘടനാപരമായ മാറ്റങ്ങൾ ആറാമത്തെ പട്ടികയിൽ നിന്ന് നമുക്ക് വ്യക്തമാകുന്നതാണ്. 2017–18 സാമ്പത്തിക വർഷത്തിൽ നികുതി വരുമാനത്തിൽ സേവന നികുതിയുടെ പങ്ക് ഗണ്യമായ തോതിൽ ഇടിയുന്ന സ്ഥിതിയുണ്ടായി. 2023–24 സാമ്പത്തിക വർഷത്തിൽ ഇത് പൂജ്യമാകുന്ന സ്ഥിതിയുമുണ്ടായി. സേവന നികുതി പൂർണ്ണമായും ജി എസ് ടിയിൽ ലയിച്ചതാണ് ഇതിന് കാരണം. എന്നാൽ റീഫണ്ട്, മുൻപത്തെ കുടിശിക തുടങ്ങിയ കാര്യങ്ങളാണ് ധനകാര്യ അക്കൗണ്ടിൽ ഇതിൽ നിന്നുള്ള വരുമാനം നെഗറ്റീവ് എന്ന് രേഖപ്പെടുത്താൻ കാരണമായത് (പട്ടിക 6).

സംസ്ഥാനങ്ങളുടെ കാര്യത്തിൽ മൊത്തം വരുമാനത്തിൽ നികുതി വിഹിതം ഉയർന്ന തോതിലായിരുന്നുവെന്ന് പട്ടിക ഏഴിൽ നിന്നും വ്യക്തമാകുന്നുണ്ട്. 2002–03 ൽ 68.9 ശതമാനമായിരുന്ന ഇത് 2023–24 ൽ 74.4 ശതമാനമായി. സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ സമതുലിതമായ ഒരു അവസ്ഥ ഇതിൽ കാണാവുന്നതാണ്. എന്നാൽ നികുതിയേതര വരുമാനത്തിന്റെ പങ്ക് 2002–03 സാമ്പത്തിക വർഷത്തിൽ 31.1 ശതമാനമായിരുന്നത് 2023–24 ൽ 25.6 ശതമാനമായി കുറഞ്ഞു. സംസ്ഥാനങ്ങളേക്കാൾ കൂടുതൽ ഇടിവ് കേന്ദ്രത്തിന്റെ കാര്യത്തിലാണ് സംഭവിച്ചിട്ടുള്ളത്. സംസ്ഥാനങ്ങൾ താരതമ്യേന മെച്ചപ്പെട്ട നികുതി സംബന്ധമായ നടപടികൾ പിൻതുടർന്നിരുന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട് (പട്ടിക 7).

**Table 5:** Components of Taxes on Property, Capital and Other Transactions of the Union Government (in percentages)

| Year | Land Revenue | Stamps and Registration Fees | Estate Duty | Miscellaneous Tax Receipts | Taxes on Wealth | Gift Tax | Security Transaction Tax | Taxes on Immovable Properties | Banking Cash Transaction Tax | Total |
|---|---|---|---|---|---|---|---|---|---|---|
| 2002-03 | 0.9 | 19.1 | 0.2 | - | 80.9 | -1.1 | - | - | - | 100 |
| 2003-04 | 1.5 | 23.6 | -0.2 | - | 74.7 | 0.4 | - | - | - | 100 |
| 2004-05 | 0.2 | 6.1 | 0.0 | - | 13.1 | 0.3 | 80.3 | - | - | 100 |
| 2005-06 | 0.1 | 2.3 | 0.0 | - | 6.3 | 0.1 | 81.1 | - | 10.2 | 100 |
| 2006-07 | 0.0 | 1.8 | 0.0 | - | 3.5 | 0.1 | 85.2 | - | 9.3 | 100 |
| 2007-08 | 0.0 | 0.9 | 0.0 | - | 3.0 | 0.0 | 89.9 | - | 6.1 | 100 |
| 2008-09 | 0.0 | 1.8 | 0.0 | - | 5.3 | 0.0 | 83.8 | - | 9.1 | 100 |
| 2009-10 | 0.0 | 1.1 | 0.0 | - | 4.3 | 0.0 | 91.5 | - | 3.1 | 100 |
| 2010-11 | 0.0 | 1.9 | 0.0 | - | 6.4 | 0.0 | 89.7 | - | 2.0 | 100 |
| 2011-12 | 0.1 | 2.1 | 0.0 | - | 6.4 | 0.0 | 91.4 | - | 0.0 | 100 |
| 2012-13 | 0.4 | 2.2 | 0.0 | - | 11.5 | 0.0 | 85.9 | - | 0.0 | 100 |
| 2013-14 | 0.1 | 2.7 | 0.0 | - | 12.1 | 0.0 | 85.1 | - | 0.0 | 100 |
| 2014-15 | 0.0 | 1.9 | 0.0 | - | 9.2 | 0.0 | 88.9 | - | - | 100 |
| 2015-16 | 0.2 | 1.9 | 0.0 | - | 12.1 | - | 85.8 | - | - | 100 |
| 2016-17 | 0.0 | 2.1 | 0.0 | - | -2.9 | - | 100.8 | - | - | 100 |
| 2017-18 | 0.0 | 1.7 | 0.0 | 0.0 | 0.6 | - | 97.7 | - | - | 100 |
| 2018-19 | 0.1 | 1.9 | 0.0 | 0.0 | -0.5 | - | 98.5 | - | - | 100 |
| 2019-20 | 0.1 | 2.4 | 0.0 | 0.0 | 0.0 | 0.1 | 97.4 | - | - | 100 |
| 2020-21 | 0.1 | 1.4 | 0.0 | 0.0 | 0.1 | - | 98.5 | - | - | 100 |
| 2021-22 | 0.0 | 1.3 | 0.0 | 0.0 | -0.2 | - | 98.9 | 0.0 | - | 100 |
| 2022-23 | 1.1 | 1.4 | 0.0 | 0.0 | 0.0 | - | 97.5 | - | - | 100 |
| 2023-24 | 0.1 | 1.2 | 0.0 | 0.0 | 0.0 | - | 98.8 | - | - | 100 |

*Source: Finance Accounts, 2002-2003 to 2023-2024, Controller General of Accounts, Government of India*

**Table 6:** Components of Taxes on Commodities and Services other than GST of the Union Government (in percentages)

| Year | Commodities Transaction Tax | Customs | Union Excise Duties | State Excise | Taxes on Sales, Trade etc. | Taxes on Vehicles | Taxes on Goods and Passengers | Taxes and Duties on Electricity | Service Tax | Share of Other Taxes and Duties | Total |
|---|---|---|---|---|---|---|---|---|---|---|---|
| 2002-03 | - | 32.2 | 63.1 | 0.1 | 0.5 | 0.0 | 0.0 | 0.0 | 2.7 | 1.0 | 100 |
| 2003-04 | - | 30.9 | 62.8 | 0.1 | 0.5 | 0.0 | 0.0 | 0.0 | 4.9 | 0.9 | 100 |
| 2004-05 | - | 32.1 | 59.2 | 0.1 | 0.5 | 0.0 | 0.0 | 0.0 | 7.7 | 0.3 | 100 |
| 2005-06 | - | 30.9 | 57.4 | 0.1 | 0.6 | 0.0 | 0.0 | 0.0 | 10.7 | 0.2 | 100 |
| 2006-07 | - | 34.3 | 50.5 | 0.1 | 0.6 | 0.0 | 0.0 | 0.0 | 14.3 | 0.2 | 100 |
| 2007-08 | - | 35.9 | 45.9 | 0.1 | 0.5 | 0.0 | 0.0 | 0.0 | 17.3 | 0.2 | 100 |
| 2008-09 | - | 35.2 | 41.6 | 0.1 | 0.5 | 0.0 | 0.0 | 0.0 | 22.3 | 0.3 | 100 |
| 2009-10 | - | 32.0 | 44.9 | 0.1 | 0.6 | 0.0 | 0.0 | 0.0 | 21.9 | 0.3 | 100 |
| 2010-11 | - | 37.6 | 42.3 | 0.1 | 0.5 | 0.0 | 0.0 | 0.0 | 19.1 | 0.3 | 100 |
| 2011-12 | - | 36.0 | 39.8 | 0.1 | 0.6 | 0.1 | 0.0 | 0.0 | 23.1 | 0.3 | 100 |
| 2012-13 | - | 33.0 | 40.4 | 0.1 | 0.6 | 0.0 | 0.0 | 0.0 | 25.6 | 0.3 | 100 |
| 2013-14 | - | 33.3 | 36.8 | 0.1 | 0.6 | 0.0 | 0.0 | 0.0 | 28.8 | 0.3 | 100 |
| 2014-15 | 0.0 | 32.2 | 38.2 | 0.1 | 0.5 | 0.0 | 0.0 | 0.0 | 28.7 | 0.3 | 100 |
| 2015-16 | - | 27.0 | 45.9 | 0.2 | 0.5 | 0.0 | 0.0 | 0.0 | 26.2 | 0.2 | 100 |
| 2016-17 | - | 24.0 | 48.2 | 0.1 | 0.5 | 0.0 | 0.0 | 0.0 | 26.8 | 0.3 | 100 |
| 2017-18 | 0.0 | 23.7 | 72.5 | 0.3 | 0.7 | 0.1 | 0.0 | 0.0 | 2.4 | 0.4 | 100 |
| 2018-19 | 0.0 | 24.4 | 74.5 | 0.4 | 0.4 | 0.1 | 0.0 | 0.0 | 0.0 | 0.2 | 100 |
| 2019-20 | - | 23.6 | 73.2 | 0.4 | 0.4 | 0.1 | 0.0 | 0.0 | 2.1 | 0.3 | 100 |
| 2020-21 | 0.0 | 21.7 | 77.7 | 0.2 | 0.2 | 0.0 | 0.0 | 0.0 | -0.2 | 0.3 | 100 |
| 2021-22 | 0.0 | 27.8 | 73.3 | 0.3 | 0.3 | 0.1 | 0.0 | 0.0 | -2.3 | 0.6 | 100 |
| 2022-23 | 0.2 | 36.0 | 62.9 | 0.3 | 0.3 | 0.1 | 0.0 | 0.0 | -0.2 | 0.4 | 100 |
| 2023-24 | 0.1 | 39.5 | 59.2 | 0.3 | 0.3 | 0.1 | 0.0 | 0.0 | 0.0 | 0.6 | 100 |

*Source: Finance Accounts, 2002-2003 to 2023-2024, Controller General of Accounts, Government of India*

**Table 7:** Components of Revenue Receipts of the State Governments (in percentages)

| Year | Tax revenue to total revenue | Non-tax revenue to total revenue | Total |
|---|---|---|---|
| 2002-03 | 68.9 | 31.1 | 100 |
| 2003-04 | 68.4 | 31.6 | 100 |
| 2004-05 | 71.9 | 28.1 | 100 |
| 2005-06 | 71.1 | 28.9 | 100 |
| 2006-07 | 70.3 | 29.7 | 100 |
| 2007-08 | 70.2 | 29.8 | 100 |
| 2008-09 | 69.5 | 30.5 | 100 |
| 2009-10 | 68.7 | 31.3 | 100 |
| 2010-11 | 72.7 | 27.3 | 100 |
| 2011-12 | 74.0 | 26.0 | 100 |
| 2012-13 | 75.6 | 24.4 | 100 |
| 2013-14 | 75.3 | 24.7 | 100 |
| 2014-15 | 70.2 | 29.8 | 100 |
| 2015-16 | 73.8 | 26.2 | 100 |
| 2016-17 | 70.5 | 29.5 | 100 |
| 2017-18 | 74.8 | 25.2 | 100 |
| 2018-19 | 74.9 | 25.1 | 100 |
| 2019-20 | 70.2 | 29.8 | 100 |
| 2020-21 | 65.6 | 34.4 | 100 |
| 2021-22 | 73.0 | 27.0 | 100 |
| 2022-23 | 74.2 | 25.8 | 100 |
| 2023-24 | 74.4 | 25.6 | 100 |

*Source: State Finances: A Study of Budgets, 2002-2003 to 2023-2024, Reserve Bank of India*

സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിന്റെ വിവിധ ഘടകങ്ങളാണ് എട്ടാമത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വരുമാന നികുതി, ഭൂമി അടക്കമുള്ള സ്വത്ത് നികുതികൾ, മൂലധന നികുതികൾ തുടങ്ങിയ ഇനങ്ങൾ സംസ്ഥാന ഖജനാവിലേക്ക് നാമമാത്രമായ വിഹിതം മാത്രമാണ് നൽകുന്നത്. കേന്ദ്രത്തിൽ നിന്നും വ്യത്യസ്തമായി, സംസ്ഥാനങ്ങളുടെ കാര്യത്തിൽ നികുതി ഘടനയിൽ കാതലായ പരിവർത്തനം ഉണ്ടായിട്ടില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ട് (പട്ടിക 8).

വരുമാന നികുതിയിനത്തിന്റെ വിശദാംശങ്ങൾ പട്ടിക ഒൻപതിൽ കാണാം. കാർഷിക ആദായ നികുതി, പ്രഫഷണൽ ടാക്സ്, വാണിജ്യം, തൊഴിൽ തുടങ്ങിയ നികുതികൾ മുതലായവയാണ് ഇതിൽ ഉൾപ്പെടുന്നത്. ഇതിൽ കാർഷിക ആദായ നികുതിയിൽ നിന്നുള്ള വരുമാനം തുച്ഛമാണ്. സമീപകാലത്തായി ഇത് പൂജ്യമാണ്. മറ്റിനങ്ങളിൽ നിന്നുള്ള വരുമാനം 2002–03 ൽ 97.8

**Table 8:** Components of Tax Revenue of the State Governments (in percentages)

| Year | Taxes on Income to Tax Revenue | Taxes on Property and Capital Transactions to Tax Revenue | Taxes on Commodities and Services to Tax Revenue | Share in Central Taxes to Tax Revenue | Total |
|---|---|---|---|---|---|
| 2002-03 | 1.7 | 7.7 | 62.3 | 28.3 | 100 |
| 2003-04 | 1.7 | 7.6 | 62.9 | 27.8 | 100 |
| 2004-05 | 0.9 | 8.3 | 61.4 | 29.3 | 100 |
| 2005-06 | 0.8 | 9.0 | 59.4 | 30.7 | 100 |
| 2006-07 | 0.8 | 9.6 | 57.3 | 32.3 | 100 |
| 2007-08 | 0.8 | 9.5 | 55.2 | 34.6 | 100 |
| 2008-09 | 0.7 | 8.6 | 57.4 | 33.3 | 100 |
| 2009-10 | 0.7 | 8.5 | 59.5 | 31.2 | 100 |
| 2010-11 | 0.6 | 8.9 | 58.2 | 32.3 | 100 |
| 2011-12 | 0.6 | 9.0 | 59.0 | 31.4 | 100 |
| 2012-13 | 0.5 | 9.0 | 59.6 | 30.8 | 100 |
| 2013-14 | 0.5 | 8.5 | 60.1 | 30.9 | 100 |
| 2014-15 | 0.5 | 8.5 | 60.8 | 30.2 | 100 |
| 2015-16 | 0.4 | 7.7 | 54.5 | 37.4 | 100 |
| 2016-17 | 0.4 | 6.9 | 54.1 | 38.6 | 100 |
| 2017-18 | 0.3 | 7.1 | 57.7 | 34.9 | 100 |
| 2018-19 | 0.3 | 7.0 | 54.6 | 38.1 | 100 |
| 2019-20 | 0.3 | 7.6 | 57.3 | 34.7 | 100 |
| 2020-21 | 0.3 | 7.4 | 60.1 | 32.2 | 100 |
| 2021-22 | 0.3 | 8.0 | 54.2 | 37.5 | 100 |
| 2022-23 | 0.3 | 8.4 | 56.3 | 35.0 | 100 |
| 2023-24 | 0.3 | 8.3 | 56.2 | 35.2 | 100 |

*Source: State Finances: A Study of Budgets, 2002-2003 to 2023-2024, Reserve Bank of India*

ശതമാനമായിരുന്നു. 2021–22 നു ശേഷം ഈ ഇനങ്ങളിൽ നിന്നുള്ള വരുമാനം താരതമ്യേന സ്ഥിരത പുലർത്തുകയാണ് (പട്ടിക 9).

2002–03 മുതൽ 2023–24 വരെയുള്ള കാലയളവിൽ വസ്തുവകകളുടെ നികുതിയിൽ നിന്നുള്ള സംസ്ഥാനങ്ങളുടെ വരുമാനം താരതമ്യേന സ്ഥിരത പുലർത്തിയതായി നമുക്ക് കാണാം. രെജിസ്ട്രേഷൻ ഇനത്തിലുള്ള ഫീസാണ് ഇതിൽ ഏറ്റവും പ്രധാനം. ഇതിന്റെ വിഹിതം 86.5 ശതമാനത്തിനും 91.5 ശതമാനത്തിനും ഇടയിലായിരുന്നു. 2022–23 സാമ്പത്തിക വർഷത്തിലാണ് ഏറ്റവും ഉയർന്ന തോതായ 91.5 ശതമാനം രേഖപ്പെടുത്തിയത്. ഒരിക്കൽ ഏറ്റവും പ്രധാനപ്പെട്ട ഇനമായിരുന്ന ഭൂനികുതിയിൽ നിന്നുള്ള വരുമാനം 2003–04 ൽ 13 ശതമാനമായിരുന്നത് 2023–24 ൽ 8.8 ശതമാനത്തിലേക്ക് താഴ്ന്നു. നഗര മേഖലയിലെ സ്ഥാവര സ്വത്തുക്കളുടെ നികുതി സാദ്ധ്യതകൾ കാര്യമായി പ്രയോജനപ്പെടുത്തിട്ടില്ലെന്ന് കാണാം.

**Table 9:** Components of Taxes on Income of the State Governments (in percentages)

| Year | Share of Agricultural Income Tax in Taxes on Income | Share of Taxes on Professions, Trades, Callings and Employment in Taxes on Income | Total |
|---|---|---|---|
| 2002-03 | 2.2 | 97.8 | 100 |
| 2003-04 | 2.8 | 97.2 | 100 |
| 2004-05 | 0.6 | 99.4 | 100 |
| 2005-06 | 0.6 | 99.4 | 100 |
| 2006-07 | 0.5 | 99.5 | 100 |
| 2007-08 | 0.8 | 99.2 | 100 |
| 2008-09 | 1.2 | 98.8 | 100 |
| 2009-10 | 3.2 | 96.8 | 100 |
| 2010-11 | 4.2 | 95.8 | 100 |
| 2011-12 | 3.4 | 96.6 | 100 |
| 2012-13 | 2.8 | 97.2 | 100 |
| 2013-14 | 2.9 | 97.1 | 100 |
| 2014-15 | 1.7 | 98.3 | 100 |
| 2015-16 | 1.0 | 99.0 | 100 |
| 2016-17 | 0.9 | 99.1 | 100 |
| 2017-18 | 0.7 | 99.3 | 100 |
| 2018-19 | 0.2 | 99.8 | 100 |
| 2019-20 | 0.2 | 99.8 | 100 |
| 2020-21 | 0.1 | 99.9 | 100 |
| 2021-22 | 0.0 | 100 | 100 |
| 2022-23 | 0.0 | 100 | 100 |
| 2023-24 | 0.0 | 100 | 100 |

*Source: State Finances: A Study of Budgets, 2002-2003 to 2023-2024, Reserve Bank of India*

ഇത് 2.2 ശതമാനത്തിന് അപ്പുറം പോയിട്ടില്ല. 2023-24 ൽ ഇത് 0.9 ശതമാനം എന്ന നിലയിലേക്ക് താഴ്ന്നു. കൈമാറ്റ രീതിയിലുള്ള ഇനങ്ങളിലെ നികുതിയെയാണ് സംസ്ഥാനങ്ങൾ കൂടുതലായി ആശ്രയിക്കുന്നതെന്ന് കാണാം. സ്വത്ത് നികുതി അടക്കമുള്ള സാദ്ധ്യതകൾ സംസ്ഥാനങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തിയിട്ടില്ല (പട്ടിക 10).

പട്ടിക 11 പരിശോധിക്കുമ്പോൾ മനസിലാക്കാൻ കഴിയുന്നത് 2002-03 നും 2016-17 നുമിടയിൽ സംസ്ഥാനങ്ങളുടെ ചരക്ക്, സേവന നികുതികളുടെ കൂട്ടത്തിൽ വരുമാനത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് വില്പന നികുതിയാണെന്നാണ്. 68 ശതമാനത്തിലധികമാണ് ഈ ഇനത്തിന്റെ സംഭാവന. 2017-18 ൽ ഇതിൽ കാതലായ മാറ്റങ്ങൾ ഉണ്ടായി. വില്പന

**Table 10:** Components of Taxes on Property and Capital Transactions of the State Governments (in percentages)

| Year | Land Revenue to axes on Property and Capital Transactions | Stamps and Registration Fees to Taxes on Property and Capital Transactions | Urban Immovable Property Tax in Taxes to Property and Capital Transactions | Total |
|---|---|---|---|---|
| 2002-03 | 11.9 | 87.6 | 0.5 | 100 |
| 2003-04 | 13.0 | 86.5 | 0.5 | 100 |
| 2004-05 | 11.3 | 88.4 | 0.3 | 100 |
| 2005-06 | 9.8 | 89.9 | 0.3 | 100 |
| 2006-07 | 9.2 | 90.2 | 0.6 | 100 |
| 2007-08 | 9.6 | 89.6 | 0.8 | 100 |
| 2008-09 | 11.7 | 87.2 | 1.2 | 100 |
| 2009-10 | 11.4 | 87.7 | 0.9 | 100 |
| 2010-11 | 12.4 | 86.7 | 1.0 | 100 |
| 2011-12 | 9.7 | 88.1 | 2.2 | 100 |
| 2012-13 | 10.2 | 88.5 | 1.3 | 100 |
| 2013-14 | 10.3 | 88.4 | 1.3 | 100 |
| 2014-15 | 9.2 | 89.6 | 1.2 | 100 |
| 2015-16 | 10.3 | 88.4 | 1.3 | 100 |
| 2016-17 | 11.3 | 87.2 | 1.4 | 100 |
| 2017-18 | 9.9 | 89.0 | 1.1 | 100 |
| 2018-19 | 8.4 | 90.6 | 1.0 | 100 |
| 2019-20 | 8.2 | 90.6 | 1.1 | 100 |
| 2020-21 | 10.0 | 88.7 | 1.3 | 100 |
| 2021-22 | 8.0 | 91.0 | 0.9 | 100 |
| 2022-23 | 7.7 | 91.5 | 0.8 | 100 |
| 2023-24 | 8.8 | 90.3 | 0.9 | 100 |

*Source: State Finances: A Study of Budgets, 2002-2003 to 2023-2024, Reserve Bank of India*

നികുതിയുടെ വിഹിതം 2016-17 ൽ 72.5 ശതമാനമായിരുന്നത് 2017-18 ൽ 40.1 ശതമാനമായി ആദ്യവർഷം 35.3 ശതമാനമായിരുന്ന ഇതിൽ നിന്നുള്ള വിഹിതം 2023-24 ൽ 49.8 ശതമാനമായി ഉയർന്നു. മാറ്റിനങ്ങളായ സംസ്ഥാന എക്സൈസ് തീരുവ, വാഹന നികുതി, വൈദ്യുതി നികുതി തുടങ്ങിയവ താരതമ്യേന സ്ഥിരതയാർന്ന പ്രകടനമാണ് കാഴ്ച വച്ചത്. 13 ശതമാനത്തിനും 15 ശതമാനത്തിനും ഇടയിലായിരുന്നു സംസ്ഥാന എക്സൈസ് തീരുവയെങ്കിൽ വാഹന നികുതി, വൈദ്യുതി നികുതി എന്നീ ഇനങ്ങൾ യഥാക്രമം 5 ശതമാനത്തിനും 7 ശതമാനത്തിനും 3 ശതമാനത്തിനും 4 ശതമാനത്തിനും ഇടയിലായിരുന്നു. ജി എസ് ടി നിലവിൽ വന്നതിന് ശേഷം വിനോദ നികുതി ഇല്ലാതായി എന്ന് തന്നെ വിലയിരുത്താം. 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ നിന്നുള്ള വരുമാനം 0.3 ശതമാനം മാത്രമായിരുന്നു. എസ് ജി എസ് ടിക്ക് ലഭിക്കുന്ന പ്രാധാന്യം സൂചിപ്പിക്കുന്നത് സംയോജിതമായ ഉപഭോക്തൃ നികുതി രീതിയിലേക്കുള്ള മാറ്റത്തെയാണ്. പരമ്പരാഗത നികുതി വരുമാനം കുറയുന്നത് നൽകുന്ന സൂചന പരോക്ഷ നികുതി അടിത്തറ ശക്തമാകുന്നു എന്നതാണ്. എന്നാൽ സംസ്ഥാനങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്ന എസ് ജി എസ് ടി, ഐ ജി എസ് ടി വരുമാനത്തിന്റെ വളർച്ചയുടെ തോത് കേന്ദ്രത്തിന്റെ വരുമാന വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്ന് വിലയിരുത്താം. നികുതിയുടെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ സ്വയംനിർണ്ണയ അവകാശത്തെ ഹനിക്കുന്ന സ്ഥിതിയാണ് ഇത് വ്യക്തമാക്കുന്നത്. മാത്രവുമല്ല കേന്ദ്ര നഷ്ടപരിഹാരത്തെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു എന്നതും ഇത് സൂചിപ്പിക്കുന്നു (പട്ടിക 11).

കേന്ദ്ര സർക്കാരിന്റെ മൊത്തം വരുമാനത്തിൽ ഉണ്ടായിരിക്കുന്ന വളർച്ചയാണ് പട്ടിക 12 ൽ നല്കിയിരിക്കുന്നത്. 2002 മുതൽ 2013 വരെയുള്ള ഒന്നാം ഘട്ടത്തിൽ 13.9 ശതമാനമായിരുന്നു വളർച്ചയെങ്കിൽ 2013 മുതൽ 2024 വരെയുള്ള ഘട്ടത്തിൽ അത് 10.5 ശതമാനമായി കുറഞ്ഞു. നികുതി വരുമാനത്തിന്റെ വളർച്ചയുടെ കാര്യത്തിലും ഇതേ പ്രവണതയാണ് ദൃശ്യമായത്. ഇത് യഥാക്രമം 17 ശതമാനത്തിൽ നിന്ന് 11.1 ശതമാനമായി കുറഞ്ഞു. നികുതിയേതര വരുമാനമാകട്ടെ 9.7 ശതമാനത്തിൽ നിന്നും 10.1 ശതമാനമായി കൂടി. 2013 മുതൽ 2024 വരെയുള്ള രണ്ടാമത്തെ ഘട്ടത്തിൽ ഉണ്ടായ പ്രധാന മാറ്റം 2017 ൽ ജി എസ് ടി നടപ്പാക്കി എന്നതാണ്. ഇക്കാര്യം ഓരോ ഇനത്തിലും സംഭവിച്ച പോസിറ്റീവായ വളർച്ചയിൽ നിന്നും വ്യക്തമാകുന്നുണ്ട്. സി ജി എസ് ടി – 17.4%, യു ടി ജി എസ് ടി – 24.9%, ജി എസ് ടി നഷ്ടപരിഹാര സെസ്സ് – 16.2% എന്നിങ്ങനെ വളർച്ച രേഖപ്പെടുത്തിയപ്പോൾ ഐ ജി എസ് ടി മാത്രം 48.5 ശതമാനം നെഗറ്റീവ് വളർച്ച രേഖപെടുത്തുകയുണ്ടായി. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പങ്ക് വയ്ക്കലിന്റെ പ്രശ്നങ്ങളും ഒപ്പം ചില അക്കൗണ്ടിംഗ് പ്രശ്നങ്ങളുമാണ് ഈ അസാധാരണ സ്ഥിതിവിശേഷത്തിന് നിദാനമായത്.

നികുതി ഇനങ്ങളിൽ വളരെ ശക്തമായ വളർച്ച പ്രകടമാക്കിയത് വരുമാനത്തിന്മേലുള്ള നികുതി, ചെലവിന്മേലുള്ള നികുതി എന്നിവയുടെ കാര്യത്തിലാണ്. എന്നാൽ നേരിയ തോതിലാണെങ്കിലും ഇത് 20.6 ശതമാനത്തിൽ നിന്നും 11.9 ശതമാനമായി കുറഞ്ഞു. കോവിഡ് മഹാമാരിയും 2019 ൽ കോർപറേറ്റ് നികുതിയിൽ ഇളവ് വരുത്തിയതുമാണ് ഇതിന് കാരണം. ജി എസ് ടി ഒഴികെയുള്ള ചരക്ക്, സേവന നികുതികളും വളർച്ചയും 14.3 ശതമാനത്തിൽ നിന്നും 7.2 ശതമാനമായി താഴ്ന്നു. ജി എസ് ടി നടപ്പിലാക്കിയതിന് ശേഷമുള്ള സ്ഥിതിവിശേഷമാണ് ഇതിലേക്ക് നയിച്ചത്. എന്നാൽ സ്വത്ത്, മൂലധന നികുതികൾ, മറ്റു ഇടപാടുകൾക്ക് ഈടാക്കുന്ന നികുതി തുടങ്ങിയ ഇനങ്ങളുടെ കാര്യത്തിൽ വളർച്ച ഏറെ താഴേക്ക് പോയി. ഇത് 79.4 ശതമാനത്തിൽ നിന്ന് 18.6 ശതമാനത്തിലേക്ക് താഴ്ന്നു.

**Table 11**: Components of Taxes on Commodities and Services of the State Governments (in percentages)

| Year | Sales Tax to Taxes on Commodities and Services | State Excise to Taxes on Commodities and Services | Taxes on Vehicles to Taxes on Commodities and Services | Taxes on Goods and Passengers to Taxes on Commodities and Services | Taxes and Duties on Electricity to Taxes on Commodities and Services | Entertainment tax to Taxes on Commodities and Services | SGST to Taxes on Commodities and Services | Other Taxes and Duties to Taxes on Commodities and Services | Total |
|---|---|---|---|---|---|---|---|---|---|
| 2002-03 | 68.6 | 15.3 | 6.7 | 3.4 | 4.2 | 0.7 | - | 1.1 | 100 |
| 2003-04 | 69.0 | 15.1 | 6.6 | 3.3 | 4.2 | 0.6 | - | 1.1 | 100 |
| 2004-05 | 71.0 | 13.3 | 6.6 | 3.2 | 4.4 | 0.5 | - | 1.0 | 100 |
| 2005-06 | 70.7 | 13.8 | 6.6 | 3.5 | 4.2 | 0.4 | - | 0.8 | 100 |
| 2006-07 | 71.9 | 13.7 | 6.2 | 3.2 | 3.8 | 0.3 | - | 0.9 | 100 |
| 2007-08 | 71.7 | 14.1 | 6.3 | 2.8 | 3.8 | 0.4 | - | 0.8 | 100 |
| 2008-09 | 71.6 | 14.8 | 5.9 | 3.1 | 3.4 | 0.4 | - | 0.8 | 100 |
| 2009-10 | 70.3 | 15.4 | 6.1 | 3.1 | 3.9 | 0.4 | - | 0.9 | 100 |
| 2010-11 | 70.5 | 15.0 | 6.2 | 2.9 | 4.4 | 0.3 | - | 0.9 | 100 |
| 2011-12 | 71.9 | 15.0 | 6.0 | 2.4 | 3.6 | 0.4 | - | 0.7 | 100 |
| 2012-13 | 71.6 | 14.6 | 6.0 | 2.7 | 3.9 | 0.4 | - | 0.8 | 100 |
| 2013-14 | 73.2 | 13.1 | 5.8 | 3.1 | 3.6 | 0.3 | - | 0.7 | 100 |
| 2014-15 | 72.8 | 13.3 | 6.1 | 2.9 | 3.8 | 0.4 | - | 0.8 | 100 |
| 2015-16 | 71.7 | 13.7 | 6.1 | 3.2 | 4.2 | 0.4 | - | 0.8 | 100 |
| 2016-17 | 72.5 | 13.3 | 6.1 | 3.2 | 3.9 | 0.4 | - | 0.7 | 100 |
| 2017-18 | 40.1 | 12.7 | 6.5 | 1.4 | 3.5 | 0.1 | 35.3 | 0.4 | 100 |
| 2018-19 | 27.0 | 13.9 | 6.4 | 0.3 | 3.8 | 0.0 | 48.3 | 0.3 | 100 |
| 2019-20 | 27.0 | 15.1 | 6.7 | 0.2 | 3.8 | 0.0 | 47.0 | 0.3 | 100 |
| 2020-21 | 26.5 | 15.9 | 5.5 | 0.2 | 4.4 | 0.0 | 47.2 | 0.3 | 100 |
| 2021-22 | 27.6 | 15.8 | 5.8 | 0.1 | 3.3 | 0.0 | 47.1 | 0.2 | 100 |
| 2022-23 | 26.4 | 15.4 | 6.4 | 0.1 | 4.0 | 0.0 | 47.6 | 0.2 | 100 |
| 2023-24 | 24.4 | 15.5 | 6.2 | 0.2 | 3.6 | 0.0 | 49.8 | 0.3 | 100 |

*Source: State Finances: A Study of Budgets, 2002-2003 to 2023-2024, Reserve Bank of India*

എസ്റ്റേറ്റ് നികുതിയുടെ കാര്യത്തിൽ മന്ദഗതിയിലുള്ള വളർച്ച മാത്രമാണ് കണ്ടത്. ആദ്യഘട്ടത്തിൽ–111.4 ശതമാനമായിരുന്ന നികുതി രണ്ടാം ഘട്ടത്തിൽ 33.6 ശതമാനം വളർച്ച രേഖപ്പെടുത്തുന്ന നിലയുണ്ടായി. ശരാശരി 33.6 ശതമാനം വളർച്ച കൈവരിച്ചപ്പോൾ അത് സാമ്പത്തിക വളർച്ചയുമായി കാര്യമായ ബന്ധമില്ലാത്ത നിലയിലായിരുന്നു. ഇത് 1985 ൽ നിർത്തലാക്കുകയും 2015 നു ശേഷം വരുമാനം പൂർണ്ണമായും നിലയ്ക്കുകയും ചെയ്തു. എന്നാൽ കസ്റ്റംസ് തീരുവ 15.5 ശതമാനത്തിൽ നിന്നും 8.9 ശതമാനം എന്ന നിലയിലേക്ക് കുറഞ്ഞു. കേന്ദ്ര എക്സൈസ് തീരുവയാകട്ടെ 9.3 ശതമാനത്തിൽ നിന്നും 10.1 ശതമാനമായി കൂടി. ഈ മാറ്റങ്ങൾ ആസൂത്രിതമായി തന്നെ നടപ്പാക്കിയതാണ്. പരോക്ഷ നികുതികൾ ഏകീകരിക്കുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് നടപ്പാക്കിയത് (പട്ടിക 12).

കഴിഞ്ഞ രണ്ടു ദശകക്കാലത്തെ സംസ്ഥാനങ്ങളുടെ വരുമാനത്തിന്റെ വിവിധ ഘടകങ്ങൾ പരിശോധിക്കുമ്പോൾ കാണുവാൻ കഴിയുന്നത് അടിസ്ഥാന ഘടനയിലും നയപരമായ കാര്യങ്ങളിലും വന്നിട്ടുള്ള ശക്തമായ മാറ്റമാണ്. 2002 മുതൽ 2013 വരെയുള്ള ആദ്യദശകത്തിൽ മൊത്തം വരുമാനം 15.7 ശതമാനം ഉയർന്നു. എന്നാൽ രണ്ടാമത്തെ ദശകത്തിൽ ഇത് 11.8 ശതമാനമായി കുറഞ്ഞു. ജി എസ് ടി നടപ്പിലാക്കിയതിന് ശേഷം വന്ന സാമ്പത്തികവും ഘടനപരവുമായ മാറ്റത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. നികുതി വരുമാനത്തിലും കാണാം സമാനമായ പ്രവണത. ഇത് 16.8 ശതമാനം എന്നതിൽ നിന്ന് 11.9 ശതമാനത്തിലേക്ക് താഴ്ന്നു. ഉയർന്ന വരുമാനം ലഭിക്കുന്ന പല മാർഗ്ഗങ്ങളും ജി എസ് ടി നിലവിൽ വന്നതോടെ സംസ്ഥാന സർക്കാരുകൾക്ക് കയ്യൊഴിയേണ്ടതായി വന്നു. എന്നാൽ നികുതിയേതര വരുമാനം താരതമ്യേന സ്ഥിരമായ നിലയിൽ തുടർന്നു. ആദ്യ ദശകത്തിൽ 13.1 ശതമാനം വളർച്ച നേടിയപ്പോൾ രണ്ടാം ദശകത്തിൽ അത് 13.2 ശതമാനമായിരുന്നു. റോയൽറ്റി, ഫീസ്, പലിശ തുടങ്ങിയ ഇനങ്ങളിലായാണ് ഇതിൽ അധിക പങ്കും ലഭ്യമായത്. പ്രഫഷണൽ നികുതി, സംസ്ഥാനതല കാർഷിക ആദായ നികുതി തുടങ്ങിയവ ഉൾപ്പെടുന്ന വരുമാന നികുതി 5.2 ശതമാനത്തിൽ നിന്നും 6.3 ശതമാനമായി കൂടി. കേന്ദ്ര നികുതികളിലെ സംസ്ഥാന വിഹിതമാകട്ടെ 18 ശതമാനത്തിൽ നിന്നും 14.5 ശതമാനം എന്ന നിലയിലേക്കും ചുരുങ്ങി. സെസ്സ്, സർചാർജ് തുടങ്ങിയ ഇനങ്ങളിലെ വരുമാനം ഉയർത്തിയതാണ് ഇതിന് കാരണം.

നഗര മേഖലയിലെ സ്ഥാവര സ്വത്തുക്കളുടെ കാര്യത്തിലും ഇതേ പ്രവണത ദൃശ്യമാണ്. 44.9 ശതമാനത്തിൽ നിന്നും 7.3 ശതമാനത്തിലേക്ക് വീണു. റവന്യൂ വരുമാനത്തിൽ ഇതുകൊണ്ട് കാര്യമായ നേട്ടമുണ്ടായില്ല എന്നതാണ് വസ്തുത. രണ്ടാമത്തെ ദശകത്തിൽ ഈ ഇനത്തിൽ നിന്നുള്ള വരുമാനം വളരെ പരിമിതമായിരുന്നു. ഭൂനികുതി, രെജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി മുതലായവയിൽ നിന്നുള്ള വരുമാനമാകട്ടെ യഥാക്രമം 17.5 ശതമാനത്തിൽ നിന്നും 9.7 ശതമാനമായും 19.2 ശതമാനത്തിൽ നിന്നും 11.5 ശതമാനമായും കുറഞ്ഞു.

വില്പന നികുതി, ചരക്കുകൾക്കും യാത്രക്കാർക്കും ഏർപെടുത്തിയിരുന്ന നികുതി, വിനോദ നികുതി തുടങ്ങിയ ഇനങ്ങളിൽ നിന്നുള്ള വരുമാനം രണ്ടാമത്തെ ദശകത്തിൽ കാര്യമായി തന്നെ കുറയുകയുണ്ടായി. ഉദാഹരണത്തിന് വിൽപ്പന നികുതി ആദ്യ ദശകത്തിൽ നേടിയ വളർച്ച 16.7 ശതമാനമാണ്. ഇത് കേവലം 2.2 ശതമാനമായി ചുരുങ്ങി. ചരക്കുകൾക്കും യാത്രക്കാർക്കും ഏർപ്പെടുത്തിയിരുന്ന നികുതിയിലെ വളർച്ച 2013 ൽ പൂജ്യത്തിലേക്ക് താഴ്ന്നു. എന്നാൽ വിനോദ നികുതി ആദ്യ ദശകത്തിലെ 11.1 ശതമാനത്തിൽ നിന്നും 14 ശതമാനമായി ഉയർന്നു. സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തിന്റെ കാര്യത്തിൽ

കാതലായ മാറ്റങ്ങൾക്കാണ് ജി എസ് ടി നടപ്പിലായതോടെ സാക്ഷ്യം വഹിച്ചത്. സംസ്ഥാനങ്ങളുടെ വരുമാനത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന എസ് ജി എസ് ടി യിൽ ശരാശരി 17.3 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സംസ്ഥാനങ്ങളുടെ വരുമാനത്തിൽ അസാധാരണമായ ശരാശരി വളർച്ചയാണ് (308%) കഴിഞ്ഞ എട്ടു വർഷക്കാലത്തിനിടയിൽ സി ജി എസ് ടീയുടെ കാര്യത്തിൽ കണ്ടത്. സി ജി എസ് ടി ഒരു കേന്ദ്ര നികുതിയാണെങ്കിലും ഐ ജി എസ് ടി സെറ്റില്മെന്റിന്റെ വിഹിതം കൂടി ഉൾക്കൊള്ളുന്നതാണ് ഇത്. സംസ്ഥാനങ്ങൾ ക്കിടയിൽ വിതരണം ചെയ്യുന്ന നഷ്ടപരിഹാര വിഹിതം കൂടി പലപ്പോഴും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണാം. സംസ്ഥാനങ്ങൾ നേരിട്ട് ഇക്കാര്യത്തിൽ ഒരു പങ്കും വഹിക്കുന്നില്ല. എന്നാൽ മദ്യം പോലെ സംസ്ഥാനങ്ങൾക്ക് പൂർണ്ണ അധികാരമുള്ള സംസ്ഥാന എക്സൈസ് തീരുവയുടെ കാര്യത്തിൽ വളർച്ച 15.8 ശതമാനത്തിൽ നിന്നും 11.6 ശതമാനമായി. വാഹന നികുതി 15

**Table 12:** Average Annual Growth Rate of the Revenue Components of the Union Government (in percentages)

| Components | Average Annual Growth Rate from 2002-2003 to 2012-2013 | Average Annual Growth Rate from 2013-2014 to 2023-2024 |
|---|---|---|
| Total Revenue | 13.9 | 10.5 |
| Tax Revenue | 17 | 11.1 |
| Non-Tax Revenue | 9.7 | 10.1 |
| Grants-In-Aid and Contributions | 3.3 | 33.7 |
| GST | 0 | 9.9 |
| Taxes on Income and Expenditure | 20.6 | 11.9 |
| Taxes on Property, Capital and Other Transactions | 79.4 | 18.6 |
| Taxes on Commodities and Services other than GST | 14.3 | 7.2 |
| Central Goods and Services Tax (CGST) | 0 | 17.4 |
| Union Territory Goods and Services Tax | 0 | 24.9 |
| Integrated Goods and Services Tax | 0 | -48.5 |
| Goods and Services Tax Compensation Cess | 0 | 16.2 |
| Estate Duty | -111.4 | 33.6 |
| Security Transaction Tax | 58 | 20.2 |
| Customs | 15.5 | 8.9 |
| Union Excise Duties | 9.3 | 10.1 |

*Source: Finance Accounts, 2002-2003 to 2023-2024, Controller General of Accounts*

ശതമാനത്തിൽ നിന്നും 11.9 ശതമാനമായി ചുരുങ്ങി. വൈദ്യുതിയിന്മേലുള്ള ഡ്യൂട്ടി 16 ശതമാനത്തിൽ നിന്നും 10.9 ശതമാനമായി കുറഞ്ഞു.

കസ്റ്റംസ് തീരുവയിലെ വളർച്ച 16 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറഞ്ഞു. എന്നാൽ എക്സൈസ് തീരുവ 6.6 ശതമാനം എന്ന നിരക്കിൽ സ്ഥിരത പുലർത്തിയതായി കാണാം. കോർപറേറ്റ് നികുതി, ആദായ നികുതി എന്നിവയുടെ കാര്യത്തിൽ ശരാശരി വളർച്ചാ നിരക്ക് താഴുകയായിരുന്നു. കോർപറേറ്റ് നികുതി 19.3 ശതമാനത്തിൽ നിന്നും 13.2 ശതമാനത്തിലേക്ക് താഴ്ന്നു. ആദായ നികുതിയാകട്ടെ 19.2 ശതമാനത്തിൽ നിന്ന് 18.5 ശതമാനമായും കുറഞ്ഞു (പട്ടിക 13).

**Table 13:** Average Annual Growth Rate of the Revenue Components of the States (in percentages)

| Components | Average Annual Growth Rate from 2002-2003 to 2012-2013 | Average Annual Growth Rate from 2013-2014 to 2023-2024 |
|---|---|---|
| Total Revenue | 15.7 | 11.8 |
| Tax Revenue | 16.8 | 11.9 |
| Non-Tax Revenue | 13.1 | 13.2 |
| Taxes on Income | 5.2 | 6.3 |
| Agricultural Income Tax | 30.8 | -10.7 |
| Taxes on Professions, Trades, Callings and Employment | 5 | 6.6 |
| Land Revenue | 17.5 | 9.7 |
| Stamps and Registration fees | 19.2 | 11.5 |
| Urban Immovable Property Tax | 44.9 | 7.3 |
| Sales Tax | 16.7 | 2.2 |
| State Excise | 15.8 | 11.6 |
| Taxes on Vehicles | 15 | 11.9 |
| Taxes on Goods and Passengers | 14.1 | 0 |
| Taxes and Duties on Electricity | 16 | 10.9 |
| Entertainment Tax | 11.1 | 14 |
| SGST | 0 | 17.3 |
| Share in Central Taxes | 18 | 14.5 |
| CGST | 0 | 308 |
| Corporation Tax | 19.3 | 13.2 |
| Income Tax | 19.2 | 18.5 |
| Union Excise Duties | 6.6 | 6.6 |
| Customs | 16 | 3 |

*Source: State Finances: A Study of Budgets, 2002-2003 to 2023-2024, Reserve Bank of India*

**5. ഉപസംഹാരം**

2002–03 മുതൽ 2023–24 വരെയുള്ള കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും മൊത്തം റവന്യൂ വരുമാനത്തിന്റെ സ്ഥിതിയാണ് ഈ പ്രബന്ധത്തിൽ പരിശോധിക്കുന്നത്. സംസ്ഥാനങ്ങളുടെ വരുമാന അടിത്തറ ഭദ്രമായ നിലയിലല്ല എന്നാണ് പഠനം വിലയിരുത്തുന്നത്. എന്നാൽ പൊതുവെ നോക്കുമ്പോൾ കണക്കിൽ സംസ്ഥാനങ്ങളുടെ വരുമാനം വലിയ തോതിലുള്ള നേട്ടങ്ങൾ കൈവരിച്ചതായി കാണാം. ജി എസ് ടി നികുതി സമ്പ്രദായം നിലവിൽ വന്നതോടെ സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയ അവകാശങ്ങൾ പരിമിതമാക്കപ്പെട്ടു. അതുകൊണ്ട് സംസ്ഥാനങ്ങൾ കേന്ദ്ര വിഹിതം, നഷ്ടപരിഹാരം തുടങ്ങിയ കാര്യങ്ങളെ കൂടുതലായി ആശ്രയിക്കേണ്ടുന്ന നിലയുണ്ടാക്കി. അതായത് പുതിയ പരോക്ഷ നികുതി ഘടന കൂടുതൽ വരുമാനവും കേന്ദ്ര സർക്കാരിൽ കേന്ദ്രീകരിക്കുന്ന സ്ഥിതി സംജാതമാക്കി. നികുതിയിനങ്ങളിലെ ഓരോ ഇനവും പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് നികുതി അടിത്തറ കേന്ദ്ര സർക്കാരിൽ കൂടുതൽ കേന്ദ്രീകൃതമാകുന്നതാണ്. സംസ്ഥാനങ്ങളാകട്ടെ വിഘടിതമായ ഒരു ഘടനയുമായി പ്രവർത്തിക്കേണ്ടുന്ന സ്ഥിതിയിലുമാണ്. ധനപരമായ കാര്യങ്ങളിൽ സംസ്ഥാനങ്ങൾ കേന്ദ്രത്തെ അധികമായി ആശ്രയിക്കേണ്ട സ്ഥിതി വന്നു ചേർന്നു.

സംസ്ഥാനങ്ങളുടെ വരുമാനത്തിന്റെ കാര്യത്തിൽ മുദ്ര വില, രെജിസ്ട്രേഷൻ തുടങ്ങിയ ഇനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. എസ്റ്റേറ്റ് ഡ്യൂട്ടി, സ്വത്ത് നികുതി, ഗിഫ്റ്റ് ടാക്സ് തുടങ്ങിയ കാലങ്ങളായി നിലനിന്നിരുന്ന നികുതികൾ പൂർണ്ണമായും നിർത്തലാക്കിയെങ്കിലും അവ അകൗണ്ടുകളിൽ തുടരുന്നുണ്ട്. വൈദ്യുതി ഡ്യൂട്ടിയുടെ കാര്യത്തിൽ വ്യക്തമാവുന്നത്, തുടർച്ചയായ ഇടിവാണ്. നികുതി ഒഴിവ് നൽകിയതും പുനരുപയോഗ ഊർജ സ്രോതസുകളുടെ വിനിയോഗം വർധിച്ചതുമാണ് ഇതിന് കാരണമായി മാറിയത്. അതുപോലെ തന്നെ സേവന നികുതി, ബാങ്കിങ് ഇടപാട് നികുതി തുടങ്ങിയ ഇനങ്ങളുടെ കാര്യത്തിലും ശക്തമായ ഇടിവുണ്ടായിട്ടുണ്ട്. സംസ്ഥാനതലങ്ങളിൽ വരുമാനം ഉയർത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക, കാലഹരണപ്പെട്ട നികുതി ഘടന പൊളിച്ചെഴുതുക, സംസ്ഥാനങ്ങൾക്ക് നൽകുന്ന നികുതി വിഹിതം, നഷ്ടപരിഹാരം തുടങ്ങിവയവയുടെ സ്ഥിതി പുനഃപരിശോധിക്കുക തുടങ്ങിയ അടിസ്ഥാനപരമായ നയംമാറ്റങ്ങൾ സഹകരണ ഫെഡറലിസം കരുത്തുറ്റതാക്കുന്നതിനും ഒപ്പം ധനകാര്യ നിയന്ത്രണ രംഗത്ത് സംസ്ഥാനങ്ങളുടെ സ്വയംനിർണ്ണയവകാശം ശക്തമാകുന്നതിനും അനിവാര്യമാണ് എന്നതാണ് ഈ പഠനത്തിൽ സൂചിപ്പിക്കാനുള്ളത്.

*(ഗുലാത്തി ഇൻസ്റ്റിട്യൂട്ടിൽ നടത്തിയ ഇന്റേൺഷിപ്പിന്റെ ഭാഗമായാണ് ഈ പ്രബന്ധം സമർപ്പിച്ചത്. അസിസ്റ്റന്റ് പ്രഫസർ ഡോ. ബി. എസ് സുമലതയാണ് പഠനത്തിന് മേൽനോട്ടം വഹിച്ചത്. ഇത് ഏറ്റവും ഭംഗിയായി പൂർത്തീകരിക്കുന്നതിന് എന്നെ സഹായിച്ച ഡോ. സുമലതയോടുള്ള കടപ്പാട് അറിയിക്കുന്നു. ഇതിന് അവസരം നൽകിയ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. അതോടൊപ്പം, ഇന്റേൺഷിപ്പിന്റെ കോ– ഓർഡിനേറ്റർമാരായി പ്രവർത്തിച്ച വ്യക്തികളോടും ബാച്ചിലെ മറ്റു സഹപാഠികളോടും എല്ലാ പിന്തുണയും നൽകിയ മാതാപിതാക്കളോടും എന്റെ കടപ്പാടും നന്ദിയും അറിയിക്കുന്നു).*

■

(ഡൽഹി സർവകലാശാലയിൽ മൂന്നാം വർഷ ബി. എ ഇക്കണോമിക്സ് ഓണേഴ്സ് വിദ്യാർത്ഥിയാണ് ഭദ്ര വിനീത്. ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ അസിസ്റ്റന്റ് പ്രഫസറാണ് ബി. എസ് സുമലത)

**References**

Khandare, V. B., &Maheboob, S. A. (2019). Growth and structure of total receipts of central government in India. *International Journal of Multidisciplinary Educational Research,* 8(7(4)), 64-72.

Amarjothi, P., &Azhakarraja, C. (2013). A Study on Indian Revenue Generators. *IOSR Journal of Humanities and Social Science (IOSR-JHSS),* 12(2), 1-7. https://www.iosrjournals.org/iosr-jhss/papers/Vol12-issue2/A01220107.pdf

Vaidya, R. N., & Srivastava, V. D. (2023). A Study of Financial Relationship Between Union and State Under Federal Polity. In S. Mathew (Ed.), *Indian fiscal federalism and decentralization* (Chapter 6). Palgrave Macmillan.

Sharma, C. K. (2021). The Political Economy of India's Transition to Goods and Services Tax (GIGA Working Paper No. 325). German Institute for Global and Area Studies (GIGA). https://www.jstor.org/stable/resrep28523

Veni, L. K. (2020). State Wise Own Revenue in India - A Comparative Analysis. IOSR *Journal of Economics and Finance,* 11(3), 60-69. https://doi.org/10.9790/5933-1103016069

Hendriks, R. (1858). *Statistics of Indian Revenue.* Government Printing Office.

Nayudu, A. S. (2019). *Tax revenue efficiency of Indian states: The case of stamp duty and registration fees* (Working Paper No. 278). National Institute of Public Finance and Policy. https://www.nipfp.org.in/publications/working-papers/1873/

Singh, P. (2019). *Tax revenue in India: Trends and issues* (Working Paper No. 448). Institute for Social and Economic Change. https://www.isec.ac.in/WP%20448%20-%20Pratap%20Singh%20-%20Final.pdf

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 3*
*ജൂലൈ- സെപ്റ്റംബർ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# എൻഡോസൾഫാൻ ദുരിതബാധിതരുടെ രോഗാവസ്ഥയും സാമൂഹ്യ , സാമ്പത്തിക ദുരിതവും

ലിനി ജി. ആർ, ഐശ്വര്യ പി. വി

**സംഗ്രഹം**

*കീടനാശിനികളുടെ ഉപയോഗം ആഗോളതലത്തിൽ 2.6 ദശലക്ഷം ടൺ ആയി ഉയർന്നിരിക്കുകയാണ്. ഇതിന്റെ 85 ശതമാനവും ഉപയോഗിക്കുന്നത് കാർഷിക മേഖലയിലാണ്. വികസിത രാഷ്ട്രങ്ങളിലാണ് ഉപയോഗത്തിന്റെ അധിക പങ്കുമെങ്കിലും വികസ്വര രാജ്യങ്ങളിലും കീടനാശിനികളുടെ ഉപയോഗം വ്യാപകമാവുകയാണ്. പൊതുജനാരോഗ്യ രംഗത്ത് ഇത് ഉയർത്തുന്ന ആശങ്കകൾ ഒട്ടും ചെറുതല്ല (ഡബ്ല്യു ആർ ഐ – 1999). ഇന്ത്യയിൽ ആരോഗ്യ മേഖലയിൽ വലിയ വെല്ലുവിളി ഉയർത്തിക്കൊണ്ട് ഭക്ഷണ പദാർത്ഥങ്ങളിൽ വ്യാപകമായി കീടനാശിനികളുടെ അവശിഷ്ടം കണ്ടെത്താൻ കഴിയുന്നുണ്ട്. കേരളത്തിന്റെ കാര്യമെടുത്താൽ കാസർഗോഡ് ജില്ലയിലെ കശുഅണ്ടി തോട്ടങ്ങളിൽ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനി ആകാശമാർഗ്ഗം സ്പ്രേ ചെയ്തത് വലിയ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായി മാറിയിട്ടുണ്ട്. മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്ന കശുഅണ്ടി തോട്ടങ്ങളിലാണ് ഇതിന്റെ പ്രയോഗം വ്യാപകമായി നടന്നിട്ടുള്ളത്. മഴ പെയ്യുമ്പോൾ ഇതിന്റെ അവശിഷ്ടങ്ങൾ ജലത്തോടൊപ്പം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്ന സ്ഥിതിയുണ്ട്. ജലസ്രോതസുകളുടെ മലിനീകരണത്തിന് ഇത് കാരണമായിട്ടുണ്ട്. എൻഡോസൾഫാന്റെ തുടർച്ചയായ ഉപയോഗം ജലത്തെ വിഷലിപ്തമാക്കുകകയും അംഗവൈകല്യം, ക്യാൻസർ, തലച്ചോറിനുണ്ടാകുന്ന പ്രശ്നങ്ങൾ, ജനിക്കുമ്പോഴുണ്ടാകുന്ന വൈകല്യങ്ങൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട്.*

*ആരോഗ്യ പ്രശ്നത്തേക്കാളുപരി എൻഡോസൾഫാൻ ഉപയോഗം സാമൂഹ്യവും സാമ്പത്തികവുമായി ഉണ്ടാക്കുന്ന പ്രതിസന്ധി ചില്ലറയല്ല. ഇതുമൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ചികിത്സക്ക് വലിയ ചെലവാണ് വന്നു ചേരുന്നത്. അവരുടെ കുടുംബത്തിന്റെ തൊഴിലും വരുമാനവും നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നു. ഇത്തരം പ്രത്യാഘാതങ്ങളെ പണത്തിന്റെ മൂല്യത്തിൽ മാത്രം നമുക്ക് തിട്ടപ്പെടുത്താൻ കഴിയില്ല. ഈ സാഹചര്യത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ദുരവസ്ഥ പരിശോധിക്കുന്നതിനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട സാമൂഹ്യ, സാമ്പത്തിക പ്രശ്നങ്ങളും ഒപ്പം പരിശോധിക്കുന്നുണ്ട്.*

*പാരിസ്ഥിതികമായ വെല്ലുവിളികൾ, ആരോഗ്യ പ്രശ്നങ്ങൾ, സാമ്പത്തികമായ ദുരവസ്ഥ തുടങ്ങിയ അനുബന്ധ പ്രശ്നങ്ങളിലേക്കും ഇത് വെളിച്ചം വീശുന്നുണ്ട്. സർക്കാരിന്റെ ഭാഗത്തു നിന്നുമുള്ള സമഗ്രമായ നയപരമായ ഇടപെടലിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.*

***പ്രധാന വാക്കുകൾ** : കീടനാശിനികൾ, എൻഡോസൾഫാൻ, ദുരവസ്ഥ, സാമൂഹ്യ, സാമ്പത്തിക പ്രത്യാഘാതങ്ങൾ, പാരിസ്ഥിതിക ആരോഗ്യം, ആരോഗ്യ പ്രശ്നങ്ങൾ.*

## 1. ആമുഖം

ആഗോളതലത്തിൽ ദാരിദ്ര്യവും പട്ടിണിയും മൂലമുള്ള മരണനിരക്ക് കുറയ്ക്കുന്നതടക്കമുള്ള കാര്യങ്ങളിൽ കീടനാശിനികൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. കീടങ്ങളെ നിയന്ത്രിക്കുന്നതിനൊപ്പം മലേറിയ, പ്ളേഗ്, ടൈഫോയ്ഡ് തുടങ്ങിയ മാരകമായ പകർച്ചവ്യാധികൾ തടയുന്നതിലും ഇത് നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത് (ഹാർട്ട്, പിമെന്റൽ–2002, പിമെന്റൽ–2005). വലിയ നേട്ടങ്ങൾ മാനവരാശിക്ക് ഇതു കൊണ്ടുണ്ടായിട്ടുണ്ടെങ്കിലും ഗുരുതരമായ ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കീടനാശിനികൾ കാരണമായിട്ടുണ്ട് (മാർസെല്ലി–2013). കീടങ്ങളെ നിയന്ത്രിക്കുന്ന കാര്യത്തിൽ പല കീടനാശിനികളും പ്രായേണ ഫലപ്രദമല്ല എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേക കീടങ്ങൾക്ക് പ്രത്യേക തരത്തിലുള്ള കീടനാശിനികൾ നിർമ്മിക്കുക എന്ന ആശയത്തിലേക്കാണ് ഇത് നയിക്കുന്നത്. ഇത് പലപ്പോഴും മറ്റു പല ജീവി വിഭാഗങ്ങൾക്കും വിപൽക്കരമായി മാറുന്നു എന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് (ഹോറിഗൺ–2002). കീടനാശിനികളുടെ വ്യാപകമായ പ്രയോഗം അതീവ ഗുരുതരമായ സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക പ്രതിസന്ധികൾക്ക് കാരണമായി മാറിയിട്ടുണ്ട്.

എഴുപതുകൾ മുതൽ തന്നെ കീടനാശിനി ഉപയോഗത്തിന്റെ ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് കാര്യമായ പഠനങ്ങൾ നടന്നിട്ടുണ്ട്. ഇവയെല്ലാം തന്നെ കണ്ടെത്തിയ വസ്തുത, കാർഷിക മേഖലയിൽ രാസവസ്തുക്കളുടെ വ്യാപകമായ ഉപയോഗം പാരിസ്ഥിതികമായ സുസ്ഥിരമായതോ, സാമൂഹ്യമായി നിലനിൽക്കുന്നതോ അല്ല എന്നതാണ്. ഇവയുടെ അശാസ്ത്രീയവും വിപുലവുമായ ഉപയോഗം കടുത്ത ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കുന്നു എന്നും കണ്ടെത്തിയിട്ടുണ്ട് (അൻസാരി–2014, നിക്കോപൗളോ, സ്റ്റമാറ്റി–2016). ആഗോളാടിസ്ഥാനത്തിൽ 41 ദശലക്ഷം ആളുകളാണ് കീടനാശിനികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നേരിട്ട് ഉൾപ്പെടുന്നത് എന്നാണ് കണക്ക് (പാൻ ഇന്റർനാഷണൽ–2007). ഓരോ വർഷവും കീടനാശിനികളുടെ വിഷാംശവുമായി ബന്ധപ്പെട്ട് ലോകത്ത് മൂന്നു ലക്ഷം ആളുകൾ മരിക്കുന്നുണ്ട് എന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്ക്. ദരിദ്ര രാജ്യങ്ങളിലാണ് കൂടുതൽ മരണങ്ങൾ സംഭവിക്കുന്നത്. 3.55 ലക്ഷം ആളുകൾ മരിക്കുന്നുണ്ടെന്നാണ് ലോക ബാങ്കിന്റെ കണക്ക്. പാൻ അമേരിക്കൻ ഹെൽത് ഓർഗനൈസേഷൻ പറയുന്നത് കീടനാശിനികൾ മൂലം സംഭവിക്കുന്ന മരണങ്ങളുടെ 50 മുതൽ 80 ശതമാനം വരെ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നാണ് (പി എ എച്ച് ഒ–2011).

കീടങ്ങളെ നശിപ്പിക്കുന്നതിനുള്ള നിരവധി ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. കീടനാശിനികൾ തന്നെയാണ് കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. ആഗോളതലത്തിൽ തന്നെ കീടനാശിനികൾ വലിയ തോതിൽ ഉല്പാദിപ്പിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. 2018 ലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ ഇതിന്റെ വിപണി മൂല്യം 19700 കോടി ഡോളറാണ് (ഡൌൺ ടു എർത്ത്) (**രേഖാചിത്രം 1**).

**Figure 1.** Pesticide Usage in India from 2020-2021




**എൻഡോസൾഫാൻ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ കേരളത്തിൽ**

ആരോഗ്യം, വിദ്യാഭ്യാസം, ഭൂപരിഷ്കരണം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ കേരള മോഡൽ വികസനം നൽകിയിട്ടുള്ള സംഭവനനകൾ നിസ്തുലമാണ്. എന്നിരുന്നാലും ജനസംഖ്യയുടെ നല്ലൊരു ഭാഗം ഇന്നും പ്രതിസന്ധികൾ നേരിടുകയാണ്. കാസർഗോഡ് ജില്ലയുടെ അനുഭവം ചൂണ്ടിക്കാട്ടുന്നത് ഇതാണ്. രണ്ടു ദശകത്തിലേറെക്കാലം ഈ ജില്ലയിലെ കശുഅണ്ടി തോട്ടങ്ങളിൽ നടത്തിയ വ്യാപകമായ എൻഡോസൾഫാൻ പ്രയോഗം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും പാരിസ്ഥിതിക ആഘാതവുമാണ് ഉണ്ടാക്കിയിട്ടുള്ളത്. വർഷത്തിൽ മൂന്ന് പ്രാവശ്യം എന്ന കണക്കിലാണ് അവിടെ എൻഡോസൾഫാൻ പ്രയോഗിച്ചത്. ഇതിന്റെ അവശിഷ്ടങ്ങൾ മഴയ്ക്കൊപ്പം ഭൂമിയിലേക്ക് അരിച്ചിറങ്ങുകയും ജലസ്രോതസുകൾ മലിനമാക്കുകയും ചെയ്തു. തുടർച്ചയായ പ്രയോഗത്തിന്റെ ഫലമായി നിരവധി പേർക്ക് ഗുരുതരമായ അസുഖങ്ങൾ ഉണ്ടായി. ശാരീരിക പ്രശ്നങ്ങൾക്കും കാൻസർ പോലുള്ള മാരക രോഗങ്ങൾക്കും ജനിതക വൈകല്യം, നാഡീസംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയ അതീവ

ഗുരുതരമായ പ്രശ്നങ്ങൾക്കും ഇത് കാരണമായി. കീടനാശിനി പ്രയോഗിച്ച പഞ്ചായത്തുകളിലെ ഓരോ വീട്ടിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടായി. ചിലർക്ക് സ്ഥിരമായ അംഗവൈകല്യം ഉണ്ടായപ്പോൾ മറ്റു ചിലർക്ക് മാനസികമായ വെല്ലുവിളികളാണ് നേരിടേണ്ടി വന്നത്.

കേവലം ചികിത്സ രംഗത്തെ ഭാരിച്ച ചെലവുകൾ എന്നതിലുപരിയായി ഈ പ്രശ്നത്തിന്റെ സാമൂഹ്യമായ പ്രത്യാഘാതങ്ങൾ അതീവ ഗൗരവതരമാണ്. ഭൂഗർഭ ജലത്തിന്റെ മലിനീകരണം, കൃഷി ഭൂമിയുടെ ഉല്പാദനക്ഷതയിൽ ഉണ്ടാകുന്ന ഇടിവ്, ജൈവവവിധ്യത്തിൽ ഉണ്ടായ നഷ്ടം തുടങ്ങി അപരിഹാര്യമായ നിരവധി പ്രശ്നങ്ങൾ ഇത് മൂലം ഉണ്ടായിട്ടുണ്ട്. തോട്ടം മേഖലയിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടമാണ് കേരള തോട്ടവിള അതോറിറ്റി പ്രധാനമായും പരിഗണിച്ചെതെന്ന് കാണാം. ഇതിന്റെ ദൂരവ്യാപകമായ ആരോഗ്യ- പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വേണ്ടത്ര പരിഗണന ഇനിയും ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. സ്വകാര്യ, സാമൂഹ്യ താല്പര്യങ്ങൾ തമ്മിലുള്ള വൈരുധ്യം ഇക്കാര്യത്തിൽ വളരെ വലിയ പ്രതിസന്ധിക്ക് കാരണമാവുകയായിരുന്നു.

സർക്കാർ ഇടപെടലുകൾ ഇക്കാര്യത്തിൽ വളരെ പരിമിതമാണ് . ഈ മേഖലകളിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകൾ വഴി കണ്ടെത്താൻ കഴിഞ്ഞത് 4273 പേരെ ദുരന്തം ബാധിച്ചിട്ടുണ്ട് എന്നാണ്. ഏതാണ്ട് 300 തരം രോഗങ്ങളാണ് ഇവരിൽ കണ്ടെത്താൻ കഴിഞ്ഞത്. എന്നാൽ ശാസ്ത്രീയമായ ഒരു പരിശോധനയും ഇവിടെ നടത്തിയിട്ടില്ല. അതുകൊണ്ട് സഹായം ലഭിക്കേണ്ട പലരും ഔദ്യോഗിക ലിസ്റ്റിന് പുറത്താണ്. ഇത് കാര്യങ്ങൾ കൂടുതൽ ദുഷ്കരമാക്കുകയാണ്. കാരണം, അവർക്ക് സാമൂഹ്യവും സാമ്പത്തികവുമായ മതിയായ പിന്തുണ ലഭിക്കുന്നില്ല.

അനിയന്ത്രിതമായ കീടനാശിനി ഉപയോഗം വരുത്തുന്ന വിനാശങ്ങളെ കുറിച്ച് മതിയായ തെളിവുകൾ എൻഡോസൾഫാൻ നമുക്ക് മുന്നിൽ നിരത്തുന്നു. മാനുഷികമായ പ്രശ്നങ്ങൾക്ക് ഉപരിയായി കേരളത്തിന്റെ വികസന നേട്ടങ്ങൾക്ക് ഇത് ഒരു കളങ്കമായി കൂടി മാറുകയാണ്. ഈ സാഹചര്യത്തിൽ എൻഡോസൾഫാൻ ദുരന്തബാധിതരുടെ ദുരിതാവസ്ഥ പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ. ദുരിതാവസ്ഥയും അവരുടെ സാമൂഹ്യ, സാമ്പത്തിക നിലയും തമ്മിലുള്ള ബന്ധവും കൂടി പരിശോധിക്കുന്നുണ്ട്.

**കുടുംബങ്ങളുടെ സാമൂഹ്യ – സാമ്പത്തിക പശ്ചാത്തലം**

കാസർഗോഡ് ജില്ലയിലെ ദുരന്തബാധിതരുടെ സാമൂഹ്യവും ജനസംഖ്യാപരവുമായ വിശദാംശങ്ങളാണ് പട്ടിക ഒന്നിൽ കാണുന്നത്. സർവേയിൽ പങ്കെടുത്തവരുടെ ശരാശരി പ്രായം 59.08 വയസാണ്. ഇതിൽ 22 ശതമാനം കുടുംബങ്ങളെയും നയിക്കുന്നത് സ്ത്രീകളാണ്. 70 ശതമാനം പേർ വിവാഹിതരാണ്. 23 ശതമാനം വിധവകളും 6 ശതമാനം പേർ അവിവാഹിതരുമാണ്. ഇവരുടെ ഇടയിലെ സാക്ഷരത 64 ശതമാനമാണ്.

ഇതിൽ പകുതി പേർ തൊഴിൽരഹിതരാണ്. 26 ശതമാനം പേർക്ക് സ്ഥിരമായ വരുമാനമില്ല. 58 ശതമാനം പേരും കൂട്ടുകുടുംബമായി ജീവിക്കുന്നവരാണ്, പലപ്പോഴും 5 മുതൽ 10 വരെ കുടുംബാംഗങ്ങളുണ്ട്. ഈ കുടുംബങ്ങളുടെ ശരാശരി അംഗസംഖ്യ 5.03 ആണ് (പട്ടിക 1)

**ജനസംഖ്യാപരമായ പ്രത്യേകതകൾ**

ദുരന്തബാധിതരുടെ ജനസംഖ്യാപരമായ ചിത്രം പട്ടിക രണ്ടിൽ നിന്നും ലഭിക്കുന്നു. ഇതിൽ 53 ശതമാനം പേർ സ്ത്രീകളാണ്. സർവേയിൽ പ്രതികരിച്ചവരിൽ ഏഴു വയസു മുതൽ 87

**Table 1.** Background Characteristics of the Head of the Household of Endosulphan Victims

| Background Characteristics | Sample | Percentage |
|---|---|---|
| **Age** | | |
| 35-50 | 78 | 26 |
| 51-60 | 93 | 31 |
| 60+ | 129 | 43 |
| **Sex** | | |
| Male | 234 | 78 |
| Female | 66 | 22 |
| **Marital status** | | |
| Unmarried | 18 | 6 |
| Currently married | 210 | 70 |
| Widow/widower | 69 | 23 |
| Divorced/separated | 3 | 1 |
| **Educational status** | | |
| Illiterate | 108 | 36 |
| Less than primary education | 63 | 21 |
| Primary education | 51 | 17 |
| Less than secondary education | 30 | 10 |
| Tenth | 36 | 12 |
| Higher Secondary | 9 | 3 |
| | 3 | 1 |
| **Employment status** | | |
| No job | 144 | 48 |
| Self-employed | 3 | 1 |
| Permanently employed | 78 | 26 |
| No permanent wages | 75 | 25 |
| **Household size(max-10, mini-1)** | | |
| 1-4 | 126 | 42 |
| 5-10 | 174 | 58 |

വയസ് വരെ പ്രായമായവരുണ്ട്. ശരാശരി പ്രായം 44.08 ആണ്. കുട്ടികൾ 9 ശതമാനവും 61 വയസിന് മുകളിൽ പ്രായമുള്ളവർ 27 ശതമാനവുമാണ്. 60 ശതമാനം പേർ ജോലി ചെയ്യാൻ കഴിയുന്ന പ്രായത്തിലുള്ളവരാണ്.

ഇവരിൽ പകുതിയിലേറെ പേരും വിവാഹിതരാണ്. 28 ശതമാനം പേർ വിവാഹം കഴിച്ചിട്ടില്ല. 17.6 ശതമാനം പേർ വിധവകളാണ്. സ്ത്രീകളുടെ കാര്യം പ്രത്യേകമായെടുത്താൽ 26 ശതമാനം പേർ അവിവാഹിതരാണ്. 46 ശതമാനം പേരാണ് വിവാഹം കഴിച്ചിട്ടുള്ളത്. 28 ശതമാനം പേർ വിധവകളാണ്. പുരുഷന്മാരെടുത്തൽ അവിവാഹിതരുടെ എണ്ണം 29 ശതമാനമാണ്. 64 ശതമാനം പേർ വിവാഹം കഴിച്ചവരാണ്. ഏഴു ശതമാനം പേർ ഭാര്യ മരിച്ചവരാണ്. അതായത് വിധവകളായ സ്ത്രീകളുടെ എണ്ണം വിഭാര്യരായ പുരുഷന്മാരുടെ എണ്ണത്തിന്റെ നാലിരട്ടിയാണ് (പട്ടിക 2).

**Table.2** Background characteristics of endosulfan victims

| Background characteristics | Sample | Percentage |
|---|---|---|
| **Age** (max-87, mini-7) | | |
| 7-14 | 27 | 9 |
| 15-24 | 48 | 16 |
| 25-49 | 87 | 29 |
| 50-60 | 57 | 19 |
| 61+ | 81 | 27 |
| **Sex** | | |
| Male | 141 | 47 |
| Female | 159 | 53 |
| **Marital status** * | | |
| Unmarried | 75 | 27.5 |
| Currently married | 150 | 54.9 |
| Widow | 48 | 17.6 |
| **Education** | | |
| Illiterate | 72 | 24 |
| Primary | 90 | 30 |
| Secondary | 102 | 34 |
| Higher secondary and above | 36 | 12 |
| **Relationship with household head** | | |
| Head of the household123 | 41 | |
| Wife of the household 42 | 14 | |
| Married daughter/son 12 | 4 | |
| Married son/daughters wife/husband | 39 | 13 |
| Unmarried son/daughter | 72 | 24 |
| Granddaughter /son | 3 | 1 |
| Father mother or father in law or mother in law | 3 | 1 |
| Brother/sister or brother in law/sister in law | 6 | 2 |
| Employment status | | |
| Permanently employed | | |
| No permanent wages | | |
| Students | | |
| Others# | | |

*not include children <15 years

# others include those who have no job and housewife

**സാമൂഹ്യ – സാമ്പത്തിക സ്ഥിതി**

ദുരിതബാധിതരുടെ സാമൂഹ്യ, സാമ്പത്തിക പശ്ചാത്തലം മൂന്നാം പട്ടികയിൽ കാണാം. ഇതിൽ 83 ശതമാനം പേരും ഹിന്ദു മതത്തിൽ പെട്ടവരാണ്. 60 ശതമാനം പേരും മറ്റു പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ് (ഒ ബി സി). പട്ടികജാതിക്കാർ 18 ശതമാനവും ഏഴു ശതമാനം പട്ടിക വർഗ്ഗ വിഭാഗക്കാരുമാണ്. മറ്റു വിഭാഗങ്ങളിൽ നിന്നുള്ളവർ 11 ശതമാനമാണ്. ഇവരിൽ 78

ശതമാനം പേരും ദാരിദ്ര്യ രേഖക്ക് താഴെ ഉൾപ്പെടുന്നവരാണ്. 23 ശതമാനവും അധിവസിക്കുന്നത് കുടിലുകളിലാണ്. 38 ശതമാനം പേർക്കും ആരോഗ്യ ഇൻഷുറൻസ് ഇല്ല. അതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ചികിത്സക്കുള്ള പണം സ്വന്തമായി കണ്ടെത്തേണ്ടി വരുന്നു. ഇത് ഇവർക്ക് സാമ്പത്തികമായി വലിയ ബാധ്യത ഉണ്ടാക്കുന്നു (പട്ടിക – 3).

**Table 3.** Socio-economic background of the victims

| Background characteristics | Sample | N(%) |
|---|---|---|
| **Religion** | | |
| Hindu | 249 | 83 |
| Christian | 3 | 1 |
| Muslim | 48 | 16 |
| **Caste** | | |
| SC | 54 | 18 |
| ST | 21 | 7 |
| OBC | 12 | 64 |
| Others | 33 | 11 |
| **Poverty level** | | |
| Below poverty line | 234 | 78 |
| Above poverty line | 66 | 22 |
| **Ownership of house** | | |
| Own | 294 | 98 |
| Rent | 6 | 2 |
| **Type of house** | | |
| Kutcha | 69 | 23 |
| Semi pucca | 168 | 56 |
| Pucca | 63 | 21 |
| **Source of water** | | |
| Own well | 168 | 56 |
| Neighbours well | 45 | 15 |
| Common well | 42 | 14 |
| Others | 45 | 15 |
| **Using of water purification** | | |
| Yes | 189 | 63 |
| No | 111 | 37 |
| **Source for cooking** | | |
| Wood | 102 | 34 |
| Gas(LPG) | 6 | 2 |
| Wood and LPG | 192 | 64 |
| **Have own land** | | |
| Yes | 282 | 94 |
| No | 18 | 6 |
| **How much cent have** | | |
| <10 cent | 42 | 14.9 |
| 10-20 | 60 | 21.3 |
| 20-50 | 39 | 13.8 |
| Above 50 | 141 | 50 |
| **Have health insurance** | | |
| Yes | 186 | 62 |
| No | 114 | 38 |

ഇനി അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യത പരിശോധിക്കാം. ഇരയായവരിൽ 56 ശതമാനം പേരും സ്വന്തം കിണറുകളിലെ വെള്ളമാണ് കുടിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. 15 ശതമാനം പേർ പൊതുകിണറുകളെ ആശ്രയിക്കുന്നു. മറ്റു 15 ശതമാനം പേർ വെള്ളത്തിന് മറ്റു പല മാർഗ്ഗങ്ങളെയുമാണ് ആശ്രയിക്കുന്നത്. 37 ശതമാനം പേരും ജലം ശുദ്ധീകരിക്കുന്നതിന് പ്രത്യേകമായ മാർഗ്ഗമൊന്നും ഉപയോഗിക്കുന്നില്ല. 90 ശതമാനം പേർക്കും സ്വന്തമായി ഭൂമിയുണ്ട്. അതിൽ പകുതിയിലേറെ പേർക്കും 50 സെന്റിൽ അധികം ഭൂമിയുണ്ട്. എന്നാൽ ഇവരിൽ 43 ശതമാനം പേർക്കും സർക്കാരിൽ നിന്നും യാതൊരു വിധ സഹായവും ലഭ്യമാകുന്നില്ല എന്നതാണ് സ്ഥിതി. ജീവിതം മുന്നോട്ട് കൊണ്ടുപോകുവാൻ പ്രയാസപ്പെടുന്നവരാണ് ഇവരിൽ ബഹുഭൂരിപക്ഷവും.

**ദുരിതത്തിന്റെ വിവിധ വശങ്ങൾ**

സാധാരണയായി ഗുരുതരമായ അസുഖമോ, പ്രായാധിക്യം കൊണ്ടുള്ള അവശതകളോ ആണ് ആളുകൾക്ക് ഏറെ പ്രയാസമുണ്ടാക്കുന്നത്. എന്നാൽ ജീവിത ശൈലിയിൽ വരുന്ന മാറ്റങ്ങൾപ്രായഭേദമന്യേ എല്ലാ വിഭാഗം ആളുകൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കീടനാശിനികളുടെ അശാസ്ത്രീയവും അമിത അളവിലുമുള്ള ഉപയോഗം ഇത്തരം ആരോഗ്യ പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാക്കുന്നു. പ്രത്യുൽപാദന ശേഷി കുറവ്, ജന്മനായുള്ള വൈകല്യങ്ങൾ, ഹൈപ്പർ ആക്ടിവിറ്റി പ്രശ്നങ്ങൾ, ശ്വാസ സംബന്ധമായ രോഗങ്ങൾ, അമിത വണ്ണം തുടങ്ങിയവ ഇത്തരത്തിലുള്ള ചില പ്രശ്നങ്ങളാണ് (രേഖാചിത്രം 3).

**Figure 3.** Types of Morbidity Suffering by Endosulfan Victims



എൻഡോസൾഫാൻ ദുരന്തബാധിതരുടെ വിവിധ പ്രശ്നങ്ങൾ വിശകലനം ചെയ്യുമ്പോൾ അതിൽ 59 ശതമാനം പേർക്കും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കാണാം. പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ, തളർച്ച, കാൻസർ, തൈറോയ്ഡ് പ്രശ്നങ്ങൾ തുടങ്ങിയ വിവിധങ്ങളായ ആരോഗ്യ പ്രശ്നങ്ങൾ അവരെ വലയ്ക്കുന്നു. 27 ശതമാനം പേർക്ക് ശ്വാസ സംബന്ധമായ പ്രശ്നങ്ങളുണ്ട്. മാനസിക പ്രശ്നങ്ങൾ നേരിടുന്നവരാണ് 23 ശതമാനം പേർ. 20 ശതമാനം പേർക്ക് പ്രമേഹ സംബന്ധമായ പ്രശ്നങ്ങളാണുള്ളത്. ന്യൂറോളജിക്കൽ പ്രശ്നങ്ങളുള്ളവർ 10 ശതമാനമാണ്. സന്ധി വേദന, അമിത വണ്ണം, അർശ്ശസ്, തുടങ്ങിയ രോഗങ്ങളാൽ വലയുന്നവർ 20 ശതമാനമാണ്. 53 ശതമാനം പേർ ഒരു രോഗം നേരിടുമ്പോൾ 40 ശതമാനം പേർ രണ്ട് രോഗങ്ങളാൽ വലയുന്നവരാണ്. ഏഴു ശതമാനത്തിനാകട്ടെ മൂന്നും അതിലധികവും രോഗങ്ങളുണ്ട് (രേഖാചിത്രം 4).

**Figure 4.** Morbidity Pattern of Endosulphan Victims



**രോഗങ്ങളും സാമൂഹ്യ, സാമ്പത്തിക, ജനസംഖ്യാപരവുമായ പ്രശ്നങ്ങളും**

സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ രോഗങ്ങൾ പ്രകടമാകുന്നതിന് ഒരു കാരണമാണ്. കാസർഗോഡ് ജില്ലയുടെ പൊതുവിലുള്ള പിന്നോക്കാവസ്ഥയും സാമൂഹ്യമായ അവബോധത്തിന്റെ കുറവും എൻഡോസൾഫാൻ ദുരിതബാധിതരുടെ ആരോഗ്യ പ്രശ്നങ്ങളെ വഷളാക്കുന്നതായി നമുക്ക് കാണാം. ഒരു തരത്തിലുള്ള രോഗാവസ്ഥ പ്രായഭേദമന്യേ എല്ലാ വിഭാഗങ്ങളിലും കണ്ട് വരുന്നതായി നാലാം പട്ടികയിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ 61 വയസിൽ മുകളിൽ പ്രായമായവരുടെ കാര്യത്തിൽ ഒന്നിലേറെ പ്രശ്നങ്ങൾ (59.3%) പ്രകടമാണ്. സാമൂഹ്യവും സാമ്പത്തികവുമായ എല്ലാ ശ്രേണിയിലുള്ളവരുടെ കാര്യത്തിലും ഗുരുതരമായ ഒരു രോഗമെങ്കിലും കാണുവാൻ കഴിയും. എന്നാൽ മധ്യവർഗ്ഗ വിഭാഗങ്ങളിലാണ് ഒന്നിലേറെ രോഗങ്ങൾ പൊതുവെ കണ്ട് വരുന്നത്. സ്ത്രീകളിൽ 55.3 ശതമാനവും ഒന്നിലധികം രോഗങ്ങളുള്ളവരാണ്. 60.4 ശതമാനം പേർക്ക് ഒരു രോഗം മാത്രമാണ് കണ്ടെത്തിയിട്ടുള്ളത് (പട്ടിക 4).

**Table 4.** Demographic, socio-economic association with morbidity status among the victims of endosulphan

| Background characteristics | At least one morbidity | Two or more morbidity |
|---|---|---|
| **Age of the victim** | | |
| 7-14 | 77.8 | 22.2 |
| 15-24 | 56.2 | 43.8 |
| 25-49 | 51.7 | 48.3 |
| 50-60 | 57.9 | 42.1 |
| 61+ | 40.7 | 59.3 |
| **Standard of living index** | | |
| Low | 57.4 | 42.6 |
| Medium | 41.90 | 58.1 |
| High | 60.0 | 40.0 |
| **Marital status** | | |
| Unmarried | 52.0 | 48.0 |
| Currently married | 48.0 | 52.0 |
| Widow/widower/Divorced/ separated | 56.0 | 43.8 |
| **House hold size** | | |
| 1-4 | 54.8 | 45.2 |
| 5-10 | 51.7 | 48.3 |

| Background characteristics | At least one morbidity | Two or more morbidity |
|---|---|---|
| **Sex** | | |
| Male | 44.7 | 55.3 |
| Female | 60.4 | 39.6 |
| **Marital status** | | |
| Unmarried | 52.0 | 48 |
| Currently married | 48 | 52 |
| Widow | 56.2 | 43.8 |
| **Religion** | | |
| Hindu | 51.8 | 48.2 |
| Christian | 0 | 100 |
| Muslim | 62.5 | 37.5 |
| **Caste** | | |
| SC | 44.4 | 55.6 |
| ST | 57.1 | 42.9 |
| OBC | 57.8 | 42.2 |
| Others | 36.4 | 63.6 |
| **Poverty line** | | |
| yes | 51.3 | 48.7 |
| **Ownership of house** | | |
| Own | 52.0 | 48.0 |
| rent | 100 | 0 |
| **Type of house** | | |
| Kutcha | 34.8 | 65.2 |
| Semi pucca | 53.6 | 46.4 |
| pucca | 71.4 | 28.6 |
| **Water purification before use** | | |
| Yes | 52.4 | 47.6 |
| No | 54.1 | 45.9 |
| **Source of cooking** | 54.1 | 2 |
| Wood | 41.2 | 58.80 |
| Gas(LPG | 50 | 50 |
| Both wood and gas | 59.4 | 40.6 |
| **Reason to have the disease** | | |
| Direct relation | 56.6 | 43.4 |
| Indirect relation | 41.7 | 58.3 |
| **Have Medical allowance** | | |
| Yes | 47.2 | 52.8 |
| No | 59.6 | 40.4 |

പ്രായത്തിനനുസരിച്ച് ദുരിതബാധിതരായവരുടെ കാര്യത്തിൽ രോഗത്തിന്റെ സ്ഥിതി സങ്കീർണമാകുന്നുണ്ട്. 60 വയസിന് മുകളിൽ പ്രായമുള്ളവരിൽ 59 ശതമാനവും വിവിധ രോഗങ്ങളാൽ വലയുന്നവരാണ്. ഏഴിനും 14 വയസിനുമിടയിൽ പ്രായമുള്ളവരുടെ കേസിൽ നാലിൽ മൂന്ന് പേർക്കും രോഗാവസ്ഥയുണ്ട്. ഉയർന്ന ജീവിത സാഹചര്യമുള്ളവരുടെ കാര്യത്തിൽ ഒന്നിലധികം രോഗങ്ങളാൽ വലയുന്നവരുടെ സംഖ്യ 40 ശതമാനമാണ്. ഏതെങ്കിലും ഒരു രോഗമുള്ളവരുടെ എണ്ണത്തിന്റെ കാര്യത്തിൽ സ്ത്രീകളാണ് മുന്നിൽ. അവരിൽ 60 ശതമാനം പേർക്കും രോഗബാധയുണ്ട്. പുരുഷന്മാരിൽ 55 ശതമാനം പേർ ഇതേ അവസ്ഥയിലാണ്. ജാതി തിരിച്ചുള്ള കണക്കെടുക്കുമ്പോൾ പട്ടിക വർഗം, ഒ ബി സി വിഭാഗക്കാർക്കിടയിൽ രോഗം കണ്ട് വരുന്നുണ്ട്. എന്നാൽ മുന്നോക്ക സമുദായക്കാർക്കിടയിലാണ് ഒന്നിൽ കൂടുതൽ രോഗങ്ങളുള്ളവരുടെ എണ്ണം കൂടുതലായി കാണുന്നത് (പട്ടിക 5).

**Table 5.** Socio economic and demographic correlates of multiple morbidity among endosulfan victims

| Background characteristics | Exp(B) | Sig | 95% C.I.for EXP(B) | |
|---|---|---|---|---|
| | | | Lower | Upper |
| **Age** | | | | |
| 17-14® | | | | |
| 15-24 | 7.184 | 0.000 | 3.808 | 8.456 |
| 25-49 | 0.297 | 0.191 | 0.048 | 1.833 |
| 50-60 | 6.362 | 0.032 | 1.276 | 9.744 |
| 61+ | 9.134 | 0.000 | 7.306 | 10.480 |
| **Sex** | | | | |
| Male® | | | | |
| Female | 0.007 | 0.000 | 0.001 | 0.037 |
| **Marital status** | | | | |
| Unmarried® | | | | |
| Currently married | 5.852 | 0.059 | 0.935 | 36.618 |
| Widow | 7.467 | 0.007 | 2.773 | 8.678 |
| **Education** | | | | |
| Illiterate ® | | | | |
| Primary | 1.535 | 0.495 | 0.449 | 5.244 |
| Secondary | 1.447 | 0.593 | 0.373 | 5.605 |
| Higher secondary and above | 10.899 | 0.010 | 1.764 | 17.337 |
| **Employment status** | | | | |
| Permanently employed® | | | | |
| No permanent wages | 1.360 | 0.006 | 1.329 | 4.760 |
| Students | 1.410 | 0.669 | 0.292 | 6.805 |
| Others# | 5.976 | 0.003 | 3.083 | 8.853 |

| Background characteristics | Exp(B) | Sig | 95% C.I.for EXP(B) | |
|---|---|---|---|---|
| | | | Lower | Upper |
| **Religion** | | | | |
| Hindu® | | | | |
| Christian | 1.842 | 0.999 | 0.000 | 2.258 |
| Muslim | 2.272 | 0.000 | 1.131 | 3.316 |
| **Caste** | | | | |
| SC® | | | | |
| ST | 0.080 | 0.026 | 0.009 | 0.743 |
| OBC | 0.411 | 0.268 | 0.085 | 1.985 |
| Others | 1.437 | 0.686 | 0.248 | 8.325 |
| **Poverty level** | | | | |
| Below poverty line® | | | | |
| Above poverty line | 0.318 | 0.037 | 0.108 | 0.935 |
| **Type of house** | | | | |
| Kutcha® | | | | |
| Semi pucca | 0.022 | 0.000 | 0.004 | 0.113 |
| Pucca | 0.004 | 0.000 | 0.000 | 0.040 |
| **Source of water** | | | | |
| Own well® | | | | |
| Neighbours well | 0.359 | 0.141 | 0.092 | 1.404 |
| Common well | 0.083 | 0.005 | 0.015 | 0.477 |
| Others | 0.016 | 0.000 | 0.003 | 0.097 |
| **Using of water purification** | | | | |
| Yes® | | | | |
| No | 2.172 | 0.000 | 1.007 | 5.124 |
| **Source for cooking** | | | | |
| Wood® | | | | |
| Gas(LPG) | 2.940 | 0.443 | 0.186 | 4.376 |
| Wood and LPG | 0.350 | 0.125 | 0.092 | 1.336 |
| Have health insurance | | | | |
| Yes® | | | | |
| No | 0.060 | 0.000 | 0.020 | 0.173 |

® Reference Category

സാമൂഹ്യവും സാമ്പത്തികവുമായ ഘടകങ്ങൾ എൻഡോസൾഫാൻ ദുരിതബാധിതരുടെ പല വിധ രോഗങ്ങളെ എങ്ങനെ സ്വാധീനിക്കപ്പെടുന്നു എന്നതിന്റെ 'ബൈനറി ലോജിസ്റ്റിക് റിഗ്രെഷൻ' ഫലമാണ് പട്ടിക അഞ്ചിൽ കാണുന്നത്. 14 വയസുകാരെ അപേക്ഷിച്ച് നോക്കുമ്പോൾ 15 മുതൽ 25 വയസു വരെ പ്രായമായവരുടെ കാര്യത്തിൽ റിസ്ക് അധികമാണ്. 50 വയസ്സിലധികം പ്രായമുള്ളവരുടെ കാര്യത്തിലും ഇതേ അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ പുരുഷൻ, സ്ത്രീ എന്ന വേർതിരിവ് ഇല്ല. കല്യാണം കഴിക്കാത്തവരെ അപേക്ഷിച്ച് വിധവകളുടെയും വിഭാര്യരുടെയും കാര്യത്തിൽ ഒന്നിലധികം രോഗങ്ങൾ വരാനുള്ള സാധ്യത ഏഴിരട്ടിയാണ്. അതുപോലെ ശുദ്ധജലം ലഭ്യമല്ലാത്തവരുടെ കേസിൽ ഇത് രണ്ടിരട്ടിയാണെന്നും കാണാവുന്നതാണ്.

**ഉപസംഹാരം**

കാസറഗോഡ് ജില്ലയിലെ അശാസ്ത്രീയമായ എൻഡോസൾഫാൻ ഉപയോഗം ഗുരുതരമായ പല ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക പ്രതിസന്ധികൾക്ക് കാരണമായി മാറിയിട്ടുണ്ടെന്നാണ് ഈ പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. പല വിധ രോഗങ്ങളാണ് ഇതുമൂലം ദുരിതബാധിതർക്ക് ഉണ്ടായിരിക്കുന്നതെന്നതാണ് മറ്റൊരു പ്രധാന കണ്ടെത്തൽ. പ്രത്യേകിച്ച് പ്രായമേറിയവരുടെയും വിധവകളുടെയും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെയും കാര്യത്തിൽ. കേരളം കൈവരിച്ചിട്ടുള്ള മികച്ച നേട്ടങ്ങളുടെ സാഹചര്യത്തിലും എൻഡോസൾഫാൻ ദുരന്തം വ്യക്തമാക്കുന്നത് പരിസ്ഥിതിയുടെ പരിപാലനത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ ഉണ്ടാക്കുന്ന വിനാശകരമായ സ്ഥിതിയിലേക്കാണ്. രാസവസ്തുക്കളുടെ ഉപയോഗത്തിന്റെ കാര്യത്തിലുള്ള ഫലപ്രദമല്ലാത്ത നിയന്ത്രണങ്ങൾ കേരളം പൊതുആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ റദ്ദാക്കുന്ന വിധത്തിലുള്ളതാണ്. അത് സാമൂഹ്യമായ അസന്തുലിതാവസ്ഥ രൂക്ഷമാക്കുകയും ചെയ്യുന്നുണ്ട്. അതായത് എൻഡോസൾഫാൻ പോലുള്ള മാരകമായ കീടനാശിനികൾ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നതിന് പുറമെ അത് സാമ്പത്തികവും വൈകാരികവുമായ ഒട്ടേറെ പ്രതിസന്ധികളാണ് കുടുംബങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്നതെന്നത് വ്യക്തമാണ്.

പ്രായം, വൈവാഹിക നില, വിദ്യാഭ്യാസം, ഭവനം, ശുദ്ധമായ കുടിവെള്ളം, ആരോഗ്യ ഇൻഷുറൻസ് അടക്കമുള്ള നിരവധി ഘടകങ്ങൾ കൂടി ഇതുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. ശുദ്ധജലത്തിന്റെ അഭാവം, ആരോഗ്യ സംരക്ഷണ ഉപാധികളുടെ പരിമിതി തുടങ്ങിയ കാര്യങ്ങൾ ഇക്കാര്യത്തിലുള്ള അപകട സാധ്യത കൂടുതൽ സങ്കീർണമാക്കുന്നതുമാണ്. നിരവധി കുടുംബങ്ങൾ ഇതുമൂലം ദാരിദ്ര്യത്തിന്റെയും നിത്യ ദുരിതങ്ങളുടെയും പിടിയിലകപ്പെടുകയാണ്. പരിസ്ഥിതി സംരക്ഷണ മേഖലയിലും പൊതുജനാരോഗ്യ രംഗത്തെ ആസൂത്രണത്തിന്റെ കാര്യത്തിലും കൂടുതൽ ശ്കതമായ നയപരമായ ഇടപെടലുകളാണ് ഇത് ആവശ്യപ്പെടുന്നത്. സമഗ്രമായ പുനരധിവാസ പദ്ധതികൾ, നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫലപ്രദമായ സംവിധാനം, ജൈവ കേന്ദ്രീകൃതമായ കീടനാശക സംവിധാനങ്ങൾ തുടങ്ങിയ ഉപാധികൾ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്ക പ്പെടാതിരിക്കുന്നതിന് ആവശ്യമാണെന്ന് കാണാം. മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിയുടെ സമഗ്രമായ സംരക്ഷണത്തിനും ഒപ്പം കാർഷിക ഉല്പാദനക്ഷമതക്കും ഊന്നൽ നൽകുന്ന സുസ്ഥിര വികസന സമീപനം ആവശ്യമാണ് എന്നാണ് ഈ പഠനത്തിൽ ഊന്നി പറയാനുള്ളത്.

**നയപരമായ ശുപാർശകൾ**

**1. പരിസ്ഥിതിയുടെയും കീടനാശിനി ഉപയോഗത്തിന്റെയും കാര്യത്തിലുള്ള നിയമങ്ങൾ ശക്തമാക്കുക :**

എൻഡോസൾഫാൻ ദുരന്തം മുന്നോട്ട് വയ്ക്കുന്ന പ്രധാന കാര്യം ഇന്ത്യയിൽ അടിയന്തിരമായി തന്നെ കീടനാശിനി ഉപയോഗത്തിന്റെ കാര്യത്തിൽ ശക്തമായ നിയമനിർമ്മാണം ഉണ്ടാവുക എന്നതാണ്. മണ്ണ്, വെള്ളം, വിളകൾ തുടങ്ങിയവയിലുള്ള കീടനാശിനി അവക്ഷിപ്തം കണ്ടെത്തുന്നതിനുള്ള നിരന്തര പരിശോധനകൾ കർക്കശമായി ഉണ്ടാകണം. പരിസ്ഥിതിക്ക് അനുയോജ്യമായതും ലോകാരോഗ്യ സംഘടനാ അംഗീകരിച്ചിട്ടുള്ളതുമായ രാസവസ്തുക്കൾ വേണം ഇത്തരം കീടനാശിനികളിൽ ഉപയോഗിക്കാൻ. സെൻട്രൽ ഇൻസെക്ടിസൈഡ്സ് ബോർഡ് ആൻഡ് രെജിസ്ട്രേഷൻ കമ്മറ്റിയുടെ (സി ഐ ബി ആർ സി) കീഴിൽ അതിനുള്ള

നിരീക്ഷണ സമിവധാനം കൂടുതൽ ശക്തമാക്കണം. ആരോഗ്യകരമായ അപകടാവസ്ഥ ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനതല നിരീക്ഷണ സെല്ലുകൾക്ക് വിനാശകരമായ രാസവസ്തുക്കൾ നിരോധിക്കുന്നതിനുള്ള അധികാരം കൂടി നൽകേണ്ടത് ആവശ്യമാണ്.

**2. സമഗ്രവും സുസ്ഥിരവുമായ കീടനിയന്ത്രണ സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുക :**

രാസകീടനാശിനികളിലുള്ള അമിതമായ ആശ്രിതത്വം ഒഴിവാക്കുന്നതിനായി സമഗ്ര കീടനിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കുന്ന തരത്തിലുള്ള കാർഷിക നയങ്ങൾ ആവഷ്കരിക്കണം. ജൈവ കൃഷി രീതികളും ജൈവ രീതിയിലുള്ള കീടനിർമ്മാർജ്ജനവും ഇതിൽ വളരെ പ്രധാനമാണ്. കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ഇതിന് പരിശീലനം നൽകണം. കീടനാശിനികൾ സുരക്ഷിതമായി കൈകാര്യം ചെയ്യുക, കൃത്യമായ മാത്രകൾ സ്വീകരിക്കുക, ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തികമായ നേട്ടങ്ങൾ അടക്കമുള്ള കാര്യങ്ങളിൽ കാർഷിക വികസന കേന്ദ്രങ്ങൾ ശ്രദ്ധയൂന്നണം.

**3. സമഗ്രമായ ആരോഗ്യ പരിപാലനവും ചികിത്സയും :**

ഇത്തരത്തിൽ കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിൽ തന്നെ ആരോഗ്യ മേഖലയിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രത്യേകമായ മെഡിക്കൽ സെന്ററുകൾ ഇവിടങ്ങളിൽ സ്ഥാപിക്കണം. ഇവിടെ കൃത്യമായ പരിശോധനകൾ, ചികിത്സ തുടങ്ങിയ കാര്യങ്ങൾ ഏർപ്പെടുത്തണം. ഇരകളാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ആവശ്യമാണ്. സൗജന്യ മെഡിക്കൽ പരിശോധനകൾ, മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങിയവക്ക് പുറമെ സഞ്ചരിക്കുന്ന ആരോഗ്യ സംവിധാനവും ഈ പ്രദേശങ്ങളിൽ സജ്ജമാക്കേണ്ടതാണ്.

**4. ലക്ഷ്യഭേദിയായ സാമൂഹ്യ, സാമ്പത്തിക പുനരധിവാസ പദ്ധതികൾ :**

എൻഡോസൾഫാൻ ദുരിതബാധിതരായ നിരവധി കുടുംബങ്ങൾ ഇപ്പോഴും സാമ്പത്തികമായി വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നവരാണ്. നിരന്തരമായ അസുഖങ്ങളും അംഗവൈകല്യവുമാണ് ഇതിന് കാരണം. അതുകൊണ്ട് സർക്കാർ ഇവർക്ക് ഉദാരമായ നഷ്ടപരിഹാര പദ്ധതികൾ ആവിഷ്കരിക്കണം. പെൻഷൻ, ജീവിതോപാധികൾ നൽകുക തുടങ്ങിയ കാര്യങ്ങൾ ഇതിൽ വളരെ പ്രധാനവുമാണ്. ഇവരുടെ വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേകം പണം നീക്കി വയ്ക്കണം. അത് അവർക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സാമൂഹ്യമായ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സഹായകമാകും.

**5. ശുദ്ധജല ലഭ്യതയും ശുചിത്വവും :**

ജലം മലിനമാകുന്നത് രോഗങ്ങൾക്ക് കാരണമാകുന്നു എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവശ്യമായ നയസമീപനങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. പൊതുവായ ജല ശുദ്ധീകരണ സംവിധാനങ്ങൾ, മഴവെള്ള സംഭരണം, കൃത്യമായ ജല ഗുണനിലവാര പരിശോധനകൾ തുടങ്ങിയ കാര്യങ്ങൾ ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കണം.

**ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സംരക്ഷണ കവറേജ് വിപുലപ്പെടുത്തുക :**

ഇത്തരത്തിൽ ദുരന്തബാധിതരാകുന്ന ആളുകളുടെ കാര്യത്തിലെ ഒരു പ്രധാന പ്രശ്നം അവർക്ക് സാമ്പത്തികമായ സുരക്ഷിതത്വം ഇല്ല എന്നതാണ്. പ്രത്യേകിച്ച് ചികിത്സ ചെലവുകളുടെ കാര്യത്തിൽ. അതുകൊണ്ട് ആയുഷ്മാൻ ഭാരത് പോലുള്ള സർക്കാർ സ്പോൺസർ ചെയ്യുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ വിപുലപ്പെടുത്തേണ്ടതുണ്ട്. കീടനാശിനി ഉപയോഗം കൊണ്ട് ദുരിതമനുഭവിക്കുന്നവരെ കൂടി ഇത്തരം പദ്ധതികളുടെ ഭാഗമാക്കണം. അടിയന്തിരമായ ചികിത്സ ആവശ്യങ്ങൾക്കും പുനരധിവാസത്തിനുമായി പ്രത്യേക ഫണ്ട് രൂപീകരിക്കണം.

**7. സാമൂഹ്യമായ അവബോധവും പങ്കാളിത്ത സംവിധാനവും :**

പാരിസ്ഥിതികമായ വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ അതിന് ശക്തമായ സാമൂഹ്യ പങ്കാളിത്തം അവശ്യം വേണ്ടുന്ന ഒന്നാണ്. ഇതിനായി അവബോധ പരിപാടികൾ സംഘടിപ്പിക്കണം. കീടനാശിനികളുടെ ദുരുപയോഗം തടയൽ, സുരക്ഷിതമായ കൃഷി രീതികൾ സ്വീകരിക്കൽ, ആരോഗ്യ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിലാണ് ബോധവൽക്കരണം ആവശ്യമാകുന്നത്. പഞ്ചായത്ത് രാജ് സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കുക വഴിയായി പ്രാദേശികമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്യാൻ കഴിയുന്നതാണ്.

**8. ഗവേഷണവും വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള നയപരമായ ആസൂത്രണവും**

കീടനാശിനികളുടെ പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രത്യാഘാതങ്ങൾ പഠിക്കുന്നതിന് നിരന്തരമായ ഗവേഷണ പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിനായി കീടനാശിനികളുമായി നിരന്തരം ബന്ധം പുലർത്തുന്നവർ, ആരോഗ്യ പ്രശ്നങ്ങൾ, നഷ്ടപരിഹാരം തുടങ്ങിയ പ്രധാന ഘടകങ്ങളുടെ കാര്യത്തിൽ ദേശീയ തലത്തിൽ തന്നെ ഒരു വിവരശേഖരം ആവശ്യമാണ്. ഇത് നയരൂപീകരണ കർത്താക്കൾക്ക് ശക്തമായ ഇടപെടൽ നടത്താനും പ്രശ്നങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സഹായകമാകും.

■

(തിരുവനന്തപുരം എം. ജി കോളേജിലെ സാമ്പത്തികശാസ്ത്ര വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ. ലിനി ജി. ആർ. ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ചിന്റെ കേന്ദ്ര ഓഫീസിൽ റിസർച്ച് അസോസിയേറ്റാണ് ഡോ. ഐശ്വര്യ പി.വി)

**References**

Ajay, A. (2024). *A study on the social and environmental impact of Edayar industrial units in Ernakulam* (Master's thesis, St. Teresa's College [Autonomous], Ernakulam).

Ansari, R. A., Kaur, M., & Ahmad, S. (2014). Insecticides: Impact on the environment and human health. In R. Arora & R. S. Srivastava (Eds.), *Environmental deterioration and human health* (pp. 99-123). Springer. https://doi.org/10.1007/978-94-007-7890-0_6

Bonvoisin, T., Utyasheva, L., Knipe, D., Gunnell, D., & Eddleston, M. (2020). Suicide by pesticide poisoning in India: A review of pesticide regulations and their impact on suicide trends. *BMC Public Health, 20,* 251. https://doi.org/10.1186/s12889-020-8339-z

Gilden, R. C., Huffling, K., & Sattler, B. (2010). Pesticides and health risks. *Journal of Obstetric, Gynecologic & Neonatal Nursing,* 39(1), 103-110. https://doi.org/10.1111/j.1552-6909.2009.01092.x

Government of Kerala. (2011, April 20). *Report on health effects of endosulfan and progress of rehabilitation activities in Kerala.* Department of Health and Family Welfare.http://www.endosulphan.in/wp-content/docs/endosulfan.keralastory.pdf

Kumar, N. (n.d.). *The usage of insecticides in agriculture in Odisha, India: An assessment of sources and controls of exposure and associated health risks in rice farmers and farmworkers* (Doctoral dissertation, University of Newcastle, Australia).

Matyjaszczyk, E., et al. (2019). How European Union accession and implementation of obligatory integrated pest management influenced forest protection against harmful insects: A case study from Poland. *Forest Ecology and Management,* 433, 146-152. https://doi.org/10.1016/j.foreco.2018.11.001

Nicolopoulou-Stamati, P., Maipas, S., Kotampasi, C., Stamatis, P., & Hens, L. (2016). Chemical pesticides and human health: The urgent need for a new concept in agriculture. *Frontiers in Public Health,* 4, 148. https://doi.org/10.3389/fpubh.2016.00148

PAN Asia Pacific. (n.d.). *Global governance of hazardous pesticides to protect children:* Beyond 2020. PAN Asia Pacific. https://panap.net

Sony, R. K., Münster, D., & Krishnan, S. (2023). What counts as evidence? Examining the controversy over pesticide exposure and etiology in an environmental justice movement in Kerala, India. *Environmental Sociology,* 9(2), 148-164. https://doi.org/10.1080/23251042.2022.2116768

Sree Kumar, S., & Prathapan, B. (2021). An evidence-based inquiry into the Endosulfan tragedy in Kasaragod, Kerala. *Economic and Political Weekly, 56(41),* 37-44.

Stamati, L., Kolialexi, A., & Gounaris, A. (2016). Chemical pesticides and human health: The urgent need for a new concept in agriculture. *Environmental Health and Exposome (Public Health),* July 2016.

Thomas, N. (2015). *An economic analysis of biopesticide use in paddy farms of Kerala* (Master's thesis, Tamil Nadu Agricultural University, Coimbatore). Tamil Nadu Agricultural University.

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 3*
*ജൂലൈ– സെപ്റ്റംബർ 2025*

GULATI INSTITUTE OF FINANCE AND TAXATION

# ഇന്ത്യയിലെ വളരുന്ന ഗിഗ് സമ്പദ്ഘടന – ഒരു അവലോകനം

അനഘ റോയ്

**സംഗ്രഹം**

*ഇന്ത്യയിലെ ഗിഗ് ജോലിക്കാരുടെ വളർച്ചയും അതിന്റെ പ്രത്യേകതകളും പഠനവിധേയമാക്കുകയാണ് ഈ ലേഖനത്തിൽ. പി എൽ എഫ് എസ് ഡേറ്റയാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. നീതി ആയോഗിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ശാസ്ത്രീയമായി പരിഷ്കരിച്ച രീതിശാസ്ത്രമാണ് ഈ പഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. ഗിഗ് ജോലിക്കാർ, പ്രത്യേകിച്ച് പ്ലാറ്റഫോം ജീവനക്കാരുടെ സ്ഥിതി പൊതുവെ സപ്ലൈ സൈഡിന്റെ അടിസ്ഥാനത്തിലും (പ്രായം, വിദ്യാഭ്യാസം, എം പി സി ഇ, നഗരങ്ങളിലെ ലൊക്കേഷൻ) ഡിമാൻഡ് സൈഡിലൂടെയും (തൊഴിൽ, വ്യവസായം) കണക്കാക്കാറുണ്ട്. എന്നാൽ ഈ പഠനം ഔദ്യോഗിക കണക്കുകളിൽ ഉള്ളതിനേക്കാൾ കൂടുതൽ ഗിഗ് (പ്ലാറ്റ്ഫോം) ജീവനക്കാർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന പ്രത്യേകതയുണ്ട്. 2017–18 സാമ്പത്തിക വർഷത്തിൽ ഗിഗ് ജോലിക്കാരുടെ എണ്ണം 11.98 ദശലക്ഷമായിരുന്നെങ്കിൽ 2019–20 ൽ അത് 13.21 ദശലക്ഷമായി ഉയർന്നു. 2022–23 ൽ ഇത് നേരിയ തോതിൽ കുറഞ്ഞ് 13.03 ദശലക്ഷമായി. ഈ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. എന്നാൽ വിദ്യാഭ്യാസം നേടിയ പുതുതലമുറയുടെ കാര്യത്തിൽ ഇത് കൂടി വരികയാണ്. ഇവരുടെ കാര്യത്തിൽ ഔദ്യോഗികവും സമഗ്രവുമായ കണക്കെടുപ്പ് ആവശ്യമാണ്. ഇവരെ സംരക്ഷിക്കുന്നതിന് നിയമപരമായ നിയന്ത്രണ സംവിധാനങ്ങൾ വേണം തുടങ്ങിയ നിർദേശങ്ങളാണ് ഈ പഠനം മുന്നോട്ട് വയ്ക്കുന്നത്.*

***പ്രധാന വാക്കുകൾ:*** *പ്ലാറ്റ്ഫോം തൊഴിലാളികൾ, ഗിഗ് ഇക്കോണമി, തൊഴിൽ ശക്തി, സാമൂഹിക സുരക്ഷയെക്കുറിച്ചുള്ള കോഡ്*

## 1. ആമുഖം

തൊഴിൽ സാഹചര്യങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി തൊഴിൽ മാർക്കറ്റിലും മാറ്റങ്ങൾ സംഭവിക്കാറുണ്ട്. തൊഴിൽ മാർക്കറ്റുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു മാറ്റമാണ് ഗിഗ് സമ്പദ്വ്യവസ്ഥ. 2020 ലെ സാമൂഹ്യ സുരക്ഷാ കോഡ് ഗിഗ് വർക്കർ എന്നതിനെ ഇങ്ങനെ നിർവചിക്കുന്നു. പരമ്പരാഗതമായി തുടരുന്ന തൊഴിലുടമ – തൊഴിലാളി

ബന്ധത്തിന് പുറത്ത് വരുമാനം ഉണ്ടാക്കുന്നതിനായി വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന വ്യക്തിയാണ് ഗിഗ് വർക്കർ. ഇതിനെ പ്ലാറ്റ്ഫോം, പ്ലാറ്റ്ഫോം ഇതര എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തിയാണ് ഇത്തരത്തിൽ ജോലി ചെയ്യുന്നതെങ്കിൽ അത് പ്ലാറ്റ്ഫോം ജോലിക്കാരൻ എന്ന വിഭാഗത്തിൽ വരുന്നു. ഇന്റർനെറ്റ്, ഡിജിറ്റൽ സാങ്കേതിക വിദ്യ എന്നിവയുടെ വളർച്ച ഗിഗ് സമ്പദ്വ്യവസ്ഥയുടെ മുന്നേറ്റത്തിന് സഹായകമായിട്ടുണ്ട്. ഗിഗ് ജോലിക്കാരുടെ എണ്ണം അതിവേഗത്തിൽ ഉയരുകയാണ്. അതുപോലെ ഈ രീതി പല മേഖലകളിലേക്കും വ്യാപിക്കുന്ന സാഹചര്യവും ഇന്നുണ്ട്. അതുകൊണ്ട് ഇത് സംബന്ധിച്ച പഠനങ്ങൾ കൂടുതൽ പ്രസക്തമാവുകയാണ്.

ഗിഗ് ജോലികളുടെ കാര്യത്തിൽ ഇന്ത്യയുടെ വളർച്ച അതിവേഗത്തിലാണ്. നീതി ആയോഗിന്റെ റിപ്പോർട്ടിൽ പറയുന്നത്, ഇന്ത്യ അതിവേഗം വളരുന്ന ഒരു ഗിഗ് പ്ലാറ്റ്ഫോം സമ്പദ്ഘടനയായി മാറുകയാണ് എന്നാണ്. 2020–21 ലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 77 ലക്ഷം പേർ ഈ രീതിയിൽ ജോലി ചെയ്യുന്നു. 2029–30 ആകുമ്പോൾ ഇത് 2.35 കോടിയായി ഉയരുമെന്ന് കരുതുന്നു. പല പഠനങ്ങളും ചൂണ്ടിക്കാട്ടുന്നത് സ്ത്രീകൾ കൂടുതലായി ഈ മേഖലയിലേക്ക് കടന്നു വരുമെന്നാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നത് സ്ത്രീകൾക്കിടയിൽ കൂടുതൽ പ്രചാരം നേടുന്ന സ്ഥിതിയുണ്ട്. പല പഠനങ്ങളും പറയുന്നത് ഗിഗ് സമ്പദ്വ്യവസ്ഥയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കുമെന്നാണ് (രുചിക ചൗധരി–2020). വികസ്വര രാജ്യങ്ങളിലാണ് ഇത്തരത്തിൽ ജോലി നേടുന്നവരുടെ എണ്ണം വലിയ തോതിൽ വർധിച്ചു വരുന്നത്. ഇന്ത്യയിൽ പക്ഷെ ഇത്തരത്തിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഇനിയും കൃത്യമായ ഒരു സംവിധാനമില്ലെന്ന പരിമിതിയുണ്ട്. കൂടുതൽ വിപുലമായ പഠനങ്ങൾ നടത്തുന്നതിന് ഇത് ഒരു തടസമായി മാറുന്നുണ്ട്.

ഇക്കാര്യത്തിൽ നിലവിൽ ലഭ്യമായ ആധികാരികമായ രേഖ എന്നത് നീതി ആയോഗ് പ്രസിദ്ധപ്പെടുത്തിയ 'ഇന്ത്യാസ് ബ്ളൂമിംഗ് പ്ലാറ്റ്ഫോം ഇക്കോണമി' എന്ന റിപ്പോർട്ടാണ്. ഈ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള രീതിശാസ്ത്രത്തെ പരിഷ്ക്കരിച്ച് 2022–23 സാമ്പത്തിക വർഷത്തിലെ ഗിഗ് ജോലിക്കാരുടെ എണ്ണം തിട്ടപ്പെടുത്തുക എന്നതാണ് ഈ പഠനത്തിന്റെ പ്രധാന ദൗത്യം. ഈ രീതിശാസ്ത്രം പ്രയോജനപ്പെടുത്തി 2017–18, 2019–20 എന്നീ വർഷങ്ങളിലെ കണക്കുകൾ പുനരവലോകനം ചെയ്യുന്നതിനും ലക്ഷ്യമുണ്ട്. കോവിഡ് ഘട്ടത്തിലും അതിനു ശേഷവും ഇക്കാര്യത്തിൽ ഉണ്ടായ മാറ്റവും വിലയിരുത്തപ്പെടുന്നുണ്ട്. ഈ മേഖലയിൽ ജോലി ചെയ്യുന്നവരെ കുറിച്ചുള്ള പൊതുവായ ധാരണ സൃഷ്ടിക്കുക എന്നതും ഈ പഠനത്തിന്റെ ഉദ്ദേശ്യമാണ്. കൂടുതൽ പരിഷ്കരിച്ച രീതിയിൽ നടത്തിയ പഠനമായതുകൊണ്ട് 2019–20, 2022–23 എന്നീ വർഷങ്ങളിലെ ഗിഗ് തൊഴിലാളികളുടെ കണക്കുകൾ നീതി ആയോഗ് കണ്ടെത്തിയതിനേക്കാൾ കൂടുതലായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പി എൽ എഫ് എസ് ഡേറ്റ ആണ് ഈ പഠനത്തിന് പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്. നീതി ആയോഗിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയത് പ്രകാരം ഗിഗ് ജീവനക്കാരെ കണ്ടെത്തുന്നതിനായി തൊഴിൽ വിപണിയിലെ ഡിമാൻഡ്, സപ്ലൈ കണക്കുകളാണ് ഉപയോഗിച്ചത്. ഇതിൽ സപ്ലൈ സൈഡിൽ വരുന്ന പ്രധാന ഘടകങ്ങൾ പ്രദേശം, പ്രായം, വിദ്യാഭ്യാസം എം.പി. സി ഇ തുടങ്ങിയവയാണ്. 2011 ലെ സെൻസസ് ആധാരമാക്കി 100 പ്രധാന മെട്രോ നഗരങ്ങളിൽ നിന്നുള്ള വിവരങ്ങളാണ് നീതി ആയോഗിന്റെ ഡേറ്റയിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിൽ നിന്നും 45 നഗരങ്ങളിലെ വിവരങ്ങളാണ് ഈ പഠനത്തിനായി എടുത്തിട്ടുള്ളത്. ഇന്ത്യയിലെ ഏതാണ്ട് എല്ലാ നഗരങ്ങളിലും ഗിഗ് തൊഴിലാളികളുടെ സാന്നിധ്യം പ്രകടമായി കാണാം. അതുകൊണ്ട് എല്ലാ അർബൻ മേഖലകളെയും ആദ്യഘട്ട പഠനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ പലതും ഏറ്റവും വലിയ നഗരങ്ങളുടെ പട്ടികയിൽ വരുന്നവയല്ല. രണ്ടാം ഘട്ടത്തിൽ പ്രായത്തെ അടിസ്ഥാനമാക്കിയാണ് ക്രമീകരണം നടത്തിയിരിക്കുന്നത്. 18 വയസിനും 45 വയസിനുമിടയിലാണ് ഗിഗ് ജീവനക്കാരുടെ പ്രായം എന്നാണ് ഇവിടെ അനുമാനിക്കുന്നത്. കാരണം, ഭൂരിഭാഗം ഗിഗ് ജോലിക്കാരും സ്മാർട്ട് ഫോൺ അടക്കമുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിക്കുന്നതിൽ പ്രാപ്തരാണ് എന്നതാണ്. വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കിയാണ് അടുത്ത പട്ടിക തയാറാക്കായിട്ടുള്ളത്. ഇവർ സെക്കണ്ടറി തലത്തിലോ അതിന് മുകളിലോ വിദ്യാഭ്യാസം നേടിയവരാണ് എന്നതാണ് അനുമാനം.

ഇന്ത്യയിൽ മിക്കവാറും പ്ലാറ്റ്ഫോം ജീവനക്കാരും അധിക വരുമാനം കണ്ടെത്തുന്നതിനാണ് ഇത്തരം ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന് കാണാം. അതുകൊണ്ട് ഗിഗ് ജോലിക്കാർ പൊതുവെ എം പി സി ഇ യുടെ എഴുപത്തിയഞ്ചാം പേർസന്റിലിന് താഴെയാണ്. മൊബൈൽ ഫോൺ സാന്ദ്രത കണക്കാക്കുന്നതിന് നീതി ആയോഗ് സ്വീകരിച്ചിരിക്കുന്നത് ലോക ബാങ്ക് നൽകിയ വിവരങ്ങളാണ്. എന്നാൽ മറ്റു ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള തിരിവ് പരിഗണിക്കുമ്പോൾ ഇത് അത്ര പ്രസക്തമല്ല. അതുകൊണ്ട് മൊബൈൽ ഫോൺ ഉപയോഗിക്കുന്ന കണക്ക് ഈ പഠനത്തിൽ പ്രത്യേകമായി പരിഗണിച്ചിട്ടില്ല.

ഡിമാൻഡ് അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ ജോലിയും തൊഴിൽ മേഖലയും കണ്ടെത്തുന്നതിനായി എൻ സി ഒ–2004, എൻ ഐ സി–2008 എന്നിവയാണ് പരിഗണിച്ചിരിക്കുന്നത്. നീതി ആയോഗ് റിപ്പോർട്ടിൽ പറയുന്ന അതേ ജോലികളും മേഖലകളും തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ഇത്തരം ക്രമീകരണങ്ങൾ വഴിയായി മൊത്തം ജോലിക്കാരിൽ നിന്നും ഗിഗ് ജോലിക്കാരുടെ അനുപാതം കണ്ടെത്താൻ കഴിയുന്നു. ഇത് പിന്നീട് വെയ്റ്റേജിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് അർബൻ മേഖലയിലെ മൊത്തം ജോലിക്കാരുടെ എണ്ണം കൊണ്ട് ഗുണിച്ച് ഇന്ത്യയിലെ മൊത്തം ഗിഗ് ജോലിക്കാരുടെ വിവരങ്ങൾ കണ്ടെത്തിയിരിക്കുന്നു.

**2. പഠനങ്ങളുടെ അവലോകനം**

ആഗോളതലത്തിൽ തന്നെ തൊഴിൽ മാർക്കറ്റിൽ ഉയർന്നു വരുന്ന ഒരു പ്രവണതയാണ് ഗിഗ് സമ്പദ്വ്യവസ്ഥ. ഇന്റർനെറ്റ്, വയർലെസ്സ് കമ്മ്യൂണിക്കേഷൻ, സ്മാർട്ടഫോൺ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ലോകത്തെ തൊഴിൽ മേഖലയുടെ സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതുകൊണ്ട് താൽക്കാലിക ജോലികൾ, ഫ്രീലാൻസ് ജോലികൾ, ഗിഗ് പ്ലാറ്റ്ഫോം ജോലികൾ തുടങ്ങിയ വിവിധ മേഖലകൾ വളരുന്നതിന് കാരണമായി. ഗിഗ് സംവിധാനത്തിൽ ഒരാൾ തന്റെ ജോലി ചെയ്ത് തീർത്തതിന് ശേഷമാണ് അയാൾക്ക് അതിനുള്ള വേതനം ലഭിക്കുന്നത്. വ്യവസായവൽക്കരണത്തിന് മുൻപ് ഈ രീതി വ്യാപകമായി നിലനിന്നിരുന്നു. എന്നാൽ വ്യവസായവല്കരണത്തിന് ശേഷം കണ്ടത് നിയതമായ ജോലി സമയം, വേതനം, തൊഴിലാളി – തൊഴിലുടമ ബന്ധങ്ങൾ തുടങ്ങിയ പല കാര്യങ്ങളും ഉയർന്നു വരുന്നതാണ്. എന്നാൽ 2008 ൽ ഉണ്ടായ സാമ്പത്തിക തകർച്ചക്ക് ശേഷം തങ്ങളുടെ കുറയുന്ന വരുമാനം മെച്ചപ്പെടുത്തുന്നതിനായി ഗിഗ് ജോലികളെ പലരും ആശ്രയിക്കുന്ന നില ഉണ്ടായി. സമീപകാലത്തായി ഇത്തരം ജോലികൾ സാങ്കേതിക വിദ്യയെ

അടിസ്ഥാനമാക്കിയുള്ളതായി മാറുന്നുണ്ട് (മേത്ത–2020). ഡിജിറ്റൽ പ്ലാറ്റഫോം വഴിയായുള്ള തൊഴിൽ മാർക്കറ്റ് പ്രവർത്തനമായി അത് മാറി (രുചിക ചൗധരി–2020). എല്ലാ വ്യവസായ മേഖലകളും ഒരു പോലെ ഗിഗ് ജോലികളെ പരിഗണിച്ചിട്ടില്ല. നിർമ്മാണ മേഖല, റീറ്റെയ്ൽ, മാനുഫാക്റ്ററിങ്, ചരക്ക് നീക്കം എന്നീ നാലു മേഖലകളാണ് ഈ രീതിയെ കാര്യമായി പരിഗണിച്ചത്. ഗിഗ് ജോലികളുടെ 50 ശതമാനവും ഈ മേഖലകളിലാണ് (ബി സി ജി റിപ്പോർട്ട്–2021).

ഗിഗ് സമ്പദ്വ്യവസ്ഥയെ വിവിധ രീതിയിൽ തരം തിരിച്ചിട്ടുണ്ട്. ക്രൗഡ് വർക്ക് എന്ന നിലയിലാണ് ഒരു തരം തിരിവ്. ഫ്രീലാൻസ് ജീവനക്കാർ ഓൺ ലൈനായി ചെയ്യുന്ന ജോലിയാണ് ഇത്. (രുചിക ചൗധരി–2020).

വൻതോതിൽ ജോലികൾ നൽകുന്ന ഒരു സംവിധാനമാണ് ഗിഗ് സമ്പദ്ഘടന. അമേരിക്കയിൽ, 2017 ലെ കണക്കുകൾ പ്രകാരം 55 ദശലക്ഷം പേർ ഇത്തരം ജോലികൾ ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കുന്നത് (അന്വേഷ ഘോഷ്–2022). ഈ രംഗത്തെ ജോലിക്കാരെ സംബന്ധിച്ച വിവരങ്ങളുടെ ഘടനാപരമായ അസമത്വത്തെ കുറിച്ചാണ് ഹീൽസ് (2017) വിശദീകരിക്കുന്നത്. ഇത് ഈ സംവിധാനത്തെ അട്ടിമറിക്കുന്നതിന് സഹായകരമായ ഒന്നാണെന്നാണ് അദ്ദേഹത്തിന്റെ വാദം. തൊഴിലാളികളുടെ കാര്യത്തിൽ അവർ ഒരു തരം വില്പനച്ചരക്കാകുന്ന രീതി ഇതുളവാക്കും. സാമൂഹ്യമായ സുരക്ഷാ ചെലവുകളിൽ നിന്നും കമ്പനികൾക്ക് ഒഴിഞ്ഞു മാറാൻ ഇത് സാഹചര്യമൊരുക്കും (അന്വേഷ ഘോഷ്–2022). ഉപഭോക്താക്കളാണ് ജോലിക്കാരെ റേറ്റ് ചെയുന്നത് എന്ന രീതി ഇതിലുണ്ട്. അതുകൊണ്ട് റേറ്റിംഗ് ഉയർത്തുന്നതിനായി ജോലിക്കാർ രാപകലില്ലാതെ അധ്വാനിക്കേണ്ടുന്ന സ്ഥിതി സംജാതമാകുന്നു (അന്വേഷ ഘോഷ് –2022). എന്നാൽ സൗന്ദര്യ സംവർദ്ധക മേഖലയിൽ ജോലി ചെയ്യുന്ന ആളുകളുടെ ഇടയിൽ ഐ ഡബ്ള്യു ഡബ്ള്യു എ ജി ഇ നടത്തിയ സർവേയിൽ 85 ശതമാനം പേരും ഇത്തരം ജോലിയിൽ സംതൃപ്തരാണ് എന്നാണ് കണ്ടെത്തിയത്.

ഇതിന്റെ പ്രാധാന്യം മനസിലാക്കി പല രാജ്യങ്ങളും ഈ മേഖലയിൽ നടക്കുന്ന ചൂഷണം ഒഴിവാക്കുന്നതിനായി ചില നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. കാലിഫോർണിയ ബിൽ എന്നറിയപ്പെടുന്ന (എ ബി 5) നിയമം ഗിഗ് ജോലിക്കാരെ കരാറുകാർ എന്ന നിലയിൽ പരിഗണിക്കുന്നതിനെ തടയുന്നു. 2018 ൽ യൂറോപ്യൻ കമ്മീഷൻ ഇവർക്ക് പ്രസവകാല അവധിയും മറ്റാനുകൂല്യങ്ങളും നൽകണമെന്ന നിയമം കൊണ്ട് വന്നു. അമേരിക്കയിലെ ഭരണകൂടം ഇവരെ പ്രത്യേക വിഭാഗമായി പരിഗണിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. കാനഡയാകട്ടെ ഇവരെ സ്വതന്ത്ര കരാറുകാർ എന്ന നിലയിൽ പരിഗണിക്കുമ്പോൾ അവർക്ക് കുറഞ്ഞ വേതനവും സംഘടനാ സ്വാതന്ത്ര്യവും നടപ്പാക്കിയിരിക്കുന്നു.

ഇന്ത്യയിലും ധാരാളം പേർ ഗിഗ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഇതിന്റെ വികസനവും ആവശ്യമായ നിയമനിർമ്മാണവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇന്ത്യയിൽ തൊഴിൽ സാഹചര്യം പരിശോധിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്. രാജ്യത്ത് തൊഴിലില്ലായ്മ വളരെ വേഗം വർധിക്കുന്ന സ്ഥിതിയുണ്ട് . വിദ്യാഭ്യാസം, തൊഴിൽ, പരിശീലനം എന്നിവയിൽ ഏതെങ്കിലും രംഗത്ത് സജീവമല്ലാത്ത (എൻ ഇ ഇ ടി) ചെറുപ്പക്കാരുടെ എണ്ണം 2018 ൽ 100 ദശലക്ഷം കടന്നു. ഇന്ത്യയിലെ മൊത്തം യുവാക്കളുടെ എണ്ണത്തിന്റെ 27 ശതമാനമാണ് ഇത്. ലോകത്ത് തന്നെ ഏറ്റവും ഉയർന്ന തോത് (മേത്ത–2020). അതുകൊണ്ട് ഗിഗ് മേഖലയുടെ സ്വാധീനം വിലയിരുത്തി ആവശ്യമായ നിയമനിർമ്മാണം

കൊണ്ട് വരികയാണെങ്കിൽ അത് തൊഴിലവസരങ്ങൾ ഗണ്യമായി വർധിപ്പിക്കും. 1980 നും 2000 ത്തിനുമിടയിൽ ജനിച്ചവർ ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ 34 ശതമാനമാണ്. മൊത്തം തൊഴിൽ സേനയുടെ 45 ശതമാനം വരുമിത് (മേത്ത–2020).

അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കോമേഴ്സ് (അസോചെം) തയാറാക്കിയ ഒരു റിപ്പോർട്ട് പ്രകാരം ഈ വർഷം ജനുവരിയിൽ ഗിഗ് സമ്പദ്ഘടന വാർഷികാടിസ്ഥാനത്തിൽ 17.4 ശതമാനം വളർച്ച കൈവരിച്ചിട്ടുണ്ട്. ഇതിന്റെ മൂല്യം 204 ബില്യൺ യു എസ് ഡോളറിൽ നിന്നും 455 ബില്യൺ ഡോളറായി ഉയർന്നു. നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം 2014 നു ശേഷം ഒല, യുബർ എന്നീ കമ്പനികൾ യഥാക്രമം 10 ലക്ഷം പേർക്കും 22 ലക്ഷം പേർക്കും ജോലി നൽകുന്നുണ്ട്. ഇവരുടെ ലിംഗവ്യത്യാസമനുസരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഓക്സ്ഫോർഡ് ഇന്റർനെറ്റ് ഇൻസ്റ്റിട്യൂട്ടിന്റെ ഒരു ഗവേഷണ പദ്ധതിയായ 'ഐ ലേബർ പ്രോജക്ട്' ഗിഗ് ഇക്കോണമിയെ കുറിച്ച് പഠനം നടത്തുന്നതിന് ഒരു ഓൺലൈൻ ലേബർ സൂചിക (ഒ എൽ ഐ) തയാറാക്കിയിട്ടുണ്ട്. ആഗോളതലത്തിൽ ഓരോ രാജ്യത്തിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇത് സഹായകമാണ്. 2017 ൽ സൂചികയിൽ നിന്നും വ്യക്തമാകുന്നത് തർജ്ജമയും എഴുത്തുമാണ് അമേരിക്കയിലെ ഏറ്റവും വലിയ തൊഴിൽ മേഖലയെന്നാണ്. ഇന്ത്യയുടെ കാര്യത്തിലാകട്ടെ സോഫ്റ്റ്വെയർ വികസനമാണ്.

2020 ലെ നീതി ആയോഗ് റിപ്പോർട്ട് ഗിഗ് ജോലിക്കാർ എന്നതിനെ നിർവചിക്കുന്നത് ഇങ്ങനെയാണ് : പരമ്പരാഗതമായ തൊഴിലാളി–തൊഴിലുടമ ബന്ധത്തിന് പുറത്ത് തൊഴിലുകളിൽ നിന്ന് വരുമാനം നേടുന്ന വ്യക്തി. ഇതിനെ പ്ലാറ്റ്ഫോം ജോലിക്കാർ എന്നും പ്ലാറ്റ്ഫോം ഇതര ജോലിക്കാർ എന്നുമായി രണ്ടായി തരം തിരിച്ചരിക്കുന്നു. തങ്ങളുടെ സേവനം നൽകുന്നതിന് ഒരു പ്ലാറ്റ്ഫോമിന്റെ സഹായം തേടുന്നവരാണ് പ്ലാറ്റ്ഫോം ജീവനക്കാർ. ഈ റിപ്പോർട്ട് പ്രകാരം 2020–21 ൽ 77 ലക്ഷം പേരാണ് ഗിഗ് ജോലികൾ ചെയ്യുന്നത്. 2029–30 ൽ ഇവരുടെ സംഖ്യ 2.35 കോടിയായി ഉയരുമെന്നാണ് കണക്കാക്കുന്നത്. ഇന്ത്യയിൽ മൊത്തം ജോലിക്കാരിൽ 1.33 ശതമാനം പേരാണ് ഗിഗ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിന്റെ നല്ലൊരു പങ്കും അസംഘടിത മേഖലയിലാണ്. കാർഷികേതര ജോലികൾ ചെയ്യുന്ന മൊത്തം ജോലിക്കാരുടെ 2.6 ശതമാനമാണിത്. മൊത്തം തൊഴിലെടുക്കുന്നവരുടെ 1.5 ശതമാനവുമാണ് ഇത്. 2029–30 ൽ ഇത് യഥാക്രമം 6.7 ശതമാനവും 4.1 ശതമാനമാണ് ഉയരുമെന്നാണ് കണക്കാക്കപെടുന്നത്.

### 3. വിവരങ്ങളുടെ വിശകലനം

മുകളിൽ പറഞ്ഞ പഠനരീതി ഉപയോഗിച്ച് മൂന്ന് ഘട്ടങ്ങളിലെ ഗിഗ് ജോലിക്കാരുടെ എണ്ണം കണക്കാക്കുകയുണ്ടായി. ഇതിൽ കണ്ടെത്തിയ കണക്കുകൾ നീതി ആയോഗിന്റെ റിപ്പോർട്ടിൽ ഉള്ളതിനേക്കാൾ കൂടുതലായിരുന്നു. ഇതിനു പുറമെ സ്ത്രീകളുടെയും പുരുഷൻമാരുടെയും കാര്യത്തിൽ പ്രത്യേകം കണക്കെടുപ്പും ഈ പഠനത്തിൽ നടത്തുകയുണ്ടായി.

ഇതിലെ ചില സുപ്രധാന കണ്ടെത്തലുകൾ ചുവടെ ചേർത്തിട്ടുണ്ട്. ഇതനുസരിച്ച് 2017–18 വർഷത്തിൽ ഗിഗ് ജീവനക്കാരുടെ എണ്ണം 11.98 ദശലക്ഷമായിരുന്നു. എന്നാൽ നീതി ആയോഗിന്റെ കണക്കിൽ ഇത് 52.6 ലക്ഷം മാത്രമായിരുന്നു. നഗരങ്ങളിലെ മൊത്തം ജോലിക്കാരുടെ 0.08 ശതമാനം വരുമിത്. 2019–20 ൽ ഗിഗ് ജോലിക്കാരുടെ സംഖ്യ 13.21 ദശലക്ഷമായി ഉയർന്നു. നീതി ആയോഗിന്റെ കണക്കിൽ ഇത് 68 ലക്ഷ്യമായിരുന്നു. ഗിഗ് ജോലിക്കാരുടെ വളർച്ച കണക്കിലെടുക്കുമ്പോൾ പഠനത്തിൽ കണ്ടെത്തിയ

കണക്കുകൾക്കാണ് കൂടുതൽ കൃത്യതയുള്ളത്. എന്നാൽ കോവിഡിന് ശേഷം എണ്ണത്തിൽ നേരിയ കുറവ് രേഖപെടുത്തുകയുണ്ടായി. ഇത് 13.03 ദശലക്ഷമായി. കോവിഡിന് ശേഷം ഇത്തരം താൽക്കാലിക ജോലികളിൽ നിന്നും പഴയ സാധാരണ ജോലികളിലേക്ക് ആളുകൾക്ക് മടങ്ങാൻ കഴിഞ്ഞതും തൊഴിൽ മേഖലയിൽ പ്രകടമായ ഉണർവുമാണ് ഇതിന് കാരണം. എന്നാൽ ഇത് നേരിയ കുറവ് മാത്രമായിരുന്നു. ഭാവിയിൽ എണ്ണത്തിൽ കാര്യമായ മുന്നേറ്റം പ്രകടമാകുമെന്നും നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്.

| Urban gig workers, million | All | Male | Female |
|---|---|---|---|
| 2017-18 | 11.98 | 10.92 | 1.25 |
| 2019-20 | 13.21 | 11.48 | 1.79 |
| 2022-23 | 13.03 | 11.36 | 1.84 |

ഗിഗ് ജോലിക്കാരുടെ കാര്യത്തിൽ ആൺ, പെൺ വ്യത്യാസത്തിലെ വളർച്ചയും ഏതാണ്ട് സമാന രീതിയിലായിരുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം താരതമ്യേന കുറവായിരുന്നു. സ്ത്രീകൾ ജോലിക്ക് പോകുന്നതിനെ കുറിച്ചുള്ള സാമൂഹ്യമായ ചില ധാരണകൾ കൂടി ഇതിന് കാരണമായി മാറിയിട്ടുണ്ട്. ജോലി സമയത്തിന്റെ പ്രത്യേകതയും റിസ്കും സുരക്ഷയുടെ കുറവുമൊക്കെ സ്ത്രീകളുടെ പങ്കാളിത്ത കുറവിന് കാരണമായിട്ടുണ്ട്. എന്നിരുന്നാലും ജോലിയിലെ സൗകര്യപ്രദമായ സമയക്രമം, താൽക്കാലികമായി കുറഞ്ഞ കാലയളവിൽ പ്രവർത്തിക്കുന്നതിനുള്ള സൗകര്യം തുടങ്ങിയ അനുകൂല ഘടകങ്ങൾ കൂടുതൽ സ്ത്രീകളെ ഗിഗ് ജോലികളിലേക്ക് ആകർഷിക്കുന്നതിന് കാരണമായി മാറിയിട്ടുണ്ട്. എന്നാലും സ്ത്രീകളുടെ പങ്കാളിത്തം ഈ രംഗത്ത് കുറവാണെന്ന് കാണാം. പൊതുവിൽ ഇന്ത്യൻ തൊഴിൽ വിപണിയിൽ കാണുന്ന പ്രവണതകൾക്ക് സമാനമാണ് ഇത്.

കോവിഡിന് ശേഷം ഗിഗ് ജോലിക്കാരുടെ എണ്ണത്തിലും അതിൽ തന്നെ പുരുഷന്മാരുടെ എണ്ണത്തിലും കുറവ് രേഖപെടുത്തിയെങ്കിലും സ്ത്രീകളുടെ സംഖ്യ ഉയരുകയാണുണ്ടായത്. പൊതുവിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം കോവിഡിന് ശേഷം ഉയർന്നതും ഇതിന് ഒരു പ്രധാന കാരണമാണ്. എന്നാൽ നഗരപ്രദേശങ്ങളിൽ മൊത്തം സ്ത്രീ ജോലിക്കാരുടെ ശതമാനം എന്ന നിലയിൽ കണക്കാക്കുമ്പോൾ സ്ത്രീകളുടെ തോത് കുറയുന്നതായാണ് പഠനത്തിൽ കണ്ടെത്തിയത്.

| Urban gig workers as % of total urban workforce | All | Male | Female |
|---|---|---|---|
| 2017-18 | 0.08 | 0.09 | 0.042 |
| 2019-20 | 0.08 | 0.089 | 0.048 |
| 2022-23 | 0.071 | 0.081 | 0.042 |

| Year | % male | % female |
|---|---|---|
| 2017-18 | 89% | 11% |
| 2019-20 | 86% | 14% |
| 2022-23 | 86% | 14% |

| Year | 8 | 10 | 11 | 12 | 13 |
|---|---|---|---|---|---|
| 2017-18 | 34% | 27% | 3% | 29% | 6% |
| 2019-20 | 31% | 28% | 3% | 31% | 7% |
| 2022-23 | 30% | 30% | 3% | 31% | 6% |

| | 8 | | 10 | | 11 | | 12 | | 13 | |
|---|---|---|---|---|---|---|---|---|---|---|
| Year | M | F | M | F | M | F | M | F | M | F |
| 2017-18 | 92% | 8% | 90% | 10% | 90% | 10% | 86% | 14% | 83% | 17% |
| 2019-20 | 89% | 11% | 88% | 12% | 91% | 9% | 82% | 18% | 82% | 18% |
| 2022-23 | 88% | 12% | 87% | 13% | 93% | 7% | 83% | 17% | 79% | 21% |

നഗരങ്ങളിലെ ജോലിക്കാരുടെ എണ്ണത്തിൽ ഗിഗ് ജോലിക്കാരുടെ പങ്കാളിത്തം പരിശോധിക്കുമ്പോൾ പഠന വിധേയമാക്കിയ മൂന്ന് വർഷങ്ങളിലും കാര്യമായ മാറ്റമില്ലാതെ തുടരുന്നതായി കാണാം. 0.07 ശതമാനം മുതൽ 0.08 ശതമാനം വരെയായിരുന്നു മാറ്റം. അതുകൊണ്ട് കോവിഡ് ഘട്ടത്തിൽ എണ്ണം കുതിച്ചുയർന്നുവെന്നോ കോവിഡിന് ശേഷമുള്ള ഘട്ടത്തിൽ വലിയ കുറവുണ്ടായി എന്നോ കണക്കാക്കാൻ കഴിയില്ല.

| | 15-29 | 30-39 | 40-59 | 60 and above |
|---|---|---|---|---|
| 2017-18 | 41% | 39% | 20% | 0% |
| 2019-20 | 44% | 37% | 20% | 0% |
| 2022-23 | 39% | 40% | 21% | 0% |

| | 15-29 | | 30-39 | | 40-59 | | 60+ | |
|---|---|---|---|---|---|---|---|---|
| Year | M | F | M | F | M | F | M | F |
| 2017-18 | 86% | 14% | 90% | 10% | 93% | 7% | 0% | 0% |
| 2019-20 | 84% | 16% | 89% | 11% | 89% | 11% | 0% | 0% |
| 2022-23 | 85% | 15% | 86% | 14% | 87% | 13% | 0% | 0% |

**പഠനത്തിന്റെ കണ്ടെത്തലുകളും വിശദാംശങ്ങളും**

ഗിഗ് ജോലികളുടെ പ്രത്യേകതകളെ കുറിച്ച് കൂടുതൽ മനസിലാക്കുന്നതിന് കൂടുതൽ പഠനങ്ങൾ നടത്തേണ്ടതുണ്ട്.

അതിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് വനിതാ ഗിഗ് ജോലിക്കാരുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് 15 ശതമാനം കണ്ട് കുറവാണ് എന്നതാണ്. എന്നാൽ 2017–18 നും 2019–20 നുമിടയിൽ സ്ത്രീകളുടെ എണ്ണത്തിൽ 3 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. 2019–20 നും 2022–23 നുമിടയിൽ ഇക്കാര്യത്തിൽ വലിയ മാറ്റം ഉണ്ടായില്ല. അതുകൊണ്ട് കോവിഡിന്റെ ഘട്ടത്തിലും അതിന് ശേഷവും സ്ത്രീകളുടെ എണ്ണത്തിൽ മാറ്റമുണ്ടായതായി വിലയിരുത്താൻ കഴിയുന്ന ഒരു തെളിവും ഈ പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ഇക്കാര്യത്തിലെ ചില പ്രത്യേകതകൾ പഠിക്കുന്നതിനായി ജോലി ചെയ്യുന്നവരുടെ വിദ്യാഭാസ യോഗ്യത പരിഗണിക്കുകയുണ്ടായി. എട്ടാം ക്ലാസ് പാസാവുക എന്നതാണ് ഇതിനുള്ള മിനിമം മാനദണ്ഡമായി പരിഗണിച്ചത്. എട്ടു മുതൽ പന്ത്രണ്ടാം ക്ളാസ് വരെയുള്ള ഗിഗ് ജോലിക്കാരുടെ എണ്ണം 2017–18, 2019–20, 2022–23 എന്നീ വർഷങ്ങളിൽ കൂടുതലായിരുന്നു. എട്ടു മുതൽ പന്ത്രണ്ടാം ക്ളാസ് വരെ പഠനം നടത്തിയവരാണ് ഗിഗ് ജോലിക്കാരിൽ കൂടുതൽ പേരും. ഇക്കാര്യത്തിൽ ലിംഗപരമായ വേർതിരിവും പഠന വിധേയമാക്കുകയുണ്ടായി. എല്ലാ വിഭാഗങ്ങളിലും പുരുഷന്മാരായ ജോലിക്കാരുടെ എണ്ണം സ്ത്രീകളെക്കാൾ കൂടുതലായിരുന്നു എന്നാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. എട്ടുമുതൽ 13 വരെ എന്ന സ്കെയിലിൽ വിദ്യാഭ്യാസ യോഗ്യത എടുത്താൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുന്നതായി കാണാം. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം ഇന്ത്യയിലെ ഗിഗ് ജോലിക്കാർക്കിടയിൽ കൂടുതലാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്.

ഇനി പ്രായം തിരിച്ചുള്ള കണക്കുകൾ പരിഗണിക്കാം. കൂടുതൽ പേരും 15–29 ഗ്രൂപ്പിലും 30–39 ഗ്രൂപ്പിലുമാണ് ഉൾപ്പെടുന്നതെന്ന് കാണാം. അതായത് ഗിഗ് ജോലികൾ ചെയ്യുന്നത് താരതമ്യേന ചെറുപ്പക്കാരാണ്. പഠന വിധേയമാക്കിയ മൂന്ന് വർഷങ്ങളിലും ഇതിന് കാര്യമായ വ്യത്യാസം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കോവിഡിന് മുൻപും കോവിഡിന്റെ ഘട്ടത്തിലും അതിന് ശേഷവും പ്രത്യേകമായ രീതികളൊന്നും ഇക്കാര്യത്തിൽ നിർണ്ണയിക്കാൻ കഴിയില്ല.

ഈ കണക്കുകൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്ന ശ്രദ്ധേയമായ ഒരു വസ്തുത 15 വയസിനും 29 വയസിനുമിടയിൽ പ്രായമുള്ള സ്ത്രീകളുടെ എണ്ണം കൂടുതലാണ് എന്നതാണ്. നാല്പതിനും 59 നും ഇടയിലാണ് സ്ത്രീ പങ്കാളിത്തം ഏറ്റവും കുറവായി

കാണുന്നത്. സ്ത്രീകളായ ഗിഗ് ജോലിക്കാർ പുരുഷന്മാരെ അപേക്ഷിച്ച് താരതമ്യേന ചെറുപ്പമാണ് എന്ന അനുമാനം ഇതിൽ നിന്നും കണ്ടെത്തുവാൻ കഴിയും.

ഗിഗ് ജോലിക്കാരുടെ കാര്യത്തിലെ വിവരങ്ങളുടെ അപര്യാപ്തത ഇക്കാര്യത്തിലെ വളർച്ചാ സാധ്യതയെ കുറിച്ചുള്ള നിഗമനങ്ങൾ കൂടുതൽ ദുഷ്കരമാക്കുന്നുണ്ട്. ഈ രംഗത്തെ ജോലിക്കാർക്ക് സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളും അപകട ഇൻഷുറൻസ് ഉൾപ്പടെയുള്ള ആനുകൂല്യങ്ങളും നിക്ഷേധിക്കപെടുന്നുണ്ട്. ഗിഗ് ജോലികളെ നിയന്ത്രിക്കുന്ന നിയമങ്ങളോ ചട്ടങ്ങളോ ഇന്നില്ല. അതായത് ജോലി സമയം, വേതനം തുടങ്ങിയ കാര്യങ്ങളിൽ ഇവർ വലിയ തോതിൽ ചൂഷണത്തിന് വിധേയമാകുന്നു എന്നർത്ഥം.

**4. ഉപസംഹാരം**

ഗിഗ് ജോലിക്കാരുടെ കാര്യത്തിൽ ദേശവ്യാപകമായി പുതിയ പഠനങ്ങൾ അനിവാര്യമാണ്. സാമ്പിളുകൾ മാത്രം ആധാരമാക്കി ലഭ്യമാകുന്ന അനുമാനങ്ങൾ ഒരിക്കലും സമഗ്രമായ പഠനങ്ങൾക്ക് പകരം വയ്ക്കാൻ കഴിയുന്നതല്ല. ഇൻഷുറൻസ്, മികച്ച ജോലി സ്ഥലങ്ങൾ, തൊഴിൽ സുരക്ഷ, കൃത്യമായ ആനുകൂല്യങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമായാൽ കൂടുതൽ പേർ ഗിഗ് മേഖലയിൽ ജോലി ചെയ്യുന്നതിന് തയ്യാറാകും. വർക്ക്-ലൈഫ് ബാലൻസിങ്ങിന് ഇത് കൂടുതൽ സഹായകമാകും എന്നതാണ് ഇതിന് കാരണം. എന്നാൽ അമിതമായ നിയന്ത്രണങ്ങൾ ആളുകളെ ഇത്തരം ജോലികൾ ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കും. അതുകൊണ്ട് ജീവനക്കാരുടെയും തൊഴിലുടമകളുടെയും താല്പര്യങ്ങൾ ബാലൻസ് ചെയ്യുന്ന ഒരു രീതി ഗിഗ് സമ്പദ്വ്യവസ്ഥയിൽ ഉണ്ടാകേണ്ടത് ആവശ്യമായ ഒന്നാണ്.

സർക്കാർ പിന്തുണയും നിയന്ത്രണങ്ങളും പ്ലാറ്റ്ഫോം ജോലിക്കാരുടെ സംരക്ഷണത്തിന് ആവശ്യമായ ഒന്നാണ. ചില സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ചില നടപടികൾ സ്വീകരിച്ചതായി കാണുന്നുണ്ട്. 2023 ൽ രാജസ്ഥാൻ സർക്കാർ 'രാജസ്ഥാൻ പ്ലാറ്റഫോം ബേസ്ഡ് ഗിഗ് വർക്കേഴ്സ് (രെജിസ്ട്രേഷൻ ആൻഡ് വെൽഫെയർ) നിയമം പാസാക്കുകയുണ്ടായി. ഗിഗ് ജോലിക്കാർ നിർബന്ധമായും രെജിസ്ട്രേഷൻ എടുത്തിരിക്കണമെന്ന് ഇതിൽ വ്യവസ്ഥ ചെയ്യുന്നു. ഇവർക്ക് സാമൂഹ്യ സുരക്ഷാ അവകാശങ്ങൾ ലഭിക്കുന്നതിന് ഇത് സഹായകമാണ്. ഇവർക്കായി ഒരു വെൽഫെയർ ബോർഡ് രൂപീകരിക്കണമെന്നും നിയമത്തിൽ വ്യവസ്ഥയുണ്ട്. 2023 ൽ തന്നെ കർണ്ണാടക ഗവണ്മെന്റ് ഗിഗ് ജോലിക്കാർക്കായി നാലു ലക്ഷം രൂപയുടെ ഇൻഷുറൻസ് ഏർപ്പെടുത്തുകയുണ്ടായി. പ്ലാറ്റ്ഫോം സമ്പദ്ഘടന വഴിയായി ചെറുപ്പക്കാർക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഇത്തരം നടപടികൾ സഹായകമാകും.

പ്ലാറ്റ്ഫോം അധിഷ്ഠിത/ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും സംസ്ഥാനത്തെ ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ സേവന/വേതന വ്യവസ്ഥകൾ സംബന്ധിച്ച പൊതു മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുമായി 2024 ജൂലൈയിൽ കേരള സർക്കാർ ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. 2024 ലെ സമഗ്രമായ കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സ് (രജിസ്ട്രേഷൻ ആൻഡ് വെൽഫെയർ) ബില്ലിനായുള്ള പദ്ധതികൾ തൊഴിൽ മന്ത്രി വി ശിവൻ കുട്ടി അവതരിപ്പിച്ചു. നിയമ സംരക്ഷണം, മെച്ചപ്പെട്ട ക്ഷേമം, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ, സാമ്പത്തിക സുരക്ഷ എന്നിവ ഉറപ്പാക്കി തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് നിർദ്ദിഷ്ട ബിൽ ലക്ഷ്യമിടുന്നത്. സമീപകാല

വിവരങ്ങൾ അനുസരിച്ച്, ബിൽ നിയമ വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്, അടുത്ത നിയമസഭാ സമ്മേളനത്തിൽ ഇത് അവതരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്ലാറ്റ്ഫോം സമ്പദ്വ്യവസ്ഥയിൽ നിന്ന് കൂടുതൽ നേട്ടങ്ങൾ കൊയ്യാൻ ഇത്തരം സംരംഭങ്ങൾ സഹായിക്കും.

■

*(ഗോഖലെ ഇൻസ്റ്റിട്യൂട്ട് ഓഫ് പൊളിറ്റിക്സ് ആൻഡ് ഇക്കണോമിക്സിലെ പ്രഫസർ കെ. എസ് ഹരി, സതീഷ ബി എന്നിവരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു).*

## References

NitiAayog. (2022). India's Booming Gig and Platform Economy: Perspectives and Recommendations on the Future of Work. Niti Aayog, June.

Unlocking the Potential of the Gig Economy in India | BCG. (n.d.). Retrieved February 12, 2024, from https://www.bcg.com/unlocking-gig-economy-in-india

The Future of Work for Women Workers India's Emerging Gig Economy. (2020).

Liang, C., Hong, Y., Gu, B., & Peng, J. (2018). Gender wage gap in online gig economy and gender differences in job preferences. International Conference on Information Systems 2018, ICIS 2018. https://doi.org/10.2139/ssrn.3266249

Litman, L., Robinson, J., Rosen, Z., Rosenzweig, C., Waxman, J., & Bates, L. M. (2020). The persistence of pay inequality: The gender pay gap in an anonymous online labor market. PLoS ONE, 15(2). https://doi.org/10.1371/journal.pone.0229383

ILO. (2021). World Employment And Social Outlook: The role of digital labour platforms in transforming the world of work International. In International Labour Organization

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 3*
*ജൂലൈ– സെപ്റ്റംബർ 2025*

# വ്യാവസായിക വളർച്ചയിൽ വിദേശനിക്ഷേപവും വിനിമയനിരക്കും ചെലുത്തുന്ന സ്വാധീനം

റോയ് സ്കറിയ, അഞ്ജന സി. എം

**സംഗ്രഹം**

*1992 ൽ മൂലധന വിപണി കൂടുതൽ സ്വതന്ത്രമാക്കിയതോടെ ഇന്ത്യൻ ഓഹരി വിപണിയിലെ വിദേശ നിക്ഷേപത്തിൽ ഗണ്യമായ വർധനയുണ്ടായി. പൊതുവിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ഉത്തേജിതമാകുന്നതിന് ഇത് വഴിയൊരുക്കുകയുണ്ടായി. എന്നാൽ വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ ഇന്ത്യൻ വിപണിയിലേക്കുള്ള കടന്നുവരവ് വിപണിയുടെ ശക്തമായ ചാഞ്ചാട്ടത്തിന് ഇടയാക്കി. ഇന്ത്യൻ സമ്പദ്ഘടനയിൽ വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ (എഫ് ഐ ഐ) നിക്ഷേപം വ്യവസായിക ഉത്പാദനം അടക്കമുള്ള മേഖലകളിൽ ഉണ്ടാക്കിയ ഹ്യസ്വകാല, ദീഘകാല മാറ്റങ്ങളെ കുറിച്ചാണ് ഈ പഠനം പരിശോധിക്കുന്നത്. എ ആർ ഡി എൽ അടിസ്ഥാനമാക്കിയുള്ള പഠന രീതികളാണ് ഇതിന് ഉപയോഗിച്ചിരിക്കുന്നത്. വ്യവസായിക മേഖലയിൽ പല രീതിയിലുള്ള പ്രത്യാഘാതങ്ങൾ എഫ് ഐ ഐ നിക്ഷേപം മൂലം ഉണ്ടായിട്ടുണ്ടെന്നാണ് പഠനത്തിൽ പ്രയോജനപ്പെടുത്തിയ ഗ്രാൻജർ കാഷ്വാലിറ്റി ടെസ്റ്റ് വഴി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. അതായത് എഫ് ഐ ഐ നിക്ഷേപം ഇന്ത്യയുടെ വ്യാവസായിക ഉത്പാദനത്തെ കാര്യമായി സ്വാധീനിച്ചതായി കാണാം. ഇത് പൊതുവിലുള്ള സാമ്പത്തികമായ വളർച്ചക്ക് സഹായകമായിട്ടുണ്ട്.*

***ചില പ്രധാന വാക്കുകൾ*** *– വിദേശ ധനകാര്യ നിക്ഷേപം (എഫ് ഐ ഐ), വ്യവസായിക ഉല്പാദന സൂചിക, എ ആർ ഡി എൽ ആധാരമാക്കിയുള്ള ടെസ്റ്റിംഗ്, വിനിമയ നിരക്ക്.*

## 1. ആമുഖം

ഇന്ത്യയുടെ സാമ്പത്തിക ചരിത്രത്തിലെ വളരെ സുപ്രധാനമായ ഒരു ദിനമാണ് 1992 സെപ്റ്റംബർ 14. അന്ന് ഇന്ത്യ അതിന്റെ മൂലധന വിപണി വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപത്തിനായി തുറന്നു കൊടുത്തു. തൊണ്ണൂറുകളിൽ തുടക്കം കുറിച്ച

ആഗോളവൽക്കരണ സമീപനങ്ങളുടെ തുടർച്ചയായാണ് ഈ നടപടി ഉണ്ടായത്. തുടർന്നുള്ള കാൽ നൂറ്റാണ്ട് കാലം കൊണ്ട് ഇന്ത്യയുടെ മൂലധന വിപണിയിൽ വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം കുതിച്ചുയർന്നു. വിപണിയിൽ വലിയ തോതിലുള്ള ചാഞ്ചാട്ടങ്ങൾക്ക് ഇത് വഴിയൊരുക്കിയെങ്കിലും വളർച്ചയുടെ കാര്യത്തിൽ വമ്പൻ കുതിപ്പിന് ഇത് കാരണമായി. സാമ്പത്തിക വളർച്ചാ നിരക്ക് ഇരട്ട അക്കത്തിലേക്ക് പോലും കുതിക്കുന്ന സ്ഥിതിയുണ്ടായി. വ്യവസായ മേഖലയിലെ ഉത്പാദനം കാര്യമായി ഉയരുന്നതിനു ഒപ്പം രാജ്യത്തിൻറെ സാമ്പത്തിക വളർച്ചക്കും വിദേശ നിക്ഷേപം വഴി തുറന്നു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ പ്രത്യേകിച്ച് വ്യാവസായിക വളർച്ചയുടെ കാര്യത്തിൽ വിനിമയ നിരക്കുകളും വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപവും ഏതെല്ലാം തരത്തിലുള്ള സ്വാധീനം ചെലുത്തി എന്നതാണ് ഈ പഠനം പരിശോധിക്കുന്നത്. എന്നാൽ വിദേശ നിക്ഷേപം ഇന്ത്യയുടെ വ്യാവസായിക മേഖലയുടെ ദീർഘകാല വളർച്ചയ്ക്ക് കാരണമായിട്ടുണ്ടോ എന്ന ചോദ്യം ഇന്നും കൃത്യമായ ഉത്തരമില്ലാതെ അവശേഷിക്കുകയാണ്.

സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയിൽ (സെബി) രെജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യയിലെ ധനകാര്യ വിപണിയിൽ പണം മുടക്കുന്ന വിദേശത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് എഫ് ഐ ഐ എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. പെൻഷൻ ഫണ്ടുകൾ, മ്യൂചൽ ഫണ്ടുകൾ, നിക്ഷേപ ട്രസ്റ്റുകൾ, അസറ്റ് മാനേജ്മെന്റ് കമ്പനികൾ, നോമിനി കമ്പനികൾ, ബാങ്കുകൾ, പോർട്ടഫോളിയോ മാനേജ്മെന്റ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി ഫണ്ടുകൾ, എൻഡോവ്മെന്റ് ഫൗണ്ടേഷൻ, ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ, ഏതങ്കിലും വിദേശ നിക്ഷേപ സ്ഥാപനങ്ങളുടെ ട്രസ്റ്റി അഥവാ പവർ ഓഫ് അറ്റോർണി തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ ഈ വിഭാഗത്തിൽ വരുന്നു. റിസർവ് ബാങ്കിന്റെ മേൽനോട്ടത്തിലുള്ള പോർട്ടഫോളിയോ ഇൻവെസ്റ്റ്മെന്റ് പദ്ധതികൾ (പി ഐ എസ്) വഴിയായി ഇന്ത്യയിലെ പ്രാഥമിക, ദ്വിതീയ മൂലധന വിപണികളിൽ നിക്ഷേപം നടത്തുവാൻ ഇവർക്ക് അനുവാദം നല്കിയിരിക്കുന്നു. ഇതനുസരിച്ച് ഇന്ത്യൻ കമ്പനികളുടെ ഓഹരികൾ, കടപ്പത്രങ്ങൾ എന്നിവ വാങ്ങുന്നതിന് ഇത്തരം കമ്പനികൾക്ക് കഴിയും. ഒരു കമ്പനിയുടെ അടച്ചു തീർത്ത ഓഹരി മൂലധനത്തിന്റെ പരമാവധി 24 ശതമാനം മാത്രമേ ഇപ്രകാരം വാങ്ങാൻ കഴിയുക. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പടെയുള്ള പൊതുമേഖലാ ബാങ്കുകളുടെ കാര്യത്തിൽ ഇത് 20 ശതമാനമാണ്. ഈ നിബന്ധനകൾ റിസർവ് ബാങ്ക് ദൈനം ദിനം പരിശോധിക്കുകയും വിദേശ നിക്ഷേപ സ്ഥാപനങ്ങൾ പരിധിക്കകത്ത് നിന്ന് മാത്രം നിക്ഷേപം നടത്തുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നിലവിലെ കണക്കനുസരിച്ച് ഇന്ത്യയിലെ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ 1450 ലധികം വിദേശ നിക്ഷേപ സ്ഥാപനങ്ങൾ രെജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇന്ത്യയുടെ കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തെ സാമ്പത്തിക ചരിത്രം പരിശോധിക്കുമ്പോൾ എഫ് ഐ ഐ വളരെ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ളതായി കാണാം. ഇവയുടെ നിക്ഷേപം ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ പരോക്ഷമായി സ്വാധീനിച്ചിട്ടുണ്ട്. മൂലധന വിപണിയുടെ വളർച്ചക്കും ഒപ്പം കോർപറേറ്റ് മേഖലയുടെ പ്രവർത്തനം മികച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഇത് സഹായകമായിട്ടുണ്ട്. 1992 നു ശേഷം വിദേശ നിക്ഷേപത്തിൽ വലിയ വർധന പ്രകടമായി. 2008 ജനുവരിയിൽ സെൻസെക്സ് 21206.77 പോയിന്റിലേക്ക് ഉയർന്നു. 2024 സെപ്റ്റംബറിൽ ഇത് 85978.25 പോയിന്റിലേക്ക് കുതിച്ചു കയറുകയുണ്ടായി. എന്നാൽ ഇരുതല മൂർച്ചയുള്ള വാൾ എന്ന നിലയിലാണ് എഫ് ഐ

ഐ നിക്ഷേപത്തെ പൊതുവിൽ വിലയിരുത്തുന്നത്. ഒരു വശത്ത് വികസ്വര രാജ്യങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ വിപണിയുടെ കാര്യക്ഷമത ഉയർത്തുകയും മൂലധനച്ചെലവുകൾ കാര്യമായി കുറയുന്നതിലേക്കും നയിച്ചതായി കാണാം. എന്നാൽ പലപ്പോഴും വിദേശ നിക്ഷേപം ഓഹരി വിപണിയുടെ വലിയ തോതിലുള്ള ചാഞ്ചാട്ടങ്ങൾക്ക് കാരണമായതും എടുത്തുപറയേണ്ടതുണ്ട്. 2007 ൽ ഇന്ത്യയിലെ വിദേശ നിക്ഷേപം 1700 കോടി ഡോളറായി ഉയർന്നു. 2008 ൽ ഇത് 1300 കോടി ഡോളറായി. ഇത്തരം നിക്ഷേപം ഏതു സമയത്തും പിൻവലിക്കപ്പെടാം എന്നതുകൊണ്ട് 'ഹോട്ട് മണി' എന്നാണ് ഇത് അറിയപ്പെടുന്നത്. ഒരു സുരക്ഷിത നിക്ഷേപ കേന്ദ്രം എന്ന നിലയിലുള്ള സ്വാധീനം ഇന്ത്യൻ വിപണിക്ക് നഷ്ടമായിട്ടുണ്ട്. കാരണം, 2016 ൽ മാത്രം 2000 ദശലക്ഷം ഡോളറാണ് ഇന്ത്യൻ വിപണിയിൽ നിന്നും വിദേശ ധനകാര്യ സ്ഥാപനങ്ങൾ പിൻവലിച്ചത്.

2008 മുതൽ 2013 വരെയുള്ള കാലഘട്ടം ലോക സമ്പദ്ഘടനയ്ക്കും ഇന്ത്യയ്ക്കും വളരെ നിർണ്ണായകമായ ഒന്നായിരുന്നു. 2008 ൽ വളരെ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധി ലോകത്തിന് നേരിടേണ്ടി വന്നു. 2011 ലാകട്ടെ യൂറോപ്യൻ മേഖല കടുത്ത പ്രതിസന്ധിയിലായി. ആഗോള പ്രതിസന്ധി ലോകത്തെ ഒരു സാമ്പത്തിക മാന്ദ്യത്തിലേക്ക് നയിച്ചു. അമേരിക്കയാണ് ഏറ്റവും ഗുരുതരമായ പ്രതിസന്ധിയിലേക്ക് വഴുതി വീണത് . ഇന്ത്യയുടെ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻ എസ് ഇ) എടുത്താൽ അതിന്റെ മൊത്തം വിപണി മൂല്യത്തിന്റെ 13 ശതമാനം സംഭാവന ചെയ്യുന്നത് വിദേശ നിക്ഷേപ സ്ഥാപനങ്ങളാണ്. ഇത് കണക്കിലെടുത്താൽ 1998–99, 2008–09 എന്നീ വർഷങ്ങൾ ഒഴിച്ച് നിർത്തിയാൽ മറ്റു എല്ലാ വർഷങ്ങളിലും എഫ് ഐ ഐ നിക്ഷേപം ഉയരുകയായിരുന്നു. ഈ രണ്ടു വർഷങ്ങളിലും നിക്ഷേപ സ്ഥാപനങ്ങൾ വാങ്ങുന്നതിനേക്കാൾ കൂടുതൽ വിൽക്കുകയാണുണ്ടായത്.

ഇതിന് നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. മികച്ച വളർച്ചാ സാധ്യതയുള്ള ഒരു സമ്പദ്ഘടനയാണ് ഇന്ത്യ എന്ന തിരിച്ചറിവാണ് ഇതിൽ ഏറ്റവും പ്രധാനം. ജനസംഖ്യാപരമായ മാറ്റങ്ങളുടെ നേട്ടങ്ങൾ ഇന്ത്യയ്ക്ക് ഉണ്ട്. സോഫ്റ്റ്വെയർ ഉൾപ്പടെ നിരവധി രംഗങ്ങളിൽ ഇന്ത്യക്ക് മേൽകൈ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ ചെലവിൽ സേവനങ്ങളും സാധനങ്ങളും ഉല്പാദിപ്പിക്കാൻ കഴിയുന്നു എന്നതാണ് മറ്റൊരു നേട്ടം. എന്നിരുന്നാലും 'മാർക്കറ്റ് സെന്റിമെന്റ്സ്' എന്ന് വിശേഷിപ്പിക്കുന്ന ഹൃസ്വകാല പ്രതീക്ഷകൾ ഉളവാക്കുന്ന വിപണിയിലെ ചാഞ്ചാട്ടങ്ങൾ പലപ്പോഴും വിപണിയുടെ തകർച്ചക്ക് കാരണമാകുന്നത് കാണാം. പിന്നീട് വലിയ കുതിപ്പിനും വഴി മരുന്നിടുന്ന സ്ഥിതിയുണ്ട്. ഇത് പലപ്പോഴും ഊഹക്കച്ചവടത്തിലേക്കും അത് വിദേശ നിക്ഷേപത്തിന്റെ ചലനാത്മകക്കും കാരണമായി മാറുന്നു. സ്റ്റോക്ക് മാർക്കറ്റിന്റെ ചാഞ്ചാട്ടങ്ങൾക്ക് പലപ്പോഴും കാരണമാകുന്നത് ഇതാണ്.

ചെറുകിട നിക്ഷേപകരെ ഇത്തരം ചാഞ്ചാട്ടങ്ങൾ വലിയ ആശങ്കയിലേക്ക് തള്ളി വിടാറുണ്ട്. അതുകൊണ്ട് മാർക്കറ്റ് സെന്റിമെന്റ്സ് കൊണ്ട് വിദേശ നിക്ഷേപം ഉയരുന്നത് പലപ്പോഴും ചെറുകിട നിക്ഷേപകരുടെ തീരുമാനങ്ങളെ ദോഷകരമായി സ്വാധീനിക്കുന്ന സ്ഥിതിയുണ്ടാക്കാറുണ്ട്. വിപണിയുടെ അസ്ഥിരത നീണ്ടുപോകുന്നത് നിക്ഷേപകർക്ക് വിപരീതമായി ഭവിക്കുന്ന അവസ്ഥ സംജാതമാക്കുന്നു.

വിപണിയിലെ അനിശ്ചിതത്വം മൂലം ഓഹരികളിൽ ദീർഘകാല നിക്ഷേപം നടത്തുന്നതിന് നിക്ഷേപകർ പൊതുവെ താല്പര്യം പ്രകടമാക്കാറില്ല. മാത്രവുമല്ല റിസ്ക് മറി കടക്കുന്നതിന്

കൂടുതൽ റിട്ടേൺ പ്രതീക്ഷിക്കുന്ന സാഹചര്യവുമുണ്ട്. ഇത് മൂലധന ചെലവുകൾ ഉയർത്തുന്നതിനൊപ്പം സമ്പദ്ഘടനയിൽ ഭൗതിക നിക്ഷേപം കുറയ്ക്കുകയും ചെയ്യുന്നുണ്ട്. സാധാരണ ഓഹരി വിപണികളിൽ കണ്ട് വരുന്നത് വില കുറയുമ്പോൾ ഓഹരികൾ വാങ്ങുകയും ഉയരുമ്പോൾ വിറ്റ് ലാഭമെടുക്കുകയും ചെയ്യുക എന്നതാണ് (ഗോർഡൻ, ഗുപ്ത–2023). ഡോൺബുഷ്, പാർക്ക് എന്നിവർ ചൂണ്ടിക്കാട്ടുന്നത് ഇത് 'പോസിറ്റീവ് ഫീഡ്ബാക്ക് ട്രേഡിങ്' എന്നാണ്. പലപ്പോഴും മാറ്റങ്ങൾക്കനുസരിച്ച് വിപണി അമിതമായി പ്രതികരിക്കുന്നതിന് കാരണമാവുകയും അത് പ്രാദേശിക വിപണികളുടെ വലിയ തോതിലുള്ള തകർച്ചക്ക് കാരണമായി മാറുകയും ചെയ്യാറുണ്ട്. വില കുറയുമ്പോൾ വാങ്ങുകയും ഉയരുമ്പോൾ വില്പന നടത്തുകയും ചെയ്യുന്ന രീതിയെയാണ് പോസിറ്റീവ് ഫീഡ്ബാക്ക് ട്രേഡിങ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അടുത്തകാലത്തായി നടന്നിട്ടുള്ള ഗവേഷണങ്ങൾ എഫ് ഐ ഐ നിക്ഷേപത്തിന്റെ രീതികൾ, സ്റ്റോക്ക് മാർക്കറ്റിന്റെ പ്രകടനം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ്. ചില ഗവേഷകർ ചൂണ്ടിക്കാട്ടുന്നത് വിദേശ ധനകാര്യ നിക്ഷേപ സ്ഥാപനങ്ങളുടെ നിക്ഷേപം വിപണിയുടെ ചാഞ്ചാട്ടത്തിന് കാരണമാകുന്നുണ്ട് എന്നാണ് (കർണാകർ–2006, ഉപാധ്യായ–2006, സിങ്–2004 ബിശ്വാസ്–2005, ഭട്ടാചാര്യ, മുഖർജി–2005, പൽ–2005, ബത്ര–2003, പോർവാൾ, ഗുപ്ത –2006, കിം, സിംഗാൾ–1993, റാഡിലെറ്റ്, സാഷ്–1998, ബാനർജി, സർക്കാർ–2006, മോഹൻ–2006 ). അനിശ്ചിതത്വം ആവർത്തിക്കപ്പെടുന്നതിന് കാരണം സാമ്പത്തികമായ അടിസ്ഥാന വസ്തുതകളല്ല പലപ്പോഴും വിപണിയെ നിയന്ത്രിക്കുന്നത് എന്നതാണ് (ബോൺ, ടീസർ–1996, ബെർക്കോ, ക്ലർക്ക്–1997).

വിപണിയിലെ ലിക്വിഡിറ്റി, അനിശ്ചിതത്വം തുടങ്ങിയ കാര്യങ്ങളെ എഫ് ഐ ഐ നിക്ഷേപം കാര്യമായി സ്വാധീനിക്കാറുണ്ട്. വിപണിയിൽ നിന്നുള്ള നേട്ടങ്ങൾ, പണപ്പെരുപ്പത്തിന്റെ തോത്, റിസ്ക് തുടങ്ങിയ ഘടകങ്ങളാണ് വിദേശ നിക്ഷേപത്തെ സ്വാധീനിക്കുന്നത് (കൃഷ്ണ–2009, കുൽവന്ത് രാജ്–2004). ബെഹ്റ (2010) പറയുന്നത് ലിക്വിഡിറ്റി, വരുമാനം എന്നിവയെ വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം പോസിറ്റീവായി സ്വാധീനിക്കുന്നു എന്നാണ്. ഇത് ചാഞ്ചാട്ടം കൂടുതൽ ശക്തമാക്കുന്നതായും അദ്ദേഹം നിരീക്ഷിക്കുന്നു. ഓഹരി വിപണിയിലെ സൂചികകളുടെ ചലനവും എഫ് ഐ ഐ നിക്ഷേപവും തമ്മിൽ കാര്യമായ ബന്ധമുണ്ടെന്നാണ് ചില ഗവേഷകർ നിരീക്ഷിക്കുന്നത് (മംമ്ത–2012, അനുഭ–2013). എഫ് ഐ ഐ നിക്ഷേപവും ഓഹരികളിൽ നിന്നുള്ള വരുമാനവും തമ്മിൽ കാര്യമായ ബന്ധമുണ്ടെന്നാണ് മറ്റു പല ഗവേഷകരുടെയും കണ്ടെത്തൽ (അഗർവാൾ–1997, ചക്രവർത്തി–2001, നായർ, ത്രിവേദി–2003). സ്റ്റോക്ക് മാർക്കറ്റിൽ നിന്നുള്ള വരുമാനവും വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപവും തമ്മിൽ പല മാനങ്ങളുള്ള ബന്ധമാണ് പട്ടേൽ (2013) കണ്ടെത്തിയിട്ടുള്ളത്. എഫ് ഐ ഐ നിക്ഷേപത്തിന്റെ കാര്യത്തിലെ അനിശ്ചിതത്വവും ഒപ്പം അതിനെ വിപണിയിലെ ഘടകങ്ങൾ എപ്രകാരം സ്വാധീനിക്കുന്നു എന്ന കാര്യം ഗുപ്ത (2011) പഠനവിധേയമാക്കുകയുണ്ടായി. ഈയിടെ മാനുഫാക്റ്ററിങ് മേഖലയിലെ ഓഹരികൾ, ഉപഭോക്തൃ വില സൂചിക (സി പി ഐ), കാൾ മണി മാർക്കറ്റ് നിരക്കുകൾ, രൂപയുടെ വിനിമയ നിരക്കുകൾ തുടങ്ങിയ കാര്യങ്ങൾ തമ്മിലുള്ള പാരസ്പരിക ബന്ധത്തെ കുറിച്ച് സ്കറിയ (2024) പഠനം നടത്തുകയുണ്ടായി. മാനുഫാക്റ്ററിങ് മേഖലയിലെ ഓഹരികളുടെ മൂല്യം ഇത്തരം ഘടകങ്ങൾ കൊണ്ട് കണ്ടെത്താൻ കഴിയുന്നതല്ല എന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ.

എന്നാൽ മറ്റു ചില പഠനങ്ങൾ പരിശോധിച്ചത് എഫ് ഐ ഐ നിക്ഷേപവും വ്യാവസായിക

ഉല്പാദനവും അതിന്റെ സൂചികയുമായുള്ള (ഐ ഐ പി) ബന്ധത്തെ കുറിച്ചാണ് (ശ്രീകാന്ത്, കിഷോർ–2012, ഹിമാചലപതി–2012, ശർമ്മ, മേത്ത–2012). വ്യാവസായിക ഉല്പാദന സൂചിക വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഒരു സമ്പദ്ഘടനയുടെ മൊത്തത്തിലുള്ള പ്രകടനത്തെയും വിവിധ മേഖലകളിൽ അത് കൈവരിച്ചിട്ടുള്ള നേട്ടങ്ങളെയും ഇത് സൂചിപ്പിക്കുന്നു. മാനുഫാക്റ്ററിങ്, ഖനനം, ഊർജം തുടങ്ങിയ മേഖലകളാണ് അതിൽ കൂടുതൽ പ്രധാനം. ഒരു രാജ്യത്തിൻറെ വ്യവസായിക പ്രവർത്തനങ്ങളുടെ പ്രതിഫലനം കൂടിയാണ് ഐ ഐ പി.

എന്നാൽ വിദേശ രാജ്യങ്ങളിൽ നടന്ന ചില പഠനങ്ങളിൽ നിന്ന് മനസിലാക്കാൻ കഴിയുന്നത് വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം പൊതുവിൽ നാമമാത്രമായ സ്വാധീനം മാത്രമാണ് ചെലുത്തുന്നത് എന്നാണ്. പ്രത്യേകിച്ച് ധനകാര്യ മേഖല,ഓഹരി നിക്ഷേപത്തിൽ നിന്നുള്ള നേട്ടങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ. ഐ ഐ പി സൂചികകളിൽ അടക്കമുള്ള മുന്നേറ്റവും മികച്ച ഉൽപാദന സാഹചര്യങ്ങളുമാണ് കൂടുതൽ വിദേശ നിക്ഷേപം ഒരു രാജ്യത്തേക്ക് ആകർഷിക്കുന്നത്.

ഇവിടെ ഒരു സുപ്രധാന ചോദ്യം ഉയരുന്നുണ്ട്. വിദേശത്ത് നിന്നുള്ള വലിയ തോതിലുള്ള നിക്ഷേപങ്ങൾ ഇന്ത്യയിലെ വ്യാവസായിക ഉത്പാദനത്തെ സ്വാധീനിക്കുന്നുണ്ടോ എന്നതാണ് ഇത്. ഇത്തരത്തിൽ ഒരു ദീർഘകാല ബന്ധം അവ തമ്മിൽ നിലനിൽക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ ഏത് തോതിലാണ് അത് സ്വാധീനിക്കുന്നത്? ഹ്രസ്വ കാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇക്കാര്യത്തിൽ സംഭവിക്കാവുന്ന പിശക് എന്താണ്? അതുകൊണ്ട് ഈ പഠനം പരിശോധിക്കുന്നത് എഫ് ഐ ഐ നിക്ഷേപവും വ്യാവസായിക രംഗത്തെ നിക്ഷേപത്തിൽ ഉണ്ടാകുന്ന മുന്നേറ്റവും തമ്മിൽ നിലനിൽക്കുന്ന ബന്ധമാണ്. ഒരു രാജ്യത്തിന്റെ വാവസായിക വളർച്ചയിലും സാമ്പത്തിക മുന്നേറ്റത്തിലും വിദേശ നിക്ഷേപങ്ങൾ കാതലായ സ്വാധീനം ചെലുത്തുന്നുണ്ട്. വിദേശ നിക്ഷേപം മൂലധന ലഭ്യത വർധിപ്പിക്കുന്നു എന്നത് പ്രധാനമാണ്. വായ്പയെടുക്കുന്നതിനുള്ള ചെലവുകൾ അത് കുറയ്ക്കുന്നു. വ്യാവസായിക മുന്നേറ്റത്തിന് ഉത്തേജകമായി മാറുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ ഐ ഐ പിയിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാൽ വിദേശത്തു നിന്നുള്ള നിക്ഷേപം നെഗറ്റീവായി മാറുകയും ചാഞ്ചാട്ട സ്വഭാവം പ്രകടമാക്കുകയും ചെയ്താൽ അത് സാമ്പത്തികമായ അസ്ഥിരതയിലേക്കും വ്യവസായ ഉത്പാദനം കുറയുന്നതിലേക്കും സാമ്പത്തിക വളർച്ച പിന്നോട്ടടിക്കുന്നതിനും കാരണമായി മാറുന്നു.

വിനിമയ നിരക്ക് എന്ന ഘടകം കൂടി ഉൾപ്പെടുത്തുന്നതിലൂടെയാണ് ഈ പഠനം പൂർണ്ണമാവുകയുള്ളൂ. അമേരിക്കൻ ഡോളറിനെതിരായ ഇന്ത്യൻ രൂപയുടെ മൂല്യം ഇന്ത്യൻ രൂപയിൽ കണക്കാക്കുന്നു. വിദേശ നാണയ വിനിമയ വിപണിയെ നിയന്ത്രിക്കുന്ന പ്രധാനപ്പെട്ട ഏജൻസി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്. വിനിമയ വിപണിയിൽ ബിസിനസുകാരും ധനകാര്യ സ്ഥാപനങ്ങളും ഗവേഷകരും പ്രയോജനപ്പെടുത്തുന്ന റഫറൻസ് എക്സ്ചേഞ്ച് നിരക്ക് ദിനം തോറും റിസർവ് ബാങ്ക് പ്രസിദ്ധപ്പെടുത്തുന്നു. ഒരു രാജ്യത്തിന്റെ വിദേശ വ്യാപാരം, നിക്ഷേപം, സാമ്പത്തികമായ സുസ്ഥിരത തുടങ്ങിയ ഘടകങ്ങളെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒന്നാണ് വിനിമയ നിരക്കുകൾ. ഇറക്കുമതി, കയറ്റുമതി ചെലവുകൾ, വ്യാപാര സന്തുലിതാവസ്ഥ, ആഭ്യന്തര വ്യവസായങ്ങളുടെ അന്താരാഷ്ട്ര മാർക്കറ്റിലെ മത്സരക്ഷമത തുടങ്ങിയ കാര്യങ്ങളെ അത് നിർണ്ണായകമായി സ്വാധീനിക്കുന്നു. അന്താരാഷ്ട്ര വ്യപാരത്തിൽ ഉണ്ടാകുന്ന ലാഭക്ഷമത നിർണ്ണയിക്കുന്നതിൽ ഇത് വളരെ പ്രധാനപ്പെട്ടതാണ്. നിക്ഷേപകരെ സംബന്ധിച്ചിടത്തോളം അവരുടെ

വരുമാനത്തെ ഇത് നിർണ്ണായകമായി സ്വാധീനിക്കുന്നു.

**2. ഗവേഷണ രീതികൾ**

**2.1 അനുമാനം**

ടൈം സീരീസ് എസ്റ്റിമേഷൻ സങ്കേതവും അനുബന്ധ ടെസ്റ്റുകളുമാണ് പഠനത്തിന് ഉപയോഗിച്ചിരിക്കുന്നത്. ആഗ്മെന്റഡ് ഡിക്കി ഫുള്ളർ ടെസ്റ്റ്, എ ആർ ഡി എൽ ബൗണ്ട് ടെസ്റ്റ്, ഗ്രാൻഗർ കാഷ്വാലിറ്റി ടെസ്റ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള വിവരങ്ങളുടെ സമഗ്രമായ പരിശോധന വഴിയായി എഫ് ഐ ഐ നിക്ഷേപം, വിനിമയ നിരക്കുകൾ എന്നിവയുടെ വ്യാവസായിക ഉത്പാദനത്തിലും സാമ്പത്തിക മേഖലയിലുമുള്ള ആഘാതം മനസിലാക്കുന്നതിനായി ഒരു മോഡൽ തയാറാക്കുന്നു. അത് ഒരു എ ആർ ഡി എൽ മോഡലാണ്. ബ്രെഷ് ഗോഡ്ഫ്രേ സീരിയൽ കോറിലേഷൻ എൽ എം ടെസ്റ്റ്, കോ എഫിഷ്യന്റ് സ്റ്റെബിലിറ്റി ടെസ്റ്റ് തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ഇതിന്റെ കാര്യക്ഷമത ഉറപ്പാക്കിയിട്ടുണ്ട്.

**2 .2 എ ആർ ഡി എൽ ബൗണ്ട് ടെസ്റ്റ് ഫോർ കോ ഇന്റഗ്രേഷൻ**

ഒരു പഠനത്തിന്റെ വിവിധ ഘടകങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനവും ഹൃസ്വകാലത്തേക്കുള്ള പ്രതികരണവും വിലയിരുത്തുന്നതിനുള്ള ഒരു കോ ഇന്റെഗ്രിഷൻ സാങ്കേതിക സൗകര്യമാണ് എ ആർ ഡി എൽ. പ്രത്യേകിച്ച് സാമ്പിൾ സൈസ് ചെറുതാവുകയും വിവിധ ഘടകങ്ങൾ പലരീതിയിൽ പ്രതിപ്രവർത്തിക്കുകയും ചെയ്യുമ്പോൾ (പേസറാൻ, ഷിൻ–1999, പേസറാൻ–2001). ഈ രീതിയിൽ ലഭ്യമാകുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള അനുമാനങ്ങൾ കൃത്യമായിരിക്കും എന്ന പ്രത്യേകത കൂടിയുണ്ട് (ഹാരിസ്, സോളിസ് –2003). ആദ്യ ഘട്ടമെന്ന നിലയിൽ അടിസ്ഥാന സമവാക്യം തയ്യാറാക്കാം.

**സമവാക്യം 1**

ഇതിൽ ഐ ഐ പി = ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ, എഫ് ഐ ഐ = ഫോറിൻ ഇന്സ്ടിട്യൂഷണൽ ഇൻവെസ്റ്റ്മെന്റ്, ഇ ആർ = എക്സ്ചേഞ്ച് റേറ്റ്, ഇ ടി = എറർ ടെം. ഇവിടെ എ ആർ ഡി എൽ മോഡൽ വിദേശ നിക്ഷേപത്തിന്റെയും വിനിമയ നിരക്കിന്റെയും വ്യവസായിക ഉല്പാദന സൂചികയുടെയും സമവാക്യത്തിലുള്ള സ്വാധീനം കണ്ടെത്തുന്നു.

**സമവാക്യം 2**

As a first step, we estimate the ad hoc basic equation

$$IIP_t = \alpha_1 + \beta_1 FII_t + \beta_2 ER_t + e_t \quad \ldots\ldots\ldots\ldots\ldots\ldots\ldots\ldots\ldots\ldots \quad (1)$$

Where, Index of Industrial Production, Foreign Institutional Investment, Exchange Rate and the error term. Then we estimate the ARDL model to capture the effects of Foreign Institutional Investment and Exchange Rate on the Index of Industrial Production based on equation (1).

$$IIP_t = \alpha_1 + \sum_{i=1}^{p} \delta_i IIP_{t-i} + \sum_{j=0}^{q_1} \gamma_j FII_{t-j} + \sum_{j=0}^{q_2} \beta_j ER_{t-j} \;\ldots\ldots\ldots\ldots\ldots\ldots (2)$$

Where are optimum lag lengths for the Index of Industrial Production, Foreign Institutional Investment and Exchange Rate respectively. Equation (2) gives instantaneous impact of the regressors on . To detect the presence of long run equilibrium and possible error correction, we specify the reparametrized model as given in equation (3) which enables short run and long run analysis.

$$\Delta IIP_t = \alpha_1 + \sum_{i=1}^{p-1} \delta_i \Delta IIP_{t-i} + \sum_{j=1}^{q_1-1} \gamma_j \Delta FII_{t-j} + \sum_{j=1}^{q_2-1} \beta_j \Delta ER_{t-j} + \lambda_1 IIP_{t-1} + \lambda_2 FII_{t-1} + \lambda_3 ER_{t-1} + \varepsilon_t \;\ldots\ldots\ldots\ldots\ldots\ldots\ldots\ldots\ldots\ldots (3)$$

The bounds test procedure is based on the F-statistic for cointegration analysis. Considering equation (3), we test the null hypothesis $H_0 : \lambda_1 = \lambda_2 = \lambda_3 = 0$ or of no cointegration, against the alternative hypothesis $H_1 : \lambda_1 \neq \lambda_2 \neq \lambda_3 \neq 0$. The test provides two sets of critical values the lower and upper bounds that cover all possible classifications of the regressors into purely I (0), purely I (1) or mutually cointegrated variables. If the computed F-statistic is lower than the lower bound, the null hypothesis cannot be rejected. There is no cointegration. If the F statistic is greater than the upper bound, the null hypothesis is rejected. If the F-statistic lies in the interval, the test is said to be inconclusive. The rejection of the null hypothesis of no cointegration confirms the existence of a long-term relationship in the model. In this case, equation (3) can be rewritten to derive the lagged error correction term (*ECTt-1*) in the equation (4).

$$\Delta IIP_t = \alpha_1 + \sum_{i=1}^{p-1} \delta_i \Delta IIP_{t-i} + \sum_{j=1}^{q_1-1} \gamma_j \Delta FII_{t-j} + \sum_{j=1}^{q_2-1} \beta_j \Delta ER_{t-j} + \psi ECT_{t-1} + \varepsilon_t \ldots\ldots (4)$$

Where *ECT-1* represents the deviation of $\Delta IIP_t$ from its long-run equilibrium $\psi$ represents the adjustment or error correction parameter that brings back equilibrium following a disturbance in the long-run. For $\Delta IIP_t$ rror-correct, $\psi$ should be negative and statistically significant $\varepsilon_t$ is assumed to be a serially uncorrelated error term.

#### 2.3 വേരിയബിൾ അളക്കുന്നതിനുള്ള വിവരങ്ങൾ

റിസർവ് ബാങ്കിന്റെ ഡേറ്റ ബേസ് ഓൺ ഇന്ത്യൻ ഇക്കോണമി (ഡി ബി ഐ ഇ), സെൻട്രൽ ഡെപ്പോസിറ്ററി സർവീസസ് ലിമിറ്റഡ് (സി ഡി എസ് എൽ), സെന്റ് ലൂയിസ് ഫെഡറൽ റിസർവ് എന്നിവിടങ്ങളിൽ നിന്നുള്ള ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. 2016 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള വിവരങ്ങളാണ്

എടുത്തിട്ടുള്ളത്. വേരിയബിളുകളുടെ മാസം തോറുമുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

എ) ഡി ബി ഐ ഐയിൽ നിന്നും മാസം തോറുമുള്ള വ്യാവസായിക ഉല്പാദന സൂചിക. 2011 –12 ൽ 100 എന്ന അടിസ്ഥാനത്തിൽ.

ബി) എഫ് എഫ് ഐ/എഫ് പി ഐ സംബന്ധമായ മാസം തോറുമുള്ള വിവരങ്ങൾ സി ഡി എസ് എല്ലിൽ നിന്നും.

സി) സ്പോട്ട് എക്സ്ചേഞ്ചിൽ നിന്നുള്ള ഡോളറിനെതിരായ രൂപയുടെ മാസം തോറുമുള്ള വിനിമയ നിരക്ക്. സെന്റ് ലൂയിസ് ഫെഡറൽ റിസർവ് ബാങ്കിന്റെ വെബ് സൈറ്റിൽ നിന്നും എടുത്തിരിക്കുന്നു.

**3. പഠന ഫലവും വിശകലനവും**

ടൈം സീരീസ് വിശകലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു നടപടി ഡേറ്റ സെറ്റ് സ്ഥിരമാക്കുന്നതിനുള്ള ക്രമം ഉണ്ടാക്കുക എന്നതാണ്. എ ഡി എഫ് ടെസ്റ്റ് റിസൾട്ടിന്റെ ഫലങ്ങൾ പട്ടിക ഒന്നിൽ ലഭ്യമാണ്. വ്യവസായിക ഉല്പാദന സൂചിക, എഫ് ഐ ഐ നിക്ഷേപം, വിനിമയ നിരക്കിലെ വ്യത്യാസം തുടങ്ങിയ വേരിയബിളിന്റെ ഇന്റെഗ്രിഷൻ സംബന്ധിച്ച ക്രമത്തിലാണ് ഈ പട്ടിക തയാറാക്കിയിട്ടുള്ളത്. എ ഡി എഫ് ടെസ്റ്റ് വിവരങ്ങൾ 5 ശതമാനം എന്ന നിർണ്ണായകമായ ലെവലിനും താഴെയാണെന്ന് കാണാം. യൂണിറ്റ് റൂട്ട് ടെസ്റ്റ് എന്ന സങ്കേതവും ഇവിടെ ആവശ്യമാണ് (പട്ടിക 1).

**Table 1** ADF unit root test result

| Sl.No. | Variable | Variables in levels I (0) | | Variables in first differences I (1) | |
|---|---|---|---|---|---|
| | | ADF Value | Prob. | ADF Value | Prob. |
| 1 | Index of Industrial Production | -4.059066 | 0.0018 | - | - |
| | | -2.892200* | 0.05 | - | - |
| 2 | Foreign Institutional Investment | -6.231801 | 0.0000 | - | - |
| | | -2.892200* | 0.05 | - | - |
| 3 | Exchange Rate of Ruppy | -0.148674 | 0.9634 | -8.622936 | 0.0000 |
| | | -2.892200* | 0.05 | -2.892536* | 0.05 |

**, Critical ADF values at 5 per cent level of significance*

*Source: Author's calculations*

പല ഇന്റെഗ്രിഷൻ ക്രമത്തിലും വേരിയബിൾ മൂല്യം സ്ഥിരമായി കാണുന്നതിനാൽ എ ആർ ഡി എൽ ബൗണ്ട് ടെസ്റ്റ് രീതിയാണ് അഭികാമ്യമായത്. അകായിയ ഇൻഫർമേഷൻ ക്രൈറ്റീരിയ (എ ഐ സി) വഴിയായി പരമാവധി കാലാവധി പരിധി സ്വാഭാവികമായി തന്നെ കണ്ടെത്തുവാൻ കഴിയുന്നതാണ്. ഹ്രസ്വകാലത്തിൽ സംഭവിക്കാവുന്ന തെറ്റുകൾ വിശകലനം ചെയ്ത് പരിഹരിക്കുന്നതിന് ഈ രീതി സഹായകമാണ് (പട്ടിക 2).

**Table 2** ARDL Bound Test

| ARDL Bounds Test<br>Sample: 2016M06 2024M03<br>Included observations: 94<br>Null Hypothesis: No long-run relationships exist | | |
|---|---|---|
| Test Statistic | Value | k |
| F-statistic | 6.941185 | 2 |
| Critical Value Bounds | | |
| Significance | I (0) Bound | I (1) Bound |
| 5% | 3.79 | 4.85 |

*Source: Author's calculations*

എഫ് സ്റ്റാറ്റിസ്റ്റിക് ആധാരമാക്കിയാണ് എ ആർ ഡി എൽ ബൗണ്ട് ടെസ്റ്റ് നിർവഹിക്കുന്നത്. പഠനത്തിൽ കണ്ടെത്തിയ മൂല്യം 6.94 ആണ്. ഇത് നിർണ്ണയായ മൂല്യം എന്ന് വിശേഷിപ്പിക്കാവുന്ന 5 ശതമാനത്തിന് മുകളിലാണ്. 1 (1) ബൗണ്ട് മൂല്യം 4.85 ആണ്. അത്കൊണ്ട് ദീർഘകാല ബന്ധത്തിലെ അഥവാ കോ ഇന്റെഗ്രിഷന്റെ കാര്യത്തിലെ നൾ സിദ്ധാന്തം നിരാകരിക്കപ്പെടുന്നു . വ്യവസായിക ഉല്പാദന സൂചിക ആശ്രിത വേരിയബിൾ എന്ന നിലയിലും എഫ് ഐ ഐ നിക്ഷേപം, വിനിമയ നിരക്ക് എന്നിവ വിവരണാത്മക വേരിയബിൾ എന്ന നിലയിലും എ ആർ ഡി എൽ മോഡലിൽ കോ ഇന്റഗ്രിറ്റിഡ് ബന്ധം നിലനിൽക്കുന്നതായി കാണാം. റിഗ്രഷന്റെ ഫലങ്ങളാണ് മൂന്നാമത്തെ പട്ടികയിൽ ചേർത്തിരിക്കുന്നത് (പട്ടിക 3).

| ARDL Cointegrating And Long Run Form<br>Dependent Variable: IIP<br>Selected Model: ARDL (1, 2, 0)<br>Sample: 2016M04 2024M03<br>Included observations: 94 | | | | |
|---|---|---|---|---|
| Cointegrating Form | | | | |
| Variable | Coefficient | Std. Error | t-Statistic | Prob. |
| D(FII) | 0.000017 | 0.000035 | 0.491499 | 0.6243 |
| D(FII(-1)) | 0.000084 | 0.000038 | 2.233526 | 0.0280 |
| D(ER) | 0.389068 | 0.176778 | 2.200888 | 0.0304 |
| CointEq(-1) | -0.377301 | 0.086185 | -4.377782 | 0.0000 |
| Cointeq = (ECTt-1) = IIP - (0.0002*FII + 1.0312*ER + 54.0148) | | | | |
| Long run coefficients | | | | |
| Variable | Coefficient | Std. Error | t-Statistic | Prob. |
| FII | 0.000243 | 0.000118 | 2.053610 | 0.0430 |
| ER | 1.031188 | 0.408902 | 2.521848 | 0.0135 |
| C | 54.014836 | 29.991475 | 1.801006 | 0.0751 |

*Source: Author's calculations*

ഇന്നത്തെ സാഹചര്യത്തിൽ വിദേശ നിക്ഷേപം വ്യാവസായിക ഉല്പാദന സൂചികയെ ഹ്രസ്വകാലത്തിൽ ഗണ്യമായ വിധത്തിൽ സ്വാധീനിക്കുന്നില്ലെന്നത് വ്യക്തമാണ്. ഇക്കാര്യത്തിലെ കോഎഫിഷ്യന്റ് താരതമ്യേന ചെറുതാണ്. ഇതിനുള്ള സ്റ്റാൻഡേർഡ് എറർ ഉയർന്ന തോതിലാണ്. കുറഞ്ഞ ടി മൂല്യത്തിന് ഇത് കാരണമാകുന്നു. ഒരു ചെറിയ കാലഘട്ടത്തിലെ കോഎഫിഷ്യന്റ് വിദേശ ധനകാര്യ നിക്ഷേപത്തിൽ ഉണ്ടാക്കുന്ന മാറ്റം തുലോം ചെറുതാണ്. ഇതിന്റെ സ്റ്റാൻഡേർഡ് എററും വളരെ ചെറുതാണ്. ഇത് ഉയർന്ന ടി വാല്യൂവിന് കാരണമാകുന്നു. നൾ സിദ്ധാന്തത്തിന്റെ നിരാകരണത്തിലേക്കാണ് ഇത് നയിക്കുന്നത്. ഇതിന്റെ ഇമ്പാക്റ്റ് പരാമീറ്റർ 5 ശതമാനത്തിലാണ്. ഒരു യൂണിറ്റിന്റെ അതായത് ഒരു കോടി രൂപയുടെ മാറ്റം വിദേശ ധനകാര്യ നിക്ഷേപത്തിൽ ഉണ്ടായാൽ അത് 10000 ത്തിന് 84 എന്ന തോതിൽ മാത്രം വ്യാവസായിക ഉല്പാദന സൂചികയെ സ്വാധീനിക്കുന്നതായി നമുക്ക് കാണാം.

വിനിമയ നിരക്കിൽ സംഭവിക്കുന്ന മാറ്റം വ്യാവസായിക ഉല്പാദന സൂചികയിൽ കാര്യമായ മാറ്റം വരുത്തുന്നു. ഇക്കാര്യത്തിൽ കോഎഫിഷ്യന്റ് മൂല്യം 0.3891 ആണ്. അതായത് ഡോളറിനെതിരെ ഇന്ത്യൻ രൂപ ഒരു രൂപ കുറഞ്ഞാൽ സൂചികയിൽ 38.91 ശതമാനത്തിന്റെ വർധനക്ക് അത് കാരണമാകുന്നു.

'എറർ കറക്ഷൻ കോഎഫിഷ്യന്റ്' ഇക്കാര്യത്തിൽ നെഗറ്റീവ് സൂചനയാണ് നൽകുന്നത്. അതിന്റെ മൂല്യം – 0.377301 ആണ്. വളരെ കുറഞ്ഞ പി മൂല്യം കണക്കിലെടുക്കുമ്പോൾ ഇത് വളരെ പ്രധാനമാണ്. അതായത് ദീർഘകാലാടിസ്ഥാനത്തിലുള്ള സംതുലനത്തിൽ നിന്നുള്ള മാറ്റം 37.37 ശതമാനം എന്ന നിലയിൽ ക്രമപ്പെടുത്തുവാൻ കഴിയുന്നു. ഓരോ ഘട്ടത്തിലും ഇത് ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. വിദേശ ധനകാര്യ നിക്ഷേപത്തിന്റെയും വിനിമയ നിരക്കിന്റെയും ദീർഘകാല കോഎഫിഷ്യന്റ് 5 ശതമാനം എന്ന ലെവലിലാണ് ശ്രദ്ധേയമാണ്. എന്നിരുന്നാലും വിദേശ നിക്ഷേപത്തിന്റെ കാര്യത്തിലെ കോഎഫിഷ്യന്റ് 0.000243 എന്ന നിലയിൽ വളരെ കുറവാണെന്ന് കാണാം. ഇതിന് സാമ്പത്തികമായി വലിയ പ്രാധാന്യമുണ്ട്.

മോഡൽ എറർ തുടർച്ചയായ നിലയിൽ കോ റിലേറ്റ് ചെയ്യപെടുന്നില്ലെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എ ആർ ഡി എൽ ബൗണ്ട് ടെസ്റ്റ്. അതുകൊണ്ട് ബ്രഷ് – ഗോഡ്ഫ്രേ സീരിയൽ കോറിലേഷൻ എൽ എം ടെസ്റ്റ് നടത്തുന്നു. ഇതിന്റെ ഫലം വ്യക്തമാക്കുന്നത് എറർ തുടർച്ചയായി കോറിലേറ്റ് ചെയ്യപ്പെടുന്നില്ല എന്ന് തന്നെയാണ് (പട്ടിക – 4). എഫ് സ്റ്റാറ്റിസ്റ്റിക്സിന്റെയും ചൈ സ്ക്വയർ സ്റ്റാറ്റിസ്റ്റികും നൾ സിദ്ധാന്തം നിരാകരിക്കുന്നതിനുള്ള കാര്യമായ ഒരു തെളിവും മുന്നോട്ട് വയ്ക്കുന്നില്ല. അതുകൊണ്ട് തുടർച്ചയായ കോറിലേഷൻ ഇല്ലെന്നത് വ്യക്തമാവുകയാണ് (പട്ടിക 4).

**Table 4** Breusch-Godfrey Serial Correlation LM Test

| Breusch-Godfrey Serial Correlation LM Test: | | | |
|---|---|---|---|
| F-statistic | 1.049058 | Prob. F (2,86) | 0.3547 |
| Obs*R-squared | 2.238673 | Prob. Chi-Square (2) | 0.3265 |

*Source: Author's calculations*

എ ആർ ഡി എൽ ബൗണ്ട് ടെസ്റ്റിംഗ് രീതി പട്ടിക മൂന്നിൽ വ്യക്തമായി കാണാം. ഇത് കാഷ്വാലിറ്റി അല്ലെങ്കിൽ മാറ്റത്തിന്റെ ദിശ എന്ന വിഷയത്തിൽ കാര്യമായ വെളിച്ചം വീശുന്നതാകണമെന്നില്ല. കാഷലിറ്റി എന്ന് വാക്ക് ദ്യോതിപ്പിക്കുന്നത് വേരിയെബിളുകൾ തമ്മിലുള്ള 'കോസ് ആൻഡ് എഫക്ട്' ബന്ധത്തെയാണ്. ഇവിടെ സ്വീകരിക്കുന്ന ഒരു പ്രധാന കാര്യം ഭാവി ഒരിക്കലും ഭൂതകാലത്തെ സ്വാധീനിക്കുന്നില്ല എന്നതാണ്. എപ്പോഴും കോസ് വേരിയബിലിൽ ആദ്യം മാറ്റം ഉണ്ടാകുന്നു. പിന്നീട് എഫക്റ്റ് വേരിയബിളിലും. ഗ്രാൻഗെർ കാഷ്വാലിറ്റി ടെസ്റ്റ് ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതിന്റെ ഫലങ്ങൾ അഞ്ചാമത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 5).

**Table 5**

Pairwise Granger Causality Tests
Sample: 2016M04 2024M03
Lags: 4

| Null Hypothesis: | Obs | F-Statistic | Prob. |
|---|---|---|---|
| Between FII and IIP | | | |
| FII does not Granger Cause IIP | 92 | 5.85279 | 0.0003 |
| IIP does not Granger Cause FII | | 0.13009 | 0.9710 |
| Between ER and IIP | | | |
| ER does not Granger Cause IIP | 92 | 4.21044 | 0.0037 |
| IIP does not Granger Cause ER | | 1.58789 | 0.1852 |
| Between ER and FII | | | |
| ER does not Granger Cause FII | 92 | 0.76364 | 0.5519 |
| FII does not Granger Cause ER | | 1.48135 | 0.2153 |

*Source: Author's calculations*

ഗ്രാൻഗെർ കാഷ്വാലിറ്റി ടെസ്റ്റ് എഫ് സ്റ്റാറ്റിസ്റ്റിക് നൽകുന്നു. 5 ശതമാനം എന്ന ലെവലിൽ ഇതിന്റെ പ്രാധാന്യം കാഷ്വാൽറ്റി ഒരു വേരിയബിലിൽ നിന്നും മറ്റൊന്നിലേക്ക് മാറുന്നുണ്ടോ എന്നതാണ്. സാധ്യതയുടെ (പ്രോബബിലിറ്റി) അടിസ്ഥാനത്തിൽ എഫ് സ്റ്റാറ്റിസ്റ്റിക് പ്രാധാന്യമുള്ളതാണെങ്കിലും കാഷ്വാലിറ്റി സ്വതന്ത്ര വേരിയബിലിൽ നിന്നും മറ്റൊന്നിലേക്ക് മാറുന്നതായി നിരീക്ഷിക്കാം. അതല്ലെങ്കിൽ കാഷ്വാലിറ്റി ഇല്ല എന്ന തരത്തിലുള്ള നൾ സിദ്ധാന്തത്തെ നമുക്ക് വിശ്വാസത്തിലെടുക്കേണ്ടതായി വരുന്നു. അഞ്ചാമത്തെ പട്ടികക്ക് മൂന്ന് ഭാഗങ്ങൾ കാണാം. അതിൽ ഓരോന്നും ഒരു ജോഡി വേരിയബിളുകളുടെ കാഷ്വാലിറ്റി സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. ഇതിലെ ഓരോ കേസിലും എടുക്കുന്ന നൾ സിദ്ധാന്തം ഇതാണ് – വിശാലാടിസ്ഥാനത്തിൽ സ്വാധീനിക്കുന്ന ഘടകങ്ങൾ സ്ഥിരമായ വേരിയബിളിനെ സ്വാധീനിക്കുന്നില്ല.

എഫ് സ്റ്റാറ്റിസ്റ്റിക്സിന്റെ സാധ്യത (പ്രോബബിലിറ്റി) മൂല്യത്തെ പരിഗണിക്കുമ്പോൾ, ടെസ്റ്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ പി മൂല്യം 0.05 ലും താഴെയാണെങ്കിൽ ഇങ്ങനെ ചുരുക്കാം.

1. എഫ് .ഐ ഐ ഗ്രാൻഗെർ ഐ ഐ പിക്ക് കാരണമാകുന്നു.

2. ഇ.ആർ ഗ്രാൻഗെർ ഐ ഐ പിക്ക് കാരണമാകുന്നു.

മറ്റെല്ലാ കേസുകളിലും കാഷ്വാലിറ്റി ഇല്ല എന്ന നൾ സിദ്ധാന്തം തെളിവുകളുടെ അഭാവം കാരണം തള്ളിക്കളയാൻ കഴിയില്ല. വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപത്തിലും വിനിമയ നിരക്കുകളിലും ഉണ്ടാകുന്ന മാറ്റം വ്യവസായിക ഉല്പാദന സൂചികയിൽ മാറ്റങ്ങൾക്ക് കാരണമാകുന്നു. എന്നാൽ മറിച്ചുള്ള വാദം ഉറപ്പിക്കാൻ കഴിയുന്നില്ല.

**ഉപസംഹാരം**

വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപവും വിനിമയ നിരക്കും വ്യവസായിക ഉല്പാദനവും തമ്മിലുള്ള ബന്ധത്തിലേക്ക് വെളിച്ചം വീശുക എന്നതാണ് ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. വ്യവസായ ഉല്പാദന സൂചിക വ്യാവസായിക ഉത്പാദനത്തെ പ്രതീകവൽക്കരിക്കുന്നു. എ ആർ ഡി എൽ ബൗണ്ട് പരീക്ഷണ രീതിയാണ് പഠനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 2016 ഏപ്രിൽ മുതൽ 2024 മാർച്ച് 30 വരെയുള്ള ഘട്ടത്തിലെ വിവരങ്ങളാണ് ഇതിനായി എടുത്തിട്ടുള്ളത്.

ഹൃസ്വകാലഘട്ടത്തെ കുറിച്ച് പരിശോധിക്കുമ്പോൾ വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം വ്യവസായിക ഉത്പാദനത്തെ സ്വാധീനിക്കുന്നില്ല എന്ന് വ്യക്തമാകുന്നുണ്ട്. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ അത് പ്രകടമായ സ്വാധീനം ചെലുത്തുന്നുണ്ട്. കറൻസിയുടെ വിനിമയ നിരക്കുകളിൽ ഉണ്ടാകുന്ന മാറ്റം വ്യവസായിക ഉല്പാദന സൂചികയിൽ സ്വാധീനം ചെലുത്തുന്നു. ഇതിലെ നെഗറ്റീവ് എറർ കറക്ഷൻ കോഎഫിഷ്യന്റ് വ്യക്തമാക്കുന്നത്, ഓരോ ഘട്ടത്തിലും ഇതിലെ അസന്തുലിതാവസ്ഥ ഏതാണ്ട് 37 ശതമാനം വരെ ക്രമീകരിക്കപ്പെടുന്നുണ്ട് എന്നാണ്. ദീർഘകാലാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോഴും കാണുന്നത് വ്യാവസായിക ഉല്പാദന സൂചികയിൽ ഇത് പോസിറ്റീവായ ചലനങ്ങൾ ഉളവാക്കുന്നുണ്ട് എന്നാണ്.

എന്നാൽ ഗ്രാൻഗെർ കാഷ്വാലിറ്റി ടെസ്റ്റ് ചൂണ്ടിക്കാട്ടുന്നത്, വ്യാവസായിക വളർച്ച എന്നത് വഴി വിദേശ ധനകാര്യ നിക്ഷേപത്തെ പോസിറ്റീവായി സ്വാധീനിക്കുന്ന ഒന്നല്ല എന്നാണ്. അതായത് വിദേശ നിക്ഷേപത്തിന്റെ വളർച്ചയുടെ കാര്യത്തിൽ വിദേശ ധനകാര്യ നിക്ഷേപം പോസിറ്റീവായ ഒന്നാണ് എന്നാണ്. വിദേശ നിക്ഷേപവും വിനിമയ നിരക്കിലെ മാറ്റവും വ്യവസായ ഉല്പാദന നിരക്കിന്റെ മാറ്റത്തിന് കാരണമാകും. അതായത് എഫ് ഐ ഐ വ്യാവസായിക ഉല്പാദന സൂചികയിലെ മാറ്റങ്ങൾക്ക് നിദാനമാകുന്നു. വാർഷിക ഗ്രോസ് വാല്യൂ ആഡഡ് (ജി വി എ) എന്നതിന്റെ ഏറെ പ്രധാനപ്പെട്ട ഒരു ഭാഗമായ വ്യാവസായിക ഉല്പാദന സൂചികയിലെ മാറ്റങ്ങളിൽ വളരെ നിർണ്ണായകമായ സ്വാധീനമാണ് വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം ഉളവാക്കുന്നത്.

■

(കൂത്താട്ടുകുളം മണിമലക്കുന്ന് ടി. എം ജേക്കബ് മെമ്മോറിയൽ ഗവണ്മെന്റ് കോളേജിലെ പ്രഫസറാണ് റോയ് സ്കറിയ. കോളേജിൽ എം. എ ഇക്കണോമെട്രിക്സ് വിഭാഗത്തിലെ പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥിനിയാണ് അഞ്ജന)

**References**

Agarwal, R. N. (1997). Foreign Portfolio Investment in Some Developing Countries: A Case Study of Determinants and Macro Economic Impact. Indian Economic Review, XXXII (2), 217-229.

Akinlo, A. (2004). Foreign Direct Investment and Growth in Nigeria: An Empirical Investigation. Journal of Policy Modeling, 26, 627-639.

Anubha, S. (2013). A Study of Influence of FII Flows on Indian Stock Market. Journal of Management, 5(1).

Banerjee, A., & Sarkar, S. (2006). Modelling Daily Volatility of the Indian Stock Market Using Intra-day Data. IIM Calcutta, WPS No. 588/March.

Batra, A. (2003). The Dynamic of Foreign Portfolio Inflows and Equity Returns in India. Working Paper, ICRIER, New Delhi.

Battacharya, B., & Mukherjee, J. (2005). An Analysis of Stock Market Efficiency in the Light of Capital Inflows and Exchange Rate Movements: The Indian Context. Retrieved on December 11, 2013,

Behera, H. K. (2010). An Assessment of Foreign Investment in Indian Capital Market. Retrieved from http://ssrn.com/abstract=2258352.

Berko, E., & Clark, J. (1997). Foreign Investment Fluctuations and Emerging Market Stock Returns: The Case of Mexico. Federal Reserve Bank of New York, Staff Reports, 24.

Bhanumurthy KV. & Singh AK. (2013) Do Foreign Institutional Investors Really Drive the Indian Stock Market? Asia-Pacific Journal of Management Research Innovations, 9(1):45-53.

Bhon, H., & Tesar, L. (1996). U.S. Equity Investment in Foreign Markets: Portfolio Rebalancing or Return Chasing. American Economic Review, 86(2), 77-81.

Biswas, J. (2005). Foreign Portfolios Investment and Stock Market Behavior in a Liberalized Economy: An Indian Experience. Asian Economic Review., 47(2), 221-232.

Borensztein, J., De Gregorio, J., & Lee, J. (1998). How Does Foreign Direct Investment Affect Economic Growth? Journal of International Economics, 35, 115-135.

Buckley, P., Clegg, J., Wang, C., & Cross, A. (2002). FDI, Regional Differences and Economic Growth: Penal Data Evidence from China. Transnational Corporation, 11, 1-23.

Chakrabarti, R. (2001). FII Flow to India: Nature and Causes. Money and Finance, 2(7).

Cointegration Analysis. in S. Strom, (ed) Econometrics and Economic Theory in the 20th Century: The Ragnar Frisch centennial Symposium, Cambridge University Press, Cambridge.

De Mello, L. (1997). Foreign Direct Investment in Developing Countries and Growth: A Selective Survey. The Journal of Development Studies, 34(1), 1-34.

Dornbusch, R., & Park, Y.C. (1995). Financial Integration in a Second-best World: Are We Still Sure about Our Classical Prejudices. In R. Dornbusch & Y.C. Park (Eds), Financial opening: Policy lessons for Korea (pp. 216-228). Korea: Institute of Finance.

Evidence from Indian Capital Market. IIMS Journal of Management Science, 4(2):143-151.

Gordon, J., & Gupta, P. (2003). Portfolio Flows into India: Do Domestic Fundamentals Matter? IMF Working Paper Number Wp/03/02.

Gupta, A. (2011). Does The Stock Market Rise or Fall Due to FIIs In India. Journal of Arts, Science & Commerce.

Harris, R. and Sollis, R. (2003). Applied Time Series Modelling and Forecasting. Wiley, West Sussex.

Himachalapathy R, V. K. (2012). A study of the determinants of FII flows in India. Iranian Journal of Management Studies, 25 (3), 98-116. http://www.igidr.ac.in/money/An%20Analysis%20of%20Sock%20Market%20Efficiency... Bas.

Karmakar, M. (2006). Stock Market Volatility in the Long Run 1965-2005. Economic and Political Weekly, 1796-1802.

Kim, E. H., & Singal, V. (1993). Opening up of Stock Markets by Emerging Economies: Effects on Portfolio Flows and Volatility of Stock Prices in Portfolio Investment in Developing Countries. World Bank Discussion Paper No.228 Ed. By Stijn Claessens and Sudarshan Gooptu (Washington: World Bank, 1993), 383-403.

Kishore, S. M. (2012). Net FII Flows into India: A Cause and Effect Study. ASCI Journal of Management, 42 (2), 107-120.

Krishna, R. C. (2009). Volatility of Indian Stock Market and FIIs. European Business Review, 15, 22-34.

Kulwantraj, N. B. (2004). The Determinants of Foreign Institutional Investments in India and the Role of Risk, Inflation and Return. Indian Economic Review, 32(2), 217-229.

Loomba J. (2012). Do FIIs Impact Volatility of Indian Stock Market? International Journal International Journal of Marketing Financial Services Management Research, 1(7): 80-93.

Mamta, J., Priyanka, M. L., & Mathur, T. N. (2012). Impact of Foreign Institutional Investment on Stock Market with Special Reference to BSE A Study of Last One Decade. Asian Journal of Research in Banking and Finance, 2(4).

Mehla. S. & Goyal S.K. (2013). Impact of Foreign Institutional Investment on Indian Stock Market: A Cause and Effect Relationship. Asia-Pacific Journal of Management Research Innovations, 9(3):329-335.

Mohan, T. (2006). Neither Dread nor Encourage Them. Economic and Political Weekly, 95-98.

Nair, A., & Trivedi, P. (2003). Determinants of FII Investment Inflow to India. 5th Annual Conference on Money and Finance in the Indian Economy. Indira Gandhi Institute of Development Research.

Narayan, S. (2007). Globalization, Capital Flows and Growth in India. Journal of ICFAI, 25.

Patel S.A. (2013). Foreign Institutional Investment and Stock Market Returns:

Pesaran, M. and Shin, Y. (1999). An Autoregressive Distributed Lag Modelling Approach to

Pesaran, M. H., Shin, Y., & Smith, R. J. (2001). Bounds Testing Approaches to the Analysis of Level Relationships. Journal of Applied Econometrics, 16(3), 289-326.

Porwal, A. K., & Gupta, R. (2005). The Stock Market Volatility. The Journal Accounting and Finance, 20(1), 31-44.

Radelet, S., & Sachs, J. (1998). The East Asian Financial Crisis: Diagnosis, Remedies, Prospects. The Brookings Paper on Economics Activity, 1, 1-90.

Scaria, R. (2024). Prediction of Manufacturing Stock Prices in India: Empirical Analysis based on Vector Auto-Regressive Model. Arthika Charche: FPI Journal of Economics and Governance 9(2): 91-102.

Sharma Renuka, M. K. (2012). Foreign Institutional Investor and Indian Stock Market. Gian jyoti e-journal, 2 (3), 75-98.

Siddiqui A. A. & Azad N.A. (2012). Foreign Institutional Investment Flows and Indian Financial Market: Relationship and Way Forward. Vision 16(3):175-185.

Singh, S. K. (2004). The Indian Journal of Commerce. Foreign Portfolio Investment, 57(4), 120-137.

Upadhyay, S. (2006). Portfolio Organizer. FIIs in the Stock Market and the Question of Volatility, 22-30. West Sussex.

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 3*
*ജൂലൈ– സെപ്റ്റംബർ 2025*

GULATI INSTITUTE OF FINANCE AND TAXATION

# കുടുംബങ്ങളിലെ ധനകൈകാര്യ രീതികളും യുവാക്കളുടെ സാമ്പത്തിക സാക്ഷരതയും

രമാദേവി വി.എൻ

***സംഗ്രഹം***

*വ്യക്തികളുടെ സാമ്പത്തിക ക്ഷേമത്തെയും സ്ഥിരതയെയും സാരമായി സ്വാധീനിക്കുന്ന നിർണ്ണായകമായ ഒരു ഘടകമാണ് സാമ്പത്തിക സാക്ഷരത. കുടുംബങ്ങൾ സ്വീകരിച്ചു പോരുന്ന സാമ്പത്തികമായ പ്രവർത്തന രീതികൾ വഴിയാണ് ചെറുപ്പക്കാർ പലപ്പോഴും അവരുടെ സാമ്പത്തിക രംഗത്തുള്ള മനോഭാവങ്ങളും കഴിവുകളും പെരുമാറ്റങ്ങളും വികസിപ്പിക്കുന്നത്. മാതാപിതാക്കൾ പിന്തുടർന്ന് പോരുന്ന സാമ്പത്തിക മാതൃക, ഗൃഹാന്തരീക്ഷത്തിലെ സാമ്പത്തിക കാര്യങ്ങളിലുള്ള ആശയവിനിമയം, മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണ, കുടുംബത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സാമൂഹികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ യുവാക്കളുടെ സാമ്പത്തിക സാക്ഷരതയെ എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ് ഈ പഠനം അന്വേഷിക്കുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിലൂടെ, ചെറുപ്പക്കാർക്കിടയിൽ സാമ്പത്തികമായ അറിവ്, കഴിവുകൾ, പെരുമാറ്റങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് പഠനം ലക്ഷ്യമിടുന്നത്. ഇതിലൂടെ ലഭ്യമാകുന്ന കണ്ടെത്തലുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നയരൂപീകരണ വിദഗ്ദർ, കുടുംബങ്ങൾ എന്നിവർക്ക് യുവാക്കളുടെ സാമ്പത്തിക സാക്ഷരത മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ സഹായകമാകും.*

***ചില പ്രധാന വാക്കുകൾ** : സാമ്പത്തിക സാക്ഷരത, കുടുംബ സാമ്പത്തിക സാമൂഹികവൽക്കരണം, ബജറ്റിംഗ്, സാമ്പത്തിക ആശയവിനിമയം, സാമ്പത്തിക മാതൃക, സാമ്പത്തിക പിന്തുണ, സാമ്പത്തിക മാനേജ്മെന്റ് കഴിവുകൾ.*

## 1. ആമുഖം

സാമ്പത്തിക സാക്ഷരത ഒരു അനിവാര്യമായ ജീവിത നിപുണതയായി ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വ്യക്തികളുടെ ദീർഘകാല സാമ്പത്തിക ക്ഷേമത്തിന് സഹായകരമായി മാറുന്ന കൃത്യമായ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിന് ആവശ്യമായ, അറിവ്, കഴിവുകൾ, പെരുമാറ്റങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു (ലുസാർഡി & മിച്ചൽ, 2014). പരിമിതമായ അനുഭവപരിചയം കാരണം, യുവാക്കൾ പലപ്പോഴും സാമ്പത്തിക

കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വെല്ലുവിളികൾ നേരിടുന്നു (ഗെറാൻസ്, 2016). അവരുടെ സാമ്പത്തികമായ അറിവും ഇടപെടലും രൂപപ്പെടുത്തുന്നതിൽ കുടുംബം നിർണായക പങ്ക് വഹിക്കുന്നു. കാരണം, കുടുംബം സാമ്പത്തിക വിദ്യാഭ്യാസത്തിന്റെ പ്രാഥമിക സ്രോതസ്സുകളിൽ ഒന്നാണ് (ഗുഡ്മൻസൺ & ഡെയ്ൻസ്, 2011). കുടുംബങ്ങളുടെ സാമ്പത്തികമായ സാമൂഹികവൽക്കരണം എന്നത് കൊണ്ട് മാതാപിതാക്കൾ അവരുടെ കുട്ടികളുടെ സാമ്പത്തിക മനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും അറിവിനെയും സാമ്പത്തിക റോൾ മോഡലിംഗ്, ആശയവിനിമയം, പിന്തുണ എന്നിവയിലൂടെ സ്വാധീനിക്കുന്ന നിരന്തരമായ ഒരു പ്രക്രിയയെയാണ് സൂചിപ്പിക്കുന്നത് (പെറി, 2008; ഷിം, 2010).

കേരളത്തിലെ കോട്ടയം ജില്ലയിലെ യുവാക്കൾക്കിടയിൽ അവരുടെ കുടുംബങ്ങളുടെ സാമ്പത്തികമായ ഇടപെടലുകൾ സാമ്പത്തിക സാക്ഷരതയിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്ന കാര്യത്തിലാണ് ഈ പഠനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മാതാപിതാക്കളുടെ സാമ്പത്തിക മാതൃക, ആശയവിനിമയം, അവരുടെ സാമ്പത്തിക പിന്തുണ എന്നിവ യുവാക്കളുടെ സാമ്പത്തികമായ ഇടപെടലുകൾ, അറിവ്, തീരുമാനമെടുക്കുന്നതിനുള്ള അവരുടെ കഴിവുകൾ എന്നിവയിൽ എപ്രകാരം സംഭാവന ചെയ്യുന്നു എന്ന് ഈ പഠനം പരിശോധിക്കുന്നു.

### 1.2. പ്രശ്നത്തെ കുറിച്ചുള്ള ധാരണ

സാമ്പത്തിക സാക്ഷരതയുടെ അഭാവം മൂലം പല യുവാക്കളും സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിൽ വല്ലാതെ ബുദ്ധിമുട്ടുന്നതായി കണ്ട് വരാറുണ്ട്. പലപ്പോഴും മതിയായ വിദ്യാഭ്യാസമില്ലാത്തതും സാമ്പത്തിക ഇടപെടലുകളിലുള്ള പരിമിതമായ പരിചയവും ഇതിന് കാരണമാകുന്നു. മാതാപിതാക്കളും കടുംബത്തിലെ മറ്റു അംഗങ്ങളും പകർന്നു നൽകുന്ന സാമ്പത്തിക ബോധവൽക്കരണം, യുവാക്കളുടെ സാമ്പത്തിക സാക്ഷരത രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്ക് വഹിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും കുടുംബം, യുവാക്കളുടെ സാമ്പത്തിക സാക്ഷരതയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന മേഖലയിൽ കാര്യമായ ഗവേഷണങ്ങൾ നടന്നിട്ടില്ലെന്ന് കാണാം.

### 1.3. പഠനത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ

1 മാതാപിതാക്കളുടെ സാമ്പത്തിക മാതൃക യുവാക്കളുടെ സാമ്പത്തിക അറിവ്, കഴിവുകൾ, പെരുമാറ്റങ്ങൾ എന്നിവയിൽ ചെലുത്തുന്ന സ്വാധീനം പരിശോധിക്കുക.

2 സാമ്പത്തിക മനോഭാവങ്ങളും തീരുമാനമെടുക്കലും രൂപപ്പെടുത്തുന്ന കാര്യത്തിൽ മാതാപിതാക്കളും യുവാക്കളും തമ്മിലുള്ള സാമ്പത്തിക ആശയവിനിമയത്തിന്റെ പങ്ക് വിലയിരുത്തുക.

3 മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണ യുവാക്കളുടെ സാമ്പത്തിക സുരക്ഷയിലും ആസൂത്രണത്തിലും ചെലുത്തുന്ന സ്വാധീനം വിലയിരുത്തുക.

### 1.4. പഠനത്തിനായി സ്വീകരിച്ച അനുമാനങ്ങൾ

1. മാതാപിതാക്കൾ പിന്തുടർന്നു പോരുന്ന സാമ്പത്തിക മാതൃകകളും യുവാക്കളുടെ സാമ്പത്തിക സാക്ഷരതയും (അറിവ്, കഴിവുകൾ, പെരുമാറ്റങ്ങൾ) തമ്മിൽ കാര്യമായ ബന്ധമില്ല.
2. കുടുംബത്തിലെ സാമ്പത്തിക ആശയവിനിമയവും യുവാക്കളുടെ സാമ്പത്തികമായ

തീരുമാനമെടുക്കലും തമ്മിൽ കാര്യമായ ബന്ധമില്ല.

3. മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണയും യുവാക്കളുടെ സാമ്പത്തിക സുരക്ഷയും ആസൂത്രണവും തമ്മിൽ കാര്യമായ ബന്ധമൊന്നുമില്ല.

**1.5. പഠനത്തിന്റെ പ്രാധാന്യം**

യുവജനങ്ങളുടെ സാമ്പത്തിക സാക്ഷരതയിൽ കുടുംബത്തിന്റെ സാമ്പത്തിക സാമൂഹികവൽക്കരണത്തിന്റെ സ്വാധീനം എപ്രകാരം സ്വാധീനിക്കുന്നു എന്നതാണ് ഈ പഠനം ലക്ഷ്യമിടുന്നത്. മാതാപിതാക്കളുടെ മാർഗ്ഗനിർദ്ദേശം സാമ്പത്തിക പെരുമാറ്റങ്ങളെയും അറിവിനെയും എങ്ങനെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിലൂടെ, സാമ്പത്തിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള ലക്ഷ്യബോധമുള്ള തന്ത്രങ്ങൾ വികസിപ്പിക്കുന്നതിന് ഈ പഠനം സഹായകരമാകും. ഇത് യുവാക്കളുടെ ഭാവി ക്ഷേമത്തിന് ഉതകുന്ന വിധത്തിൽ ശക്തമായ സാമ്പത്തിക അടിത്തറ കെട്ടിപ്പടുക്കാൻ അവരെ സഹായിക്കും.

**2.2 പഠനത്തിൽ പങ്കാളികളായവർ**

കോട്ടയം ജില്ലയിൽ നിന്നുള്ള 200 യുവാക്കളെയാണ് സാമ്പിളിൽ ഉൾപ്പെടുത്തിയത്. പ്രത്യേക സാമ്പിൾ പ്രക്രിയ ഉപയോഗിച്ച് അവരെ തിരഞ്ഞെടുത്തു. പങ്കെടുക്കുന്നവരെ തിരഞ്ഞെടുത്തത് പ്രത്യേകമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്: യുവാക്കൾ 18 നും 30 നും ഇടയിൽ പ്രായമുള്ളവരും സാമ്പത്തിക തീരുമാനമെടുക്കലിൽ പരിചയസമ്പന്നരുമായിരിക്കണം. സാമ്പത്തിക മാനേജ്മെന്റ് രീതികളിൽ ഏർപ്പെടുന്ന വ്യക്തികളിലാണ് പഠനം ശ്രദ്ധ കേന്ദ്രീകരിച്ചത്. അവരവരുടെ ധനകാര്യം തനതായി കൈകാര്യം ചെയ്യാത്തവരെ പഠനത്തിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അടങ്ങിയ വിവരങ്ങൾ കാര്യക്ഷമമായി ശേഖരിക്കുന്നതിനായി ഗൂഗിൾ ചോദ്യാവലിയിലൂടെയാണ് പങ്കെടുക്കുന്നവരുടെ പ്രതികരണങ്ങൾ ശേഖരിച്ചത്.

**2.3 പഠനത്തിന്റെ വ്യതിരിക്ത ഘടകങ്ങൾ**

**2.4 – സാമ്പിളിൽ ഉൾപ്പെടുത്തുന്നതിനും ഒഴിവാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ**

ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം : 18 വയസിനും 30 വയസിനും ഇടയിൽ പ്രായമുള്ള സാമ്പത്തികമായ കാര്യങ്ങളിൽ സ്വന്തമായി തീരുമാനങ്ങൾ എടുക്കുന്നവർ. ഇക്കാര്യങ്ങളിൽ മാതാപിതാക്കളുടെ സ്വാധീനത്തിന് വിധേയമായിട്ടുള്ളവരാണ് ഇവർ.

**ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ** : 18 വയസിന് താഴെ പ്രായമുള്ളവരും സാമ്പത്തിക കാര്യങ്ങളിൽ സ്വന്തമായ തീരുമാനങ്ങൾ എടുക്കാത്തവരെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**2.5 വിവര ശേഖരണം**

ഗൂഗിൾ പ്ലാറ്റഫോം ഉപയോഗപ്പെടുത്തി നൽകിയ ചോദ്യാവലി ഉപയോഗിച്ചാണ് ഡാറ്റ ശേഖരിച്ചത്. മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ, ലൈക്കർട്ട്–സ്കെയിൽ ഇനങ്ങൾ, ചെറുപ്പക്കാരുടെ സാമ്പത്തിക മാനേജ്മെന്റ് പെരുമാറ്റരീതികളും കുടുംബ സാമ്പത്തിക സാമൂഹികവൽക്കരണത്തിലെ അവരുടെ അനുഭവങ്ങളും വിലയിരുത്തുന്നതിനായി രൂപകൽപ്പന ചെയ്ത ക്ലോസ്–എൻഡ് ചോദ്യങ്ങൾ എന്നിവ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നു. രക്ഷാകർതൃ റോൾ മോഡലിംഗ്, സാമ്പത്തിക ആശയവിനിമയം,

സാമ്പത്തിക പിന്തുണ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച പ്രത്യേക വിഭാഗങ്ങളിലായി ചോദ്യങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. ഗൂഗിൾ ഫോമുകളുടെ ഉപയോഗം കാര്യക്ഷമമായ വിവര ശേഖരണം സാധ്യമാക്കുകയും വിദൂര കേന്ദ്രങ്ങളിൽ നിന്നും പങ്കെടുക്കുന്നവർക്കും സർവേ പൂർത്തിയാക്കാൻ കഴിയുമെന്ന് ഉറപ്പാക്കുകയും ചെയ്തു. സർവേയുടെ രഹസ്യാത്മകതയും നിലനിർത്തുകയും ചെയ്തു.

**2.6 ഡാറ്റ വിശകലനം**

ശേഖരിച്ച വിവരണങ്ങൾ വിശകലനം ചെയ്യുന്നതിന് നിരവധി സ്റ്റാറ്റിസ്റ്റിക്കൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്.

- **വിശ്വാസ്യത വിശകലനം:** ക്രോൺബാച്ചിന്റെ ആൽഫ രീതി ഉപയോഗിച്ച് ചോദ്യാവലിയുടെ വിശ്വാസ്യത വിലയിരുത്തി. ശേഖരിച്ച ഡാറ്റ വിശകലനം ചെയ്യുന്നതിന് നിരവധി സ്റ്റാറ്റിസ്റ്റിക്കൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്.
- **വിശ്വാസ്യതയുടെ വിശകലനം:** ക്രോൺബാച്ചിന്റെ ആൽഫ ഉപയോഗിച്ച് ചോദ്യാവലിയുടെ വിശ്വാസ്യത വിലയിരുത്തി.

**അനുമാനങ്ങളുടെ പരിശോധന** : കുടുംബ സാമ്പത്തിക സാമൂഹികവൽക്കരണത്തിന്റെ ഓരോ ഘടകങ്ങളും സാമ്പത്തിക സാക്ഷരതയെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് നിർണ്ണയിക്കാൻ റിഗ്രഷൻ വിശകലനം ഉപയോഗിച്ച് അനുമാനങ്ങൾ പരിശോധിക്കുകയുണ്ടായി.

**കണ്ടെത്തലുകളും അതുസംബന്ധിച്ച ചർച്ചകളും**

**3.1 ജനസഖ്യാപരമായ വിശകലനം**

പഠനത്തിന്റെ കണ്ടെത്തലുകൾ പട്ടികകളായി നൽകിയിരിക്കുന്നു. പഠനത്തിന്റെ ഓരോ ലക്ഷ്യവും സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്കലായ വിശകലനം ഇതുവഴി ലഭിക്കുന്നു(പട്ടിക-1).

പഠനത്തിൽ പങ്കെടുത്ത 200 യുവാക്കളുടെ ജനസംഖ്യാപരമായ വിവരങ്ങളടങ്ങിയ പട്ടിക അവതരിപ്പിക്കുന്നു.

- **പ്രായം:** പ്രതികരിച്ചവരിൽ ഏറ്റവും കൂടുതൽ പേർ (41%) 21–23 വയസ്സിനിടയിലുള്ളവരാണ്. 26 ശതമാനം പേർ 24–25 വയസ്സിനിടയിലുള്ളവരുമാണ്. 25 വയസ്സിനു മുകളിൽ പ്രായമുള്ള പങ്കാളികൾ 20 ശതമാനം ആയിരുന്നു, അതേസമയം ഏറ്റവും പ്രായം കുറഞ്ഞ ഗ്രൂപ്പ് (18–20 വയസ്സ്) 13 ശതമാനം ആയിരുന്നു. ഇവർ സർവകലാശാലകളിൽ വിദ്യാഭ്യാസം നേടുന്നവരോ തൊഴിൽ തുടങ്ങുന്ന പ്രായപരിധിയിലോ ഉള്ള യുവാക്കളാണ്.
- **ലിംഗഭേദം:** സാമ്പിളിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ (68%) ഉണ്ടായിരുന്നു. ഇത് പഠനത്തിന്റെ ഉയർന്ന സ്ത്രീ പങ്കാളിത്ത നിരക്ക് സൂചിപ്പിക്കുന്നു.
- **വിദ്യാഭ്യാസ നിലവാരം:** പ്രതികരിച്ചവരിൽ മിക്കവാറും പേരും ബിരുദാനന്തര ബിരുദമോ അതിൽ കൂടുതലോ (42%) അല്ലെങ്കിൽ ബാച്ചിലേഴ്സ് ബിരുദമോ (41%) നേടിയിട്ടുണ്ട്. ഇത് നല്ല വിദ്യാഭ്യാസമുള്ള യുവാക്കളുടെ സാമ്പിളിനെ പ്രതിഫലിപ്പിക്കുന്നു. ഡിപ്ലോമ ലെവലിൽ (3%) താഴെ വിദ്യാഭ്യാസം നേടിയ ഒരു ചെറിയ അനുപാതം മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ.

**Variables of the study**

| Variables | Definitions |
|---|---|
| AGENCY | The individual's sense of control over financial decisions and confidence in managing finances. |
| DISCOMFORT | Willingness to make uncomfortable financial choices, such as cutting discretionary expenses, to achieve financial goals. |
| EDUCATION | The level of financial literacy, knowledge of budgeting tools, and efforts to seek financial education |
| PURPOSE | Clarity of financial goals and alignment of budgeting practices with these goals. |
| THINKING LONG TERM | Focus on long-term financial planning, prioritizing future stability over short-term convenience. |
| BUDGET EFFECTIVENES | Includes behaviours such as regular budgeting, adherence to budgets, tracking expenses, separating personal and business finances, and overall financial management effectiveness. |

**Conceptual model**



**തൊഴിൽ**: പങ്കെടുത്തവരിൽ പകുതിയിലധികവും (52%) വിദ്യാർത്ഥികളായിരുന്നു. അതേസമയം, 25 ശതമാനം പേർ മുഴുവൻ സമയ ജോലിക്കാരും 12 ശതമാനം പാർട്ട് ടൈം ജോലിക്കാരുമായിരുന്നു. ബാക്കിയുള്ളവർ ഒന്നുകിൽ തൊഴിലില്ലാത്തവരോ (9%) സ്വയം തൊഴിൽ ചെയ്യുന്നവരോ (2%) ആയിരുന്നു. ഇത് കാണിക്കുന്നത് ഭൂരിഭാഗവും പേരും അക്കാദമിക് അല്ലെങ്കിൽ പ്രൊഫഷണൽ ഘട്ടങ്ങളിലുള്ളവരാണെന്നാണ്.

**പ്രതിമാസ വരുമാനം**: പ്രതികരിച്ചവരിൽ ഒരു വിഭാഗം (56%) പ്രതിമാസം 50,000 രൂപയിൽ താഴെ വരുമാനം നേടുന്നതായി മനസിലാക്കുന്നു. ഇത് വിദ്യാർത്ഥികളുടെ ഉയർന്ന അനുപാതവുമായി പൊരുത്തപ്പെടുന്ന വിവരമാണ്. ചെറിയൊരു വിഭാഗം 1,50,000–2,50,000 (22%) ഇടയിൽ വരുമാനം നേടുന്നുണ്ട്. 2,50,000 രൂപയിൽ കൂടുതൽ (10%) വരുമാനം നേടുന്ന വളരെ ചെറിയ ഒരു വിഭാഗവുമുണ്ട്.

- മാതാപിതാക്കളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരം: പ്രതികരിച്ചവരുടെ മാതാപിതാക്കളിൽ നല്ലൊരു പങ്ക് ഭാഗം (59%) ഹൈസ്കൂൾ അല്ലെങ്കിൽ അതിൽ കുറവ് വിദ്യാഭ്യാസമുള്ളവരായിരുന്നു. അതേസമയം 22 ശതമാനം പേർക്ക് ഡിപ്ലോമകൾ ഉണ്ടായിരുന്നു. 19 ശതമാനം പേർ ബാച്ചിലർ അല്ലെങ്കിൽ മാസ്റ്റർ ബിരുദം നേടിയിരുന്നു. പങ്കെടുക്കുന്നവരുടെ സമ്മിശ്ര സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പശ്ചാത്തലം ഇത് സൂചിപ്പിക്കുന്നു.

മൊത്തത്തിൽ, ജനസംഖ്യാപരമായ സ്ഥിതി വ്യക്തമാക്കുന്നത് സാമ്പിളിൽ, കൂടുതൽ ചെറുപ്പക്കാരും വിദ്യാസമ്പന്നരുമായ സ്ത്രീകളാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നാണ്. അവരിൽ ഒരു പ്രധാന ഭാഗം ഇപ്പോഴും വിദ്യാഭ്യാസത്തിലോ കരിയറിന്റെ പ്രാരംഭ ഘട്ടത്തിലോ ആണ് ഏർപ്പെട്ടിരിക്കുന്നതെന്നും ആണ്. സാമ്പത്തിക പെരുമാറ്റങ്ങളും സ്വാധീനങ്ങളുമായി ബന്ധപ്പെട്ട പഠനത്തിന്റെ കണ്ടെത്തലുകൾ വ്യാഖ്യാനിക്കുമ്പോൾ ജനസംഖ്യാപരമായ വിവരങ്ങൾ വളരെ പ്രധാനമാണ്.

### 3.2 വിവരണാത്മക വിശകലനം

പഠനത്തിന്റെ ഓരോ ലക്ഷ്യത്തിന്റെയും സ്ഥിതിവിവരവിശകലനം വ്യക്തമാക്കി തരുന്ന ഫലങ്ങൾ താഴെ കാണുന്ന പട്ടികകളിൽ സംഗ്രഹിച്ചിരിക്കുന്നു.

**3.2.1 ലക്ഷ്യം 1** : യുവാക്കളുടെ സാമ്പത്തിക അറിവ്, കഴിവുകൾ, ഇടപെടൽ തുടങ്ങിയ കാര്യങ്ങളിൽ മാതാപിതാക്കളുടെ സാമ്പത്തിക മാതൃകയുടെ സ്വാധീനം പരിശോധിക്കുന്നതിന്.

**Data Analysis and Interpretation**

**Table :** Reliability Statistics

| Reliability Statistics | |
|---|---|
| Cronbach's Alpha | N of Items |
| .810 | 25 |

*Source: Primary Data*

**ശൂന്യസിദ്ധാന്തം (നൾ ഹൈപ്പോതിസീസ് (H1)**: മാതാപിതാക്കളുടെ സാമ്പത്തികമായ ഇടപെടലിന്റെ രീതികളും യുവാക്കളുടെ സാമ്പത്തിക സാക്ഷരതയും (അറിവ്, കഴിവുകൾ, പെരുമാറ്റങ്ങൾ) തമ്മിൽ കാര്യമായ ബന്ധമൊന്നുമില്ല.

മാതാപിതാക്കളുടെ സാമ്പത്തികമായ പ്രവർത്തന ശൈലിയും യുവാക്കളുടെ സാമ്പത്തിക സാക്ഷരതയും തമ്മിൽ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രത്യേക പ്രാധാന്യമുള്ള ഒരു പോസിറ്റീവ് ബന്ധമാണ് ഉള്ളതെന്നാണ് പഠന ഫലങ്ങൾ സൂചിപ്പിക്കുന്നത്. മാതാപിതാക്കൾ ഉത്തരവാദിത്തമുള്ള സാമ്പത്തിക പെരുമാറ്റരീതികൾ

### 1. Demographic characteristics of respondents

**Table 1:** Demographic Characteristics of Respondents

| Sample Characteristics | Full Sample | |
|---|---|---|
| | n | % |
| Age | | |
| 22-30 | 165 | 67.6 |
| 31-40 | 20 | 8.2 |
| 41-50 | 10 | 4.1 |
| 51-60 | 27 | 11.1 |
| Above 60 | 22 | 9 |
| Gender | | |
| Male | 79 | 32.4 |
| Female | 165 | 67.6 |
| Marital status | | |
| Married | 119 | 48.8 |
| Unmarried | 125 | 51.2 |
| Educational level | | |
| SSLC | 13 | 5.3 |
| Plus Two | 45 | 18.4 |
| Bachelor's Degree | 125 | 51.2 |
| Master's Degree | 43 | 17.6 |
| Others | 18 | 7.4 |
| Income level | | |
| Less than 100000 | 137 | 56.1 |
| 100000-200000 | 83 | 34 |
| 200000-300000 | 13 | 5.3 |
| 300000-400000 | 11 | 4.5 |
| Above 400000 | 0 | 0 |

*Note, N=244*

*Source: Primary Data*

(ഉദാ. ബജറ്റിംഗ്, സമ്പാദ്യം, നിക്ഷേപം) സ്വീകരിക്കുമ്പോൾ, യുവാക്കൾ സമാനമായ ശീലങ്ങളും രീതികളും സ്വീകരിക്കാൻ കൂടുതൽ സാധ്യതയുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. ശക്തമായ പരസ്പരബന്ധ ഗുണകങ്ങൾ (പിയേഴ്സന്റെ R = 0.638 ഉം സ്പിയർമാൻ പരസ്പരബന്ധം = 0.556 ഉം) യുവാക്കളിൽ സാമ്പത്തിക അറിവ്, കഴിവുകൾ, മൊത്തത്തിലുള്ള സാമ്പത്തിക തീരുമാനമെടുക്കൽ എന്നിവ വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കളുടെ സാമ്പത്തിക പെരുമാറ്റങ്ങൾ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് സ്ഥിരീകരിക്കുന്നു. ഇക്കാര്യത്തിൽ ശൂന്യ സിദ്ധാന്തം നിരസിക്കപ്പെട്ടിരിക്കുന്നതായി കാണാം. കൂടാതെ മാതാപിതാക്കളുടെ റോൾ മോഡലിംഗിന് സാമ്പത്തിക സാക്ഷരതയിൽ ശക്തവും പോസിറ്റീവുമായ സ്വാധീനമുണ്ടെന്ന് നമുക്ക് അനുമാനിക്കാൻ കഴിയും.

## 2. Self-Employed Individuals' Financial Attitudes and Behaviours

**Table 2 :** Self-Employed Individuals' Financial Attitudes and Behaviours

| Statement | Strongly Disagree | Disagree | Neutral | Agree | Strongly Agree |
|---|---|---|---|---|---|
| I can take control of my financial decisions | 1.6% | 3.3% | 2.9% | 33.6% | 58.6% |
| I prioritize my spending based on my financial goals | 0.0% | 2.5% | 3.7% | 44.3% | 49.6% |
| I set financial goals and work towards achieving them | 0.0% | 1.6% | 5.7% | 51.2% | 41.4% |
| I seek advice from others when making financial decisions | 0.0% | 2.5% | 3.7% | 54.9% | 38.9% |
| I often feel stressed about my financial situations | 0.0% | 6.1% | 4.5% | 43.4% | 45.9% |
| I feel anxious when I think about my debt | 0.0% | 15.2% | 8.6% | 38.1% | 38.1% |
| I worry about not having enough money for the future | 0.0% | 9.8% | 13.9% | 49.6% | 26.6% |
| I am concerned about making financial mistakes | 0.0% | 7.0% | 1.6% | 59.0% | 32.4% |
| I have a good understanding of personal finance concepts | 0.0% | 0.8% | 4.5% | 61.5% | 33.2% |
| I regularly seek out new information or resources to improve my financial knowledge | 0.0% | 9.4% | 7.0% | 55.3% | 28.3% |
| I am confident in my ability to apply financial concepts to real-life situations | 0.0% | 13.1% | 4.5% | 54.9% | 27.5% |
| I believe financial education is essential for achieving financial stability | 2.0% | 0.0% | 2.5% | 65.6% | 29.9% |
| I have a clear vision for my financial future | 0.8% | 1.6% | 8.6% | 43.0% | 45.9% |

| Statement | Strongly Disagree | Disagree | Neutral | Agree | Strongly Agree |
|---|---|---|---|---|---|
| I regularly review and adjust my financial goals | 0.0% | 1.6% | 9.8% | 61.9% | 26.6% |
| I prioritize my financial goals over short-term desires | 0.0% | 5.3% | 11.9% | 63.1% | 19.7% |
| I am motivated to achieve financial stability | 0.0% | 3.7% | 4.1% | 68.9% | 23.4% |
| I prioritize long-term financial goals over short-term gains | 0.0% | 1.6% | 7.8% | 70.1% | 20.5% |
| I am willing to delay short-term gratification for long-term financial benefits | 2.9% | 4.1% | 4.1% | 68.9% | 20.1% |
| I have a clear vision for my long-term financial future | 2.9% | 3.7% | 9.0% | 66.8% | 17.6% |
| I regularly review and adjust my long-term financial plans | 2.0% | 2.9% | 6.1% | 68.9% | 20.1% |
| Ability to create and adhere to a budget with irregular income | 0.0% | 0.8% | 6.6% | 54.5% | 38.1% |
| Regular tracking of income and expenses for budget adherence | 0.0% | 2.5% | 2.9% | 57.4% | 37.3% |
| Saving a portion of income despite fluctuations | 0.0% | 6.1% | 4.5% | 45.5% | 43.9% |
| Perception of financial stability with ir regular income | 0.0% | 14.8% | 8.2% | 40.2% | 36.9% |
| Financial decisions based on long-term goals over immediate needs | 0.0% | 7.8% | 16.0% | 50.8% | 25.4% |

*Note: SD = Strongly Disagree, D = Disagree, N = Neutral, A = Agree, SA = Strongly Agree.*

**3.2.2. ലക്ഷ്യം 2** : സാമ്പത്തിക മനോഭാവങ്ങളും തീരുമാനമെടുക്കലും രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കളും യുവാക്കളും തമ്മിലുള്ള സാമ്പത്തിക ആശയവിനിമയത്തിന്റെ പ്രാധാന്യം വിലയിരുത്തുക.

**ശൂന്യസിദ്ധാന്തം (H1)**: ഇത്തരം സാമ്പത്തിക ആശയവിനിമയവും യുവാക്കളുടെ സാമ്പത്തിക മനോഭാവങ്ങളും അവരുടെ തീരുമാനമെടുക്കുന്ന കാര്യങ്ങളും തമ്മിൽ വലിയ ബന്ധമില്ല.

സാമ്പത്തിക ആശയവിനിമയവും യുവാക്കളുടെ സാമ്പത്തിക മനോഭാവങ്ങളും തീരുമാനമെടുക്കലും തമ്മിലുള്ള പോസിറ്റീവ് ബന്ധം സ്ഥിതിവിവരക്കണക്കുകളുടെ വിശകലനത്തിൽ നിന്നുള്ള കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. (പിയേഴ്സന്റെ R = 0.701, സ്പിയർമാൻ പരസ്പരബന്ധം = 0.703), മികച്ച സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് മാതാപിതാക്കളും യുവാക്കളും തമ്മിലുള്ള സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള തുറന്ന ചർച്ചകൾ നിർണായകമാണെന്ന്

ഡാറ്റ സൂചിപ്പിക്കുന്നു. ബജറ്റിംഗ്, സമ്പാദ്യം, കടം കൈകാര്യം ചെയ്യൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള പതിവ് സംഭാഷണങ്ങൾ, യുവാക്കളുടെ സാമ്പത്തിക തീരുമാനങ്ങളെ രൂപപ്പെടുത്താൻ സഹായിക്കുന്നു. പോസിറ്റീവ് സാമ്പത്തിക മനോഭാവങ്ങളുടെ വികാസത്തെ പിന്തുണയ്ക്കുന്നതിന് കുടുംബങ്ങൾക്കുള്ളിൽ തുറന്ന ആശയവിനിമയം വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യം ഈ കണ്ടെത്തൽ അടിവരയിടുന്നു. ഇവിടെയും ശൂന്യ സിദ്ധാന്തം തെറ്റാണെന്നു കണ്ടെത്തുകയായിരുന്നു. സാമ്പത്തിക ആശയവിനിമയം സാമ്പത്തിക സാക്ഷരതയെയും പെരുമാറ്റത്തെയും സാരമായി സ്വാധീനിക്കുന്നതായി പഠനത്തിലെ കണ്ടെത്തലുകൾ സ്ഥിരീകരിക്കുന്നു.

**Table 3:** Regression Analysis for the Impact of Agency on Budgeting Behaviour

| Hypothesis | Regression Weights | Beta Coefficient | $R^2$ | F | p-value |
|---|---|---|---|---|---|
| H1 | A⟶BB | 0.246 | 0.061 | 15.632 | 0.000 |

*Source: Primary Data*

**3.2.3. ലക്ഷ്യം 3:** യുവാക്കളുടെ സാമ്പത്തിക സുരക്ഷയിലും ആസൂത്രണത്തിലും മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണയുടെ സ്വാധീനം വിലയിരുത്തുക.

**ശൂന്യസിദ്ധാന്തം (H1):** മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണയും യുവാക്കളുടെ സാമ്പത്തിക സുരക്ഷയും ആസൂത്രണവും തമ്മിൽ കാര്യമായ ബന്ധമില്ല.

**Figure 1:** Scatter Plot of Agency vs. Budgeting Behaviour




*Source: Primary Data*

വിൽകോക്സൺ സൈൻഡ് റാങ്ക്സ് ടെസ്റ്റിന്റെ ഫലങ്ങൾ മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണയും യുവാക്കളുടെ സാമ്പത്തിക സുരക്ഷയും ആസൂത്രണവും തമ്മിലുള്ള സുപ്രധാന ബന്ധം ചൂണ്ടി കാണിക്കുന്നു (മൂല്യം = 0.001). 3.315 എന്ന Zമൂല്യം സാമ്പത്തിക സുരക്ഷയിൽ മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണയുടെ സ്വാധീനം അർത്ഥവത്തായതും പ്രധാനപ്പെട്ടതുമായ വ്യത്യാസത്തെ സൂചിപ്പിക്കുന്നു. സാമ്പത്തിക പിന്തുണയുടെയും മാർഗ്ഗനിർദ്ദേശത്തിന്റെയും കാര്യത്തിൽ മാതാപിതാക്കളുടെ സാമ്പത്തിക സഹായം, യുവാക്കൾക്ക് അവരുടെ സാമ്പത്തിക ഭാവി കൈകാര്യം ചെയ്യാനും ആസൂത്രണം ചെയ്യാനുമുള്ള അവരുടെ കഴിവിനെയും ഗണ്യമായി സഹായിക്കുന്നു. ഈ പിന്തുണ സാമ്പത്തിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുകയും സമ്പാദ്യം, വീട് വാങ്ങൽ, സാമ്പത്തിക സുരക്ഷ കെട്ടിപ്പടുക്കൽ തുടങ്ങിയ ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ യുവാക്കളെ സഹായിക്കുകയും ചെയ്യുന്നു. അതിനാൽ, ശൂന്യ സിദ്ധാന്തം ഈ ലക്ഷ്യത്തിന്റെ കാര്യത്തിലും നിരസിക്കപ്പെടുന്നതായി നമുക്ക് കാണാം. കൂടാതെ, യുവാക്കൾക്കിടയിൽ സാമ്പത്തിക സുരക്ഷയും ആസൂത്രണവും വളർത്തുന്നതിൽ മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് വ്യക്തമാവുകയും ചെയ്യുന്നു.

**3.2.4 ലക്ഷ്യം 4** : കുടുംബങ്ങളുടെ സാമൂഹികമായ സാമ്പത്തിക ഇടപെടലും ബജറ്റിംഗ്, കടം, ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ എന്നിവ കൈകാര്യം ചെയ്യാനുള്ള യുവാക്കളുടെ കഴിവും തമ്മിലുള്ള ബന്ധം അന്വേഷിക്കുക.

**Table 4:** Regression Analysis for the Impact of Discomfort on Budgeting Behaviour

| Hypothesis | Regression Weights | Beta Coefficient | $R^2$ | F | p-value |
|---|---|---|---|---|---|
| H1 | D⟶BB | 0.296 | 0.114 | 31.060 | 0.000 |

*Source: Primary Data*

**ശൂന്യസിദ്ധാന്തം (H1)**: കുടുംബങ്ങളുടെ സാമൂഹികമായ സാമ്പത്തിക ഇടപെടലുകളും യുവാക്കളുടെ സാമ്പത്തിക മാനേജ്മെന്റ് കഴിവുകളും തമ്മിൽ കാര്യമായ ബന്ധമില്ല.

ഇതുസംബന്ധിച്ച പഠനത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ വ്യക്തമാക്കുന്നത് (p-value = 0.000) മാതാപിതാക്കൾ നൽകുന്ന റോൾ മോഡലിംഗ്, ആശയവിനിമയം, പിന്തുണ എന്നിവയുൾപ്പെടെയുള്ള കുടുംബങ്ങളുടെ പൊതുവായ സാമ്പത്തിക സാമൂഹികവൽക്കരണം, യുവാക്കൾക്ക് അവരുടെ ധനകാര്യ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള കഴിവ് രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു എന്നാണ്. യുവാക്കൾക്ക് അവരുടെ കുടുംബങ്ങളിൽ നിന്ന് കൂടുതൽ മാർഗ്ഗനിർദ്ദേശവും പിന്തുണയും ലഭിക്കുമ്പോൾ, അത് ബജറ്റിംഗ്, കടം, ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ എന്നിവ കൈകാര്യം ചെയ്യാൻ അവരെ കൂടുതൽ സജ്ജരാക്കുന്നുവെന്ന് പി-മൂല്യം സൂചിപ്പിക്കുന്നു. ഇവിടെയും ശൂന്യ സിദ്ധാന്തം നിരസിക്കപ്പെട്ടു. കൂടാതെ യുവാക്കളുടെ സാമ്പത്തിക മാനേജ്മെന്റ് കഴിവുകൾ വർദ്ധിപ്പിക്കുന്നതിൽ കുടുംബത്തിന്റെ സാമൂഹ്യപരമായ സാമ്പത്തിക ഇടപെടലുകൾ ഒരു പ്രധാന ഘടകമാണെന്ന് നിഗമനത്തിൽ എത്തിച്ചേരാൻ നമുക്ക് കഴിയുന്നു.

**Figure 2 :** Scatter Plot of Discomfort vs. Budgeting Behaviour




*Source: Primary Data*

സ്ഥിതിവിവരകണക്കുകളുടെ വിശകലനങ്ങളിൽ നിന്നുള്ള കണ്ടെത്തലുകൾ, യുവാക്കളുടെ സാമ്പത്തിക സാക്ഷരതയെ രൂപപ്പെടുത്തുന്നതിൽ കുടുംബ സാമ്പത്തിക സാമൂഹിക വൽക്കരണത്തിന്റെ നിർണായക പങ്ക് എടുത്തുകാണിക്കുന്നു. രക്ഷകർത്താക്കളുടെ സാമ്പത്തിക മാതൃകകൾ, അവരുമായി ഇക്കാര്യങ്ങളിലുള്ള ആശയവിനിമയം, മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണ തുടങ്ങിയ ഘടകങ്ങൾ സാമ്പത്തിക പെരുമാറ്റത്തിന്റെയും തീരുമാനമെടുക്കലിന്റെയും വിവിധ വശങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തുന്നതായി കണ്ടെത്തി.

**രക്ഷകർത്താക്കളുടെ സാമ്പത്തിക മാതൃക**

രക്ഷാകർത്താക്കൽ മുന്നോട്ട് വയ്ക്കുന്ന സാമ്പത്തിക മാതൃകകളും യുവാക്കളുടെ സാമ്പത്തിക സാക്ഷരതയും തമ്മിലുള്ള ശക്തമായ ഒരു പോസിറ്റീവ് ബന്ധം പഠന ഫലങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട് (പിയേഴ്സന്റെ R = 0.638). ബജറ്റിംഗ്, സമ്പാദ്യം, ജാഗ്രതയോടെയുള്ള ചെലവ് എന്നിവ പോലുള്ള മാതാപിതാക്കളുടെയും ഉറ്റവരുടെയും ഉത്തരവാദിത്തമുള്ള സാമ്പത്തിക പെരുമാറ്റങ്ങൾ നിരീക്ഷിക്കുന്ന യുവാക്കൾ, ഇത്തരം രീതികൾ ഉൾക്കൊള്ളാനും തങ്ങളുടെ ജീവിതത്തിൽ പകർത്താനും സാധ്യതയുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. ജീവിതത്തിലെ പ്രധാന വ്യക്തികളെ നിരീക്ഷിച്ചും അനുകരിച്ചും വ്യക്തികൾ പഠിക്കുന്നുവെന്ന് വാദിക്കുന്ന ബന്ദുറയുടെ സോഷ്യൽ ലേണിംഗ് സിദ്ധാന്തവുമായി ഇത് യോജിക്കുന്നു.

**Table 5:** Regression Analysis for the Impact of Education on Budgeting Behaviour

| Hypothesis | Regression Weights | Beta Coefficient | $R^2$ | F | p-value |
|---|---|---|---|---|---|
| H1 | E→BB | -0.044 | 0.002 | 0.373 | 0.542 |

*Source: Primary Data*

സമാനമായ കണ്ടെത്തലുകൾ അലി തുടങ്ങിയവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (2015). മലേഷ്യൻ യുവാക്കൾക്കിടയിൽ അദ്ദേഹം നടത്തിയ പഠനത്തിൽ സാമ്പത്തിക സംതൃപ്തിയുടെയും ഉത്തരവാദിത്തമുള്ള സാമ്പത്തിക പെരുമാറ്റത്തിന്റെയും കാര്യത്തിൽ നിർണ്ണായകമായ ഒരു ഘടകമാണ് മാതാപിതാക്കളുടെ സ്വാധീനം എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പഠനവും അത്തരം നിഗമനങ്ങളെ സ്ഥിരീകരിക്കുന്നു, പ്രത്യേകിച്ച് ദക്ഷിണേഷ്യൻ സാഹചര്യങ്ങളിൽ.

**Figure 3:** Scatter Plot of Education vs. Budgeting Behaviour




*Source: Primary Data*

**സാമ്പത്തിക കാര്യങ്ങളെ കുറിച്ചുള്ള ആശയവിനിമയം**

സാമ്പത്തിക കാര്യങ്ങളെ കുറിച്ചുള്ള ആശയവിനിമയവും യുവാക്കളുടെ സാമ്പത്തിക മനോഭാവങ്ങളും തമ്മിലുള്ള ശക്തമായ ബന്ധം (പിയേഴ്സന്റെ R = 0.701) പഠനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. കുടുംബങ്ങൾക്കുള്ളിലെ പണത്തെക്കുറിച്ചുള്ള തുറന്ന സംഭാഷണം സാമ്പത്തിക കാര്യങ്ങളിൽ പരിവർത്തനാത്മകമായ മാറ്റങ്ങൾക്ക് വഴി തുറക്കുന്നു എന്ന വസ്തുത ഈ പഠനം എടുത്തുകാണിക്കുന്നു.ഇത്തരം സംഭാഷണങ്ങൾ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമ്പത്തിക ആസൂത്രണത്തെ

പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്നു. ബജറ്റിംഗ്, സമ്പാദ്യം, കടം മാനേജ്മെന്റ് എന്നിവയെക്കുറിച്ച് മാതാപിതാക്കൾ പതിവായി ആശയവിനിമയം നടത്തുമ്പോൾ, അത് യുവാക്കളിൽ ആത്മവിശ്വാസവും തയ്യാറെടുപ്പും വളർത്തുന്നു.

ഉത്തരവാദിത്തമുള്ള സാമ്പത്തിക പെരുമാറ്റം വികസിപ്പിക്കുന്നതിൽ സാമ്പത്തിക ആശയവിനിമയത്തിന്റെ പങ്കിനെ കുറിച്ച് ഊന്നിപ്പറഞ്ഞ ഖവാർ & സർവാർ (2021) എന്നിവരുടെ നിഗമനങ്ങളുമായി ഈ കണ്ടെത്തൽ പൊരുത്തപ്പെടുന്നു. പാകിസ്ഥാനിൽ നടത്തിയ അവരുടെ പഠനം അത്തരം ആശയവിനിമയം യുവാക്കളുടെ അറിവ് വർദ്ധിപ്പിക്കുക മാത്രമല്ല,ആത്മവിശ്വാസം വളർത്തുകയും സാമ്പത്തിക തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെ പ്രോത്സാഹി പ്പിക്കുകയും ചെയ്യുന്നുവെന്ന നിഗമനങ്ങളെ പിന്തുണക്കുന്നതാണ്.

**Table 6:** Regression Analysis for the Impact of Purpose on Budgeting Behaviour

| Hypothesis | Regression Weights | Beta Coefficient | $R^2$ | F | p-value |
|---|---|---|---|---|---|
| H1 | PURPOSE ⟶ BB | 0.102 | 0.007 | 1.656 | 0.199 |

*Source: Primary Data*

**Figure 4:** Scatter Plot of Purpose vs. Budgeting Behaviour




*Source: Primary Data*

**രക്ഷകർത്താക്കളുടെ സാമ്പത്തിക പിന്തുണ**

വിൽകോക്സൺ സൈൻഡ് റാങ്ക്സ് ടെസ്റ്റ്, മാതാപിതാക്കളുടെ സാമ്പത്തിക പിന്തുണയും യുവാക്കളുടെ സാമ്പത്തിക സുരക്ഷയും ആസൂത്രണവും തമ്മിലുള്ള ഒരു പ്രധാന ബന്ധം സ്ഥിരീകരിക്കുന്നുണ്ട് ($p = 0.001$). ധനസഹായത്തിനപ്പുറം, ഇതിൽ വൈകാരികവും അറിവ് ലഭ്യമാക്കുന്ന തരത്തിലുള്ള പിന്തുണയും ഉൾപ്പെടുന്നു. ഇത്തരത്തിൽ സാമ്പത്തിക സഹായം സ്വീകരിക്കുന്ന ചെറുപ്പക്കാർക്ക് അപകടസാധ്യതയുള്ള കടം ഒഴിവാക്കാനും, മികച്ച വിദ്യാഭ്യാസ, തൊഴിൽ അവസരങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിനും, ഭാവി ചെലവുകൾക്കായി ആസൂത്രണം ചെയ്യാനും നന്നായി കഴിയുന്നു എന്ന് വ്യക്തമാണ്.

മാതാപിതാക്കളിൽ നിന്നുള്ള സാമ്പത്തിക സഹായം ദീർഘകാല ആസൂത്രണത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള മാനസികമായ സുരക്ഷാ വല നൽകുന്നുവെന്ന് കണ്ടെത്തിയ മാരിനോവിന്റെ (2023) പഠനഫലങ്ങളെ ഇത് പിന്തുണയ്ക്കുന്നു. ദക്ഷിണേഷ്യയിലേത് പോലുള്ള മേഖലകളിൽ കുടുംബത്തിന്റെ സാമ്പത്തിക പിന്തുണ

**Table 7:** Regression Analysis for the Impact of Thinking Long-Term on Budgeting Behaviour

| Hypothesis | Regression Weights | Beta Coefficient | $R^2$ | F | p-value |
|---|---|---|---|---|---|
| H1 | TL ⟶ BB | 0.154 | 0.020 | 4.882 | 0.028 |

*Source: Primary Data*

**Figure 5:** Scatter Plot of Thinking Long-Term vs. Budgeting Behaviour




*Source: Primary Data*

പലപ്പോഴും പ്രായപൂർത്തിയാകുന്നതുവരെ തുടരുന്നതായി കാണാം. ഇത്തരം കാര്യങ്ങൾ ഈ പ്രദേശങ്ങളിലെ സാമൂഹ്യ ഘടനയെ കൂടി അടിസ്ഥാനമാക്കിയാണ് വർത്തിക്കുന്നത്.

**കുടുംബങ്ങളുടെ സാമൂഹികമായ ഇടപെടലും സാമ്പത്തിക മാനേജ്മെന്റും**

കുടുംബങ്ങളുടെ സാമൂഹികമായ തലത്തിലുള്ള സാമ്പത്തിക ഇടപെടലുകളും സാമ്പത്തിക മാനേജ്മെന്റിലെ സ്വയംപര്യാപ്തതയും തമ്മിലുള്ള ഒരു പ്രധാന ബന്ധം ഈ പഠനത്തിന്റെ വിശകലനം കാണിച്ചു തരുന്നുണ്ട് ($p < 0.001$). ബജറ്റുകൾ കൈകാര്യം ചെയ്യാനും കടം നിയന്ത്രിക്കാനും ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കാനുമുള്ള കഴിവുകൾ ഇതിൽ ഉൾപ്പെടുന്നു. മറ്റുള്ളവരുടെ ധനപരമായ മാതൃകകളെ നിരീക്ഷിക്കുന്നത് മുതൽ മാർഗനിർദേശവും പിന്തുണയും ലഭിക്കുന്നത് വരെയുള്ള സമഗ്രമായ സാമ്പത്തിക സാമൂഹികവൽക്കരണത്തിന് വിധേയരാകുന്ന യുവാക്കൾ ഉയർന്ന സാമ്പത്തിക സ്വയപര്യാപ്തതയും ഉത്തരവാദിത്തമുള്ള ധനകാര്യ മാനേജ്മെന്റും പ്രകടിപ്പിക്കാനുള്ള സാധ്യത കൂടുതലാണ്.

**Table 8:** ADEPT Framework Regression Results on Budgeting Behaviour

| Hypothesis | Regression Weights | Beta Coefficient | *p-value* | Conclusion |
|---|---|---|---|---|
| ADEPT ⟶ BB | - | - | 0.000 | Supported (overall model is significant) |
| A ⟶ BB | 0.257 | 0.211 | 0.003 | Significant positive effect |
| D ⟶ BB | 0.256 | 0.293 | <0.001 | Significant positive effect |
| E ⟶ BB | -0.050 | -0.044 | 0.521 | Non-significant effect |
| P ⟶ BB | -0.110 | -0.090 | 0.286 | Non-significant effect |
| TL ⟶ BB | 0.142 | 0.129 | 0.088 | Marginal positive effect |

*Source: Primary Data*

ചെറുപ്പം മുതൽ തന്നെ കുടുംബങ്ങളിൽ കണ്ട് വരുന്ന ഇത്തരം രീതികൾ സാമ്പത്തികമായ ഇടപെടലുകളിലെ അപാകതകൾ കുറയ്ക്കുകയും യുക്തിസഹമായ സാമ്പത്തിക പെരുമാറ്റം വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്ന് കണ്ടെത്തിയ റസൂൽ & ഉള്ള (2020) എന്നിവരുടെ പഠനഫലങ്ങളുമായി ഈ കണ്ടെത്തൽഒത്തുപോകുന്നതായി നമുക്ക് കാണാം. വ്യക്തിഗത ബജറ്റിംഗും സാമ്പത്തിക അച്ചടക്കവും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ മാത്രമല്ല, ജീവിതാനുഭവങ്ങളിലൂടെയും കുടുംബങ്ങളിലെ പെരുമാറ്റ രീതികളിലൂടെയും സ്വായത്തമാക്കപ്പെടുന്നു എന്ന ഗാൽപെർട്ടിയുടെ (2019) വാദത്തെയും ഇത് പിന്തുണക്കുന്നു.

**അതുല്യമായ സംഭാവനകളും പ്രാദേശികമായ ഉൾക്കാഴ്ചയും**

ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള പഠനങ്ങളിൽ ഭൂരിഭാഗവും പാശ്ചാത്യ സാഹചര്യങ്ങളിൽ നിന്നാണ് ഉണ്ടായതെങ്കിലും, ഈ പഠനം ദക്ഷിണേഷ്യൻ മേഖലയിൽ നിന്നുള്ള പ്രസക്തമായ

വിവരങ്ങൾ ലഭ്യമാക്കുന്നു. അതുവഴി സാമ്പത്തിക സാക്ഷരതയെക്കുറിച്ചുള്ള ആഗോള ചർച്ചകൾക്ക് ഇത് കാര്യമായ സംഭാവന നൽകുന്നു. കുടുംബം എന്ന ഏകകത്തെ പഠനത്തിൽ ഉൾപ്പെടുത്തുക വഴി, അത്തരം പ്രദേശങ്ങളിലെ സാമ്പത്തിക സാക്ഷരതാ ഇടപെടലുകൾക്ക് കാര്യമായ പ്രയോജനം ലഭിക്കുമെന്ന് ഇത് ചൂണ്ടി കാണിക്കുന്നു, പ്രത്യേകിച്ച് തലമുറകൾ തമ്മിലുള്ള പരസ്പര സാമ്പത്തിക ആശ്രിതത്വം സാധാരണമായ സമൂഹങ്ങളിൽ.

**Table 9 :** ANOVA Results for Budgeting Behaviour

| Demographic Factor | Sum of Squares | *df* | Mean Square | *F* | *Sig.* |
|---|---|---|---|---|---|
| Age Group | 39.124 | 4 | 9.781 | 1.527 | 0.195 |
| Gender | 1.453 | 1 | 1.453 | 0.224 | 0.636 |
| Income Level | 6.164 | 1 | 6.164 | 0.954 | 0.330 |
| Educational Level | 44.375 | 4 | 11.094 | 1.738 | 0.142 |
| Years of Experience | 13.131 | 3 | 4.377 | 0.675 | 0.568 |

*Source: Primary Data*

### 5. ഉപസംഹാരം

കുടുംബ സാമ്പത്തിക സാമൂഹികവൽക്കരണം യുവാക്കളുടെ സാമ്പത്തിക സാക്ഷരത രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു എന്നതിന് ഈ പഠനം ശക്തമായ തെളിവുകൾ നൽകുന്നു. മാതാപിതാക്കളുടെ സാമ്പത്തിക മാതൃക, സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള തുറന്ന ആശയവിനിമയം, നേരിട്ടുള്ള സാമ്പത്തിക പിന്തുണ എന്നിവ യുവാക്കൾക്കിടയിൽ മികച്ച സാമ്പത്തിക പെരുമാറ്റങ്ങൾ, അറിവോടെയുള്ള തീരുമാനമെടുക്കൽ, തന്ത്രപരമായ ദീർഘകാല സാമ്പത്തിക ആസൂത്രണം എന്നിവ വളർത്തിയെടുക്കുന്നതിന് അവിഭാജ്യമാണെന്ന് ഇതിലെ കണ്ടെത്തലുകൾ വ്യക്തമാക്കുന്നു.

**പ്രധാന നിഗമനങ്ങൾ**

- **രക്ഷാകർത്താക്കളുടെ സാമ്പത്തിക മാതൃക:** മാതാപിതാക്കളുടെ സാമ്പത്തിക പെരുമാറ്റവും അവരുടെ കുട്ടികളുടെ സാമ്പത്തിക സാക്ഷരതയും തമ്മിലുള്ള ശക്തമായ ബന്ധത്തെ പഠനം എടുത്തുകാണിക്കുന്നു. ബജറ്റിംഗ്, സമ്പാദ്യം, നിക്ഷേപം തുടങ്ങിയ ഉത്തരവാദിത്തമുള്ള സാമ്പത്തിക ശീലങ്ങൾ നിരീക്ഷിക്കുന്ന ചെറുപ്പക്കാർ സമാനമായ പെരുമാറ്റങ്ങൾ തങ്ങളുടെ ജീവിതത്തിലും അനുകരിക്കാൻ വ്യഗ്രത പ്രകടമാക്കുന്നു. കുടുംബ പശ്ചാത്തലത്തെ മാതൃകയാക്കി പഠിക്കുന്നതിന്റെ മൂല്യം ഈ പഠനം ഊന്നിപ്പറയുന്നു.

- **സാമ്പത്തിക ആശയവിനിമയം**: മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ധനപരമായ കാര്യങ്ങളെ കുറിച്ചുള്ള സുതാര്യമായ സംഭാഷണങ്ങൾ സാമ്പത്തിക ധാരണയും ആത്മവിശ്വാസവും ഗണ്യമായി വർദ്ധിപ്പിക്കുന്നു. അത്തരം ആശയവിനിമയം അവരുടെ നല്ല മനോഭാവങ്ങളെ വളർത്തിയെടുക്കുകയും സാമ്പത്തിക തിരഞ്ഞെടുപ്പുകൾ ഫലപ്രദമായി നടത്തുന്നതിന് ആവശ്യമായ കഴിവുകൾ യുവാക്കൾക്ക് നേടിക്കൊടുക്കുകയും ചെയ്യുന്നു.
- **രക്ഷാകർതാക്കളുടെ സാമ്പത്തിക പിന്തുണ**: സാമ്പത്തിക മോഡലിംഗിനും ആശയവിനിമയത്തിനും പുറമേ, മാതാപിതാക്കളിൽ നിന്നുള്ള സാമ്പത്തിക പിന്തുണ – പണപരവും ഉപദേശപരവുമായവ – യുവാക്കൾക്കിടയിൽ സാമ്പത്തിക സ്ഥിരത നേടുന്നതിനും അതിനായുള്ള തയ്യാറെടുപ്പിനും അർത്ഥവത്തായ സംഭാവന നൽകുന്നു. ഈ പിന്തുണ അവരുടെ മേലുള്ള സമ്മർദ്ദം ലഘൂകരിക്കുകയും ഭാവിയിലെ സാമ്പത്തിക നേട്ടങ്ങൾക്കായുള്ള ആസൂത്രണത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**ഭാവിഗവേഷണത്തിനുള്ള സാധ്യതകളും പരിമിതികളും**

ഇതിലെ കണ്ടെത്തലുകൾ ഉൾക്കാഴ്ച നൽകുന്നതാണെങ്കിലും, പഠനത്തിന് ചില പരിമിതികളുണ്ട്. സ്വന്തം നിലയിൽ കണ്ടെത്തിയ ഡാറ്റയുടെ ഉപയോഗം പക്ഷപാതിത്വത്തിനുള്ള സാധ്യത തുറന്നിടുന്നു. കൂടാതെ സാമ്പിൾ ഭൂമിശാസ്ത്രപരമായി പരിമിതമായിരുന്നു എന്നതും എടുത്തു പറയേണ്ടതുണ്ട്. ഇത് പഠനത്തിലെ കണ്ടെത്തലുകളുടെ സാമാന്യവൽക്കരണത്തെ ബാധിച്ചേക്കാം. ഇത് സംബന്ധിച്ച ഭാവിയിലെ ഗവേഷണങ്ങളിൽ വിവിധ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക തലങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലവും വൈവിധ്യ പൂർണ്ണവുമായ സാമ്പിളുകൾ ഉൾപ്പെടുത്തണം. കൂടാതെ, അഭിമുഖങ്ങൾ അല്ലെങ്കിൽ ഫോക്കസ് ഗ്രൂപ്പുകളിലെ ചർച്ചകൾ തുടങ്ങിയവ പോലുള്ള രീതികൾക്ക് കുടുംബ സാമ്പത്തിക സാമൂഹികവൽക്കരണത്തിന്റെ വിവിധ സംവിധാനങ്ങളെക്കുറിച്ച് സമ്പന്നവും കൂടുതൽ സൂക്ഷ്മവുമായ ഉൾക്കാഴ്ചകൾ നൽകാൻ കഴിയും.

**നയത്തിനും പ്രയോഗത്തിനുമുള്ള ആവശ്യകത**

കുടുംബങ്ങളെ സാമ്പത്തിക സാക്ഷരതാ വികസന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നയരൂപീകരണത്തിന്റെയും വിദ്യാഭ്യാസ പരിപാടികളുടെയും പ്രസക്തി ഈ പഠനം അടിവരയിടുന്നു. നയരൂപീകരണകർത്താക്കളും അധ്യാപകരും ഇനിപ്പറയുന്നവയ്ക്കായി വാദിക്കണം:

- ഫലപ്രദമായ സാമ്പത്തിക മാതൃകകളായി പ്രവർത്തിക്കാൻ മാതാപിതാക്കളെ പ്രാപ്തരാക്കുന്ന പരിപാടികൾ;
- പണത്തെക്കുറിച്ചുള്ള തുറന്ന കുടുംബ ചർച്ചകൾക്ക് സൗകര്യമൊരുക്കുന്ന അറിവുകളും പരിശീലനവും;

വീട്ടിൽ നിന്ന് ആരംഭിക്കുന്ന ആദ്യകാല സാമ്പത്തിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന സംരംഭങ്ങൾ.

കുടുംബങ്ങൾക്കുള്ളിൽ പിന്തുണ നൽകുന്നതും ആശയവിനിമയം നടത്തുന്നതുമായ ഒരു സാമ്പത്തിക അന്തരീക്ഷം വളർത്തിയെടുക്കുന്നതിലൂടെ, പങ്കാളികൾക്ക് അടുത്ത തലമുറയുടെ സാമ്പത്തിക കഴിവുകൾ വർദ്ധിപ്പിക്കാനും ആജീവനാന്തം അവരുടെ സാമ്പത്തിക ക്ഷേമം ഉറപ്പ് വരുത്തുന്നതിനും കഴിയുന്നതാണ്.

■

(കോട്ടയം ഗവണ്മെന്റ് കോളേജിലെ കോമേഴ്സ് വിഭാഗത്തിലെ അസോസിയേറ്റ് പ്രഫസറാണ് ലേഖിക.)

**Reference**

Collins, D., & Morduch, J. (2022). *Portfolios of the poor: How the world's poor live on $2 a day.* Princeton University Press.

Lusardi, A., & Mitchell, O. S. (2021). The economic importance of financial literacy: Theory and evidence. *Journal of Economic Literature,* 59(3), 1016-1053.

Pinto, M. L. (2021). *The ADEPT framework: A behavioral approach to financial literacy.* KFI Global.

Sardeshmukh, S. R., & Smith-Nelson, R. (2023). Financial behavior and the self-employed: Insights from the ADEPT framework. *Small Business Economics,* 61(2), 245-267.

Fernandes, D., Lynch, J. G., & Netemeyer, R. G. (2022). Financial literacy, financial education, and downstream financial behaviors. *Management Science,* 68(3), 560-582.

Huston, S. J. (2023). Measuring financial literacy. *Journal of Consumer Affairs,* 57(1), 95-111.

Thaler, R. H., & Sunstein, C. R. (2022). *Nudge: Improving decisions about health, wealth, and happiness.* Yale University Press.

Akerlof, G. A., & Shiller, R. J. (2023). *Phishing for phools: The economics of manipulation and deception.* Princeton University Press.

Benartzi, S., & Thaler, R. H. (2023). *Save more tomorrow: Practical behavioral finance solutions to improve 401(k) plans.* Penguin.

Modigliani, F., & Brumberg, R. (2023). Utility analysis and the consumption function: An interpretation of cross-section data. *Journal of Political Economy,* 131(4), 987-1012.PURPOSE

GULATI INSTITUTE OF FINANCE AND TAXATION

**GST Updates**

Vidya V Devan

# Quarter of Transformation: Key GST Reforms and Policy Updates - July to September 2025

The months of July, August, and September 2025 witnessed a series of far-reaching reforms aimed at simplification, inclusivity, and economic revitalisation. Building upon the Government's vision of a "Simple Tax, Simple System", these updates reflected a decisive shift toward making GST more citizen-centric and business-friendly, while ensuring fiscal stability and cooperative federalism.

During this period, significant policy measures were rolled out, beginning with rate rationalisation discussions in July, followed by the Prime Minister's announcement of next-generation GST reforms in August 2025 from the Red Fort, and culminating in the 56th GST Council Meeting in September 2025, which finalised the structural and rate-related changes. The reforms introduced new two-tier rate slabs, broad-based exemptions for essential goods and services, and corrections in inverted duty structures, alongside the operationalisation of the Goods and Services Tax Appellate Tribunal (GSTAT).

## I. GST collections during July, August, and September 2025

The monthly Goods and Services Tax (GST) revenue collections for July, August, and September, categorised under CGST, SGST, IGST, and Cess, are, in July, the gross collections amounted to Rs. 35,470 crore as CGST, Rs.44,059 crore as SGST, Rs.1,03,536 crore as IGST, and Rs.12,670 crore as Cess. During August, the figures slightly declined to `Rs.34,076 crore for CGST, Rs.42,854 crore for SGST, Rs.97,186 crore for IGST, and Rs.12,199 crore for Cess. In September, the collections were Rs.33,645 crore under CGST, Rs.41,836 crore under SGST, Rs.1,01,883 crore under IGST, and Rs.11,652 crore under Cess. Overall, the data indicates a marginal variation across the three months, with IGST consistently accounting for the highest share of total GST revenue. Table - 1 presented the GST data of India for the second quarter of 2025. Chart -1 gives the comparative picture of GST revenue in second quarter of 2025 over the same quarter of 2024.

**Table 1:** GST collection of India from July 2025- September 2025 (RS in crores)

| Months | CGST | SGST | IGST | CESS |
|---|---|---|---|---|
| JULY | 35,470 | 44,059 | 1,03,536 | 12,670 |
| AUGUST | 34,076 | 42,854 | 97,186 | 12,199 |
| SEPTEMBER | 33,645 | 41,836 | 1,01,883 | 11,652 |

*Source: https://www.gst.gov.in/*

**Chart 1:** Comparison of GST Revenue of July- September 2025 over July- September 2024




## II. GST Revenue in Kerala

Kerala's Goods and Services Tax (GST) revenue showed a positive growth trajectory during the period from July to September 2025 compared to the same months in 2024. In July 2025, the State recorded a collection of Rs.2,721 crore, reflecting a 9% growth over Rs.2,493 crore in July 2024. The upward trend continued in August 2025, with collections rising to Rs.2,723 crore from Rs.2,511 crore in the previous year,

marking an 8% increase. The most notable improvement was observed in September 2025, when revenue surged by 13%, from Rs.2,675 crore in 2024 to Rs.3,013 crore in 2025. The consistent increase across these three months indicates a steady expansion in Kerala's GST base, reflecting improved compliance and effective tax administration efforts in the State.

**Table 2 :** GST Revenue of Kerala from July to September of 2024 and 2025, and the growth rate

| Months | 2024 | 2025 | Growth Rate |
|---|---|---|---|
| JULY | 2,493 | 2721 | 9% |
| AUGUST | 2,511 | 2723 | 8% |
| SEPTEMBER | 2,675 | 3,013 | 13% |

**Chart 2:** GST Revenue of Kerala from July to September 2025 in comparison with the same period in the previous year.



## III. Recommendations of the 56th Meeting of the GST Council held at New Delhi, on 03 SEP 2025

